രാഷ്ട്രസേവനത്തിൽ 25 വർഷത്തെ പൊതുസേവനം...



പ്രത്യേക റിപ്പോർട്ട് പേജുകൾ 26-47

വാല്യം 7, ലക്കം 07

ന്യൂ ഇന്ത്യ സമാചാർ

ഒക്ടോബർ 1-15, 2026
സൗജന്യവിതരണത്തിന്

@NISPIBIndia ഫോളോ ചെയ്യൂ...

ആഗോള ദൗത്യമായി മാറുന്ന ഇന്ത്യയുടെ കാഴ്ചപ്പാട്

'മനുഷ്യത്വം ആദ്യം, ജനകേന്ദ്രീകൃത വികസനം' എന്ന ആശയം ഉൾക്കൊണ്ടും സാർവത്രിക സാഹോദര്യത്തിന്റെ പുതിയ അധ്യായത്തിന് നേതൃത്വം നൽകിയും, 18-ാമത് ബ്രിക്സ് ഉച്ചകോടിയിൽ (2026) ഇന്ത്യ വ्यക്തമായ സന്ദേശമാണ് മുന്നോട്ടുവച്ചത് : ഓരോ വ്യക്തിയിലേക്കും എത്തിച്ചേരുന്ന വികസനമാണ് യഥാർത്ഥവും സമഗ്രവുമായ വികസനം...




'വീര്യത്തിന്റെയും പ്രാഗത്ഭ്യത്തിന്റെയും പ്രതീകം'

ഇന്ത്യൻ വ്യോമസേന

ഓരോ പൗരനും അഭിമാനം പകരുന്നതാണ് ഇന്ത്യൻ വ്യോമസേന. ദേശീയ സുരക്ഷ ഉറപ്പാക്കുന്നതിലായാലും ദുരന്തസമയങ്ങളിൽ ജീവൻ രക്ഷിക്കുന്നതിലായാലും, നമ്മുടെ ധീരരായ സേനാംഗങ്ങൾ അപാരമായ ധൈര്യത്തോടും അർപ്പണബോധത്തോടും കൂടി എല്ലായ്പ്പോഴും മുന്നിട്ടിറങ്ങുന്നു. മാത്രമല്ല, ഏത് വെല്ലുവിളിയും നേരിടാനുള്ള സന്നദ്ധതയും ശക്തിയും പ്രകടിപ്പിച്ച്, വ്യോമസേന നിരന്തരം രാജ്യത്തിന്റെ അഭിമാനമുയർത്തിയിട്ടുണ്ട്. മാതൃകാപരമായ സേവനത്തിലൂടെയും ത്യാഗത്തിലൂടെയും നമ്മുടെ ആകാശത്തിന്റെ സുരക്ഷ ഉറപ്പാക്കുന്ന ഇന്ത്യൻ വ്യോമസേനയുടെ ധീരതയിലും പ്രതിജ്ഞാബദ്ധതയിലും സമർപ്പണത്തിലും ഓരോ പൗരനും അഭിമാനിക്കുന്നു...





വീര്യം, അച്ചടക്കം, കൃത്യത എന്നിവയുടെ പ്രതീകമാണ് ഇന്ത്യൻ വ്യോമസേന. ഏറ്റവും വെല്ലുവിളി നിറഞ്ഞ സാഹചര്യങ്ങളിലും നമ്മുടെ ആകാശത്തിന്റെ സുരക്ഷ ഉറപ്പാക്കുന്നതിൽ വ്യോമസേന നിർണായക പങ്കുവഹിച്ചിട്ടുണ്ട്. പ്രകൃതിദുരന്തങ്ങളുടെ സമയത്തും വ്യോമസേന നൽകിയ സംഭാവനകൾ ഏറെ പ്രശംസനീയമാണ്. സേനയുടെ പ്രതിജ്ഞാബദ്ധതയും പ്രൊഫഷണൽ മികവും അദമ്യ ധൈര്യവും ഓരോ ഇന്ത്യക്കാരനും അഭിമാനമേകുന്നു.-*നരേന്ദ്ര മോദി, പ്രധാനമന്ത്രി*



ന്യൂ ഇന്ത്യ സമാചാർ

വാല്യം 7, ലക്കം 7 | ഒക്ടോബർ 1-15, 2026

എഡിറ്റർ ഇൻ ചീഫ്
ധീരേന്ദ്ര ഓഝ
പ്രിൻസിപ്പൽ ഡയറക്ടർ ജനറൽ,
പ്രസ് ഇൻഫർമേഷൻ ബ്യൂറോ,
ന്യൂഡൽഹി

ചീഫ് കൺസൾട്ടിങ് എഡിറ്റർ
സന്തോഷ് കുമാർ

സീനിയർ അസി. കൺസൾട്ടിങ് എഡിറ്റർ
പവൻ കുമാർ

അസി. കൺസൾട്ടിങ് എഡിറ്റർമാർ
അഖിലേഷ് കുമാർ
ചന്ദൻ കുമാർ ചൗധരി

ഭാഷാ എഡിറ്റർമാർ
സുമിത് കുമാർ (ഇംഗ്ലീഷ്)
രജ്നീഷ് മിശ്ര (ഇംഗ്ലീഷ്)
നദീം അഹമ്മദ് (ഉറുദു)

സീനിയർ ഡിസൈനർ
ഷുൽ ചന്ദ് തിവാരി

ഡിസൈനർമാർ
അഭയ് ഗുപ്ത
സത്യം സിങ്



ന്യൂ ഇന്ത്യ സമാചാർ 13 ഭാഷകളിൽ വായിക്കാനായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക
https://newindiasamachar.pib.gov.in/news.aspx
ന്യൂ ഇന്ത്യ സമാചാർ പഴയ പതിപ്പുകൾക്കായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക
https://newindiasamachar.pib.gov.in.archive.aspx

പതിവായി 'ന്യൂ ഇന്ത്യ സമാചാർ' വിവരങ്ങൾ ലഭിക്കാൻ -ൽ **@NISPIBIndia** പിൻതുടരുക

ഉൾപ്പേജുകളിൽ.....

BRICS 2026
ഇന്ത്യയുടെ നേതൃത്വത്തിൽ
മാനവികതയുടെ ദീപസ്തംഭം



കവർ സ്റ്റോറി

ബ്രിക്സ് രൂപീകൃതമായ നാൾ മുതൽ അതിന്റെ യാത്രയിലെ അവിഭാജ്യ ഘടകമാണ് ഇന്ത്യ. ഇന്ന് ഭൂമിയിലെ ഓരോ രണ്ടുപേരിൽ ഒരാൾ വീതം ബ്രിക്സ് രാജ്യങ്ങളിലൊന്നിലാണ് ജീവിക്കുന്നത്. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടന്ന 18-ാമത് ബ്രിക്സ് ഉച്ചകോടി, ഈ യാത്രയുടെ രണ്ട് പതിറ്റാണ്ടുകൾ ആഘോഷിച്ചു. 'ന്യൂഡൽഹി പ്രഖ്യാപന'ത്തിലൂടെ, ബ്രിക്സിനെ കൂടുതൽ ഫലപ്രദവും ജനകേന്ദ്രീകൃതവുമായ പുതിയ ദിശയിലേക്ക് ഇന്ത്യ നയിച്ചു..... |6-25



ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന കാലം മുതൽ, ഇപ്പോൾ പ്രധാനമന്ത്രിയായി 12 വർഷം പൂർത്തിയാക്കുന്നതുവരെ, സദ്ഭരണത്തിന്റെ മാതൃകയിലൂടെ അദ്ദേഹം രാജ്യത്തിന് നേതൃത്വം നൽകിവരുന്നു. 2001 ഒക്ടോബർ 7-ന് ഗുജറാത്ത് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തതോടെ ആരംഭിച്ച, 25 വർഷം നീണ്ട അദ്ദേഹത്തിന്റെ നിരന്തരമായ സേവനത്തിന്റെയും സമർപ്പണത്തിന്റെയും യാത്ര പൂർത്തിയാകുന്ന വേളയിൽ, ഇതാ ഒരു പ്രത്യേക റിപ്പോർട്ട്... |26-47

യുപിഐ.... ഒരു നാഗരികതയുടെ കഥ
പ്രധാനമന്ത്രി മോദി 'ഗ്ലോബൽ ഫിൻടെക് ഫെസ്റ്റ് 2026' ഉദ്ഘാടനം ചെയ്തു. |48-49

ചരക്ക് ഇടനാഴികൾ: ഉയിർത്തെഴുന്നേൽക്കുന്ന ഇന്ത്യയുടെ ജീവധമനി
പ്രധാനമന്ത്രി മോദി ഗുജറാത്തിന് 35,000 രൂപകോടി മൂല്യമുള്ള പദ്ധതികൾ സമ്മാനിച്ചു. |50-51

യഥാർത്ഥ ശക്തി... അറിവ് അവബോധത്തിലേക്ക് നയിക്കുന്നു; അവബോധം മാറ്റത്തിലേക്കും നയിക്കുന്നു.
അധ്യാപകരുമായി പ്രധാനമന്ത്രി മോദി പങ്കുവച്ച മാർഗദർശക തത്വം. |52-53

റെയിൽ കണക്റ്റിവിറ്റിയുടെ വിപുലീകരണം; EPFO വേതന പരിധി ഇനി 25,000 രൂപ
കേന്ദ്ര മന്ത്രിസഭാ യോഗത്തിൽ നിരവധി സുപ്രധാന തീരുമാനങ്ങൾ. |54-55

ബഹിരാകാശ പര്യവേക്ഷണത്തിന്റെ മന്ത്രം സഹകരണമാണ്...
പ്രധാനമന്ത്രി മോദി അന്താരാഷ്ട്ര ബഹിരാകാശ ഉച്ചകോടിയെ അഭിസംബോധന ചെയ്തു. |56

'ലഹരിമുക്ത ഇന്ത്യ' എന്ന ലക്ഷ്യം 2029-ഓടെ യാഥാർഥ്യമാക്കും
2029-ഓടെ ഇന്ത്യ 'ലഹരിമുക്ത'മാകും കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. |57

ഇന്ത്യയുടെ പുരാതന പ്രതിഭയും ഫ്രാൻസിന്റെ ആധുനിക എൻജിനിയറിങ്ങും സംഗമിക്കുമ്പോൾ
പ്രധാനമന്ത്രി മോദി പാരീസിലെ സ്വാമിനാരായൺ ക്ഷേത്രം ഉദ്ഘാടനം ചെയ്തു. |58-59

വ്യക്തിത്വം: തിരുപ്പൂർ കുമരൻ
ദേശീയപതാക നിലംപതിക്കാൻ അനുവദിക്കാതിരുന്ന ധീരൻ |60

SRCC ശതാബ്ദി ആഘോഷങ്ങൾ

140 കോടി ഇന്ത്യക്കാർ ഒരുമിച്ച്...
ഇന്ത്യയെ വികസിതവും സ്വയംപര്യാപ്തവുമായ രാഷ്ട്രമാക്കി മാറ്റൽ



ഡൽഹി സർവകലാശാലയിലെ ശ്രീറാം കോളേജ് ഓഫ് കൊമേഴ്സിന്റെ (SRCC) 100 വർഷം പൂർത്തിയാക്കിയതിന്റെ ഭാഗമായി നടന്ന ചടങ്ങിൽ സംസാരിക്കവെ, 140 കോടി പൗരന്മാർ ഒരുമിച്ചു പ്രവർത്തിച്ച് ഇന്ത്യയെ വികസിതവും സ്വയംപര്യാപ്തവുമായ രാഷ്ട്രമാക്കി മാറ്റുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി വ്യക്തമാക്കി... | 4-5

Published: Kanchan Prasad, Director General, on behalf of Central Bureau of Communication
Communication Address : Room No–1077, Soochna Bhawan, CGO Complex, New Delhi -110003.
E-Mail : response-nis@pib.gov.in, RNI No. : DELENG/2020/78811

പത്രാധിപക്കുറിപ്പ്

ഇന്ത്യയുടെ നേതൃത്വത്തിൽ ബ്രിക്സിന് പുതിയ അധ്യായം

ഊഷ്മളമായ അഭിവാദ്യങ്ങൾ,

BRICS-ന്റെ 20-ാം വാർഷികത്തോടനുബന്ധിച്ചെത്തിയ ഇന്ത്യയുടെ നാലാമത് അധ്യക്ഷപദവി ചരിത്രപരമായ അവസരമായി മാറി. വളർന്നുവരുന്ന പ്രമുഖ സമ്പദ്‌വ്യവസ്ഥകൾക്കിടയിൽ സാമ്പത്തിക നയങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നിർണായക വേദിയായി BRICS ഇന്ന് മാറിയിരിക്കുന്നു. ആഗോള ഭരണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ലോകത്തെ വളർന്നുവരുന്ന 11 സമ്പദ്‌വ്യവസ്ഥകൾ ഇവിടെ പൊതുവായ നിലപാടുകൾ രൂപപ്പെടുത്തുന്നു. ഗ്ലോബൽ സൗത്തിന്റെ താൽപ്പര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള ഫലപ്രദമായ വേദിയായും ഇത് മാറിയിട്ടുണ്ട്.

'പ്രതിരോധശേഷി, നവീകരണം, സഹകരണം, സുസ്ഥിരത എന്നിവയ്ക്കായി കെട്ടിപ്പടുക്കുക' എന്ന പ്രമേയത്തെ ആസ്പദമാക്കി നടന്ന ഉച്ചകോടിയിൽ, വികസ്വര രാജ്യങ്ങളുടെ മുൻഗണനകൾ ആഗോള വേദിയിൽ ഉയർത്തിക്കാട്ടുന്നതിൽ ഇന്ത്യ നിരന്തരം ശ്രദ്ധ കേന്ദ്രീകരിച്ചു. സങ്കീർണമായ ഭൗമരാഷ്ട്രീയ സാഹചര്യങ്ങൾക്കിടയിലും, സമതുലിതവും എല്ലാവരെയും ഉൾക്കൊള്ളുന്നതും വികസനോന്മുഖവും ജനകേന്ദ്രീകൃതവുമായ സമീപനം സ്വീകരിച്ച് നിർണായക വിഷയങ്ങളിൽ അംഗരാജ്യങ്ങൾക്കിടയിൽ സമവായം രൂപപ്പെടുത്തുന്നതിൽ ഇന്ത്യ വിജയിച്ചു.

ഗവൺമെന്റ് സംവിധാനങ്ങളുടെ പരിധിക്കപ്പുറം ഈ വേദിയുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ച് സാധാരണ പൗരന്മാർ, കർഷകർ, സംരംഭകർ, സ്ത്രീകൾ, യുവാക്കൾ എന്നിവരെയും ഇന്ത്യ ഇതിന്റെ ഭാഗമാക്കി. രാജ്യത്തെ 30-ലധികം നഗരങ്ങളിലായി നടന്ന 400-ലധികം യോഗങ്ങൾ, 'ജനകേന്ദ്രീകൃതം', 'മനുഷ്യത്വം ആദ്യം' എന്നീ സമീപനങ്ങളെ മുദ്രാവാക്യങ്ങളിൽനിന്ന് പ്രായോഗിക പ്രവർത്തനരീതിയാക്കി ഇന്ത്യ മാറ്റിയതിന്റെ തെളിവാണ്.

2026 സെപ്റ്റംബർ 12, 13 തീയതികളിൽ ന്യൂഡൽഹിയിൽ നടന്ന 18-ാം ബ്രിക്സ് ഉച്ചകോടി ഈ യാത്രയുടെ പരമപ്രധാന ഘട്ടമായി. ആഗോള ഭരണസംവിധാനത്തിൽ പരിഷ്കാരം അനിവാര്യമാണെന്ന് ഊന്നിപ്പറഞ്ഞ പ്രധാനമന്ത്രി നരേന്ദ്ര മോദി, 'അവകാശ പ്രത്യേകാവകാശങ്ങളുടെ പിരമിഡിനെ' 'പങ്കാളിത്തത്തിന്റെ വേദിയാക്കി' മാറ്റണമെന്ന് ആഹ്വാനം ചെയ്തു. ഏകകണ്ഠമായി അംഗീകരിച്ച ന്യൂഡൽഹി പ്രഖ്യാപനം, ഭീകരവാദത്തിനെതിരെ യാതൊരു വിട്ടുവീഴ്ചയുമില്ലെന്ന പ്രതിജ്ഞാബദ്ധത, ഐക്യരാഷ്ട്ര സഭാ സുരക്ഷാസമിതി (UNSC) പരിഷ്കാരം, ഗ്ലോബൽ സൗത്തിന്റെ ശബ്ദം ശക്തിപ്പെടുത്തൽ എന്നിവ വീണ്ടും ഉറപ്പിച്ചു. ഇന്ത്യയുടെ അധ്യക്ഷപദവി വെറും നയതന്ത്രപരമായ ഉത്തരവാദിത്വമല്ല; ബഹുധ്രുവ ലോകത്തിലേക്കുള്ള വ്യക്തമായ ചുവടുവയ്പ്പുകൂടിയാണ്. ഇതാണ് ഈ ലക്കത്തിന്റെ മുഖ്യ കവർ സ്റ്റോറി.

ലോകത്തിന് മാനവികതയുടെ സന്ദേശം കൈമാറിയ ഇന്ത്യയുടെ ബ്രിക്സ് അധ്യക്ഷപദവി, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഭരണയാത്രയുടെ 25 വർഷം പൂർത്തിയാകുന്ന വേളയുമായി ഒത്തുചേരുന്നതും ശ്രദ്ധേയമായ യാദൃച്ഛികതയാണ്. മാറിക്കൊണ്ടിരിക്കുന്ന ഇന്ത്യൻ ഭരണത്തിന്റെയും പൊതുസേവനത്തിന്റെയും പശ്ചാത്തലത്തിൽ ഈ 25 വർഷത്തെ യാത്ര പിന്തുടർന്ന്, അദ്ദേഹത്തിന്റെ പൊതുജീവിതത്തിലെ നിർണായകമായ അധ്യായത്തെക്കുറിച്ചുള്ള പ്രത്യേക റിപ്പോർട്ട് ഈ ലക്കത്തിൽ അവതരിപ്പിക്കുന്നു.

ദേശീയപതാകയുടെ അന്തസ്സ് കാത്തുസൂക്ഷിക്കുന്നതിനിടെ രക്തസാക്ഷിയായ തിരുപ്പൂർ കുമരനെ 'വ്യക്തിത്വം' വിഭാഗത്തിൽ, പരിചയപ്പെടുത്തുന്നു. കേന്ദ്ര മന്ത്രിസഭ കൈക്കൊണ്ട തീരുമാനങ്ങളുടെയും കഴിഞ്ഞ രണ്ടാഴ്ചക്കാലത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പൊതുപരിപാടികളുടെയും പ്രധാന വിവരങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഒക്ടോബർ 8-ന് ആചരിക്കുന്ന വ്യോമസേനാ ദിനത്തെക്കുറിച്ചുള്ള പ്രത്യേക ഉള്ളടക്കം അകത്തെ കവറിലെ മറ്റൊരു പ്രധാന ആകർഷണമാണ്. കൂടാതെ, ഒക്ടോബർ 15-ന് ആചരിക്കുന്ന ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ ജന്മവാർഷികത്തോടനുബന്ധിച്ച്, കൃതജ്ഞതമായ രാഷ്ട്രത്തിന്റെ ശ്രദ്ധാഞ്ജലിയും പിൻകവറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

നിങ്ങളുടെ നിർദ്ദേശങ്ങൾ തുടർന്നും ഞങ്ങൾക്ക് അയക്കുക.



(ധീരേന്ദ്ര ഓഝ)

ഹിന്ദിയിലും ഇംഗ്ലീഷിലും മറ്റ് 11 ഭാഷകളിലും ലഭ്യമാകുന്ന മാസിക വായിക്കാം/ഡൗൺലോഡ് ചെയ്യാം.
https://newindiasamachar.pib.gov.in/

എഴുത്തുപെട്ടി





വിദ്യാർത്ഥികൾക്ക് ഏറെ പ്രയോജനകരമായ മാഗസിൻ

എനിക്ക് ന്യൂ ഇന്ത്യ സമാചാർ മാഗസിൻ സ്ഥിരമായി ഇമെയിൽ വഴി ലഭിക്കാറുണ്ട്. ഗവൺമെന്റ് പദ്ധതികൾ, സംരംഭങ്ങൾ, സമകാലിക സംഭവങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള വിലപ്പെട്ട മാധ്യമമാണിത്. വിദ്യാർത്ഥികൾക്കും ഗവേഷകർക്കും പൊതുജനങ്ങൾക്കും ഒരുപോലെ ഏറെ പ്രാധാന്യമുള്ള പ്രസിദ്ധീകരണമാണിത്.

nikhil4249@gmail.com

വികസനവും പരിവർത്തനാത്മകമായ പ്രവർത്തനങ്ങളും മനസ്സിലാക്കാൻ സഹായിക്കുന്നു

ന്യൂ ഇന്ത്യ സമാചാറിന്റെ മുഴുവൻ എഡിറ്റോറിയൽ ടീമിനെയും ആത്മാർത്ഥമായ അഭിനന്ദനം അറിയിക്കുന്നു. ഏറെ വിജ്ഞാനപ്രദവും പ്രയോജനകരവുമായ പ്രസിദ്ധീകരണമാണിത്. സ്ഥിരം വായനക്കാരനെന്ന നിലയിൽ, ഇന്ത്യയിലുടനീളം നടക്കുന്ന സുപ്രധാന വികസന പ്രവർത്തനങ്ങളെയും പരിവർത്തനാത്മകമായ സംരംഭങ്ങളെയും കുറിച്ചുള്ള വിവരങ്ങളുടെ വിലപ്പെട്ട സ്രോതസ്സായി ഈ മാഗസിനെ ഞാൻ കാണുന്നു.

michaelbks@gmail.com

മത്സരപ്പരീക്ഷാ തയ്യാറെടുപ്പിനും എഴുത്തിനും സഹായകം

ഞാൻ കർണാടകയിലെ ബാഗൽകോട്ട് ജില്ലയിൽ നിന്നുള്ള വിദ്യാർത്ഥിയും എഴുത്തുകാരനുമാണ്. പഠനത്തിനും മത്സരപ്പരീക്ഷാ തയ്യാറെടുപ്പിനും എഴുത്തുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും പിന്തുണ നൽകുന്നതിനായി ഞാൻ ന്യൂ ഇന്ത്യ സമാചാർ സ്ഥിരമായി വായിക്കാറുണ്ട്. ധാരാളം വിവരങ്ങൾ ഉൾക്കൊള്ളുന്ന മികച്ചൊരു മാഗസിനാണിത്.

rahimanpoetry@gmail.com

വിവരങ്ങളുടെ സമ്പന്നമായ ശേഖരം

ന്യൂ ഇന്ത്യ സമാചാർ മികച്ചൊരു മാഗസിനാണ്. അതിന്റെ ഓരോ ലക്കവും ഞാൻ വായിക്കാറുണ്ട്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വിദേശ സന്ദർശനങ്ങളെയും വിദേശനയത്തെയും കുറിച്ച് ഏറ്റവും പുതിയ വിവരങ്ങൾ അറിയാൻ എനിക്ക് എപ്പോഴും താൽപ്പര്യമുണ്ട്. ഞാൻ മാഗസിൻ ഓൺലൈനായി വായിക്കാറുണ്ട്. വിവരങ്ങളുടെ സമ്പന്നമായ സ്രോതസ്സായാണ് എനിക്ക് ഇത് അനുഭവപ്പെടുന്നത്.

ashishprabhatmishra@gmail.com

ഇന്ത്യയുടെ വികസനത്തിന്റെയും പദ്ധതികളുടെയും മാറുന്ന സാഹചര്യങ്ങളുടെയും വഴികാട്ടി

ഞാൻ മത്സരപ്പരീക്ഷകൾക്കായി തയ്യാറെടുക്കുകയാണ്. ഈ സമയത്താണ് ന്യൂ ഇന്ത്യ സമാചാർ മാഗസിനെക്കുറിച്ച് അറിയുന്നത്. ഇത് വെറുമൊരു മാഗസിനല്ലെന്നും, ഇന്ത്യയുടെ വികസനം, ഗവൺമെന്റ് പദ്ധതികൾ, രാജ്യത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ എന്നിവ മനസ്സിലാക്കാനുള്ള ഒരു വഴികാട്ടിയാണെന്നും എനിക്ക് മനസ്സിലായി. വായനക്കാർക്കായി അറിവിന്റെ ഒരു നിധിയാണ് ഈ മാഗസിൻ.

സുനിൽ കുമാർ ബോഹ്റ
bohramadawas@gmail.com

ആശയവിനിമയത്തിനുള്ള വിലാസം: 1077–ാം നമ്പർ മുറി, സൂചന ഭവൻ, സിജിഒ സമുച്ചയം, ന്യൂഡൽഹി – 110003.

ഇ–മെയിൽ : response-nis@pib.gov.in



140 കോടി ഇന്ത്യക്കാർ ഒരുമിച്ച്...
ഇന്ത്യയെ വികസിതവും സ്വയംപര്യാപ്തവുമായ രാഷ്ട്രമാക്കി മാറ്റും

ഇന്ത്യയുടെ അതിവേഗ വളർച്ചയും ശക്തമായ സമ്പദ്‌വ്യവസ്ഥയും ദ്രുതഗതിയിലുള്ള തീരുമാനമെടുക്കലിന്റെ തെളിവാണ്. ആഗോള അസ്ഥിരതയ്ക്കിടയിലും രാജ്യം കൈവരിച്ച 7.8 ശതമാനം വളർച്ചനിരക്ക് ഇന്ത്യയുടെ സാമ്പത്തിക ശക്തി അടിവരയിടുന്നു. ഡൽഹി സർവകലാശാലയിലെ ശ്രീറാം കോളേജ് ഓഫ് കൊമേഴ്സിന്റെ (SRCC) ശതാബ്ദി ആഘോഷച്ചടങ്ങിൽ സംസാരിക്കവെ, 140 കോടി പൗരന്മാരും ഒരുമിച്ച് ഇന്ത്യയെ വികസിതവും സ്വയംപര്യാപ്തവുമായ രാഷ്ട്രമാക്കി മാറ്റാൻ മുന്നിട്ടിറങ്ങുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

ഒരു സ്ഥാപനം 100 വർഷം പൂർത്തിയാക്കുമ്പോൾ, അത് എണ്ണമറ്റ നേട്ടങ്ങളുടെയും പ്രചോദനങ്ങളുടെയും വലിയൊരു ശേഖരമായി മാറുന്നു. കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടെ ശ്രീറാം കോളേജ് ഓഫ് കൊമേഴ്സ് (SRCC) കൈവരിച്ച ചരിത്രനേട്ടങ്ങൾ രാജ്യത്തിനും അക്കാദമിക സമൂഹത്തിനും അഭിമാനമാണ്. ദരിയാഗഞ്ജിലെ ഒരു ചെറിയ സ്ഥാപനത്തിൽ നിന്ന് പ്രമുഖ വിദ്യാഭ്യാസ സ്ഥാപനമായി SRCC നടത്തിയ ശ്രദ്ധേയമായ വളർച്ച ചൂണ്ടിക്കാട്ടിയ പ്രധാനമന്ത്രി, നിരവധി തലമുറകളെ രൂപപ്പെടുത്തുന്നതിൽ സ്ഥാപനം വഹിച്ച പങ്ക് എടുത്തുപറഞ്ഞു. ഇന്ന് ഈ സ്ഥാപനത്തിന്റെ പേരിനോട് ചേർന്നുനിൽക്കുന്ന അഭിമാനവും അദ്ദേഹം പരാമർശിച്ചു. “ഇന്നും ഡൽഹി സർവകലാശാലയിൽ നിങ്ങൾ SRCC-യിൽ നിന്നുള്ള ആളാണെന്ന് പറയുന്നത് തന്നെ അഭിമാനമാണ്.”

കോളേജിന്റെ സമ്പന്നമായ പൈതൃകത്തെ പ്രശംസിച്ച പ്രധാനമന്ത്രി മോദി, വിവിധ മേഖലകളിൽ ആഗോളതലത്തിൽ സ്ഥാപനത്തിന്റെ പ്രശസ്തി ഉയർത്തിയ SRCC പൂർവവിദ്യാർഥികളെ യഥാർഥ വഴികാട്ടികളായി വിശേഷിപ്പിച്ചു. അന്തരിച്ച അരുൺ ജെയ്റ്റ്ലി, സഞ്ജീവ് സന്യാൽ തുടങ്ങിയ പ്രമുഖ പൂർവവിദ്യാർഥികളുമായി പ്രവർത്തിച്ച വ്യക്തിപരമായ അനുഭവങ്ങൾ അനുസ്മരിച്ച അദ്ദേഹം, ഈ കോളേജിലെ പൂർവവിദ്യാർഥികൾ കലാകാരന്മാരായും രാഷ്ട്രീയപ്രവർത്തകരായും ജഡ്ജിമാരായും രാജ്യത്തെ സേവിക്കുന്നുണ്ടെന്ന് ചൂണ്ടിക്കാട്ടി.

മുൻകാലത്തെ വെല്ലുവിളികളെയും ഇന്നത്തെ നേട്ടങ്ങളെയും താരതമ്യം ചെയ്ത പ്രധാനമന്ത്രി മോദി, ഭീകരവാദത്തെ പരാജയപ്പെടുത്തിയെന്നും, ശത്രുവിന്റെ പ്രദേശത്തേക്ക് ആഴത്തിൽ കടന്നുകയറി നിർണായക തിരിച്ചടികൾ നൽകാൻ സായുധസേനയ്ക്ക് ഇപ്പോൾ കഴിയുന്നുണ്ടെന്നും പറഞ്ഞു. ജമ്മു കശ്മീരിൽ നിന്ന് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലേക്കും സമാധാനം പുനഃസ്ഥാപിക്കപ്പെട്ടുവെന്നും അദ്ദേഹം വ്യക്തമാക്കി. ഇന്ത്യയുടെ നയചലനാത്മകതയെയും ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥയെന്ന രാജ്യത്തിന്റെ സ്ഥാനത്തെയും ഇന്ന് ലോകം പ്രശംസിക്കുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു.

ഇറക്കുമതിക്കാരിൽ നിന്ന് കയറ്റുമതിക്കാരിലേക്ക്...

'മേക്ക് ഇൻ ഇന്ത്യ' പദ്ധതിയുടെ നേട്ടങ്ങൾ ഇന്ത്യയെ വലിയൊരു ഇറക്കുമതി രാജ്യത്തിൽ നിന്ന് ലോകത്തെ മുൻനിര കയറ്റുമതി രാജ്യങ്ങളിലൊന്നായി വിജയകരമായി മാറ്റിയിരിക്കുന്നു. സ്മാർട്ട്ഫോൺ കയറ്റുമതി 2.5 ലക്ഷം കോടി രൂപ കവിഞ്ഞപ്പോൾ, തദ്ദേശീയ പ്രതിരോധ ഉൽപ്പാദനം ഏകദേശം 2 ലക്ഷം കോടി രൂപ എന്ന റെക്കോർഡ് ഉയരത്തിലെത്തി. 2013-14ൽ വെറും 600-700 കോടി രൂപ മാത്രമായിരുന്ന പ്രതിരോധ കയറ്റുമതി ഇപ്പോൾ 40,000 കോടി രൂപയായി ഉയർന്നു.

ദൃഢവും അചഞ്ചലവുമായ പ്രതിജ്ഞ...

യുവാക്കളിലും രാജ്യത്തെ 140 കോടി പൗരന്മാരുടെ കഴിവുകളിലും അചഞ്ചലമായ വിശ്വാസം പ്രകടിപ്പിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി, സമ്പന്നവും സ്വയംപര്യാപ്തവും വികസിതവുമായ ഇന്ത്യയ്ക്കായുള്ള വികസനപാത അവതരിപ്പിച്ചു. ഭാവിക്കായുള്ള മഹത്തായ ലക്ഷ്യങ്ങൾ മുന്നോട്ടുവച്ച അദ്ദേഹം, ഇന്ത്യയെ കാർഷിക കയറ്റുമതിയുടെ ആഗോള കേന്ദ്രമാക്കുക, സ്വന്തം ബഹിരാകാശ നിലയം സ്ഥാപിക്കുക, ഒളിമ്പിക് ഗെയിംസിന് ആതിഥേയത്വം വഹിക്കുക തുടങ്ങിയ ലക്ഷ്യങ്ങളെക്കുറിച്ച് സംസാരിച്ചു. പ്രധാനമന്ത്രി മോദി കൂട്ടിച്ചേർത്തു: "ഇവ വെറും വാക്കുകളല്ല; നമ്മുടെ ദൃഢവും അചഞ്ചലവുമായ പ്രതിജ്ഞകളാണിവ."



SRCC ശതാബ്ദി ആഘോഷ പരിപാടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി മോദി മെട്രോയിൽ യാത്ര ചെയ്യുകയും കുട്ടികളുമായി സംവദിക്കുകയും ചെയ്തു.

ലോകത്തിന് നേതൃത്വം നൽകുന്ന ഇന്ത്യക്കാർ...

21-ാം നൂറ്റാണ്ടിലെ യുവാക്കളുടെ മഹത്തായ ലക്ഷ്യബോധത്തിന്റെ ഫലമായാണ് സ്റ്റാർട്ടപ്പുകൾ, യൂണികോണുകൾ തുടങ്ങിയ മേഖലകളിൽ രാജ്യത്തെ യുവാക്കൾ ആഗോള നേതൃത്വത്തിലേക്ക് മുന്നേറുന്നത്. മുൻ തലമുറകളേക്കാൾ വലിയ സ്വപ്നങ്ങൾ കാണാൻ യുവാക്കൾ തയ്യാറാകണമെന്ന് പ്രധാനമന്ത്രി പറഞ്ഞു. "ഇന്ന് ആഗോള കോർപ്പറേറ്റ് ഭീമൻമാരുടെ തലപ്പത്ത് ഇന്ത്യക്കാർ നേതൃത്വം നൽകുമ്പോൾ, ഇന്ത്യക്കാർ സ്ഥാപിച്ച കമ്പനികൾക്ക് എന്തുകൊണ്ട് ലോകത്തിന് മുഴുവൻ നേതൃത്വം നൽകിക്കൂടാ?" എന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ചോദിച്ചു.

> **നമുക്ക്, 140 കോടി ഇന്ത്യക്കാർക്ക്, ഒരുമിച്ച് നമ്മുടെ രാജ്യത്തെ വികസിതവും സ്വയംപര്യാപ്തവുമായ രാഷ്ട്രമാക്കി മാറ്റാൻ കഴിയുമെന്ന് എനിക്ക് ഉറപ്പുണ്ട്. ചെറുതോ എളുപ്പമുള്ളതോ ആയ ലക്ഷ്യങ്ങളിൽ തൃപ്തിപ്പെടുന്ന ഒരാളല്ല ഞാൻ. രാജ്യത്തിനായി വലിയ ലക്ഷ്യങ്ങൾ നിശ്ചയിക്കുകയും അവ നേടിയെടുക്കുന്നതിനായി ഹൃദയവും ആത്മാവും സമർപ്പിക്കുകയും ചെയ്യുന്നു."**
>
> *നരേന്ദ്ര മോദി, പ്രധാനമന്ത്രി*



പശ്ചിമേഷ്യയിലെ സംഘർഷങ്ങളും ആഗോള വ്യാപാരത്തിലെ തടസ്സങ്ങളും നിലനിന്ന സാഹചര്യത്തിലും ഒരു പാദത്തിൽ 7.8 ശതമാനം വളർച്ചനിരക്ക് കൈവരിച്ചത് ഇന്ത്യയുടെ അന്തർലീനമായ സാമ്പത്തിക ശക്തിയെ വ്യക്തമാക്കുന്നു.

കണക്കുകളിലൂടെ വിമർശകരുടെ വാദങ്ങൾക്ക് മറുപടി

വിമർശകരുടെ വാദങ്ങൾക്ക് മറുപടിയായി കൃത്യമായ സാമ്പത്തിക കണക്കുകൾ അവതരിപ്പിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി, ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിൽ വൈദ്യുതി ഉൽപ്പാദനം 9 ശതമാനം വർധിച്ചതായും, മൊത്തം വാഹന വിൽപ്പനയിൽ 20 ശതമാനത്തിലധികം വർധനയുണ്ടായതായും ചൂണ്ടിക്കാട്ടി. ഇതിൽ ഇരുചക്ര വാഹന വിൽപ്പനയിൽ 20 ശതമാനവും, മുച്ചക്ര വാഹന വിൽപ്പനയിൽ ഏകദേശം 30 ശതമാനവും വർധനയുണ്ടായി. സ്റ്റീൽ, സിമന്റ് ഉപഭോഗത്തിലെ 8 ശതമാനം വളർച്ച, നിർമാണം, ഭവനനിർമാണം, വാണിജ്യ പ്രവർത്തനങ്ങൾ എന്നിവ അതിവേഗം വികസിക്കുന്നതിന്റെ തെളിവാണെന്നും അദ്ദേഹം പറഞ്ഞു. 2014 മാർച്ച് വരെ ജനസംഖ്യയുടെ പകുതിയിലധികം പേർക്കും ബാങ്ക് അക്കൗണ്ടുകൾ ഇല്ലാതിരുന്നെങ്കിൽ, ഇപ്പോൾ ജൻധൻ യോജനയിലൂടെ ഏകദേശം 60 കോടി പൗരന്മാരെ ബാങ്കിങ് സംവിധാനവുമായി ബന്ധിപ്പിച്ചിട്ടുണ്ടെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. ●

പ്രധാനമന്ത്രി മോദി പങ്കെടുത്ത സമ്പൂർണ പരിപാടി കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യു.

BRICS 2026

ഇന്ത്യയുടെ നേതൃത്വത്തിൽ

മാനവികതയുടെ ദീപസ്തംഭം



പ്രധാനമന്ത്രി മോദി പങ്കെടുത്ത സമ്പൂർണ പരിപാടി കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യൂ.

ബ്രിക്സ് രൂപീകൃതമായ നാൾ മുതൽ ഇന്ത്യ അതിന്റെ യാത്രയിലെ അവിഭാജ്യ ഘടകമാണ്. ഇന്ന് ഭൂമിയിലെ ഓരോ രണ്ടുപേരിൽ ഒരാൾ വീതം ഒരു ബ്രിക്സ് രാജ്യത്താണ് താമസിക്കുന്നത്. ആഗോള ജനസംഖ്യയുടെ ഏകദേശം 50 ശതമാനവും, ആഗോള ജിഡിപിയുടെ 40 ശതമാനവും, ആഗോള വ്യാപാരത്തിന്റെ 25 ശതമാനത്തിലധികവും ബ്രിക്സ് രാജ്യങ്ങൾ പ്രതിനിധാനംചെയ്യുന്നു. കഴിഞ്ഞ രണ്ട് പതിറ്റാണ്ടിനിടെ ആഗോള സമ്പദ്വ്യവസ്ഥ രണ്ടര മടങ്ങ് വികസിച്ചപ്പോൾ, ബ്രിക്സ് രാജ്യങ്ങളുടെ സംയുക്ത ജിഡിപി നാലര മടങ്ങ് വളർന്നു. 2026 സെപ്റ്റംബർ 1213 തീയതികളിൽ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടന്ന 18–ാമത് ബ്രിക്സ് ഉച്ചകോടി, ഈ യാത്രയുടെ രണ്ട് പതിറ്റാണ്ട് പൂർത്തിയായതിന്റെ ആഘോഷമായി. 2026–ൽ നാലാം തവണ അധ്യക്ഷപദവി ഏറ്റെടുത്ത ഇന്ത്യ, 'സഹകരണത്തിനും സുസ്ഥിരതയ്ക്കുമായി പ്രതിരോധശേഷിയും നവീകരണവും കെട്ടിപ്പടുക്കൽ' എന്ന പ്രമേയം മുന്നോട്ടുവച്ചു. കഴിഞ്ഞ 12 വർഷമായി ഇന്ത്യയുടെ സാമ്പത്തിക നയത്തിന്റെ അടിത്തറയായി ഈ ആശയം പ്രവർത്തിച്ചുവരുന്നു. വർധിച്ചുവരുന്ന വ്യാപാരതടസ്സങ്ങൾക്കിടയിൽ ഇന്ത്യ സാമ്പത്തിക മേഖലയിലെ പാലമായും വിശ്വാസത്തിന്റെ പ്രതീകമായും ഉയർന്നുവന്നു. കൂടാതെ, 'ന്യൂഡൽഹി പ്രഖ്യാപന'ത്തിലൂടെ, ബ്രിക്സിനെ കൂടുതൽ ഫലപ്രദവും ജനകേന്ദ്രീകൃതവുമായ പുതിയ ദിശയിലേക്ക് ഇന്ത്യ നയിച്ചു.





ഇന്ന് ആഗോളതലത്തിലെ അനിശ്ചിതത്വങ്ങൾക്കിടയിലും വളർച്ചയ്ക്കും സ്ഥിരതയ്ക്കും 'പുതിയ ഇന്ത്യ' ഉറപ്പ് നൽകുന്നു. ലോകമെമ്പാടും വ്യാപാരതടസ്സങ്ങൾ വെല്ലുവിളിയായി മാറുന്ന സാഹചര്യത്തിൽ, ഇന്ത്യ സാമ്പത്തിക പാലങ്ങൾ കെട്ടിപ്പടുക്കുകയാണ്. ഐക്യരാഷ്ട്രസഭ, G20 തുടങ്ങിയ ആഗോള സ്വാധീനമുള്ള കൂട്ടായ്മകളിലായാലും, മറ്റ് പ്രധാന വേദികളിലായാലും, ആഗോള സ്ഥാപനങ്ങൾക്ക് നേതൃത്വം നൽകി, ഇന്ത്യ ലോകത്തെ രൂപപ്പെടുത്തുകയും **वसुधैव कुटुंबकम** എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ പുതിയ ദിശ നിർണയിക്കുകയും ചെയ്യുന്നു. ഈ പശ്ചാത്തലത്തിൽ 2026-ലെ ബ്രിക്സ് അധ്യക്ഷപദവി ഏറ്റെടുത്ത്, ഇന്ത്യ ലോകത്തിന് വ്യക്തമായ സന്ദേശമാണ് നൽകിയത്: നമ്മുടെ ഭാവി പങ്കിട്ടതാണെങ്കിൽ, ആ ഭാവിയെ രൂപപ്പെടുത്താനുള്ള അവകാശവും എല്ലാവർക്കും പങ്കിടണം. ബ്രിക്സ് രാജ്യങ്ങൾ ഇന്ന് ആഗോള നവീകരണത്തിന്റെയും പരിഹാരങ്ങളുടെയും നിർണായക കേന്ദ്രങ്ങളായി ഉയർന്നുവരുന്നതിന് പിന്നിൽ ഇന്ത്യയുടെ ഈ കാഴ്ചപ്പാടും നിർണായകമാണ്. 2026-ലെ ന്യൂഡൽഹി ബ്രിക്സ് ഉച്ചകോടി, ആഗോള വെല്ലുവിളികളെ നേരിടുന്നതിന് മനുഷ്യകേന്ദ്രീകൃതമായ സമീപനം ലോകത്തിന് മുന്നിൽ അവതരിപ്പിച്ചു. കാലാവസ്ഥാ പ്രതിസന്ധി, ആഗോള വിതരണ ശൃംഖലയിലെ തടസ്സങ്ങൾ, ബഹുമുഖ സ്ഥാപനങ്ങളുടെ മന്ദഗതിയിലുള്ള പ്രവർത്തനം തുടങ്ങി വിവിധ മേഖലകളിൽ ലോകം ഒരേസമയം വെല്ലുവിളികൾ നേരിടുന്ന സാഹചര്യത്തിൽ, ബ്രിക്സ് പോലുള്ള വേദിയുടെ പ്രസക്തി കൂടുതൽ വർധിക്കുകയാണ്. ആഗോള ജനസംഖ്യയുടെ ഏതാണ്ട് പകുതിയെയും ആഗോള ജിഡിപിയുടെ 40 ശതമാനത്തെയും പ്രതിനിധാനം ചെയ്യുന്ന ഈ കൂട്ടായ്മ ഇന്ന് സാമ്പത്തിക ചർച്ചകളിൽ മാത്രം ഒതുങ്ങുന്നില്ല. ആഗോള ഭരണപരിഷ്കരണം മുതൽ സാങ്കേതികവിദ്യ, ആരോഗ്യം, വിദ്യാഭ്യാസം, കാലാവസ്ഥാ പ്രവർത്തനം തുടങ്ങി വിവിധ മേഖലകളിൽ ശക്തവും നിർണായകവുമായ സംരംഭങ്ങൾക്ക് ബ്രിക്സ്

> **"ബ്രിക്സ് വേദിയിലൂടെ ഇന്ത്യ സൗഹൃദവും പങ്കാളിത്തവും സഹകരണവും വളർത്തിയെടുത്തു. ബ്രിക്സ് സഹകരണം ഗവൺമെന്റുകളിൽ മാത്രം ഒതുങ്ങുന്നതാകരുതെന്ന് ഞങ്ങൾ ഉറപ്പാക്കാൻ ശ്രമിച്ചു. നമ്മുടെ സംരംഭകരും കർഷകരും ഗവേഷകരും സ്ത്രീകളും യുവാക്കളും സാധാരണ പൗരന്മാരും ഇതിൽ സജീവ പങ്കാളികളാകണമെന്നാണ് ഞങ്ങളുടെ ആഗ്രഹം."**
>
> *നരേന്ദ്ര മോദി, പ്രധാനമന്ത്രി*

നേതൃത്വം നൽകുകയാണ്. ബ്രിക്സിന്റെ സ്ഥാപക അംഗമാണ് ഇന്ത്യ. ഇതുവരെ 2012, 2016, 2021, 2026 വർഷങ്ങളിൽ ഇന്ത്യ നാല് തവണ ബ്രിക്സ് അധ്യക്ഷപദവി വഹിച്ചിട്ടുണ്ട്. ഓരോ തവണയും ഇന്ത്യ ഈ വേദിയെ പുതിയ ദിശയിലേക്ക് നയിച്ചു.

2026-ലെ അധ്യക്ഷപദവിക്കായി ഇന്ത്യ നാല് പ്രധാന സ്തംഭങ്ങൾ മുന്നോട്ടുവച്ചു: പ്രതിരോധശേഷി, നവീകരണം, സഹകരണം, സുസ്ഥിരത. 2025-ൽ ബ്രസീലിലെ റിയോ ഡി ജനീറോയിൽ നടന്ന 17-ാമത് ബ്രിക്സ് ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ കാഴ്ചപ്പാട് അവതരിപ്പിച്ചു. ജനകേന്ദ്രീകൃതവും 'മനുഷ്യത്വം ആദ്യം' എന്ന ആശയത്തിൽ അധിഷ്ഠിതവുമായ സമീപനമാണ് ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനം.

ബ്രിക്സ്: ലോകത്തിന്റെ പകുതി, ആഗോള ശക്തിയുടെ നാല്പത് ശതമാനം

അംഗരാജ്യങ്ങൾ	**11 (ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന, ദക്ഷിണാഫ്രിക്ക, ഈജിപ്ത്, എത്യോപ്യ, ഇൻഡോനേഷ്യ, ഇറാൻ, സൗദി അറേബ്യ, യുണൈറ്റഡ് അറബ് എമിറേറ്റ്സ്)**
ബ്രിക്സ് അംഗരാജ്യങ്ങൾ + പങ്കാളി രാജ്യങ്ങൾ	ആകെ 21 രാജ്യങ്ങൾ
ലോക ജനസംഖ്യയിലെ പങ്ക്	ഏകദേശം 50%
ആഗോള ജിഡിപിയിലെ പങ്ക്	ഏകദേശം 40%
ആഗോള വ്യാപാരത്തിലെ പങ്ക്	ഏകദേശം 25%
കഴിഞ്ഞ 20 വർഷത്തെ ആഗോള ജിഡിപി വളർച്ച	ഏകദേശം 2.5 മടങ്ങ്
ഇതേ കാലയളവിലെ ബ്രിക്സ് രാജ്യങ്ങളുടെ സംയുക്ത ജിഡിപി വളർച്ച	ഏകദേശം 4.5 മടങ്ങ്
ഇന്ത്യയുടെ അധ്യക്ഷതയിൽ നടന്ന യോഗങ്ങൾ /പരിപാടികൾ	400-ലധികം
ഈ യോഗങ്ങൾക്ക് വേദിയായ ഇന്ത്യൻ നഗരങ്ങൾ	30-ലധികം
ബ്രിക്സ് വനിത ബിസിനസ് സഖ്യ യോഗത്തിൽ പങ്കെടുത്ത വനിതാ വ്യവസായ പ്രമുഖർ (ഇന്ത്യ, 2026)	ഏകദേശം 200

ഇന്ത്യയുടെ അധ്യക്ഷതാ കാലയളവിൽ ഈ കാഴ്ചപ്പാടിനെ പ്രായോഗിക പരിപാടികളാക്കി മാറ്റി. സാമ്പത്തികവും സാമൂഹികവുമായ പ്രതിരോധശേഷി ശക്തിപ്പെടുത്തുന്നതു മുതൽ ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യം, നിർമിതബുദ്ധി തുടങ്ങിയ പുതിയ സാങ്കേതികവിദ്യകൾ പങ്കുവയ്ക്കുന്നതുവരെ വിവിധ മേഖലകൾക്ക് ഇന്ത്യ ഊന്നൽ നൽകി. ഇന്ത്യയുടെ അധ്യക്ഷതയ്ക്കായി രൂപകൽപ്പന ചെയ്ത 'ബ്രിക്സ് ഇന്ത്യ 2026' ലോഗോ ഈ ആശയത്തിന്റെ പ്രതീകമാണ്. BRICS അംഗരാജ്യങ്ങളുടെ ഊർജസ്വലമായ നിറങ്ങൾ പ്രതിഫലിപ്പിക്കുന്ന ഇതിലെ ഇതളുകൾ അവരുടെ കൂട്ടായ ശക്തിയും ഐക്യവും ഉയർത്തിക്കാട്ടുന്നു. മധ്യഭാഗത്തെ മനോഹരമായ "നമസ്തേ" മുദ്ര ഇന്ത്യയുടെ കാലാതീതമായ ഊഷ്മളത, ആദരം, സൗഹാർദ്ദപരമായ സഹകരണം എന്നിവയെ പ്രതിനിധാനംചെയ്യുന്നു. ഈ ദൃശ്യപരമായ തിരിച്ചറിയലിനൊപ്പം ബ്രിക്സിന്റെ മൂന്ന് പ്രധാന സ്തംഭങ്ങളും ഉൾച്ചേരുന്നു: രാഷ്ട്രീയ-സുരക്ഷാ സഹകരണം, സാമ്പത്തിക-ധനകാര്യ പങ്കാളിത്തം, ജനങ്ങൾ തമ്മിലുള്ള കൈമാറ്റങ്ങളും ബന്ധങ്ങളും



പതിനൊന്ന് രാജ്യങ്ങൾ, ഒരു വേദി... ബ്രിക്സ് രൂപീകരിച്ചത് എങ്ങനെ?

ലോകത്തിലെ പ്രധാനപ്പെട്ടതും വളർന്നുവരുന്നതുമായ 11 വിപണികളെയും വികസ്വര രാജ്യങ്ങളെയും ഉൾക്കൊള്ളുന്ന കൂട്ടായ്മയാണ് ബ്രിക്സ്. ഇതിലെ അംഗങ്ങൾ ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന, ദക്ഷിണാഫ്രിക്ക, ഈജിപ്ത്, എത്യോപ്യ, ഇൻഡോനേഷ്യ, ഇറാൻ, സൗദി അറേബ്യ, യുണൈറ്റഡ് അറബ് എമിറേറ്റ്സ് എന്നിവയാണ്. ആഗോളവും പ്രാദേശികവുമായ പ്രാധാന്യമുള്ള സമകാലിക വിഷയങ്ങളിൽ ചർച്ചയ്ക്കും സഹകരണത്തിനുമുള്ള ശക്തമായ വേദിയായാണ് ബ്രിക്സ് പ്രവർത്തിക്കുന്നത്.



2006-ൽ ന്യൂയോർക്കിൽ നടന്ന ഐക്യരാഷ്ട്രസഭാ പൊതുസഭാ സമ്മേളനത്തോടനുബന്ധിച്ച് ചേർന്ന ആദ്യ ബ്രിക് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിലാണ് ഈ വേദിയുടെ അടിത്തറ പാകിയത്. എന്നാൽ 'BRIC' എന്ന ചുരുക്കപ്പേര് അതിനും മുമ്പ്, 2001-ൽ, ഗോൾഡ്മാൻ സാക്സ് തയ്യാറാക്കിയ 'The World Needs Better Economic BRICs' എന്ന ആഗോള സാമ്പത്തിക പഠനത്തിലാണ് ആദ്യമായി ഉപയോഗിച്ചത്. ഇക്കണോമെട്രിക് വിശകലനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഈ ഗവേഷണ റിപ്പോർട്ട്, അടുത്ത അഞ്ച് ദശകങ്ങളിൽ ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന എന്നീ രാജ്യങ്ങൾ ലോകത്തിലെ ഏറ്റവും വലിയ സമ്പദ്‌വ്യവസ്ഥകളിൽ ഉൾപ്പെടുമെന്ന് പ്രവചിച്ചു. ഈ രാജ്യങ്ങളുടെ വർധിച്ചുവരുന്ന സാമ്പത്തിക ശക്തിയും മൂന്ന് ഭൂഖണ്ഡങ്ങളിലായി വ്യാപിച്ചുകിടക്കുന്ന വിശാലമായ ഭൂമിശാസ്ത്രപരമായ സാന്നിധ്യവും അവയുടെ ഉയർന്നുവരുന്ന ആഗോള പ്രാധാന്യത്തിന് അടിവരയിട്ടു. തുടർന്ന്, BRIC എന്ന ആശയം ഔപചാരിക കൂട്ടായ്മയായി രൂപപ്പെട്ടു. 2006-ലെ പ്രാരംഭ രൂപീകരണത്തിന് മൂന്ന് വർഷങ്ങൾക്ക് ശേഷം, 2009-ൽ റഷ്യയിലെ യെകറ്റെറിൻബർഗിൽ ആദ്യ ഉച്ചകോടി നടന്നു. 2010-ൽ ദക്ഷിണാഫ്രിക്കയെ കൂട്ടായ്മയിൽ ഉൾപ്പെടുത്താൻ ധാരണയായി. ദക്ഷിണാഫ്രിക്കയുടെ അംഗത്വത്തിന് പിന്നാലെ, 2011-ലെ സാന്യ ഉച്ചകോടിയോടെ ഈ കൂട്ടായ്മ ഔദ്യോഗികമായി 'BRICS' ആയി മാറി.

കഴിഞ്ഞ മൂന്ന് വർഷത്തിനിടെ ഈ കൂട്ടായ്മ അതിവേഗം വികസിച്ചു. ഈജിപ്ത്, എത്യോപ്യ, ഇറാൻ, സൗദി അറേബ്യ, യുണൈറ്റഡ് അറബ് എമിറേറ്റ്സ് എന്നീ രാജ്യങ്ങൾ 2024 ജനുവരിയിൽ പൂർണ്ണ അംഗങ്ങളായി. തുടർന്ന് 2025 ജനുവരിയിൽ ഇൻഡോനേഷ്യയും അംഗരാജ്യങ്ങളുടെ പട്ടികയിൽ ചേർന്നു. അതേ വർഷം തന്നെ ബെലറൂസ്, ബൊളീവിയ, കസാഖ്സ്ഥാൻ, ക്യൂബ, മലേഷ്യ, നൈജീരിയ, തായ്‌ലാൻഡ്, ഉഗാണ്ട, ഉസ്ബെക്കിസ്ഥാൻ, വിയറ്റ്നാം എന്നിവ ബ്രിക്സ് കുടുംബത്തിൽ പങ്കാളികളായി ചേർന്നു.

"ആഗോളതലത്തിൽ വ്യാപാര തടസ്സങ്ങൾ വർധിച്ചുവരുന്ന ഈ കാലത്ത് ഇന്ത്യ സാമ്പത്തിക പാലങ്ങൾ പണിയുകയാണ്. 2014 മുതൽ ഏകദേശം 40 രാജ്യങ്ങളുമായി ഞങ്ങൾ സ്വതന്ത്ര വ്യാപാര കരാറുകളിൽ ഒപ്പുവച്ചിട്ടുണ്ട്. ബ്രിക്സിലും ഞങ്ങളുടെ സമീപനം ഇതുതന്നെയാണ്: തടസ്സങ്ങൾ കുറയ്ക്കുകയും ബിസിനസ് അവസരങ്ങൾ വിപുലീകരിക്കുകയും ചെയ്യുക."

നരേന്ദ്ര മോദി, പ്രധാനമന്ത്രി

കാലഗണനക്രമം: ഇരുപത് വർഷത്തെ പ്രയാണം : ഇന്ത്യയുടെ നാല് അധ്യക്ഷപദവികൾ (2006 -2026)

2006	BRIC-ന്റെ രൂപീകരണം	ന്യൂയോർക്കിൽ നടന്ന ഐക്യരാഷ്ട്ര പൊതുസഭയ്ക്കിടെ ആദ്യത്തെ ബ്രിക് (BRIC) വിദേശകാര്യ മന്ത്രിമാരുടെ യോഗം ചേർന്നു
2009	ആദ്യ ഉച്ചകോടി	റഷ്യയിലെ യെകാറ്റെറിൻബർഗിൽ നടന്നു
2011	BRICS-ന്റെ ഉദയം	ദക്ഷിണാഫ്രിക്കയുടെ വരവോടെ 'ബ്രിക്' (BRIC) എന്നത് 'ബ്രിക്സ്' (BRICS) ആയി മാറി (സാന്യ ഉച്ചകോടി)
2012	ഇന്ത്യയുടെ പ്രഥമ അധ്യക്ഷപദം	നാലാമത് ഉച്ചകോടി, ന്യൂഡൽഹി - പ്രമേയം: 'ആഗോള സ്ഥിരത, സുരക്ഷ, സമൃദ്ധി എന്നിവയ്ക്കായുള്ള ബ്രിക്സ് പങ്കാളിത്തം'; ഡൽഹി പ്രഖ്യാപനം അംഗീകരിച്ചു
2016	ഇന്ത്യയുടെ രണ്ടാമത്തെ അധ്യക്ഷപദം	എട്ടാമത് ഉച്ചകോടി, ഗോവ - പ്രമേയം: 'പ്രതികരണാത്മകവും ഉൾച്ചേർന്നതും കൂട്ടായതുമായ പരിഹാരങ്ങൾ സൃഷ്ടിക്കൽ'; ഗോവ പ്രഖ്യാപനവും ബിംസ്റ്റെക് (BIMSTEC) ഔട്ട്റീച്ചും
2021	ഇന്ത്യയുടെ മൂന്നാമത്തെ അധ്യക്ഷപദം	പതിമൂന്നാമത് ഉച്ചകോടി, ന്യൂഡൽഹി - പ്രമേയം: 'ബ്രിക്സ്@15: തുടർച്ച, ഏകീകരണം, സമവായം എന്നിവയ്ക്കായുള്ള ബ്രിക്സ് അംഗങ്ങൾക്കിടയിലെ സഹകരണം: ന്യൂഡൽഹി പ്രഖ്യാപനം
2024	വിപുലീകരണത്തിന്റെ ആദ്യ ഘട്ടം	ഈജിപ്ത്, എത്യോപ്യ, ഇറാൻ, സൗദി അറേബ്യ, യുണൈറ്റഡ് അറബ് എമിറേറ്റ്സ് എന്നിവ അംഗങ്ങളായി
2025	വിപുലീകരണത്തിന്റെ രണ്ടാം ഘട്ടം	ഇന്തോനേഷ്യ അംഗമായി; 10 രാജ്യങ്ങൾ പങ്കാളിത്ത രാജ്യങ്ങളായി; 17-ാമത് ഉച്ചകോടി റിയോ ഡി ജനീറോയിൽ നടന്നു
2026	ഇന്ത്യയുടെ നാലാമത്തെ അധ്യക്ഷപദം (BRICS-ന്റെ 20-ാം വാർഷികം)	18-ാമത് ഉച്ചകോടി, ന്യൂഡൽഹി - പ്രമേയം: 'പ്രതിരോധശേഷി, നൂതനാശയം, സഹകരണം, സുസ്ഥിര വികസനം എന്നിവയ്ക്കായുള്ള നിർമ്മിതി'; ന്യൂഡൽഹി പ്രഖ്യാപനം (140 ഖണ്ഡികകൾ) അംഗീകരിച്ചു
2027	വരാനിരിക്കുന്ന അധ്യക്ഷപദവി	അധ്യക്ഷസ്ഥാനം ചൈനയ്ക്ക് കൈമാറി; 19-ാമത് ഉച്ചകോടിക്ക് ചൈന ആതിഥേയത്വം വഹിക്കും.

നൈജീരിയ, തായ്ലൻഡ്, ഉഗാണ്ട, ഉസ്ബെക്കിസ്ഥാൻ, വിയറ്റ്നാം എന്നിവ പങ്കാളി രാജ്യങ്ങളായി ബ്രിക്സ് കുടുംബത്തിൽ ചേർന്നു. ചുരുക്കത്തിൽ, രണ്ട് പതിറ്റാണ്ട് മുൻപ് വെറും നാല് രാജ്യങ്ങളുമായി തുടങ്ങിയ ഒരു കൂട്ടായ്മ, ഇന്ന് 21 രാജ്യങ്ങളടങ്ങുന്ന ഒരു വലിയ കുടുംബമായി മാറിയിരിക്കുന്നു. ഇത്തരത്തിലുള്ള വിപുലീകരണം ഈ വേദിയുടെ വിശ്വസ്തതയെയും പ്രാധാന്യത്തെയും ആകർഷകത്വത്തെയുമാണ് പ്രതിഫലിപ്പിക്കുന്നത്.

ഇന്ത്യ: സംഘർഷങ്ങൾക്കിടയിലെ സമവായത്തിന്റെ കണ്ണി

വിവിധ തലങ്ങളിലുള്ള സംഘർഷങ്ങളാൽ ലോകം ഉലയുന്ന കാഴ്ചയ്ക്കാണ് 2026-ന്റെ തുടക്കം സാക്ഷ്യം വഹിച്ചത്. ഒരു വശത്ത് പശ്ചിമേഷ്യയിലെ സംഘർഷങ്ങളും യുക്രെയ്ൻ-റഷ്യ പ്രതിസന്ധിയും; മറുവശത്ത് വർദ്ധിച്ചുവരുന്ന വ്യാപാര തടസ്സങ്ങളും ബഹുമുഖ സ്ഥാപനങ്ങളിലുള്ള വിശ്വാസക്കുറവും പ്രകടമായിരുന്നു. ഈ പശ്ചാത്തലത്തിൽ, വ്യത്യസ്ത സംസ്കാരങ്ങളും രാഷ്ട്രീയ സംവിധാനങ്ങളും സാമ്പത്തിക താല്പര്യങ്ങളുമുള്ള രാജ്യങ്ങളെ ഒരേ വേദിയിൽ ഒന്നിച്ചുകൊണ്ടുവന്ന് പൊതുസമവായത്തിലെത്തിക്കുക എന്നത് എളുപ്പമുള്ള കാര്യമായിരുന്നില്ല. എന്നാൽ, ഇന്ത്യ ഈ ഉത്തരവാദിത്തം പ്രശംസനീയമായ രീതിയിൽ നിറവേറ്റി.





18-ാമത് ഉച്ചകോടിയുടെ ഉദ്ഘാടന സമ്മേളനത്തിൽ സംസാരിക്കവെ, ബ്രിക്സ് അതിന്റെ 'പക്വതയാർന്ന ഘട്ട'ത്തിൽ എത്തിയിരിക്കുകയാണെന്ന് പ്രധാനമന്ത്രി മോദി അഭിപ്രായപ്പെട്ടു; ഇരുപത് വയസ്സ് തികയുന്നത് മനുഷ്യജീവിതത്തിൽ പക്വതയുടെയും ഉത്തരവാദിത്തത്തിന്റെയും ഒരു പുതിയ അധ്യായത്തിന്റെ തുടക്കത്തെ അടയാളപ്പെടുത്തുന്നതുപോലെ, ബ്രിക്സും ഇപ്പോൾ ഉത്തരവാദിത്തങ്ങൾ അഭിലാഷങ്ങളുമായി സംയോജിപ്പിക്കുന്ന ഒരു ഘട്ടത്തിലേക്ക് കടന്നിരിക്കുകയാണ്. ആർക്കുമെതിരെ പ്രവർത്തിക്കുന്നതിന് പകരം ഒരുമിച്ച് മുന്നേറുക എന്ന ഉൾച്ചേർക്കലിന്റെ തത്ത്വശാസ്ത്രത്തിലാണ് ബ്രിക്സിന്റെ ശക്തി കുടികൊള്ളുന്നതെന്ന് അദ്ദേഹം പ്രത്യേകം എടുത്തുപറഞ്ഞു. സമവായത്തിലൂടെയും പരസ്പര ബഹുമാനത്തിലൂടെയുമാണ് അംഗരാജ്യങ്ങൾ പുരോഗതി കൈവരിക്കുന്നത്. പ്രധാനമന്ത്രി മോദിയുടെ ഈ കാഴ്ചപ്പാട് ന്യൂഡൽഹി പ്രഖ്യാപനത്തിൽ വ്യക്തമായി പ്രതിഫലിച്ചിരുന്നു. 2025 ഏപ്രിലിൽ ജമ്മു കശ്മീരിലെ പഹൽഗാമിലുണ്ടായ ഭീകരാക്രമണത്തെ ശക്തമായി അപലപിക്കുകയും, ഭീകരതയോടുള്ള വിട്ടുവീഴ്ചയില്ലാത്ത നിലപാടും ഇരട്ടത്താപ്പുകൾ അവസാനിപ്പിക്കുന്നതിനും ആഹ്വാനം ചെയ്തുകൊണ്ടുള്ള ഡൽഹി പ്രഖ്യാപനം

> **നമുക്ക് പൊതുവായ ഒരു ഭാവിയാണുള്ളത്; അതിനാൽ, ആ ഭാവിയെ രൂപപ്പെടുത്താനുള്ള അവകാശവും പങ്കുവെക്കപ്പെടണംശബ്ദമുയർത്തുന്നത് മുതൽ സ്വാധീനം ചെലുത്തുന്നത് വരെയും പ്രത്യേക അവകാശങ്ങളിൽ നിന്ന് പങ്കാളിത്തത്തിലേക്ക് മാറുന്നത് വരെയും.**
>
> *- പ്രധാനമന്ത്രി നരേന്ദ്ര മോദി*

കൃത്യവും കർശനവുമായ ഭാഷ ഉപയോഗിച്ചപ്പോൾ തന്നെ; ഗാസ, ലെബനൻ, സിറിയ, സുഡാൻ തുടങ്ങിയ വിഷയങ്ങളിൽ എല്ലാ അംഗരാജ്യങ്ങളുടെയും വൈവിധ്യമാർന്ന ദേശീയ കാഴ്ചപ്പാടുകളെ ബഹുമാനിച്ചുകൊണ്ട് സന്തുലിതമായ ഭാഷയും പ്രയോഗിച്ചു. ഇത്രയും വൈവിധ്യമാർന്ന താൽപ്പര്യങ്ങളുള്ള രാജ്യങ്ങൾക്ക് ഒരു സംയുക്ത പ്രഖ്യാപനത്തിൽ യോജിക്കാൻ കഴിഞ്ഞത് ഇന്ത്യയുടെ നയതന്ത്ര പരമായ പക്വതയുടെ തെളിവായിരുന്നു.



ഇന്ത്യയുടെ അധ്യക്ഷതയിൽ നടന്ന ബ്രിക്സ് ഉച്ചകോടി

- 2026: സെപ്റ്റംബർ 12-13 തീയതികളിൽ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്ത്യ 18-ാമത് ബ്രിക്സ് ഉച്ചകോടിക്ക് ആതിഥേയത്വം വഹിച്ചു. 'പ്രതിരോധശേഷി, നൂതനാശയം, സഹകരണം, സുസ്ഥിര വികസനം എന്നിവയുടെ നിർമ്മിതി' എന്നതായിരുന്നു ഉച്ചകോടിയുടെ പ്രമേയം. 'മനുഷ്യത്വം ആദ്യം', ജനകേന്ദ്രീകൃത സമീപനം എന്നീ തത്ത്വങ്ങളെ അടിസ്ഥാനമാക്കി 2025 ലെ റിയോ ഉച്ചകോടിയിലാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ കാഴ്ചപ്പാട് അവതരിപ്പിച്ചത്. 2026-ൽ, ബ്രിക്സ് അതിന്റെ 20 വർഷം പൂർത്തിയാക്കി.
- പ്രഖ്യാപനത്തിൽ 140 കാര്യങ്ങൾ ഉൾപ്പെട്ടിരുന്നു. ഐക്യരാഷ്ട്ര രക്ഷാസമിതി പരിഷ്കരണങ്ങൾ, ഭീകരവാദത്തിനെതിരെയുള്ള ശക്തമായ നിലപാട്, വളർച്ചയ്ക്കും വികസനത്തിനുമുള്ള ബ്രിക്സ് ടാസ്ക് ഫോഴ്സ്, 'ബ്രിക്സ് കണക്ട്', ബ്രിക്സ് ഗ്രെയ്ൻ എക്സ്ചേഞ്ച്, കാലാവസ്ഥാ വ്യതിയാനവും പാരീസ് ഉടമ്പടിയും, ന്യൂ ഡെവലപ്മെന്റ് ബാങ്ക് എന്നിവ പ്രധാന സവിശേഷതകളിൽ ഉൾപ്പെടുന്നു.
- 2021: 13-ാമത് ബ്രിക്സ് ഉച്ചകോടി: 13-ാമത് ബ്രിക്സ് ഉച്ചകോടി 2021 സെപ്റ്റംബർ 9-ന് വെർച്വലായി നടന്നു. 'BRICS @15: സഹകരണത്തിനായുള്ള തുടർച്ച, ഏകീകരണം, സമവായം' എന്നതായിരുന്നു ഉച്ചകോടിയുടെ പ്രമേയം.
- ബഹുരാഷ്ട്ര വ്യവസ്ഥയുടെ പരിഷ്കരണം, ഭീകരവാദത്തിനെതിരെയുള്ള പോരാട്ടം, സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഡിജിറ്റൽ സാങ്കേതികവിദ്യയുടെ ഉപയോഗം, ജനങ്ങൾ തമ്മിലുള്ള ബന്ധം വർദ്ധിപ്പിക്കൽ എന്നിവയ്ക്ക് പ്രഖ്യാപനം ഊന്നൽ നൽകി. ഇന്ത്യ ബ്രിക്സിന്റെ പ്രവർത്തനരീതികൾ ലളിതമാക്കുകയും ഡിജിറ്റൽ ഹെൽത്ത് ഉച്ചകോടി, ആദ്യത്തെ ബ്രിക്സ് ജലവിഭവ മന്ത്രിമാരുടെ യോഗം തുടങ്ങിയ പുതിയ വേദികൾ അവതരിപ്പിക്കുകയും ചെയ്തു.
- 2016: 8-ാമത് ബ്രിക്സ് ഉച്ചകോടി: 8-ാമത് ബ്രിക്സ് ഉച്ചകോടി 2016 ഒക്ടോബർ 15-16 തീയതികളിൽ ഗോവയിൽ നടന്നു. 'പ്രതികരണാത്മകവും ഉൾച്ചേർന്നതും കൂട്ടായതുമായ പരിഹാരങ്ങളുടെ നിർമ്മിതി' എന്നതായിരുന്നു പ്രമേയം.
- ന്യൂ ഡെവലപ്മെന്റ് ബാങ്കിന്റെ തുടക്കത്തെയും പുനരുപയോഗ ഊർജ്ജ പദ്ധതികൾക്കായുള്ള അതിന്റെ ആദ്യ വായ്പകളെയും ഗോവ പ്രഖ്യാപനവും കർമ്മ പദ്ധതിയും സ്വാഗതം ചെയ്തു. വികസ്വര രാജ്യങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി ഐക്യരാഷ്ട്രസഭയിൽ വരുത്തേണ്ട പരിഷ്കാരങ്ങളുടെ ആവശ്യകതയും അത് എടുത്തുപറഞ്ഞു.
- 2012: 4-ാമത് ബ്രിക്സ് ഉച്ചകോടി: 4-ാമത് ബ്രിക്സ് ഉച്ചകോടി 2012 മാർച്ച് 29-ന് ന്യൂഡൽഹിയിൽ നടന്നു. 'ആഗോള സ്ഥിരതയ്ക്കും സുരക്ഷയ്ക്കും അഭിവൃദ്ധിക്കുമുള്ള ബ്രിക്സ് പങ്കാളിത്തം' എന്നതായിരുന്നു ഇതിന്റെ പ്രമേയം.
- ആഗോള സാമ്പത്തിക രംഗത്തെ അസന്തുലിതമായ തിരിച്ചുവരവ്, രാജ്യങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന കടബാധ്യതയുടെ അപകടസാധ്യതകൾ, സുസ്ഥിര വികസനം എന്നിവയിലായിരുന്നു ചർച്ചകൾ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചത്.

2025-ലെ റിയോ ഡി ജനീറോ ഉച്ചകോടിയിലും ഇതേ വികാരം പങ്കുവെച്ചുകൊണ്ട്, ഇരുപതാം നൂറ്റാണ്ടിൽ സ്ഥാപിതമായ ആഗോള സംഘടനകൾ ഇരുപത്തൊന്നാം നൂറ്റാണ്ടിലെ വെല്ലുവിളികളെ നേരിടാൻ പ്രാപ്തമല്ലെന്നും, ബഹുധ്രുവവും ഉൾച്ചേർന്നതുമായ ലോകക്രമത്തിന് അനുസൃതമായി അവ പരിഷ്കരിക്കപ്പെടേണ്ടതുണ്ടെന്നും പ്രധാനമന്ത്രി മോദി പ്രസ്താവിച്ചിരുന്നു. ബ്രിക്സിന്റെ വികാസം, കാലത്തിനനുസരിച്ച് മാറാനുള്ള സംഘടനയുടെ ശേഷിയെയാണ് കാണിക്കുന്നതെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു. ഈ മനോഭാവം മുന്നോട്ട് കൊണ്ടുപോകുന്നതിനോടൊപ്പം, ആഗോള അസ്ഥിരതയ്ക്കിടയിൽ പരസ്പര സഹകരണത്തിന്റെയും വിശ്വാസത്തിന്റെയും വെളിച്ചമായി ബ്രിക്സ് ഉയർന്നുവരണമെന്ന ലക്ഷ്യത്തോടെ വ്യാപാരം, ആരോഗ്യം, സാങ്കേതികവിദ്യ, കാലാവസ്ഥ തുടങ്ങിയ പ്രായോഗിക മേഖലകളിൽ ഇന്ത്യ അതിന്റെ അധ്യക്ഷപദവിയിൽ നിർണായക നടപടികൾ സ്വീകരിച്ചു.



പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുത്ത മുഴുവൻ പരിപാടി കാണുവാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക

ന്യൂഡൽഹി പ്രഖ്യാപനം: മാറ്റത്തിനായുള്ള 140 ഇന കർമ്മപദ്ധതി

'സഹകരണത്തിനും സുസ്ഥിരതയ്ക്കും പ്രതിരോധ ശേഷിയും നൂതനാശയവും' എന്ന പ്രമേയത്തിൽ ചേർന്ന 18-ാമത് ബ്രിക്സ് ഉച്ചകോടിയിൽ അംഗീകരിച്ച 'ന്യൂ ഡൽഹി പ്രഖ്യാപനം', രണ്ട് പതിറ്റാണ്ടിലെ ബ്രിക്സ് പരിചയസമ്പത്തും ഇന്ത്യയുടെ അധ്യക്ഷതയിൽ നടന്ന 400-ലധികം യോഗങ്ങളുടെ ഫലങ്ങളും ഉൾക്കൊള്ളുന്നതാണ്. ആഗോള ഭരണപരിഷ്കാരം, ആരോഗ്യം, കൃഷി, സാങ്കേതികവിദ്യ, കാലാവസ്ഥ, സംസ്കാരം തുടങ്ങിയ മേഖലകളെ ഉൾക്കൊള്ളുന്ന 140 ഖണ്ഡികകളുള്ള സമഗ്രമായ ഒരു രേഖയായിരുന്നു ഇത്.

ഐക്യരാഷ്ട്ര രക്ഷാസമിതിയുടെ പരിഷ്കരണവുമായി ബന്ധപ്പെട്ട് അംഗരാജ്യങ്ങൾക്കിടയിലുണ്ടായ ഐക്യമായിരുന്നു ഈ പ്രഖ്യാപനത്തിന്റെ പ്രധാന സവിശേഷത. ഐക്യരാഷ്ട്രസഭയിൽ, പ്രത്യേകിച്ച് രക്ഷാസമിതിയിലെ സ്ഥിരം അംഗത്വമടക്കം കൂടുതൽ പ്രധാനപ്പെട്ട പങ്ക് വഹിക്കാനുള്ള ഇന്ത്യയുടെയും ബ്രസീലിന്റെയും ആഗ്രഹങ്ങൾക്കുള്ള പിന്തുണ ചൈനയും റഷ്യയും ആവർത്തിച്ചു. 20-ാം നൂറ്റാണ്ടിൽ നിലവിൽ വന്ന ആഗോള സ്ഥാപനങ്ങൾ നിലവിലെ യാഥാർത്ഥ്യങ്ങളെ പ്രതിഫലിപ്പിക്കുന്നില്ലെന്ന് വ്യക്തമാക്കിയ പ്രഖ്യാപനം, അന്താരാഷ്ട്ര നാണയ നിധി, ലോക ബാങ്ക്, ലോക വ്യാപാര സംഘടന (WTO) തുടങ്ങിയ പ്രസ്ഥാനങ്ങളിൽ അടിയന്തിര പരിഷ്കാരം അത്യാവശ്യമാണെന്ന് എടുത്തുപറഞ്ഞു.

ഭീകരവാദത്തോടുള്ള പ്രഖ്യാപനത്തിന്റെ നിലപാട് തികച്ചും വ്യക്തമായിരുന്നു. 2025 ഏപ്രിലിൽ പഹൽഗാമിൽ നടന്ന ഭീകരാക്രമണത്തെ ശക്തമായി അപലപിച്ച അംഗരാജ്യങ്ങൾ, ഭീകരവാദത്തിന്റെ എല്ലാ രൂപങ്ങളെയും ചെറുക്കുന്നതിനുള്ള പ്രതിബദ്ധത ആവർത്തിച്ചുറപ്പിക്കുകയും ഭീകരവാദത്തെ ഏതെങ്കിലും മതവുമായോ ദേശീയതയുമായോ സംസ്കാരവുമായോ ബന്ധപ്പെടുത്തരുതെന്ന് ഓർമ്മിപ്പിക്കുകയും ചെയ്തു. ഭീകരവാദത്തിനെതിരായ പോരാട്ടത്തിൽ ഇരട്ടത്താപ്പുകൾ അംഗീകരിക്കാനാവില്ല. സാമ്പത്തിക രംഗത്ത്, ന്യൂ ഡെവലപ്മെന്റ് ബാങ്ക് (NDB) തങ്ങളുടെ രണ്ടാമത്തെ 'സുവർണ്ണ ദശക'ത്തിലേക്ക് കടക്കുന്നതിനെ പ്രഖ്യാപനം സ്വാഗതം ചെയ്യുകയും 2026 മേയിൽ മോസ്കോയിൽ നടന്ന ബാങ്കിന്റെ 11-ാമത് വാർ

> **നൂതനാശയ സ്തംഭത്തിന് കീഴിൽ, ബ്രിക്സ് ഇൻകുബേറ്റർ നെറ്റ്വർക്ക് നമ്മുടെ സ്റ്റാർട്ടപ്പുകളെയും ഇൻകുബേറ്ററുകളെയും പരസ്പരം ബന്ധിപ്പിക്കും. കൂടാതെ, ചെറുകിട സംരംഭങ്ങൾക്ക് അറിവ്, ധനസഹായം, പുതിയ വിപണികൾ എന്നിവ ലഭ്യമാക്കുന്നതിനായി ഞങ്ങൾ ബ്രിക്സ് ങടങഋ സഹകരണ പോർട്ടലും ആരംഭിച്ചിട്ടുണ്ട്.**
>
> *- പ്രധാനമന്ത്രി നരേന്ദ്ര മോദി*



ഇന്ത്യയുടെ ബ്രിക്സ് അധ്യക്ഷതയുടെ സുപ്രധാന സ്തംഭങ്ങൾ

പ്രതിരോധശേഷി

- ആഗോള അനിശ്ചിതത്വങ്ങൾ, വിതരണ ശൃംഖലയിലെ തടസ്സങ്ങൾ, ആരോഗ്യ വെല്ലുവിളികൾ, കാലാവസ്ഥാ വ്യതിയാന അപകടസാധ്യതകൾ എന്നിവയെ ചെറുക്കുന്നതിനായി സാമ്പത്തികവും സാമൂഹികവും സ്ഥാപനപരവുമായ പ്രതിരോധശേഷി ശക്തിപ്പെടുത്തുക.

നൂതനാശയം

- കാര്യക്ഷമമായ സേവന വിതരണവും ഭാവിയിലേക്ക് സജ്ജമായ വളർച്ചയും സാധ്യമാക്കുന്നതിനായി ഡിജിറ്റൽ പൊതു അടിസ്ഥാനസൗകര്യങ്ങൾ , ഫിൻടെക്, നിർമ്മിതബുദ്ധി, അറിവുകൾ പങ്കുവെക്കൽ തുടങ്ങിയ പുതിയതും വളർന്നുവരുന്നതുമായ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുക.

സഹകരണം

- നയരൂപീകരണത്തിലെ സഹകരണം, വികസന ധനസഹായം, വ്യാപാര സൗകര്യമൊരുക്കൽ, ആഗോള ഭരണസ്ഥാപനങ്ങളിലെ പരിഷ്കരണങ്ങൾ, ജനകേന്ദ്രീകൃത പങ്കാളിത്തങ്ങൾ എന്നിവയിലൂടെ ബ്രിക്സ് അംഗങ്ങൾക്കിടയിലുള്ള ബഹുമുഖ സഹകരണം കൂടുതൽ ശക്തിപ്പെടുത്തുക.

സുസ്ഥിര വികസനം

- ദേശീയവും ആഗോളവുമായ മുൻഗണനകൾക്ക് അനുസൃതമായി, കാലാവസ്ഥാ പ്രവർത്തനങ്ങൾ, ഹരിത ധനസഹായം, ഊർജ്ജ പരിവർത്തനം , സുസ്ഥിര വികസനം എന്നിവയിലേക്കുള്ള കൂട്ടായ ശ്രമങ്ങൾ ത്വരിതപ്പെടുത്തുക.

ബ്രിക്സ് ഇന്ത്യ 2026 ലോഗോ

പാരമ്പര്യത്തിന്റെയും ആധുനികതയുടെയും മനോഹരമായ ഒരു സംയോജനമാണ് 2026-ലെ ബ്രിക്സ് ലോഗോ. പൂവിതളുകളുടെ നിറങ്ങൾ എല്ലാ ബ്രിക്സ് അംഗരാജ്യങ്ങളുടെയും ഊർജ്ജസ്വലമായ വർണ്ണങ്ങളെ പ്രതിഫലിപ്പിക്കുന്നു; ഇത് അവരുടെ കൂട്ടായ ശക്തിയെയും ഐക്യത്തെയും സൂചിപ്പിക്കുന്നു. മധ്യത്തിലുള്ള 'നമസ്തേ' അടയാളം ഭാരതത്തിന്റെ പുരാതന പാരമ്പര്യം, ഊഷ്മളത, ആദരവ്, സൗഹാർദ്ദപരമായ സഹകരണം എന്നിവയെയാണ് വ്യക്തമാക്കുന്നത്. പ്രധാനപ്പെട്ട മൂന്ന് അടിസ്ഥാന സ്തംഭങ്ങളും ഇതിൽ ചിത്രീകരിച്ചിരിക്കുന്നു:

- രാഷ്ട്രീയ-സുരക്ഷാ സഹകരണം
- സാമ്പത്തിക-ധനകാര്യ പങ്കാളിത്തം
- സാംസ്കാരികവും ജനങ്ങൾ തമ്മിലുള്ളതുമായ സഹകരണം

ഷിക യോഗം ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു.

ഇന്ത്യയുടെ അധ്യക്ഷതയിൽ വികസിപ്പിച്ചെടുത്ത ബ്രിക്സ്-എൻഡ്ബി നോളജ് പോർട്ടലും ഇതോടൊപ്പം ഉദ്ഘാടനം ചെയ്തു; ഇത് അംഗരാജ്യങ്ങളുടെ വികസന അനുഭവങ്ങളും മികച്ച പ്രവർത്തനരീതികളും ഒരുമിച്ച് കൊണ്ടുവരുന്നു. അതിർത്തി കടന്നുള്ള പണമിടപാടുകൾ കൂടുതൽ വേഗതയുള്ളതും ചെലവ് കുറഞ്ഞതും സുരക്ഷിതവുമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള ബ്രിക്സ് പേയ്മെന്റ് ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനും ധാരണയായി. നിർമ്മിതബുദ്ധിയെക്കുറിച്ചുള്ള പ്രഖ്യാപനം, അതിനെ സാമ്പത്തികവും സുസ്ഥിരവുമായ വികസനത്തിനുള്ള വലിയൊരു അവസരമായി അംഗീക



30 നഗരങ്ങളിലായി നടന്ന 400-ലധികം യോഗങ്ങളിലെ ബ്രിക്സ് ചർച്ചകൾ

ഇന്ത്യയുടെ അധ്യക്ഷതയിൽ നടന്ന ബ്രിക്സ് ഉച്ചകോടിയിൽ, രാജ്യത്തെ 30 നഗരങ്ങളിലായി ബ്രിക്സ് അംഗരാജ്യങ്ങളുടെയും വിവിധ സംഘടനകളുടെയും പങ്കാളിത്തത്തോടെ മുൻപ് നടന്ന 400 യോഗങ്ങളിൽ ഉരുത്തിരിഞ്ഞ നിഗമനങ്ങളും സമവായങ്ങളും കൂടുതൽ മുന്നോട്ട് കൊണ്ടുപോയി.

രാഷ്ട്രീയ-സുരക്ഷാ സഹകരണം, സാമ്പത്തിക-ധനകാര്യ സഹകരണം, സാംസ്കാരിക-ജനകീയ സഹകരണം എന്നിവ സഹകരണത്തിന്റെ പ്രധാന മൂന്ന് സ്തംഭങ്ങളായി തുടർന്നു.

ഇന്ത്യയുടെ അധ്യക്ഷതയിൽ ബ്രിക്സിന്റെ വിവിധ വിഷയാധിഷ്ഠിത മേഖലകളിലായി 50-ലധികം നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു. ബ്രിക്സ് അതിന്റെ മൂന്നാമത്തെ പതിറ്റാണ്ടിലേക്ക് കടക്കുമ്പോൾ, തടസ്സമില്ലാത്ത സഹകരണവും പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്ലാറ്റ്ഫോമുകളായും ചട്ടക്കൂടുകളായും മാർഗ്ഗനിർദ്ദേശങ്ങളായും ഈ നേട്ടങ്ങളിൽ പലതും രൂപപ്പെടുത്തിയിട്ടുണ്ട്.

ഈ യോഗങ്ങളിൽ രൂപപ്പെട്ട സമവായം 'ബ്രിക്സ് ന്യൂഡൽഹി പ്രഖ്യാപന'ത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ന്യൂഡൽഹി പ്രഖ്യാപനത്തിൽ 140 പോയിന്റുകൾ അടങ്ങിയിരിക്കുന്നു; അതിലെ പ്രധാന സവിശേഷതകളിൽ ചിലത് ഇനിപ്പറയുന്നു:

പൂർണ്ണമായ പ്രഖ്യാപനം വായിക്കുന്നതിനായി ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

ബ്രിക്സ് ന്യൂഡൽഹി പ്രഖ്യാപനത്തിലെ പ്രധാന സവിശേഷതകൾ

- **ഐക്യരാഷ്ട്ര രക്ഷാസമിതി പരിഷ്കരണം:** ഐക്യരാഷ്ട്രസഭയുടെ പരിഷ്കരണത്തിനും രക്ഷാസമിതിയിൽ വികസ്വര രാജ്യങ്ങളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനും ഊന്നൽ നൽകി. രക്ഷാസമിതിയിൽ കൂടുതൽ പങ്ക് വഹിക്കാനുള്ള ഇന്ത്യയുടെയും ബ്രസീലിന്റെയും ആഗ്രഹങ്ങൾക്കുള്ള പിന്തുണ ചൈനയും റഷ്യയും ആവർത്തിച്ചു.
- **ഭീകരവാദത്തിനെതിരെ കർശന നിലപാട് :** 2025 ഏപ്രിൽ 22-ന് ജമ്മു കശ്മീരിൽ നടന്ന ഭീകരാക്രമണത്തെ ശക്തമായി അപലപിച്ചു. അതിർത്തി കടന്നുള്ള ഭീകരവാദം, ഭീകരവാദ ധനസഹായം, സുരക്ഷിത താവളങ്ങൾ എന്നിവയുൾപ്പെടെയുള്ള എല്ലാത്തരം ഭീകരവാദങ്ങൾക്കുമെതിരെ 'വിട്ടുവീഴ്ചയില്ലാത്ത' നയം ആവർത്തിച്ചുറപ്പിച്ചു.
- **കിംബർലി പ്രക്രിയയിലെ ഇന്ത്യയുടെ അധ്യക്ഷത:** 2026-ൽ കിംബർലി പ്രക്രിയയുടെ അധ്യക്ഷസ്ഥാനം ഇന്ത്യ ഏറ്റെടുക്കുന്നതിനെ സ്വാഗതം ചെയ്തു; ബ്രിക്സ് ചട്ടക്കൂടിനുള്ളിൽ ആഫ്രിക്കൻ വജ്രോത്പാദക രാജ്യങ്ങളുമായുള്ള സഹകരണത്തെ പിന്തുണയ്ക്കുകയും ചെയ്തു.
- **ഗിഫ്റ്റ് സിറ്റിയിലെ ബ്രിക്സ് റിസ്ക് ലാബ്:** ഇന്ത്യയുടെ നിർദ്ദേശപ്രകാരം ഗുജറാത്തിലെ ഗിഫ്റ്റ് സിറ്റി ഐഎഫ്എസ്സിയിൽ ഒരു 'ബ്രിക്സ് റിസ്ക് ലാബ്' സ്ഥാപിക്കുന്നതിനെക്കുറിച്ചുള്ള തുടർ ചർച്ചകൾക്ക് പിന്തുണ നൽകി.
- **നിർണായക ധാതുക്കൾ:** നിർണായക ധാതുക്കൾക്കായി വിശ്വസനീയവും വൈവിധ്യപൂർണ്ണവും പ്രതിരോധശേഷിയുള്ളതുമായ വിതരണ ശൃംഖലകൾ ഉറപ്പാക്കുന്നതിനും ധാതുവിഭവങ്ങളാൽ സമൃദ്ധമായ രാജ്യങ്ങളിൽ മൂല്യവർദ്ധന നടപ്പിലാക്കുന്നതിനും ഊന്നൽ നൽകി.
- **ബ്രിക്സ്-എൻഡിബി നോളജ് പോർട്ടൽ:** ഇന്ത്യയുടെ അധ്യക്ഷതയിൽ ആരംഭിച്ച 'ബ്രിക്സ്-എൻഡിബി നോളജ് പോർട്ടൽ', വികസന അനുഭവങ്ങൾ, മികച്ച പ്രവർത്തനരീതികൾ, നയപരമായ നവീനാശയങ്ങൾ എന്നിവ പങ്കുവെക്കുന്നതിനുള്ള പൊതു വേദിയാണ്.
- **വളർച്ചയ്ക്കും വികസനത്തിനുമുള്ള ബ്രിക്സ് കർമ്മ സേന :** ഇന്ത്യയുടെ മുൻകൈയിൽ 'ഗ്രോത്ത് ആൻഡ് ഡെവലപ്മെന്റ് ടാസ്ക് ഫോഴ്സ്' രൂപീകരിച്ചു; വികസന മാതൃകകൾ, ഡിജിറ്റൽ പരിവർത്തനം, നിർമ്മിതബുദ്ധി, വികസന ധനസഹായം എന്നീ മേഖലകളിൽ സഹകരണത്തിനായുള്ള ഒരു പ്ലാറ്റ്ഫോമാണിത്.

രിക്കുന്നതോടൊപ്പം തന്നെ അതിന്റെ സുരക്ഷ, ഉൾച്ചേർക്കൽ സ്വഭാവം വിശ്വസ്തത എന്നിവ ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയും എടുത്തുപറഞ്ഞു. 2026 ഫെബ്രുവരിയിൽ എ ഐ ഇംപാക്ട് ഉച്ചകോടി വിജയകരമായി സംഘടിപ്പിച്ചതിന് ഇന്ത്യയെ അംഗരാജ്യങ്ങൾ അഭിനന്ദിച്ചു.

ആഗോള ഭരണനിർവ്വഹണത്തെക്കുറിച്ചുള്ള യോഗത്തിൽ പ്രധാനമന്ത്രി മോദി മുന്നോട്ടുവെച്ച മൂന്ന് നിർദ്ദേശങ്ങൾ പ്രത്യേകം ശ്രദ്ധേയമായിരുന്നു.



- **ഡിജിറ്റൽ പൊതു അടിസ്ഥാനസൗകര്യം:** ബ്രിക്സ് രാജ്യങ്ങൾക്കിടയിൽ ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യ ശേഖരവും ഡിപിഐ പരിഹാരങ്ങൾക്കായുള്ള പരീക്ഷണ പദ്ധതികളും ആരംഭിക്കുന്നതിനുള്ള നിർദ്ദേശം.

- **നിർമ്മിതബുദ്ധി സഹകരണം:** നിർമ്മിതബുദ്ധിയെ സാമ്പത്തിക, സുസ്ഥിര വികസനത്തിനുള്ള സുപ്രധാന ഉപാധിയായി അംഗീകരിച്ചു; സുരക്ഷിതവും, ഉൾച്ചേർന്നതും, വിശ്വസനീയവും, എല്ലാവർക്കും ലഭ്യമാകുന്നതുമായ നിർമ്മിതബുദ്ധിക്കായി അന്താരാഷ്ട്ര സഹകരണത്തിന് ഊന്നൽ നൽകി. ഇന്ത്യയുടെ AI ഇംപാക്ട് ഉച്ചകോടി 2026-നെ സ്വാഗതം ചെയ്തു.

- നിംഹാൻസുമായി ചേർന്നുള്ള മാനസികാരോഗ്യ ശൃംഖലാ ഏകോപനം, മാനസികാരോഗ്യത്തെക്കുറിച്ചുള്ള ഗവേഷണത്തിനും നയപരമായ സഹകരണത്തിനുമുള്ള പ്ലാറ്റ്ഫോമായ 'ബ്രിക്സ് സെന്റർ ഓഫ് എക്സലൻസ്' ശൃംഖലയുടെ കോർഡിനേറ്ററായി നിംഹാൻസിനെ ഉൾപ്പെടുത്തുന്നതിനെ പിന്തുണച്ചു.

- **ബ്രിക്സ് എസ്എംഇ ഫോറം, ആഗ്ര :** ഇന്ത്യയുടെ അധ്യക്ഷതയിൽ ആഗ്രയിൽ ആദ്യത്തെ ബ്രിക്സ് എസ്എംഇ ഫോറം സംഘടിപ്പിച്ചു; ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സാമ്പത്തിക സഹായവും സാങ്കേതികവിദ്യയും ലഭ്യമാക്കുന്നത് മെച്ചപ്പെടുത്തുന്നതിന് ഊന്നൽ നൽകി.

- **സോളാർ ഫോട്ടോവോൾട്ടായിക് സഹകരണം:** 'ബ്രിക്സ് സോളാർ ഫോട്ടോവോൾട്ടായിക് സഹകരണ രൂപരേഖ' വികസിപ്പിക്കുന്നതിന് പിന്തുണ നൽകി; സാങ്കേതികവിദ്യ, ധനകാര്യം, ശേഷി വികസനം എന്നിവയിലുള്ള സഹകരണം.

- **വ്യവസായ നൈപുണ്യത്തിനായുള്ള ഇന്ത്യൻ സെന്റർ:** ഇന്ത്യൻ സെന്റർ ഫോർ ബ്രിക്സ് ഇൻഡസ്ട്രിയൽ കോംപിറ്റൻസി (ICBIC) സ്ഥാപിച്ചതിനെ സ്വാഗതം ചെയ്തു.

- **ബ്രിക്സ് ഇൻകുബേറ്റർ നെറ്റ്വർക്ക് :** ബ്രിക്സ് ഇൻകുബേറ്റർ നെറ്റ്വർക്കിന്റെ സ്ഥാപനത്തെയും 'ബ്രിക്സ് സ്റ്റാർട്ടപ്പ് ഇന്നൊവേഷൻ ഫണ്ട്' രൂപീകരിക്കുന്നത് സംബന്ധിച്ച തുടർനടപടികളെയും സ്വാഗതം ചെയ്തു.

- **നികുതി സഹകരണം:** ഇന്ത്യയുടെ അധ്യക്ഷതയിൽ ബ്രിക്സ് നികുതി അധികൃതർ തമ്മിലുള്ള സഹകരണത്തിനായി പുതിയ കർമ്മ സമിതികൾ രൂപീകരിച്ചു; ടാക്സ് സപ്പോർട്ട് നെറ്റ്വർക്കിനും ടാക്സ് ക്രോസ്-ലേണിംഗ് ലാബിനുമുള്ള ഉദ്യമങ്ങൾ.

- **വനിതകളുടെ ഡിജിറ്റൽ ശേഷി വികസനം:** ഇന്ത്യ മുൻകൈയെടുത്ത് തയ്യാറാക്കിയ 'ബ്രിക്സ് വുമൺസ് ഡിജിറ്റൽ കപ്പാസിറ്റി ബിൽഡിംഗ് ഗൈഡ്ലൈൻസ്' സ്വാഗതം ചെയ്തു; സ്ത്രീ ശാക്തീകരണത്തിനായുള്ള മികച്ച പ്രവർത്തനരീതികളുടെ ഡിജിറ്റൽ ശേഖരമാണിത്.

- **പാരമ്പര്യവും തദ്ദേശീയവുമായ അറിവുകൾ :** ഇന്ത്യ മുന്നോട്ടുവെച്ച, പരമ്പരാഗതവും തദ്ദേശീയവുമായ വിജ്ഞാന സംവിധാനങ്ങളിലെ അക്കാദമിക് സഹകരണത്തിനായുള്ള മാർഗ്ഗനിർദ്ദേശ തത്വങ്ങളെ സ്വാഗതം ചെയ്തു.

- **വിദ്യാഭ്യാസവും നൈപുണ്യ വികസനവും:** വിദ്യാഭ്യാസം, ഡിജിറ്റൽ സാക്ഷരത, നൈപുണ്യ വികസനം, തൊഴിൽശേഷി വർദ്ധിപ്പിക്കൽ എന്നിവ ശക്തിപ്പെടുത്തുന്നതിന് ഊന്നൽ നൽകി; ബ്രിക്സ്-ടിസിഎയെ സഹകരണത്തിനായുള്ള വേദിയായി അംഗീകരിച്ചു.

- **ബ്രിക്സ് കണക്ട്:** ശേഷി വികസനം, തൊഴിലവസരങ്ങൾ, പുതിയ സാങ്കേതികവിദ്യകൾ/നൈപുണ്യങ്ങൾ എന്നിവയ്ക്കായി 'ബ്രിക്സ് കണക്ട്', വിദൂര തൊഴിലവസരങ്ങൾക്കായുള്ള അന്താരാഷ്ട്ര ഡിജിറ്റൽ പ്ലാറ്റ്ഫോമിനുള്ള ശ്രമങ്ങൾ എന്നിവ അംഗീകരിച്ചു.

ആഗോള ഭരണനിർവ്വഹണ ചട്ടക്കൂടിനെ അദ്ദേഹം ഒരു പിരമിഡിനോട് ഉപമിച്ചു; അവിടെ അധികാരം മുകളിൽ കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു, അതേസമയം അടിത്തട്ടിലുള്ള രാജ്യങ്ങൾ തീരുമാനങ്ങളാൽ സ്വാധീനിക്കപ്പെടുന്നുണ്ടെങ്കിലും അവരൂപപ്പെടുത്താനുള്ള ശേഷിയില്ലാത്ത രാജ്യങ്ങളാണ്. ഈ 'പ്രത്യേക അവകാശങ്ങളുടെ പിരമിഡിനെ' 'പങ്കാളിത്ത പ്ലാറ്റ്ഫോമായി' മാറ്റാൻ ആഹ്വാനം ചെയ്തുകൊണ്ട്, പ്രാതിനിധ്യം, ഉത്തരവാദിത്തം, നിയമനിർമ്മാണം എന്നീ മൂന്ന്



- **ബ്രിക്സ് റിമോട്ട് സെൻസിംഗ് സാറ്റലൈറ്റ് കോൺസ്റ്റലേഷൻ :** റിമോട്ട് സെൻസിംഗ് സാറ്റലൈറ്റ് ശൃംഖലയുടെ നേട്ടങ്ങളെ സ്വാഗതം ചെയ്തു; 'ബ്രിക്സ് സ്പേസ് കൗൺസിൽ' രൂപീകരണത്തിന്റെ പുരോഗതിയും പുതിയ ബഹിരാകാശ ഏജൻസികളെ ഉൾപ്പെടുത്തിയതും അഭിനന്ദനീയമാണ്.

- **വിവരസാങ്കേതികവിദ്യയും സൈബർ കുറ്റകൃത്യങ്ങളും:** സുരക്ഷിതവും സുസ്ഥിരവും പരസ്പരം പ്രവർത്തനക്ഷമവുമായ ഐസിടി അന്തരീക്ഷത്തിന് ഊന്നൽ നൽകി; സൈബർ കുറ്റകൃത്യങ്ങൾക്കെതിരെയുള്ള ഐക്യരാഷ്ട്രസഭാ കൺവെൻഷൻ നടപ്പിലാക്കുന്നതിനുള്ള സഹകരണം ശക്തിപ്പെടുത്തും.

- **സൈബർ സുരക്ഷയും വ്യാജ വിവരങ്ങളും:** സൈബർ കുറ്റകൃത്യങ്ങൾ, തെറ്റായ വിവരങ്ങൾ, വ്യാജ വാർത്തകൾ, വിദ്വേഷ പ്രസംഗങ്ങൾ, ഡീപ്പ്ഫേക്കുകൾ തുടങ്ങിയ ഡിജിറ്റൽ വെല്ലുവിളികളെ നേരിടുന്നതിനുള്ള സഹകരണം.

- **പ്രാദേശിക കറൻസികളിലുള്ള പണമിടപാടുകൾ:** ബ്രിക്സ് രാജ്യങ്ങൾക്കിടയിലുള്ള അതിർത്തി കടന്നുള്ള പണമിടപാടുകൾ കൂടുതൽ വേഗതയുള്ളതും കുറഞ്ഞ ചെലവിലുള്ളതും സുരക്ഷിതവും എല്ലാവർക്കും ലഭ്യവുമാക്കുന്നതിനുള്ള ശ്രമങ്ങൾ; പ്രാദേശിക കറൻസികളിലുള്ള വ്യാപാര ഇടപാടുകളെക്കുറിച്ചുള്ള തുടർച്ചയായ ചർച്ചകൾ.

- **സെറ്റിൽമെന്റ്, ഡിപ്പോസിറ്ററി അടിസ്ഥാനസൗകര്യങ്ങൾ :** സെറ്റിൽമെന്റ്, ഡിപ്പോസിറ്ററി സംവിധാനങ്ങളെക്കുറിച്ചുള്ള സാങ്കേതിക ശിൽപശാലയ്ക്ക് ശേഷമുള്ള അറിവുകളും അനുഭവങ്ങളും പങ്കുവെക്കുന്നതിലെ സഹകരണം.

- **എംഎസ്എംഇകൾക്കായുള്ള ഇൻവോയ്സ് ഡിസ്കൗണ്ടിംഗ് :** 'ജയ്പൂർ സമവായ'പ്രകാരമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, ബ്രിക്സിനുള്ളിൽ ഇൻവോയ്സ് ഡിസ്കൗണ്ടിംഗ് സംവിധാനം സ്ഥാപിക്കുന്നതിനെക്കുറിച്ചുള്ള പഠനം; എംഎസ്എംഇകൾക്ക് ആവശ്യമായ പ്രവർത്തന മൂലധനം ലഭ്യമാക്കുകയാണ് ലക്ഷ്യം.

- **ആഗോള മൂല്യ ശൃംഖലകൾ:** ബ്രിക്സ് ആഗോള മൂല്യ ശൃംഖലകളെ കൂടുതൽ കരുത്തുറ്റതും ഉൾച്ചേർന്നതുമാക്കാൻ ഊന്നൽ നൽകുക; ഒപ്പം വികസ്വര രാജ്യങ്ങളെ ഉയർന്ന മൂല്യമുള്ള സാമ്പത്തിക മേഖലകളിലേക്ക് ഉയർത്തുക.

- **ബ്രിക്സ് ധാന്യ വിനിമയം :** ഒരു ധാന്യ വ്യാപാര പ്ലാറ്റ്ഫോം അല്ലെങ്കിൽ 'ബ്രിക്സ് ഗ്രെയിൻ എക്സ്ചേഞ്ച്' സ്ഥാപിക്കുന്ന സംരംഭത്തെക്കുറിച്ചുള്ള കൂടുതൽ ചർച്ചകൾ; മറ്റ് കാർഷിക ഉൽപ്പന്നങ്ങളെയും ചരക്കുകളെയും കൂടി ഉൾപ്പെടുത്തി വികസിപ്പിക്കാനുള്ള സാധ്യത.

- **ബ്രിക്സ് അഗ്രിൻ :** കാർഷിക വിഭവങ്ങൾ, ജനിതക വിഭവങ്ങൾ, വിവരങ്ങൾ എന്നിവയ്ക്കായി 'ബ്രിക്സ് അഗ്രിൻ' സ്ഥാപിക്കുന്നതിനുള്ള ധാരണ; വിത്ത് സമ്പ്രദായങ്ങളിലെ കർഷകരുടെ അവകാശങ്ങൾക്കായുള്ള ആഗോള പ്ലാറ്റ്ഫോമിനെ സ്വാഗതം ചെയ്യൽ.

- **ഊർജ്ജ സുരക്ഷ :** ഊർജ്ജ സുരക്ഷ, സുസ്ഥിര ഊർജ്ജ വിപണികൾ, ശക്തമായ ഊർജ്ജ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് ഊന്നൽ ; 'ബ്രിക്സ് യൂത്ത് എനർജി ഉച്ചകോടി'യെ സ്വാഗതം ചെയ്തു.

- **സ്മാർട്ട് ഗ്രിഡുകളും ഊർജ്ജ സംഭരണവും :** സ്മാർട്ട് ഗ്രിഡുകൾക്കും ഊർജ്ജ സംഭരണത്തിനുമായി ഒരു ഡിജിറ്റൽ സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കുന്നതിനുള്ള 'ബ്രിക്സ് മാർഗനിർദ്ദേശ തത്വങ്ങൾ' സ്വാഗതം ചെയ്തു.

- **കാലാവസ്ഥാ വ്യതിയാനവും പാരീസ് ഉടമ്പടിയും :** പാരീസ് ഉടമ്പടിയുടെ പൂർണ്ണമായ നടത്തിപ്പ്, കാലാവസ്ഥാ വ്യതിയാനവുമായി പൊരുത്തപ്പെടൽ, നഷ്ടം നികത്തൽ, വികസ്വര രാജ്യങ്ങൾക്കായുള്ള കാലാവസ്ഥാ ധനസഹായം എന്നിവയ്ക്ക് ഊന്നൽ.

അടിസ്ഥാന സ്തംഭങ്ങളെ ആസ്പദമാക്കി ഒരു ബ്രിക്സ് പരിഷ്കരണ രൂപരേഖ രൂപീകരിക്കാൻ അദ്ദേഹം നിർദ്ദേശിച്ചു. കൂട്ടായ്മയ്ക്കുള്ളിലെ പ്രവർത്തനങ്ങളുടെ തുടർച്ച ഉറപ്പാക്കുന്നതിനായി, ഓരോ വർഷവും അധ്യക്ഷസ്ഥാനം മാറിവരുമ്പോഴും തീരുമാനങ്ങളുടെ മേൽനോട്ടത്തിലും നിർവ്വഹണത്തിലും യാതൊരു തടസ്സവും ഉണ്ടാകാതിരിക്കാൻ ലക്ഷ്യമിട്ട് ഒരു 'ബ്രിക്സ് കണ്ടിന്യൂയിറ്റി ആൻഡ് ഇംപ്ലിമെന്റേഷൻ മെക്കാനിസം' രൂപീകരിക്കാനും അദ്ദേഹം നിർദ്ദേശിച്ചു. കൂടാതെ, സമുദ്രസഞ്ചാരികളുടെയും നാവികരുടെയും സുരക്ഷ ഉറപ്പാക്കുന്നതിനായി ഒരു 'സീഫെയറേഴ്സ് എമർജൻസി സപ്പോർട്ട് നെറ്റ്വർക്ക്' സ്ഥാപിക്കാനും അദ്ദേഹം നിർദ്ദേശിച്ചു. പ്രഖ്യാപനം ഉപസംഹരിച്ചുകൊണ്ട്, ന്യൂഡൽഹിയിലെ വിജയകരമായ പരിപാടി സംഘടിപ്പിച്ചതിന് ഇന്ത്യാ ഗവണ്മെന്റിനോടും ജനങ്ങളോടും അംഗരാജ്യങ്ങൾ നന്ദി രേഖപ്പെടുത്തുകയും, 2027-ൽ 19-ാമത് ഉച്ചകോടിക്ക് ആതിഥേയത്വം വഹിക്കുന്നതിനും അധ്യക്ഷസ്ഥാനം ഏറ്റെടുക്കുന്നതിനുമായി ചൈനയ്ക്ക് പൂർണ്ണ പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു.



- **ബ്രിക്സ് കാർബൺ മാർക്കറ്റ്സ് പങ്കാളിത്തം:** ബ്രിക്സ് കാർബൺ മാർക്കറ്റ്സ് പാർട്ണർഷിപ്പിലൂടെ കാർബൺ വിപണികളെക്കുറിച്ചുള്ള സഹകരണം, ശേഷി വികസനം, അനുഭവങ്ങൾ പങ്കുവെക്കൽ എന്നിവയ്ക്കുള്ള പിന്തുണ.

- **ഇന്റർനാഷണൽ ബിഗ് ക്യാറ്റ്സ് അലയൻസ് :** അന്താരാഷ്ട്ര ബിഗ് ക്യാറ്റ്സ് അലയൻസ് രൂപീകരണത്തിനായുള്ള ഇന്ത്യയുടെ ഉദ്യമങ്ങളെക്കുറിച്ച് പരാമർശിക്കുകയും പൂച്ചവർഗ്ഗത്തിൽപ്പെട്ട വലിയ ജീവികളുടെ സംരക്ഷണത്തിൽ ബ്രിക്സ് രാജ്യങ്ങൾക്കിടയിലുള്ള സഹകരണത്തിന് ആഹ്വാനം ചെയ്യുകയും ചെയ്തു.

- **ദുരന്ത നിവാരണം :** ദുരന്തസാധ്യത കുറയ്ക്കുന്നതിലെ സഹകരണം; ദുരന്ത നിവാരണം, മുൻകൂട്ടി മുന്നറിയിപ്പ് നൽകുന്ന ഡാറ്റാ സംയോജനം , കാലാവസ്ഥാ വ്യതിയാനങ്ങളെ പ്രതിരോധിക്കുന്ന നഗര അടിസ്ഥാനസൗകര്യങ്ങൾക്കായുള്ള സ്വാഭാവിക തത്വങ്ങൾ എന്നിവയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളെ സ്വാഗതം ചെയ്തു.

- **സുസ്ഥിര ഗതാഗതം :** സുസ്ഥിര വ്യോമയാന ഇന്ധനങ്ങൾ, ഗതാഗതമേഖലയിലെ കാർബൺ ബഹിർഗമനം കുറയ്ക്കൽ, 'ബ്രിക്സ് അർബൻ മൊബിലിറ്റി ഹബ്ബ്' സ്ഥാപിക്കൽ എന്നിവയ്ക്കുള്ള ശ്രമങ്ങളെ സ്വാഗതം ചെയ്യൽ; ചരക്കു വിതരണ ശൃംഖലാ സഹകരണ ചട്ടക്കൂട് ഉൾപ്പെടുത്തൽ.

- **നഗരവൽക്കരണ ഫോറം:** ബ്രിക്സ് അർബനൈസേഷൻ ഫോറത്തെയും, 'ബ്രിക്സ് അർബൻ റിസർച്ച് ആൻഡ് നോളജ് നെറ്റ്വർക്ക്, എന്നിവയുടെ സ്ഥാപനത്തെയും സ്വാഗതം ചെയ്തു.

- **ആരോഗ്യവും ക്ഷയരോഗവും:** സാർവത്രിക ആരോഗ്യ പരിരക്ഷയിലുള്ള സഹകരണം; ക്ഷയരോഗ ഗവേഷണം, സാങ്കേതികവിദ്യ പങ്കുവെക്കൽ, മുൻകൂർ ഏകോപിത മുന്നറിയിപ്പ് സംവിധാനങ്ങൾ എന്നിവയ്ക്കായി പ്രത്യേക ഉപ-കർമ്മസമിതി രൂപീകരിക്കൽ.

- **ന്യൂ ഡെവലപ്മെന്റ് ബാങ്ക്:** എൻഡിബിയുടെ പങ്ക് ശക്തിപ്പെടുത്തുന്നതിനും പ്രാദേശിക കറൻസികളിലുള്ള ധനസഹായം വർദ്ധിപ്പിക്കുന്നതിനും ഫണ്ട് സ്രോതസ്സുകൾ വൈവിധ്യവത്കരിക്കുന്നതിനും ഗ്ലോബൽ സൗത്തിലെ അടിസ്ഥാനസൗകര്യ നിക്ഷേപം വേഗത്തിലാക്കുന്നതിനും ഊന്നൽ.

- **ഇന്ത്യയുടെ അധ്യക്ഷതയും ചൈനയ്ക്കുള്ള പിന്തുണയും :** 2026-ലെ ഇന്ത്യയുടെ അധ്യക്ഷതയെ പ്രശംസിക്കുകയും ന്യൂഡൽഹി ഉച്ചകോടിക്ക് ആതിഥേയത്വം വഹിച്ചതിന് നന്ദി അറിയിക്കുകയും ചെയ്തു. 2027-ലെ ബ്രിക്സ് അധ്യക്ഷസ്ഥാനത്തിനും ചൈനയിൽ നടക്കാനിരിക്കുന്ന 19-ാമത് ബ്രിക്സ് ഉച്ചകോടിയുടെ സംഘാടനത്തിനും ചൈനയ്ക്ക് പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചു.

മുപ്പത് നഗരങ്ങൾ, നാനൂറ് യോഗങ്ങൾ: ഒൻപത് മാസത്തെ തീവ്രമായ കൂടിയാലോചനകൾ.

2026 ജനുവരി 1-ന് അധ്യക്ഷസ്ഥാനം ഏറ്റെടുത്തതു മുതൽ, ആ വർഷം മുഴുവനുമുള്ള സൂക്ഷ്മമായി ആസൂത്രണം ചെയ്ത ഒരു കലണ്ടർ അനുസരിച്ചാണ് ഇന്ത്യ പ്രവർത്തനം ആരംഭിച്ചത്. ബ്രിക്സ് സഹകരണം ഉച്ചകോടിയുടെ രണ്ടു ദിവസങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കാതെ എല്ലാ മന്ത്രാലയങ്ങളിലേക്കും മേഖലകളിലേക്കും സമൂഹത്തിലെ വിവിധ വിഭാഗങ്ങളിലേക്കും വ്യാപിപ്പിക്കുക എന്നതായിരുന്നു ലക്ഷ്യം. ആ വർഷം മുഴുവനും, മന്ത്രിതല യോഗങ്ങൾ മുതൽ ശിൽപശാലകൾ, ഫോറങ്ങൾ, സമ്മേളനങ്ങൾ എന്നിവ വരെ രാജ്യത്തെ മുപ്പത് നഗരങ്ങളിലായി നാനൂറിലധികം യോഗങ്ങളും പരിപാടികളും സംഘടിപ്പിക്കപ്പെട്ടു.



ഉച്ചകോടിക്ക് മുന്നോടിയായി സംഘടിപ്പിച്ച മന്ത്രിതല യോഗങ്ങളാണ് ഈ അധ്യക്ഷപദവിയുടെ ദിശ നിർണ്ണയിച്ചത്. ചെന്നൈയിൽ നടന്ന 14-ാമത് ബ്രിക്സ് സയൻസ്, ടെക്നോളജി ആൻഡ് ഇന്നൊവേഷൻ (STI) മന്ത്രിതല യോഗത്തിൽ 'ചെന്നൈ പ്രഖ്യാപനം' അംഗീകരിച്ചു. നിർമ്മിത ബുദ്ധി, ക്വാണ്ടം സാങ്കേതികവിദ്യ, ജൈവസാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കുന്നതിനും ബ്രിക്സ് ശാസ്ത്ര-ഗവേഷണ വിവരശേഖര കേന്ദ്രം നിർമ്മിക്കുന്നതിനും ഇതിലൂടെ ധാരണയായി. ഓഗസ്റ്റ് 7-ന് ഭുവനേശ്വറിൽ നടന്ന 13-ാമത് വിദ്യാഭ്യാസ മന്ത്രിമാരുടെ യോഗത്തിൽ ബാല്യകാല വിദ്യാഭ്യാസവും പ്രാഥമിക സാക്ഷരതയും മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾക്കൊപ്പം, വിദ്യാഭ്യാസ രംഗത്ത് നിർമ്മിതബുദ്ധിയുടെ ധാർമ്മികമായ ഉപയോഗം സംബന്ധിച്ചും ധാരണയിലെത്തി. ഓഗസ്റ്റ് 18-ന് ന്യൂഡൽഹിയിൽ നടന്ന 12-ാമത് പരിസ്ഥിതി മന്ത്രിമാരുടെ യോഗത്തിൽ നാല് പ്രധാന മുൻഗണനകളാണ് ഇന്ത്യ ഉയർത്തിക്കാട്ടിയത്: സുസ്ഥിര ജീവിതശൈലി, വനവൽക്കരണം, ചാക്രിക സമ്പദ്വ്യവസ്ഥ, കാലാവസ്ഥാ വ്യതിയാനവുമായി പൊരുത്തപ്പെടൽ എന്നിവയാണവ. ഓഗസ്റ്റ് 21-ന് ജയ്പൂരിൽ നടന്ന ടൂറിസം മന്ത്രിമാരുടെ യോഗത്തിൽ അംഗീകരിച്ച 'ജയ്പൂർ പ്രഖ്യാപനം', ടൂറിസത്തിൽ സാങ്കേതികവിദ്യയുടെ ഉപയോഗത്തിനും സുസ്ഥിര ടൂറിസത്തിന്റെ പ്രോത്സാഹനത്തിനും ഊന്നൽ നൽകി. ഓഗസ്റ്റ് 22-ന് വിശാഖപട്ടണത്ത് നടന്ന യുവജന മന്ത്രിമാരുടെ യോഗത്തിൽ, 'ഏക് പേഡ് മാ കേ നാം' പ്രചാരണത്തിന്റെ ഭാഗമായി പ്രതിനിധികൾ മരം നടീൽ യജ്ഞത്തിലും പങ്കുചേർന്നു.

ജൂലൈ 23-ന് ചണ്ഡീഗഢിൽ നടന്ന 16-ാമത് ബ്രിക്സ് ആരോഗ്യ മന്ത്രിമാരുടെ യോഗം ഏറെ ശ്രദ്ധേയമായിരുന്നു; സാർവത്രിക ആരോഗ്യ പരിരക്ഷ, ക്ഷയരോഗ നിർമ്മാർജ്ജനം, മഹാമാരികൾ മുൻകൂട്ടി തിരിച്ചറിയുന്നതിനുള്ള മുന്നറിയിപ്പ് സംവിധാനങ്ങൾ എന്നിവയിൽ ധാരണയിലെത്തിയതിനൊപ്പം നിംഹാൻസിന്റെ ഏകോപനത്തിൽ മാനസികാരോഗ്യത്തിനായി ഒരു പുതിയ ശൃംഖല സ്ഥാപിക്കാനും തീരുമാനമായി. ഇൻഡോറിൽ നടന്ന കൃഷിമന്ത്രിമാരുടെ യോഗത്തിൽ, കർഷക കേന്ദ്രീകൃതമായ 'BRICS AGRIN' (ആഗ്രോ-ഇൻപുട്സ്, ജനറ്റിക് റിസോഴ്സസ്, ആൻഡ് ഇൻഫർമേഷൻ നെറ്റ്വർക്ക്) രൂപീകരിക്കാൻ തീരുമാനിച്ചു. കൊച്ചിയിൽ നടന്ന വനിതാ മന്ത്രിതല യോഗം, ഭോപ്പാലിൽ നടന്ന സാംസ്കാരിക മന്ത്രിമാരുടെ യോഗം ('ഭോപ്പാൽ പ്രഖ്യാപനം'), നാഗ്പൂരിൽ നടന്ന ഗതാഗത മന്ത്രിമാരുടെ യോഗം, ആഗ്രയിൽ നടന്ന പ്രഥമ ബ്രിക്സ് ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഫോറം എന്നിവ ഇന്ത്യയുടെ അധ്യക്ഷതയുടെ സമഗ്രവും പങ്കാളിത്തപരവുമായ സ്വഭാവം വ്യക്തമാക്കുന്നതായിരുന്നു.

> **"സാങ്കേതികവിദ്യയുടെയും നിർണായക ധാതുക്കളുടെയും അയുധവൽക്കരണം നമ്മുടെ പങ്കാളിത്ത പുരോഗതിയെ തടസ്സപ്പെടുത്തിയേക്കാം. അതുകൊണ്ടാണ് സാങ്കേതികവിദ്യ സ്വീകരിക്കുന്നതിൽ ഉൾച്ചേർക്കലിന് നാം ഊന്നൽ നൽകിയത്.**
>
> *-പ്രധാനമന്ത്രി നരേന്ദ്ര മോദി*

സെപ്റ്റംബർ 11-ന് ന്യൂഡൽഹിയിൽ നടന്ന ബ്രിക്സ് ബിസിനസ് ഫോറം ഇതുവരെയുള്ളതിൽ വച്ച് ഏറ്റവും വലിയ ഉച്ചകോടിയായിരുന്നു. സദസ്സിനെ അഭിസംബോധന ചെയ്തുകൊണ്ട്, കഴിഞ്ഞ ഇരുപത് വർഷത്തിനിടെ ആഗോള ജിഡിപി ഏകദേശം രണ്ടര ഇരട്ടി വളർന്നപ്പോൾ, ബ്രിക്സ് രാജ്യങ്ങളുടെ സംയുക്ത ജിഡിപി നാലിരട്ടിയിലധികം വികസിച്ചുവെന്ന് പ്രധാനമന്ത്രി മോദി ചൂണ്ടിക്കാട്ടി. അതായത് ബ്രിക്സ് സഖ്യത്തിന്റെ സാമ്പത്തിക കരുത്ത് ലോകത്തിന്റെ മറ്റ് ഭാഗങ്ങളെ അപേക്ഷിച്ച് ഇരട്ടി വേഗതയിലാണ് വളർന്നതെന്ന് ഇത് വ്യക്തമാക്കുന്നു.

“ബ്രിക്സിൽ വികസിപ്പിക്കുന്ന പരിഹാരങ്ങളുടെ പ്രയോജനങ്ങൾ ഈ സഖ്യത്തിൽ മാത്രം ഒതുങ്ങിനിൽക്കരുതെന്ന് ഞങ്ങൾ വിശ്വസിക്കുന്നു; ഗ്ലോബൽ സൗത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി അവ അനുയോജ്യവും എല്ലാവർക്കും ലഭ്യമാകുന്നതുമായിരിക്കണം.

-പ്രധാനമന്ത്രി നരേന്ദ്ര മോദി

2,00,000-ലധികം സ്റ്റാർട്ടപ്പുകൾ, 120-ലധികം യൂണികോണുകൾ, UPI പോലുള്ള ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങൾ, 2014 മുതൽ ഏകദേശം 40 രാജ്യങ്ങളുമായി ഒപ്പുവെച്ച സ്വതന്ത്ര വ്യാപാര കരാറുകൾ എന്നിവയുൾപ്പെടുന്ന ഇന്ത്യയുടെ ആവാസവ്യവസ്ഥയെ ചൂണ്ടിക്കാട്ടിക്കൊണ്ട് വ്യാപാര തടസ്സങ്ങളെക്കുറിച്ച് ഒരു വാർഷിക റിപ്പോർട്ട് തയ്യാറാക്കാനും, 100 സ്റ്റാർട്ടപ്പുകളെ മറ്റ് വിപണികളിലേക്ക് വികസിപ്പിക്കാൻ സഹായിക്കാനും, 1,000 പുതിയ ബിസിനസ്സ്-ടു-ബിസിനസ് (B2B) പങ്കാളിത്തങ്ങൾ വളർത്തിയെടുക്കാനും അദ്ദേഹം ബ്രിക്സ് ബിസിനസ് കൗൺസിലിനോട് അഭ്യർത്ഥിച്ചു.

ഉച്ചകോടി മുതൽ ഉഭയകക്ഷി കൂടിക്കാഴ്ചകൾ വരെ: പ്രധാനമന്ത്രി മോദിയുടെ സജീവ നയതന്ത്രം

ഉച്ചകോടിക്ക് പുറമേ, നിരവധി ഉഭയകക്ഷി കൂടിക്കാഴ്ചകളിലൂടെ ലോകനേതാക്കളുമായി മികച്ച ഏകോപനം വളർത്തിയെടുക്കാൻ പ്രധാനമന്ത്രി മോദിക്ക് സാധിച്ചു, ഇത് ഇന്ത്യയുടെ അധ്യക്ഷതയെ കൂടുതൽ സമ്പന്നമാക്കി. സെപ്റ്റംബർ 12-ന് ചൈനീസ് പ്രസിഡന്റ് ഷി ജിൻപിംഗുമായുള്ള കൂടിക്കാഴ്ചയിൽ, 2025 ഓഗസ്റ്റിലെ ടിയാൻജിൻ കൂടിക്കാഴ്ചയ്ക്ക് ശേഷം ഉഭയകക്ഷി ബന്ധത്തിലുണ്ടായ പുരോഗതിയെ ഇരുനേതാക്കളും സ്വാഗതം ചെയ്തു. ‘പരസ്പര ബഹുമാനം, പരസ്പര സംവേദനക്ഷമത, പരസ്പര താൽപ്പര്യം’ എന്നീ മൂന്ന് തത്വങ്ങളാൽ ഇരുപക്ഷവും നയിക്കപ്പെടണമെന്ന് ഊന്നിപ്പറഞ്ഞ പ്രധാനമന്ത്രി, അതിർത്തി പ്രദേശങ്ങളിലെ സമാധാനവും സ്ഥിരതയുമാണ് ഉഭയകക്ഷി ബന്ധങ്ങളുടെ തുടർച്ചയായ വികസനത്തിന് അടിത്തറയെന്നും ചൂണ്ടിക്കാട്ടി.

സെപ്റ്റംബർ 13-ന് പ്രധാനമന്ത്രി കസാക്കിസ്ഥാൻ പ്രസിഡന്റ് കാസിം-ജോമാർട്ട് ടോകയേവുമായി കൂടിക്കാഴ്ച നടത്തുകയും രാഷ്ട്രീയം, വ്യാപാരം, പ്രതിരോധം, ഊർജ്ജം, നിർണായക ധാതുക്കൾ തുടങ്ങിയ മേഖലകളിലെ ഉഭയകക്ഷി സഹകരണം വിലയിരുത്തുകയും ചെയ്തു. അന്നുതന്നെ ഉഗാണ്ട വൈസ് പ്രസിഡന്റ് ജെസിക്ക റോസ് എപ്പൽ ആലൂപോയുമായുള്ള കൂടിക്കാഴ്ചയിൽ, ഉഗാണ്ടയുടെ ‘വിഷൻ 2040’-ന് ഇന്ത്യയുടെ പിന്തുണ പ്രധാനമന്ത്രി ആവർത്തിച്ചുറപ്പിച്ചു. നൈജീരിയൻ വൈസ് പ്രസിഡന്റ് കാഷിം ഷെട്ടിമ മുസ്തഫയുമായുള്ള ചർച്ചകൾ, വ്യാപാരം, ഊർജ്ജം, കൃഷി, ഡിജിറ്റൽ സാങ്കേതികവിദ്യ എന്നിവയുൾപ്പെടെയുള്ള പ്രധാന മേഖലകളിൽ ഇന്ത്യ-നൈജീരിയ തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള ധാരണയിലേക്ക് നയിച്ചു.





ദക്ഷിണാഫ്രിക്കൻ പ്രസിഡന്റ് സിറിൽ റാമഫോസയുമായുള്ള കൂടിക്കാഴ്ചയിൽ, ദക്ഷിണാഫ്രിക്കയിൽ നിന്ന് ഇന്ത്യയിലേക്ക് ചീറ്റകളെ വിജയകരമായി പുനരധിവസിപ്പിച്ച കാര്യം പ്രധാനമന്ത്രി മോദി ചൂണ്ടിക്കാട്ടുകയും ഇന്റർനാഷണൽ ബിഗ് ക്യാറ്റ് അലയൻസിൽ ചേരാൻ ആ രാജ്യത്തെ ക്ഷണിക്കുകയും ചെയ്തു. ആഫ്രിക്കൻ യൂണിയൻ അധ്യക്ഷനും ബുറുണ്ടി പ്രസിഡന്റുമായ എവരിസ്റ്റെ എൻഡയിഷിമിയെയുമായുള്ള ചർച്ചയിൽ, നാലാമത് ഇന്ത്യ-ആഫ്രിക്ക ഫോറം ഉച്ചകോടി സംഘടിപ്പിക്കുന്നതിനെക്കുറിച്ച് നേതാക്കൾ ചർച്ച ചെയ്യുകയും എബോള പടർന്നുപിടിച്ചപ്പോൾ അത് നേരിടുന്നതിൽ ആഫ്രിക്കൻ യൂണിയൻ നൽകിയ നേതൃത്വത്തെ പ്രധാനമന്ത്രി പ്രശംസിക്കുകയും ചെയ്തു. ഈ കൂടിക്കാഴ്ചകളിലെല്ലാം ഒരു പൊതു ആശയമുണ്ടായിരുന്നു: ഗ്ലോബൽ സൗത്തിന്റെ ശബ്ദം ശക്തമാക്കാനും, ബഹുധ്രുവവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ അന്താരാഷ്ട്ര ക്രമത്തിനായി ഒന്നിച്ചുപ്രവർത്തിക്കാനുമുള്ള ഇന്ത്യയുടെ ആഹ്വാനം. ഉച്ചകോടിയുടെ ഔദ്യോഗിക സമ്മേളനങ്ങളെ ഉഭയകക്ഷി നയതന്ത്രത്തിന്റെ ഊഷ്മളതയുമായി ബന്ധിപ്പിച്ചത് ഈ ആശയമായിരുന്നു.

ഇത്തരം ഉഭയകക്ഷി കൂടിക്കാഴ്ചകളെ തുടർന്ന്, ഉച്ചകോടിയ്ക്കു ആതിഥേയത്വം വഹിച്ച ഇന്ത്യയെ പല നേതാക്കളും പ്രശംസിച്ചു. ലഭിച്ച ഊഷ്മളമായ ആതിഥ്യമര്യാദയ്ക്കും ഉച്ചകോടിയുടെ വിജയകരമായ സംഘാടനത്തിനും ദക്ഷിണാഫ്രിക്കൻ പ്രസിഡന്റ് സിറിൽ റാമഫോസ പ്രധാനമന്ത്രി മോദിയ്ക്ക് നന്ദി അറിയിച്ചു. ന്യൂഡൽഹി പ്രഖ്യാപനത്തിൽ, അംഗരാജ്യങ്ങളെല്ലാം ഇന്ത്യയുടെ അധ്യക്ഷതയെ കൂട്ടായി അഭിനന്ദിക്കുകയും, ന്യൂഡൽഹിയിൽ നടന്ന പതിനെട്ടാമത് ഉച്ചകോടിയുടെ വിജയകരമായ നടത്തിപ്പിന് ഇന്ത്യാ ഗവണ്മെന്റിനോടും

> **“ആഗോള പ്രതിസന്ധികളെ നേരിടുന്നതിൽ ഗ്ലോബൽ സൗത്ത് മുൻപന്തിയിലാണെങ്കിലും, തീരുമാനങ്ങളെടുക്കുന്ന പ്രക്രിയകളിൽ ഇനിയും പിന്നിലാണ്. ‘വിശേഷാധികാരങ്ങളുടെ പിരമിഡി’നെ ‘പങ്കാളിത്തത്തിനുള്ള വേദിയാക്കി’ നാം മാറ്റണം.’**
>
> *- പ്രധാനമന്ത്രി നരേന്ദ്ര മോദി*

ജനങ്ങളോടും നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

‘നമസ്തെ’യുടെ പ്രതിധ്വനി: സംസ്കാരത്താൽ ഒത്തുചേർന്ന ബ്രിക്സ് കുടുംബം

അധ്യക്ഷപദവിയിലിരിക്കെ, സാമ്പത്തികവും രാഷ്ട്രീയവുമായ വിഷയങ്ങൾക്ക് നൽകിയ അതേ പ്രാധാന്യം ഇന്ത്യ സാംസ്കാരിക കൈമാറ്റത്തിനും നൽകി. ഭോപ്പാലിൽ നടന്ന 11-ാമത് ബ്രിക്സ് സാംസ്കാരിക മന്ത്രിമാരുടെ യോഗത്തിൽ അംഗീകരിച്ച ‘ഭോപ്പാൽ പ്രഖ്യാപനം’, സാംസ്കാരിക പൈതൃക സംരക്ഷണം, മ്യൂസിയങ്ങളും പുരാരേഖകളും തമ്മിലുള്ള സഹകരണം, കലാകാരന്മാർക്കായി പൊതു രജിസ്ട്രി നിർമ്മിക്കൽ തുടങ്ങിയ ഉദ്യമങ്ങൾക്ക് അംഗീകാരം നൽകി. കൂടാതെ, ബ്രിക്സ് സാംസ്കാരിക മേള, നാടക മേള, ചലച്ചിത്ര മേള എന്നിവയുടെ സംഘാടനം അംഗരാജ്യങ്ങളുടെ സാംസ്കാരിക വൈവിധ്യം പ്രദർശിപ്പിക്കുന്നതിനുള്ള മികച്ചൊരു വേദിയൊരുക്കി.



'ബ്രിക്സ്: സഹകരണത്തിന്റെ രണ്ട് പതിറ്റാണ്ടുകൾ, 2006-2026' എന്ന പേരിലുള്ള തപാൽ സ്റ്റാമ്പുകൾ 2026 സെപ്റ്റംബർ 12-ന് ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ പുറത്തിറക്കി. പരസ്പര ബഹുമാനത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും ഒരു വേദിയായി ബ്രിക്സ് ഉയർന്നുവന്നതിനെ ചിത്രീകരിക്കുന്നതാണ് ആദ്യത്തെ സ്റ്റാമ്പ്. ഇന്ത്യയുടെ അധ്യക്ഷതയിലെ 'മനുഷ്യത്വത്തിനുള്ള മുൻഗണന', 'ജനകേന്ദ്രീകൃതം' എന്നീ കാഴ്ചപ്പാടുകളും, സംഘടനയുടെ ലോഗോയും രണ്ടാമത്തെ സ്റ്റാമ്പ് പ്രദർശിപ്പിക്കുന്നു.

ഈ ആഗോള ഉച്ചകോടിയുടെ ഭാഗമായി, ഇന്ത്യ വിദേശ അതിഥികൾക്ക് പ്രാദേശിക സംസ്കാരവും കലയും പ്രതിഫലിപ്പിക്കുന്ന സ്മരണികകൾ സമ്മാനിച്ചു. 'ഒരു ജില്ല ഒരു ഉൽപ്പന്നം' പദ്ധതിക്ക് കീഴിൽ നിർമ്മിച്ച പശ്മീന ഷാളുകൾ, വാരാണസിയിലെ ചിത്രപ്പണികളോട് കൂടിയ പട്ട് വസ്ത്രങ്ങൾ, കനൗജിലെ സുഗന്ധദ്രവ്യം, രാജസ്ഥാനി മീനാകരി, ഖാദി ഉൽപ്പന്നങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

യുവജനങ്ങളുടെ ആവേശവും വനിതാ നേതൃത്വവും: ബ്രിക്സിന്റെ മാനുഷിക മുഖം

ബ്രിക്സ് സഹകരണത്തെ, കേവലം ഗവൺമെന്റ് തലത്തിലുള്ള ഇടപെടലുകൾക്കപ്പുറം, സാധാരണ പൗരന്മാരിലേക്ക്-പ്രത്യേകിച്ച് യുവാക്കളിലേക്കും സ്ത്രീകളിലേക്കും-

> **സമുദ്ര മാർഗങ്ങൾ സുരക്ഷിതമായിരിക്കുകയും, വിതരണ ശൃംഖലകൾ തടസ്സമില്ലാതെ തുടരുകയും, നാവികർ സുരക്ഷിതരായിരിക്കുകയും ചെയ്താൽ മാത്രമേ ആഗോള വ്യാപാരത്തിന് പുരോഗതി കൈവരിക്കാനാകൂ. കപ്പൽയാത്രാ സ്വാതന്ത്ര്യത്തെയും നാവികരുടെ സുരക്ഷയെയും ഇന്ത്യ ശക്തമായി പിന്തുണയ്ക്കുന്നു.**
>
> *-നരേന്ദ്ര മോദി, പ്രധാനമന്ത്രി*

വ്യാപിപ്പിക്കാനുള്ള പരിശ്രമം ഇന്ത്യയുടെ അധ്യക്ഷപദവിയുടെ പ്രധാന സവിശേഷതയായിരുന്നു.

യുവജന പങ്കാളിത്തം: 2026 ഓഗസ്റ്റ് 22-ന് വിശാഖപട്ടണത്ത് നടന്ന ബ്രിക്സ് യുവജനകാര്യ മന്ത്രിമാരുടെ യോഗത്തിൽ വിദ്യാഭ്യാസം, നൈപുണ്യ വികസനം, തൊഴിൽ, യുവസംരംഭകത്വം എന്നിവയിലെ സഹകരണം ശക്തിപ്പെടുത്തുന്നതിനെ സംബന്ധിച്ച് ഒരു ധാരണയിലെത്തി.



യുവജന നേതൃത്വത്തെ പ്രോത്സാഹിപ്പിക്കുന്നതിനും തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയകളിൽ യുവാക്കളുടെ സാർത്ഥകമായ പങ്കാളിത്തം ഉറപ്പാക്കുന്നതിനും യോഗത്തിൽ മുൻഗണന നൽകി. ഈ വേളയിൽ, പരിസ്ഥിതി ബോധത്തെയും വൈകാരിക ബന്ധത്തേയും ഒന്നിപ്പിക്കുന്ന പ്രതീകാത്മകമായ ഒരു ചുവടുവയ്പെന്ന നിലയിൽ, 'ഏക് പേഡ് മാ കേ നാം' ക്യാമ്പയിന്റെ ഭാഗമായി പ്രതിനിധികൾ വൃക്ഷത്തൈ നടീൽ യജ്ഞത്തിൽ പങ്കെടുത്തു.വിദ്യാഭ്യാസം, നൈപുണ്യ വികസനം, സംരംഭകത്വം, ആരോഗ്യം, പരിസ്ഥിതി തുടങ്ങിയ മേഖലകളിൽ യുവാക്കളുടെ പങ്കാളിത്തം വർദ്ധിപ്പിക്കണമെന്ന് ആഹ്വാനം ചെയ്തുകൊണ്ട്, ബ്രിക്സ് യുവജന കൗൺസിലിന്റെയും ബ്രിക്സ് യുവജന ഉച്ചകോടിയുടെയും പങ്കിനെ ന്യൂഡൽഹി പ്രഖ്യാപനം അംഗീകരിച്ചു. കൂടാതെ, ബ്രിക്സ് യുവജന സഹകരണ ചട്ടക്കൂടിൽ കൈവരിച്ച പുരോഗതിയെ യോഗം സ്വാഗതം ചെയ്യുകയും ചെയ്തു.

വനിതാ നേതൃത്വം: കൊച്ചിയിൽ നടന്ന ബ്രിക്സ് വനിതാ മന്ത്രിമാരുടെ യോഗം സ്ത്രീകളുടെ നേതൃത്വത്തിലുള്ള വികസനമെന്ന കാഴ്ചപ്പാടിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും, സാമ്പത്തിക വളർച്ചയുടെയും, സാമൂഹിക മാറ്റത്തിന്റെയും പിന്നിലെ ചാലകശക്തികളായി സ്ത്രീകളെ അംഗീകരിക്കുകയും ചെയ്തു. സ്ത്രീകളുടെ ഡിജിറ്റൽ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ബ്രിക്സ് മാർഗ്ഗനിർദേശങ്ങൾ രൂപീകരിച്ചതിനെ യോഗം സ്വാഗതം ചെയ്തു. കൂടാതെ, സ്ത്രീകളുടെ നേതൃത്വത്തിലുള്ള സംരംഭങ്ങൾക്ക് ധനസഹായം, വിപണി, സാങ്കേതികവിദ്യ, നൈപുണ്യ വികസനം എന്നിവ ലഭ്യമാക്കുന്നതിനായി രൂപീകരിച്ച ബ്രിക്സ് വനിതാ ബിസിനസ്സ് അലയൻസിന്റെ പ്രവർത്തനങ്ങളിൽ ഇന്ത്യയിൽ നിന്നുള്ള ഏകദേശം 200 വനിതാ ബിസിനസ്സ് നേതാക്കൾ പങ്കെടുത്തു.

"പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്ന ഇന്നത്തെ ലോകത്ത് ഒരു പ്രതിസന്ധിയും ഒരു പ്രദേശത്ത് മാത്രം ഒതുങ്ങിനിൽക്കുന്നില്ല എന്നാണ് കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായ മഹാമാരികൾ, കാലാവസ്ഥാ ദുരന്തങ്ങൾ, വിതരണ ശൃംഖലയിലെ തടസ്സങ്ങൾ എന്നിവ തെളിയിക്കുന്നത്. അതിനാൽ, ബ്രിക്സ് കൂട്ടായ്മയ്ക്കുള്ളിൽ പ്രതിസന്ധികളെ പ്രതിരോധിക്കാനുള്ള ശേഷി വർദ്ധിപ്പിക്കുന്നതിന് ഞങ്ങൾ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്.

-നരേന്ദ്ര മോദി, പ്രധാനമന്ത്രി

യുവജനങ്ങളുടെ ആവേശവും, ഉത്സാഹവും, വനിതാ നേതൃപാടവവും വ്യക്തമാക്കുന്നത്, ഇന്ത്യയുടെ അധ്യക്ഷതയിൽ ബ്രിക്സ് കൂട്ടായ്മ എന്നത് കേവലം നയതന്ത്രത്തിന്റെയും, സാമ്പത്തിക കാര്യങ്ങൾക്കുമായുള്ള ഒരു വേദി എന്നതിനപ്പുറത്തേക്ക് വളർന്നു എന്നാണ്; ഈ കൂട്ടായ്മയുടെ യഥാർത്ഥ ഭാവിയെ പ്രതിനിധീകരിക്കുന്ന ദശലക്ഷക്കണക്കിന് ജനങ്ങളിലേക്ക് അത് എത്തിച്ചേർന്നിരിക്കുന്നു.

2014ന് ശേഷം ഇന്ത്യ അധ്യക്ഷപദം അലങ്കരിച്ച അന്താരാഷ്ട്ര വേദികൾ:

- 2016-ൽ: ഇന്ത്യ ബ്രിക്സ് അധ്യക്ഷപദം വഹിച്ചു.
- 2018-ൽ: 2018 ജനുവരി 1 മുതൽ രണ്ട് വർഷത്തേക്ക് ഇന്റർ നാഷണൽ തെർമോന്യൂക്ലിയർ എക്സ്പിരിമെന്റൽ റിയാക്ടർ (ITER) കൗൺസിലിന്റെ അധ്യക്ഷപദം ഇന്ത്യ ഏറ്റെടുത്തു.
- 2018-2020: ഇന്ത്യ അന്താരാഷ്ട്ര സൗരോർജ്ജ കൂട്ടായ്മയുടെ (ISA) അധ്യക്ഷനായി സേവനമനുഷ്ഠിച്ചു; ഫ്രാൻസ് സഹ അധ്യക്ഷനായി പ്രവർത്തിച്ചു.
- 2019-ൽ: കിംബർലി പ്രോസസ് സർട്ടിഫിക്കേഷൻ പദ്ധതിയുടെ അധ്യക്ഷപദം ഇന്ത്യ ഏറ്റെടുത്തു.
- 2019-2020 (GFDRR): ദുരന്തസാധ്യത കുറയ്ക്കുന്നതിനും വീണ്ടെടുക്കലിനുമുള്ള ആഗോള സംവിധാനമായ ഗ്ലോബൽ ഫെസിലിറ്റി ഫോർ ഡിസാസ്റ്റർ റിഡക്ഷൻ ആൻഡ് റിക്കവറിയുടെ (GFDRR) കൺസൾട്ടേറ്റീവ് ഗ്രൂപ്പിന്റെ സഹ അധ്യക്ഷയായി ഇന്ത്യ പ്രവർത്തിച്ചു.
- 2020-2021: ലോകാരോഗ്യ സംഘടനയുടെ (WHO) എക്സിക്യൂട്ടീവ് ബോർഡിന്റെ അധ്യക്ഷപദം ഇന്ത്യ വഹിച്ചു; ഡോ. ഹർഷ് വർദ്ധൻ ചെയർമാനായി പ്രവർത്തിച്ചു.
- 2020-2022: അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ (ILO) ഭരണ സമിതിയുടെ അധ്യക്ഷ ചുമതല ഇന്ത്യ ഏറ്റെടുത്തു.
- 2020-2022: അന്താരാഷ്ട്ര സൗരോർജ്ജ സഖ്യത്തിന്റെ (ISA) അധ്യക്ഷനായി ഇന്ത്യയെയും, സഹഅധ്യക്ഷനായി ഫ്രാൻസിനെയും വീണ്ടും തിരഞ്ഞെടുത്തു.
- 2021-ൽ: 2021 ജനുവരി മുതൽ ഡിസംബർ വരെ ഇന്ത്യ ബ്രിക്സ് അധ്യക്ഷപദം വഹിച്ചു.
- 2021-ൽ: 2021 ഓഗസ്റ്റിൽ യു. എൻ സുരക്ഷാ കൗൺസിലിന്റെ (UNSC) അധ്യക്ഷപദം ഇന്ത്യ ഏറ്റെടുത്തു.
- 2022-ൽ: 2022 ഡിസംബറിൽ യു. എൻ സുരക്ഷാ കൗൺസിലിന്റെ (UNSC) അധ്യക്ഷപദം ഇന്ത്യ വഹിച്ചു.
- 2022-2023: 2022 സെപ്റ്റംബർ 17 മുതൽ 2023 ജൂലൈ 4 വരെ ഷാങ്ഹായ് സഹകരണ സംഘടനയുടെ (SCO) അധ്യക്ഷനായി ഇന്ത്യ സേവനമനുഷ്ഠിച്ചു.
- 2022-2024: അന്താരാഷ്ട്ര സൗരോർജ്ജ സഖ്യത്തിന്റെ അസംബ്ലിയുടെ അധ്യക്ഷനായി ഇന്ത്യ ചുമതലയേറ്റു.
- 2022-2023: 2022 ഡിസംബർ 1 മുതൽ 2023 നവംബർ 30 വരെ ഇന്ത്യ ജി20 (G20) അധ്യക്ഷപദം വഹിച്ചു.
- 2023-ൽ: ആയുധങ്ങളുടെയും, സാങ്കേതികവിദ്യകളുടെയും കൈമാറ്റം നിയന്ത്രിക്കുന്നതിന് പ്രവർത്തിക്കുന്ന സംവിധാനമായ വാസനാർ അറേഞ്ച്മെന്റിന്റെ പ്ലീനറി ചെയർമാൻ സ്ഥാനം 2023-ൽ ഇന്ത്യ ഏറ്റെടുത്തു. 2017-ലാണ് ഇന്ത്യ ഈ ഗ്രൂപ്പിൽ അംഗമായത്.
- 2024-2026: 2024-26 കാലയളവിലേക്ക് അന്താരാഷ്ട്ര സൗരോർജ്ജ സഖ്യ അസംബ്ലിയുടെ അധ്യക്ഷ സ്ഥാനം ഇന്ത്യ വഹിക്കുന്നു.
- 2024-2026: 2024 മെയ് 29-ന്, 2024-26 കാലയളവിലേക്ക് കൊളംബോ പ്രോസസിന്റെ അധ്യക്ഷപദവി ഇന്ത്യ ആദ്യമായി ഏറ്റെടുത്തു.
- 2024-2025: ഏഷ്യൻ ഡിസാസ്റ്റർ പ്രിപ്പേർഡ്നെസ് സെന്ററിന്റെ അധ്യക്ഷസ്ഥാനത്തേക്ക് 2024 ജൂലൈയിൽ ഇന്ത്യ ചുമതലയേറ്റു.
- 2026: 2026-ലെ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡെമോക്രസി ആൻഡ് ഇലക്ടറൽ അസിസ്റ്റൻസിന്റെ അംഗരാജ്യങ്ങളുടെ കൗൺസിൽ അധ്യക്ഷപദവി ഇന്ത്യ ഏറ്റെടുത്തു.
- 2026: 2026 ജനുവരി 1-ന് ഇന്ത്യ നാലാം തവണ ബ്രിക്സ് അധ്യക്ഷപദവി ഏറ്റെടുത്തു.

ഇരുപത് വർഷങ്ങൾക്ക് മുമ്പ് ഇന്ത്യ ഉൾപ്പെടെയുള്ള നാല് രാഷ്ട്രങ്ങൾ 'ബ്രിക്' എന്ന ആശയം ആദ്യമായി മുന്നോട്ടു വച്ചപ്പോൾ, ലോകജനസംഖ്യയുടെ പകുതിയെയും അതിന്റെ സമ്പദ്വ്യവസ്ഥയുടെ 40 ശതമാനത്തെയും പ്രതിനിധീകരിക്കുന്ന ഒരു വേദിയായി ഈ കൂട്ടായ്മ ഒരുനാൾ മാറുമെന്ന് ചുരുക്കം ചിലർ മാത്രമേ ചിന്തിച്ചിട്ടുണ്ടാകൂ. 2026-ൽ ഇന്ത്യയുടെ അധ്യക്ഷതയിൽ നടന്ന പതിനെട്ടാമത് ഉച്ചകോടി ഈ യാത്രയിലെ ഒരു സുപ്രധാന നാഴികക്കല്ലായി മാറി. പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ നിമിഷത്തെ കൂട്ടായ്മയുടെ 'പൂർണ്ണ വളർച്ചയെത്തിയ അവസ്ഥ' എന്നാണ് വിശേഷിപ്പിച്ചത്. ഇന്ത്യയുടെ അധ്യക്ഷകാലത്ത്, ഉത്തരവാദിത്തങ്ങൾ ആഗ്രഹങ്ങൾക്കനുസരിച്ച് ക്രമീകരിക്കപ്പെടുകയും, കൂട്ടായ കരുത്ത് യഥാർത്ഥവും പ്രായോഗികവുമായ ഫലങ്ങളിലേക്ക് മാറ്റപ്പെടുകയും ചെയ്തു. വർഷത്തിലുടനീളം നടന്ന 400-ലധികം യോഗങ്ങൾ, ഡസൻ കണക്കിന് പ്രഖ്യാപനങ്ങൾ, നിരവധി സംരംഭങ്ങൾ എന്നിവയിലൂടെ ബ്രിക്സ് സഹകരണം ഗവൺമെന്റുകൾക്ക് അപ്പുറം കർഷകർ, സ്ത്രീകൾ, യുവാക്കൾ, സംരംഭകർ, ഗവേഷകർ എന്നിവരിലേക്ക് വരെ വ്യാപിപ്പിക്കാൻ ഇന്ത്യയുടെ ആധ്യക്ഷത്തിൽ സാധിച്ചു.. ഭീകരവാദത്തിനെതിരായ വ്യക്തവും ഉറച്ചതുമായ നിലപാട്, ആഗോള സ്ഥാപനങ്ങളുടെ പരിഷ്കരണത്തിനായുള്ള ശക്തമായ ആവശ്യങ്ങൾ, ഗാസ, സുഡാൻ, സിറിയ തുടങ്ങിയ പ്രദേശങ്ങളിലെ വിഷയങ്ങളിൽ സന്തുലിതമായ നയതന്ത്രം എന്നിവയോടൊപ്പം ന്യൂ ഡെവലപ്മെന്റ് ബാങ്ക്, ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യം, നിർമ്മിത ബുദ്ധി, കാലാവസ്ഥാ സഹകരണം തുടങ്ങിയ ഭാവി-അധിഷ്ഠിത മേഖലകളിലെ ക്രിയാത്മകമായ നടപടികൾ-ഇവയെല്ലാം ചേർന്ന് 'ന്യൂഡൽഹി പ്രഖ്യാപനം' ഒരു ചരിത്ര രേഖയായി മാറി. ഇന്ത്യയുടെ അധ്യക്ഷതയിൽ നടന്ന ബ്രിക്സ് 2026 കേവലം ഒരു വിജയകരമായ ഉച്ചകോടി എന്നതിലുപരി, മനുഷ്യരാശിക്കായുള്ള ഏകോപനത്തിന്റെയും സൗഹാർദ്ദത്തിന്റെയും കൂട്ടായ ഉത്തരവാദിത്തത്തിന്റെയും മായ്ക്കാനാകാത്ത ഉദാഹരണമായി നിലകൊള്ളുന്നു. 2027-ൽ നേതൃത്വ ചുമതല ചൈനയിലേക്ക് കൈമാറപ്പെടുമ്പോഴും, ഈ വർഷം ഇന്ത്യ സ്ഥാപിച്ച മാനദണ്ഡങ്ങളും വിശ്വാസവും വരും വർഷങ്ങളിൽ ബ്രിക്സിന്റെ ദിശയെയും പ്രയാണത്തെയും രൂപപ്പെടുത്തുന്നതിൽ തുടർന്നും നിർണായകമായി നിലനിൽക്കും.



പ്രധാനമന്ത്രി നരേന്ദ്ര മോദി: സദ്ഭരണത്തിന്റെ 25 വർഷങ്ങൾ

വെല്ലുവിളികൾക്കിടയിലും ശക്തമായ തീരുമാനങ്ങൾക്കും പരിവർത്തനങ്ങൾക്കുമായി സമർപ്പിച്ച

25 വർഷത്തെ യാത്ര

സ്വതന്ത്ര ഇന്ത്യയിലെ ഒരു സാധാരണ കുടുംബത്തിൽ ജനിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി, 'സേവനമാണ് ദൃഢനിശ്ചയം' എന്നതിനെ നവഭാരതത്തിന്റെ മാർഗ്ഗദർശക തത്വമാക്കി മാറ്റിയിരിക്കുന്നു. രാജ്യത്തെ സ്വന്തം കുടുംബമായി കാണുന്ന പ്രധാനമന്ത്രി മോദി, 'രാജ്യമാണ് ഒന്നാമത്' എന്ന ഒരൊറ്റ തത്വത്താൽ നയിക്കപ്പെടുന്നു. ഭരണഘടന എന്ന പവിത്രമായ ഗ്രന്ഥത്തെയാണ് അദ്ദേഹത്തിന്റെ ഗവൺമെന്റ് അനുധാവനം ചെയ്യുന്നത്. ഇന്ത്യയോടുള്ള സമർപ്പണം മാത്രമാണ് അവരുടെ ഏക നിഷ്ഠ. അത് ഒരൊറ്റ കരുത്തിനെ ആശ്രയിക്കുന്നു - ജനങ്ങളുടെ ശക്തിയെ. കൂടാതെ അത് 140 കോടി ഇന്ത്യക്കാരുടെ സുരക്ഷയും സമൃദ്ധിയുമെന്ന പ്രധാന മൂല്യം ഉയർത്തിപ്പിടിക്കുന്നു. അദ്ദേഹത്തിന്റെ ഗവൺമെന്റിന്റെ വഴികാട്ടിയായ മന്ത്രം ഇപ്പോഴും ഇത് തന്നെയാണ്: 'സബ്കാ സാഥ്, സബ്കാ വികാസ്, സബ്കാ വിശ്വാസ്, സബ്കാ പ്രയാസ്.' ആദ്യം ഗുജറാത്ത് മുഖ്യമന്ത്രിയായി 13 വർഷവും, ഇപ്പോൾ പ്രധാനമന്ത്രിയായി 12 വർഷവും - രാജ്യത്തെ പുതിയൊരു ദിശയിലേക്ക് നയിച്ചുകൊണ്ട് അദ്ദേഹം ഈ സദ് ഭരണരീതിയുടെ ദർശനം മുന്നോട്ട് കൊണ്ടുപോയി. 2001 ഒക്ടോബർ 7-നാണ് അദ്ദേഹം ഗുജറാത്ത് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തത്, ഈ സുപ്രധാന നാഴികക്കല്ല് സേവനത്തിന്റെയും സമർപ്പണത്തിന്റെയും ആ യാത്രയുടെ തടസ്സമില്ലാത്ത, തുടർച്ചയായ 25 വർഷങ്ങളെ അടയാളപ്പെടുത്തുന്നു. ഇതാ ഒരു പ്രത്യേക റിപ്പോർട്ട്...

അദ്ദേഹവുമായി ദീർഘകാലത്തെ ഊഷ്മളമായ ബന്ധമുള്ള കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഒരിക്കൽ പറഞ്ഞു, 'പ്രധാനമന്ത്രി നരേന്ദ്ര മോദി ഒരു സമർപ്പിത നായ സേവകന്റെ താല്പര്യത്തോടെ ജോലി ചെയ്യുന്നു, ഒരു രാഷ്ട്രതന്ത്രജ്ഞനെപ്പോലെ രാജ്യത്തിന്റെ അഭിമാനം ഉയർത്തുന്നു, ഒരു യഥാർത്ഥ നായകനെപോലെ രാജ്യം മുഴുവൻ നയിക്കുന്നു, വികാരങ്ങളെ തിരിച്ചറിയുന്ന ഒരു നേതാവിന്റെ കാരുണ്യത്തോടെ തന്ത്രപ്രധാനമായ തീരുമാനങ്ങൾ എടുക്കുന്നു, കൂടാതെ രാജ്യത്തിന്റെ രക്ഷക്കായി ഭയരഹിതനായ ഒരു കമാൻഡറെപ്പോലെ, അചഞ്ചലമായ ഒരു പാറയായി അദ്ദേഹം നിലകൊള്ളുന്നു. ഒരു വിളക്കിന്റെ ജ്വാല പോലെ, അദ്ദേഹത്തിന്റെ ചിന്തകൾ എപ്പോഴും ഉയരങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു.' ഈ വാക്കുകൾക്ക് പിന്നിലെ സന്ദേശം വ്യക്തമായിരുന്നു - ഈ സുപ്രധാന നാഴികക്കല്ലിലേക്കുള്ള യാത്രയിൽ മോദിയുടെ പൊതുജീവിതം ഒട്ടനവധി ഉയർച്ച താഴ്ചകളിലൂടെ കടന്നുപോയിട്ടുണ്ടെങ്കിലും, അദ്ദേഹം ഒരിക്കലും പതറുകയോ തളരുകയോ ചെയ്തില്ല. ഭരണതന്ത്രജ്ഞതയുടെ കാഴ്ചപ്പാടിലൂടെ രാഷ്ട്രീയത്തെ പഠിക്കുകയും അതിനെ ഒരു വ്യക്തിപരമായ ജീവിതചര്യയായി മാറ്റുകയും ചെയ്തതിലൂടെയാണ് ആ സഹിഷ്ണുതയും, സഹനശേഷിയും, കരുത്തും അദ്ദേഹം ആർജ്ജിച്ചത്. ഈ യാത്രയിലുടനീളം വികസനത്തെക്കുറിച്ച് എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു പുതിയ കാഴ്ചപ്പാട് രൂപപ്പെടുത്തുകയും ചെയ്തു. ഒരിക്കലും പതറാതെ, തളരാതെ, വിശ്രമിക്കാതെ - വിരാമമില്ലാത്ത പരിശ്രമവുമായി മുന്നോട്ട് കുതിക്കുകയും, പുതിയ ലക്ഷ്യങ്ങൾ നിശ്ചയിച്ച് അവ പൂർത്തിയാക്കിക്കൊണ്ട്, ശക്തമായ ഒരു വികസന ഗാഥ അദ്ദേഹം രചിച്ചു.

ഇത് പ്രധാനമന്ത്രി മോദിയുടെ നേതൃത്വത്തിന്റെ സവിശേഷമായ ഒരു മുഖമുദ്രയാണ്; അദ്ദേഹത്തിന്റെ സ്വന്തം കുടുംബം ഇപ്പോഴും ഒരു സാധാരണ ജീവിതം നയിക്കുന്നു. അതിന് കാരണം അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം രാജ്യത്തെ 140 കോടിയിലധികം വരുന്ന ജനങ്ങളാണ് അദ്ദേഹത്തിന്റെ കുടുംബം.

നരേന്ദ്ര മോദിയുടെ ഭരണ സാരഥ്യത്തിന്റെ 25 വർഷത്തിന്റെ പൂർത്തീകരണത്തെ ഈ ഒക്ടോബർ 7 അടയാളപ്പെടുത്തുന്നു. കഴിഞ്ഞ 25 വർഷത്തെ യാത്രയെ രാഷ്ട്രീയ പദവികൾ വഹിച്ചതിന്റെയോ തെരഞ്ഞെടുപ്പ് വിജയങ്ങൾ നേടിയതിന്റെയോ ഒരു തുടർച്ചയായി മാത്രമല്ല കാണേണ്ടത്; മറിച്ച് നിരന്തരം മാറിമറിഞ്ഞുകൊണ്ടിരിക്കുന്ന വെല്ലുവിളികൾക്കിടയിൽ കൈക്കൊണ്ട തീരുമാനങ്ങളുടെയും, അവയിൽ നിന്ന് ഉയർന്നുവന്ന പുതിയ ദിശാബോധങ്ങളുടെയും കൂടി കഥയാണത്. ഭൂകമ്പം, വരൾച്ച, ജലക്ഷാമം, വർഗീയ സംഘർഷങ്ങൾ തുടങ്ങിയ കടുത്ത വെല്ലുവിളികളുടെ പശ്ചാത്തലത്തിലാണ് ഗുജറാത്തിൽ അദ്ദേഹത്തിന്റെ യാത്ര ആരംഭിച്ചത്. തുടർന്ന്, ഭീകരവാദവും പ്രകൃതിദുരന്തങ്ങളും പോലുള്ള വലിയ പ്രതിസന്ധികളോട് പൊരുതിക്കൊണ്ടാണ് ആ സംസ്ഥാനം ഒരു പുതിയ പാത വെട്ടിത്തുറന്നത്. ദേശീയ തലത്തിൽ സാമ്പത്തിക പരിഷ്കരണങ്ങൾ, ബാങ്കിംഗ് മേഖല, നക്സൽ ഭീഷണി, അതിർത്തിയിലെ വെല്ലുവിളികൾ, ജമ്മു കശ്മീരിലെ സാഹചര്യം, മഹാമാരി, ആഗോള പ്രതിസന്ധികൾ തുടങ്ങിയ പ്രശ്നങ്ങൾ അദ്ദേഹത്തിന്റെ നേതൃത്വത്തെ കടുത്ത പരീക്ഷണത്തിന് വിധേയമാക്കി. എങ്കിലും, ഈ 25 വർഷങ്ങളിലുടനീളം നീണ്ടുനിന്ന ഒരു സവിശേഷതയുണ്ടായിരുന്നു: പ്രതിസന്ധികളെ തടസ്സങ്ങളായല്ല, മറിച്ച് മാറ്റത്തിനുള്ള അവസരങ്ങളാക്കി അദ്ദേഹം മാറ്റി. തീർച്ചയായും, രാജ്യത്തിന്റെ പുരോഗതിക്കും അതിന്റെ അന്തസ്സ് ഉയർത്തുന്നതിനുമായി സമർപ്പിക്കപ്പെട്ട ഒരു ആദർശധീരനായ നേതാവായി പ്രധാനമന്ത്രി മോദി സ്വയം അടയാളപ്പെടുത്തിക്കഴിഞ്ഞു. ഭരണരംഗത്തെ തന്റെ 25 വർഷത്തെ യാത്രയിലുടനീളം, കാര്യങ്ങളെ ഭാഗികമായി കാണുന്നതിന് പകരം സമഗ്രമായി ചിന്തിക്കുന്ന ഒരു ദീർഘദർശിയായ നേതാവായി അദ്ദേഹം വളർന്നു. ഭാവിയിലേക്ക് ഉറ്റുനോക്കുന്ന അദ്ദേഹം തന്റെ ആശയങ്ങൾ യാഥാർത്ഥ്യമാക്കുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

ഗുജറാത്ത് മുഖ്യമന്ത്രിയായ ശേഷം, അദ്ദേഹം വിദ്യാഭ്യാസ രംഗത്ത് പ്രത്യേക ഊന്നൽ നൽകി ഒരു വ്യത്യസ്തമായ വികസന മാതൃക രൂപപ്പെടുത്തുന്നതിനായി പ്രവർത്തിക്കാൻ തുടങ്ങി. എന്നാൽ, ഗുജറാത്ത് കലാപം അദ്ദേഹത്തിന്റെ എതിരാളികൾക്ക് അദ്ദേഹത്തിനെതിരെ ഒത്തൊരുമിച്ച് ആക്രമണം അഴിച്ചുവിടാൻ ഒരവസരമൊരുക്കി. എന്നിട്ടും, ഈ കടുത്ത ആക്രമണങ്ങൾക്ക് മുന്നിൽ മോദി പതറിയില്ല; പകരം, അദ്ദേഹം അചഞ്ചലമായ ദൃഢനിശ്ചയത്തോടെ തന്റെ പ്രവർത്തനം തുടർന്നു. തൽഫലമായി, അദ്ദേഹത്തിന്റെ എതിരാളികൾ ആവർത്തിച്ച് പരാജയപ്പെടുകയാണുണ്ടായത്. ശ്രീ മോദിയെ പ്രതിരോധത്തിലാക്കാൻ അദ്ദേഹത്തിന്റെ എതിരാളികൾക്ക് കഴിയാത്തതിന് പിന്നിലെ രഹസ്യം എന്താണ്? ഇത് മനസ്സിലാക്കാൻ, അദ്ദേഹത്തിന്റെ പ്രവർത്തന ശൈലിയുടെയും ചിന്താഗതിയുടെയും സൂക്ഷ്മതകൾ പരിശോധിക്കേണ്ടതുണ്ട്. വാസ്തവത്തിൽ, ഒരു പദ്ധതിയെക്കുറിച്ച് ആലോചിക്കുമ്പോഴെല്ലാം, അതിന്റെ ഫലം മുൻകൂട്ടി കണ്ടുകൊണ്ടാണ് പ്രധാനമന്ത്രി മോദി അതിന് തുടക്കം കുറിക്കുന്നത്; അതായത്, ഒരു നയമോ പ്രസ്താവനയോ പദ്ധതിയോ നടപ്പിലാക്കിക്കഴിഞ്ഞാൽ അത് താഴെത്തട്ടിൽ എന്തുതരം സ്വാധീനമാണ് ചെലുത്തുക എന്ന് അദ്ദേഹം വിലയിരുത്തുന്നു. ഈ സവിശേഷമായ സമീപനമാണ് അദ്ദേഹത്തെ മറ്റ് രാഷ്ട്രീയക്കാരിൽ നിന്ന് വ്യത്യസ്തനാക്കുന്നത്. ഈ കാഴ്ചപ്പാടിന്റെ ഫലം എന്തെന്നാൽ, ഒരു പദ്ധതി താഴെത്തട്ടിൽ ഫലപ്രദമായി നടപ്പിലാക്കാൻ പൂർണ്ണ സജ്ജമാകുമ്പോൾ മാത്രമാണ് പ്രധാനമന്ത്രി മോദി അത് ഔദ്യോഗികമായി പ്രഖ്യാപിക്കുന്നത്.

ഈ കാലഘട്ടം കേവലം 25 വർഷത്തെ ഒരു യാത്രയെ മാത്രമല്ല, മറിച്ച് സേവനം, സദ്ഭരണം, ദരിദ്രജനങ്ങളുടെ ക്ഷേമം എന്നിവയ്ക്കായി സമർപ്പിക്കപ്പെട്ട ഒരു ദൗത്യത്തെക്കൂടിയാണ് പ്രതിനിധീകരിക്കുന്നത്. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ക്ഷേമം, മധ്യവർഗത്തിന്റെ ശാക്തീകരണം എന്നിവ മുതൽ സ്ത്രീശാക്തീകരണവും 'നാരിശക്തി' നയിക്കുന്ന വികസനവും വരെയുള്ള ദേശീയ പുരോഗതിയുടെ അവിസ്മരണീയമായ പദ്ധതികളെ ഇത് ഉൾക്കൊള്ളുന്നു. കർഷകക്ഷേമ നയങ്ങളിലൂടെ കൃഷിയുടെ ഓരോ ഘട്ടത്തിലും കർഷകരുടെ ആശങ്കകൾ പരിഹരിക്കുക, യുവാക്കൾക്ക് വിദ്യാഭ്യാസ-തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, സാമൂഹിക നീതി ഉറപ്പാക്കുക തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. 2047-ഓടെ ഇന്ത്യയെ ഒരു വികസിത രാഷ്ട്രമാക്കി മാറ്റുക എന്ന ലക്ഷ്യത്തിന്റെ അടിസ്ഥാനശിലയായി ഈ കാലഘട്ടം മാറിയിരിക്കുന്നു. ഓരോ പദ്ധതിയിലും പ്രതിസന്ധികൾ നിറഞ്ഞ പ്രധാനമന്ത്രി മോദിയുടെ സ്വന്തം ജീവിതാനുഭവങ്ങളുടെയും പോരാട്ടങ്ങളുടെയും മുദ്ര പതിഞ്ഞിട്ടുണ്ട്; ആ കഷ്ടപ്പാടുകൾ അദ്ദേഹം നേരിട്ട് അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്. ചുരുക്കത്തിൽ, ഗുജറാത്ത് മുഖ്യമന്ത്രിയിൽ നിന്നും പ്രധാനമന്ത്രിയിലേക്കുള്ള അദ്ദേഹത്തിന്റെ യാത്രയെ ഏതാനും വാക്കുകളിൽ ഇങ്ങനെ വിവരിക്കാം: അദ്ദേഹം വികസനമെന്ന ദർശനത്തെ മുഖ്യധാരയിലേക്ക് കൊണ്ടുവന്നു. വിവിധ സാമൂഹിക തിന്മകളെ ഇല്ലായ്മ ചെയ്തു. രാജ്യത്തിന്റെ രാഷ്ട്രീയത്തിലും, പ്രവർത്തന തന്ത്രങ്ങളിലും, ദേശീയ നയത്തിലും വികസനത്തെ ഒരു പ്രധാന അടിസ്ഥാനശിലയായും കേന്ദ്രബിന്ദുവായും ഉറപ്പിക്കുകയും ചെയ്തു.

പ്രധാനമന്ത്രി മോദിയുടെ സവിശേഷമായ പ്രവർത്തന ശൈലി, നടപടികൾ, അവയുടെ ഫലങ്ങൾ എന്നിവയിലൂടെ ഭരണരംഗത്തെ അദ്ദേഹത്തിന്റെ 25 വർഷത്തെ ജൈത്രയാത്ര നമുക്ക് വിലയിരുത്താം...

25 വെല്ലുവിളികൾ, 25 വർഷങ്ങൾ : ഒരു നേതാവിന്റെ പ്രയാണം

ഈ 25 വർഷത്തെ പ്രയാണം വെറും 25 വെല്ലുവിളികളുടെ പട്ടിക മാത്രമല്ല; മറിച്ച് പ്രതിസന്ധികൾക്കിടയിൽ കൈക്കൊണ്ട തീരുമാനങ്ങളുടെയും അതിനെത്തുടർന്നുണ്ടായ പരിവർത്തനങ്ങളുടെയും കഥയാണ്. ഒരു പ്രതിസന്ധിയെ അവസാനമായി കാണാതെ, പുതിയൊരു ദൃഢനിശ്ചയത്തിന്റെ തുടക്കമായി കാണുക എന്നതാണ് ഈ യാത്രയുടെ വഴികാട്ടിയായ തത്വം. ഈ തത്വം മുൻനിർത്തിയാണ് പ്രധാനമന്ത്രി മോദി കഴിഞ്ഞ 25 വർഷമായി രാജ്യത്തെ മുന്നോട്ട് നയിച്ചത്...

1. ഗുജറാത്തിലെ വെല്ലുവിളികൾ: ഒരു പുതിയ തുടക്കത്തിനുള്ള അവസരം

2001 ഒക്ടോബറിൽ നരേന്ദ്ര മോദി ഗുജറാത്ത് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. ഭൂകമ്പം, വരൾച്ച, സഹകരണ ബാങ്ക് പ്രതിസന്ധി എന്നിവയെ സംസ്ഥാനം നേരിട്ടുകൊണ്ടിരുന്ന സമയമായിരുന്നു അത്. പുനർനിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ മുതിർന്ന ഉദ്യോഗസ്ഥരെ കച്ചിലേക്ക് അടിയന്തരമായി അയച്ചു. ചെക്ക് ഡാമുകൾ, കനാൽ വിപുലീകരണം, ജലസംരക്ഷണം എന്നിവയ്ക്ക് മുൻഗണന നൽകി. 2003-ൽ രാജ്യത്തെ ആദ്യത്തെ സംസ്ഥാന ദുരന്തനിവാരണ നിയമം നിലവിൽ വന്നു.

2. ഹിംസയുടെ ചക്രവ്യൂഹത്തിൽ നിന്ന് മോചനം

2002 ഫെബ്രുവരിയിലെ ഗോദ്ര സംഭവവും അതിനെത്തുടർന്നുണ്ടായ അക്രമങ്ങളും അതീവ ഗുരുതരമായ ഒരു സാഹചര്യം സൃഷ്ടിച്ചു. എന്നാൽ ക്രമസമാധാനം, നിക്ഷേപം, തൊഴിൽ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് മുഖ്യമന്ത്രി നരേന്ദ്ര മോദി ആ അക്രമ പരമ്പരകൾക്ക് അറുതി വരുത്തി; അതിനു ശേഷമുള്ള 24 വർഷങ്ങളിൽ ഇത്തരം അക്രമങ്ങൾ അവിടെ വീണ്ടും ആവർത്തിച്ചിട്ടില്ല.



3. ആദ്യ തിരഞ്ഞെടുപ്പ് പരീക്ഷണം: കൂടുതൽ കരുത്തോടെ മുന്നോട്ട്

2002-ൽ നരേന്ദ്ര മോദി നിയമസഭ പിരിച്ചുവിടുകയും, വെറും 14 മാസത്തെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ ജനവിധി തേടുകയും ചെയ്തു. ഡിസംബറിൽ നടന്ന തിരഞ്ഞെടുപ്പിൽ, 182 സീറ്റുകളിൽ 127 എണ്ണം നേടിയ ബിജെപി 49.85 ശതമാനം വോട്ടും കരസ്ഥമാക്കി.

4. ഭീകരവാദ ഭീഷണികൾക്കിടയിലും സ്ഥിരത

2002 സെപ്തംബറിലാണ് അക്ഷർധാം ആക്രമണമുണ്ടായത്, തൊട്ടുപിന്നാലെ 2008 ജൂലൈയിൽ 70 മിനിറ്റിനിടെ അഹമ്മദാബാദിൽ 21 ബോംബ് സ്ഫോടന പരമ്പരകളും നടന്നു. വർഗീയ കലാപങ്ങളിലേക്ക് ഇവ പടരുന്നത് തടയാനും സുരക്ഷ ശക്തമാക്കാനും സംസ്ഥാനത്തിന്റെ പുരോഗതി നിലനിർത്താനും അധികൃതർക്ക് സാധിച്ചു.

5. ജലക്ഷാമത്തിൽ നിന്ന് ജലസുരക്ഷയിലേക്ക്

1961-ന് ശേഷം പതിറ്റാണ്ടുകളോളം നർമ്മദ അണക്കെട്ട് പദ്ധതി മുടങ്ങിക്കിടക്കുകയായിരുന്നു. എന്നാൽ ഒരു ലക്ഷത്തി എൺപതിനായിരത്തിലധികം തടയണകൾ നിർമ്മിക്കുകയും, 'സുജലാം സുഫലാം', 'സൗനി' തുടങ്ങിയ പദ്ധതികളിലൂടെ ജലവിതരണം ഉറപ്പാക്കുകയും ചെയ്തു. 2017ൽ അണക്കെട്ട് അതിന്റെ പരമാവധി ഉയരത്തിലെത്തി, ഒമ്പതിനായിരത്തിലധികം ഗ്രാമങ്ങൾക്കും 170 നഗരങ്ങൾക്കും കുടിവെള്ളം ലഭ്യമാക്കി. വെള്ളത്തിനായി കാത്തിരിക്കുന്നതിന് പകരം, ജലവിഭവ പരിപാലനത്തോടൊപ്പം വികസന പ്രവർത്തനങ്ങൾക്കും ഗുജറാത്ത് മുൻകൈയെടുത്തു. വികസനവും മുന്നോട്ട് കൊണ്ടുപോകാൻ ഗുജറാത്തിന് കഴിഞ്ഞു.

6. പ്രളയാനന്തരമുള്ള ഒരു നവ സംവിധാനം

2006-ൽ താപി നദിയിലുണ്ടായ വെള്ളപ്പൊക്കം സൂറത്തിന്റെ ഏകദേശം 95 ശതമാനത്തോളം വെള്ളത്തിനടിയിലാക്കിയിരുന്നു, ഇത് ഡ്രെയിനേജ് സംവിധാനങ്ങളും മുൻകൂട്ടി മുന്നറിയിപ്പ് നൽകുന്ന സംവിധാനങ്ങളും ശക്തിപ്പെടുത്തുന്നതിന് കാരണമായി. എട്ട് വർഷങ്ങൾക്ക് ശേഷം, ജമ്മു കശ്മീരിലെ വെള്ളപ്പൊക്ക സമയത്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി ശ്രീനഗർ സന്ദർശിക്കുകയും, പിന്നീട് ദീപാവലി ആഘോഷിക്കുന്നതിനായി അവിടെ മടങ്ങിയെത്തുകയും ചെയ്തു. ഈ രണ്ട് പ്രതിസന്ധികളിലും അദ്ദേഹത്തിന്റെ സമീപനം ഒരേപോലെയായിരുന്നു: സാഹചര്യം വ്യക്തമായി മനസ്സിലാക്കുക, അതിവേഗം പ്രവർത്തിക്കുക, താഴെത്തട്ടിലുള്ള സങ്കീർണ്ണതകൾ പരിഹരിക്കുക.



7. ആരോപണങ്ങൾക്കിടയിലെ ഒരു പതിറ്റാണ്ടിന്റെ പരിവർത്തനം

2002-ന് ശേഷം നരേന്ദ്ര മോദിക്ക് ഒട്ടനവധി ആരോപണങ്ങളെ നേരിടേണ്ടി വന്നെങ്കിലും, അതിനോട് പ്രതികരിക്കുന്നതിന് പകരം തന്റെ പ്രവർത്തനം തന്നെ അതിനുള്ള മറുപടിയാക്കാനാണ് അദ്ദേഹം തീരുമാനിച്ചത്. തുടർന്ന് 2007-ലും 2012-ലും ഗുജറാത്ത് ജനത അദ്ദേഹത്തെ വീണ്ടും തെരഞ്ഞെടുത്തു.

8. പാറ്റ്ന സ്ഫോടനം

2013 ഒക്ടോബർ 27-ന് പാറ്റ്നയിൽ നടന്ന ഒരു റാലിയുടെ പരിസരത്തുണ്ടായ ഏഴ് ബോംബ് സ്ഫോടനങ്ങളിൽ ആറ് പേർ മരിക്കുകയും 85 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. സ്ഫോടനങ്ങൾ നടന്നിട്ടും മോദി തന്റെ പ്രസംഗം തുടരുകയും, റാലി പൂർത്തിയാക്കുകയും, ശാന്തരായിരിക്കാൻ ജനങ്ങളോട് അഭ്യർത്ഥിക്കുകയും ചെയ്തു.

9. 30 വർഷങ്ങൾക്ക് ശേഷം കേവല ഭൂരിപക്ഷമുള്ള ഒരു ഗവൺമെന്റ്

ഒമ്പത് മാസത്തെ കാലയളവിനുള്ളിൽ നരേന്ദ്ര മോദി ഏകദേശം 400 റാലികളെ അഭിസംബോധന ചെയ്യുകയും മൂന്ന് ലക്ഷം കിലോമീറ്റർ സഞ്ചരിക്കുകയും ചെയ്തു. 2014-ൽ ബി.ജെ.പി 282 സീറ്റുകൾ നേടി തിരഞ്ഞെടുപ്പ് വിജയിച്ചു. അതോടെ 30 വർഷത്തെ ഇടവേളയ്ക്ക് ശേഷം കേവല ഭൂരിപക്ഷത്തോടെയുള്ള ഒരു ഗവൺമെന്റ് രൂപീകരിക്കാൻ സാധിച്ചു.

10. ദുർബലമായ അഞ്ച് സമ്പദ്‌വ്യവസ്ഥകളിൽ ഒന്ന് എന്നിൽ നിന്നും അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥയിലേക്കുള്ള മാറ്റം

2013-ൽ ഇന്ത്യയെ തകർച്ചയുടെ വക്കിലായിരുന്ന ലോകത്തെ അഞ്ച് സമ്പദ്‌വ്യവസ്ഥകൾ എന്ന വിഭാഗത്തിലായിരുന്നു ഉൾപ്പെടുത്തിയിരുന്നത്. അന്ന് നാണയപ്പെരുപ്പം 10 ശതമാനത്തിനടുത്തായിരുന്നു. എന്നാൽ നാണയപ്പെരുപ്പം നിയന്ത്രിക്കുന്നത് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ, ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്റ്റ്സി കോഡ് (IBC), ജി.എസ്.ടി തുടങ്ങിയ പരിഷ്കാരങ്ങളെത്തുടർന്ന്, വിവിധ ആഗോള പ്രതിസന്ധികൾക്കിടയിലും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ അതിന്റെ വളർച്ച തുടർന്നു; 2027 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ രാജ്യത്തിന്റെ വളർച്ചാ നിരക്ക് 7.8 ശതമാനമായിരുന്നു.

11. ബിസിനസ് സുഗമമാക്കൽ

2014-ൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് സൂചികയിൽ ഇന്ത്യ 142-ാം സ്ഥാനത്തായിരുന്നു. എന്നാൽ ജി.എസ്.ടി, ഡിജിറ്റൽ അനുമതികൾ, ചരക്ക് ഇടനാഴികൾ, ഐ.ബി.സി തുടങ്ങിയ പദ്ധതികളും നടപടികളും 2020-ഓടെ ഇന്ത്യയെ 63-ാം സ്ഥാനത്തേക്ക് ഉയരാൻ സഹായിച്ചു.

12. ബാങ്കിംഗ് മേഖലയെ ശുദ്ധീകരിക്കൽ

'ഫോൺ ബാങ്കിംഗ്', വായ്പകൾ ക്രമവിരുദ്ധമായി പുതുക്കൽതുടങ്ങിയ രീതികൾ ബാങ്കുകളുടെ യഥാർത്ഥ അവസ്ഥയെ മറച്ചുവെച്ചിരുന്നു. എന്നാൽ, ബാങ്കുകളുടെ ആസ്തി ഗുണനിലവാര പരിശോധനയിൽ കിട്ടാക്കടങ്ങൾ ഏകദേശം 15 ശതമാനത്തോളമാണെന്ന് കണ്ടെത്തി. ഇതിനെത്തുടർന്ന് ഒരു '4R' പരിഷ്കരണ തന്ത്രം നടപ്പിലാക്കുകയും, ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്റ്റ്സി കോഡ് - IBC വഴി അത് കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്തു.

13. നക്സലിസത്തിന് അന്ത്യം

2010-ലെ ദന്തേവാഡ ആക്രമണത്തിൽ 76 ജവാന്മാരുടെ ജീവൻ നഷ്ടപ്പെട്ടിരുന്നു; 2014-ൽ 126 ജില്ലകൾ നക്സൽ ബാധിതമായിരുന്നു. എന്നാൽ സുരക്ഷാ പ്രവർത്തനങ്ങൾക്കൊപ്പം റോഡുകൾ, സ്കൂളുകൾ, ബാങ്കിംഗ് സൗകര്യങ്ങൾ എന്നിവയുടെ വിപുലീകരണവും നടപ്പിലാക്കിയതോടെ, പ്രതിവർഷം പൊതുധാരയിലേക്ക് മടങ്ങിവരുന്ന നക്സലുകളുടെ എണ്ണം 421-ൽ നിന്ന് 6,558 ആയി വർദ്ധിച്ചു. 2026 മാർച്ചോടെ, രാജ്യത്ത് ഒരു ജില്ല പോലും നക്സൽ ബാധിതമായി അവശേഷിച്ചില്ല.

14. പരമാധികാരത്തിന്റെ സംരക്ഷണം

2017-ൽ ദോക്ലാമിൽ ഇന്ത്യ-ചൈന സൈന്യങ്ങൾ 73 ദിവസം നീണ്ടുനിന്ന സംഘർഷാവസ്ഥയുണ്ടായപ്പോൾ ഇന്ത്യ പിന്മാറിയില്ല. 2020-ലെ ഗാൽവൻ സംഭവത്തിലും ഇന്ത്യൻ സൈന്യം ഉറച്ചുനിന്നു. 'രാജ്യം ഒന്നാമത്' എന്നത് മുഖ്യ തത്ത്വമായി മാറി.

15. ജിഎസ്ടി: ഒരു രാജ്യം, ഒരു നികുതി വ്യവസ്ഥ

17 വർഷം നീണ്ടുനിന്ന കഠിനശ്രമങ്ങൾക്കൊടുവിലാണ് 2017 ജൂലൈയിൽ ജി.എസ്.ടി നിലവിൽ വന്നത്. പഴയ കുടിശ്ശികകൾ തീർപ്പാക്കുന്നതിനും വരുമാന വളർച്ച ഉറപ്പാക്കുന്നതിനുമുള്ള വ്യവസ്ഥകളിലൂടെ പൊതുസമ്മതം രൂപീകരിക്കുകയും, അങ്ങനെ രാജ്യത്തെ ഒരു ഏകീകൃത വിപണിയാക്കി മാറ്റുകയും ചെയ്തു.

16. വടക്കുകിഴക്കൻ മേഖലയിലേക്കും കശ്മീരിലേക്കുമുള്ള കണക്റ്റിവിറ്റി

2025 സെപ്റ്റംബറിലാണ് ഐസ്വാൾ റെയിൽവേ വഴി ബന്ധിപ്പിക്കപ്പെട്ടത്; 28 വർഷത്തെ നീണ്ട കാത്തിരിപ്പിനൊടുവിൽ 2025 ജൂണിൽ ഉദ്ദംപൂർ-ശ്രീനഗർ-ബാരാമുള്ള റെയിൽ ലിങ്ക് പാത പൂർണ്ണമായും പ്രവർത്തനസജ്ജമായി. ചെനാബ് പാലത്തിന്റെ നിർമ്മാണം കശ്മീരിലെ യാത്രാ-ചരക്ക് ഗതാഗത സൗകര്യങ്ങൾക്ക് ഒരു പുതിയ ഉത്തേജനം നൽകി.

17. വടക്കുകിഴക്കൻ മേഖലയിലെ സമാധാനം

2019 മുതൽ, സ്വയംഭരണാവകാശം, സാമ്പത്തിക സഹായം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്ന 12 കരാറുകൾ ഒപ്പുവെക്കപ്പെട്ടു. ഏകദേശം 11,000 വിമതർ ആയുധം വെച്ചു കീഴടങ്ങി; അക്രമ സംഭവങ്ങൾ 71 ശതമാനം കുറയുകയും 2022 ഏപ്രിലിൽ ബോഡോലാൻഡിൽ നിന്ന് അഫ്സ്പ പിൻവലിക്കുകയും ചെയ്തു.





18. ഭീകരവാദത്തിനെതിരായ പുതിയ നയം

2016-ലെ സർജിക്കൽ സ്ട്രൈക്കുകൾക്കും 2019-ലെ ബാലാക്കോട്ട് വ്യോമാക്രമണങ്ങൾക്കും ശേഷം, 2025 മെയ് മാസത്തിൽ 'ഓപ്പറേഷൻ സിന്ദൂർ' നടന്നു; ഒരൊറ്റ രാത്രിയിൽ ഒമ്പത് ഒളിത്താവളങ്ങളെ ലക്ഷ്യമിട്ടായിരുന്നു ഈ നടപടി. ഭീകരാക്രമണങ്ങളെ സൈനിക നടപടിയിലൂടെ നേരിടുമെന്നും, ഭീകരരും അവർക്ക് അഭയം നൽകുന്നവരും തമ്മിൽ യാതൊരു വ്യത്യാസവും കാണിക്കില്ലെന്നും ഈ നയം വ്യക്തമായി പ്രഖ്യാപിച്ചു.

19. അനുച്ഛേദം 370: ഒരു രാജ്യം, ഒരു ഭരണഘടന

ഏകദേശം 70 വർഷത്തോളമായി നിലവിലുണ്ടായിരുന്ന അനുച്ഛേദം 370, 2019-ൽ റദ്ദാക്കപ്പെട്ടു. രാഷ്ട്രപതിയുടെ ഉത്തരവ്, പാർലമെന്ററി പ്രമേയം, സംസ്ഥാന പുനഃസംഘടന നിയമം എന്നിവയെല്ലാം ഒരേ ദിവസം തന്നെ പാസാക്കുകയുണ്ടായി. 2023 ഡിസംബറിൽ സുപ്രീം കോടതി ഈ നടപടിക്രമങ്ങൾ ശരിവെക്കുകയും, 2024-ൽ നിയമസഭാ തെരഞ്ഞെടുപ്പുകൾ നടക്കുകയും ചെയ്തു.

20. അയോധ്യയിലെ ശ്രീരാമ ക്ഷേത്രം

അഞ്ച് നൂറ്റാണ്ടുകൾ നീണ്ട കാത്തിരിപ്പിനൊടുവിൽ, ക്ഷേത്രനിർമ്മാണത്തിനായി തർക്കഭൂമി വിട്ടുനൽകിക്കൊണ്ട് സുപ്രീം കോടതി ഉത്തരവിട്ടത് 2019 നവംബറിലാണ്. 2024 ജനുവരി 22-നായിരുന്നു പ്രാണപ്രതിഷ്ഠാ ചടങ്ങ് നടന്നത്, തുടർന്ന് 2025 നവംബറിൽ ധർമ്മധ്വജം ഉയർത്തിയതോടെ പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി.

21. റെയിൽവേ ട്രാക്കുകൾ ഇന്ത്യയുടെ വേഗത വർദ്ധിപ്പിക്കുന്നു

ചരക്ക് ഇടനാഴി പദ്ധതിക്ക് 2008-ൽ തന്നെ അനുമതി ലഭിച്ചിരുന്നെങ്കിലും, 2014 വരെ ഒരു കിലോമീറ്റർ ട്രാക്ക് പോലും നിർമ്മിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ അതിനുശേഷം, ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കും നിക്ഷേപങ്ങൾക്കും വലിയ വേഗത കൈവന്നു. മുൻപ് ചിലവഴിച്ച വെറും 4,000 കോടി രൂപയിൽ നിന്ന്, 45,000 കോടിയിലധികം രൂപയുടെ വൻ നിക്ഷേപം നടത്തിക്കൊണ്ട് ചരക്ക് ഗതാഗതത്തിന്റെ വേഗത ഗണ്യമായി വർദ്ധിപ്പിച്ചു.

22. 200 കോടി വാക്സിൻ ഡോസുകൾ

ഭാരത് ബയോടെക്-ഐസിഎംആർ സംയുക്തമായി വികസിപ്പിച്ച 'കോവാക്സിൻ', പൂനെയിൽ നിർമ്മിച്ച 'കോവിഷീൽഡ്' എന്നിവയുടെ ഉൽപ്പാദനത്തിന്റെ പിൻബലത്തോടെ, 2021 ജനുവരിയിൽ ആരംഭിച്ച വാക്സിനേഷൻ യജ്ഞം 200 കോടി ഡോസുകൾ എന്ന നാഴികക്കല്ല് പിന്നിട്ടു. വാക്സിൻ വിതരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ 'കോവിൻ' പ്ലാറ്റ്ഫോമാണ് ഏകോപിപ്പിച്ചത്; കൂടാതെ, ഇന്ത്യ ഏകദേശം 100 രാജ്യങ്ങളിലേക്ക് വാക്സിൻ വിതരണം ചെയ്യുകയും ചെയ്തു.

23. നദികളുടെ ഊർജ്ജം പ്രയോജനപ്പെടുത്തൽ

ബുന്ദേൽഖണ്ഡ് മേഖലയിലെ 1.1 ദശലക്ഷം ഹെക്ടർ സ്ഥലത്തേക്ക് ജലസേചന സൗകര്യം എത്തിക്കുക എന്ന ലക്ഷ്യത്തോടെ കെൻ-ബെത്വ പദ്ധതി 2024 ഡിസംബറിൽ ആരംഭിച്ചു. ജലപാതകൾ വഴിയുള്ള ചരക്കുഗതാഗതം 2013-14-ലെ 18 ദശലക്ഷം ടണ്ണിൽ നിന്ന് 2024-25-ൽ 145 ദശലക്ഷം ടണ്ണായി വർദ്ധിച്ചു. 2025 ഏപ്രിലിൽ നടന്ന പഹൽഗാം ആക്രമണത്തെത്തുടർന്ന് സിന്ധുജല കരാർ താൽക്കാലികമായി നിർത്തിവച്ചു.

24. റഷ്യ-ഉക്രെയ്ൻ യുദ്ധം

2022 ഫെബ്രുവരിയിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടതിനെത്തുടർന്ന്, 'ഓപ്പറേഷൻ ഗംഗ'യുടെ ഭാഗമായി 90 വിമാനങ്ങളിലായി 22,500 ഇന്ത്യക്കാരെ ഒഴിപ്പിച്ചു. റഷ്യൻ ക്രൂഡ് ഓയിലിന്റെ വിഹിതം 2 ശതമാനത്തിൽ നിന്ന് മൂന്നിലൊന്നായി വർധിച്ചെങ്കിലും, പണപ്പെരുപ്പം ഇരട്ട അക്കത്തിലെത്തിയില്ല.

25. പശ്ചിമേഷ്യൻ സംഘർഷം

2026 ഫെബ്രുവരി 28-ന് ശേഷം ഹോർമുസ് കടലിടുക്ക് അടച്ചത് ഊർജ്ജ വിതരണത്തെ പ്രതികൂലമായി ബാധിച്ചു; അസംസ്കൃത എണ്ണ ഇറക്കുമതിയുടെ പകുതിയും ഈ പാതയിലൂടെയായിരുന്നു നടന്നിരുന്നത് എന്നതായിരുന്നു അതിന് കാരണം. പ്രധാനമന്ത്രി നരേന്ദ്ര മോദി ടെഹ്റാനുമായും വാഷിംഗ്ടണുമായും ചർച്ചകൾ നടത്തി; ഇറക്കുമതി തീരുവയിലെ കുറവും വിതരണം തടസ്സമില്ലാതെ തുടർന്നതും മൂലം സമ്പദ്വ്യവസ്ഥ 7.8 ശതമാനം നിരക്കിൽ വളർച്ച കൈവരിച്ചു.



"ഭീകരവാദം പ്രചരിപ്പിക്കുന്നവർ ഇപ്പോൾ പ്രതിരോധത്തിലാണ്. പാകിസ്ഥാൻ എന്തെങ്കിലും തരത്തിലുള്ള വിധ്വംസക പ്രവർത്തനങ്ങളിൽ ഏർപ്പെടുകയാണെങ്കിൽ, ഇന്ത്യൻ സൈന്യം അവരുടെ സ്വന്തം അതിർത്തിക്കുള്ളിൽ കയറിത്തന്നെ അവരെ തിരിച്ചടിക്കുന്നു. ജമ്മു കശ്മീർ മുതൽ വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ വരെയുള്ള പ്രദേശങ്ങളിൽ ഇപ്പോൾ സമാധാനം നിലനിൽക്കുന്നു. മാവോയിസ്റ്റ് ഭീകരതയുടെയും നക്സലിസത്തിന്റെയും നട്ടെല്ല് ഒടിഞ്ഞിരിക്കുന്നു.

- നരേന്ദ്ര മോദി, പ്രധാനമന്ത്രി.

25 പരിഷ്കാരങ്ങൾ ഇന്ത്യയിലെ ഭരണപരിഷ്കാരങ്ങളുടെ ഒരു യുഗം

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സദ്ഭരണത്തിന്റെ 25 വർഷത്തെ പ്രയാണം ഇന്ത്യയിൽ പരിഷ്കാരങ്ങളുടെ ഒരു പുതിയ യുഗത്തിന് തുടക്കം കുറിച്ചിരിക്കുന്നു. ഈ കാലയളവിൽ, ഗുജറാത്ത് മുതൽ കേന്ദ്രം വരെയുള്ള ഭരണത്തിന്റെ വിവിധ മേഖലകളിൽ വരുത്തിയ സ്ഥാപനപരമായ മാറ്റങ്ങൾ പദ്ധതികളെയും നടപടിക്രമങ്ങളെയും പ്രവർത്തന രീതികളെയും പൂർണ്ണമായി പരിവർത്തനം ചെയ്തു. ജലമാനേജ്മെന്റ് മുതൽ ബാങ്കിംഗ് വരെയും, നികുതിയും തൊഴിലും മുതൽ വിദ്യാഭ്യാസവും ബഹിരാകാശവും വരെയും, നിയമ വ്യവസ്ഥകൾ മുതൽ സാമൂഹിക പരിഷ്കാരങ്ങൾ വരെയും നീളുന്ന ഈ നടപടികൾ ഭരണപരമായ ശൈലികളുടെ പരിവർത്തനത്തെ അതിന്റെ കേന്ദ്രബിന്ദുവാക്കി മാറ്റി...

ഗുജറാത്തിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ

1. ജലമേഖലയിലെ പരിഷ്കരണങ്ങൾ, 2003

വരൾച്ചാബാധിത പ്രദേശമായ ഗുജറാത്തിൽ തടയണകൾ, കുളങ്ങൾ, റീചാർജ് കിണറുകൾ, കനാലുകൾ എന്നിവയെല്ലാം ഒരു ഏകീകൃത പദ്ധതിയിലേക്ക് സംയോജിപ്പിച്ചു. 'സുജലാം സുഫലാം', 'സൗനി' തുടങ്ങിയ പദ്ധതികൾ ജലലഭ്യതയും ജലസേചന ശേഷിയും ഗണ്യമായി വർദ്ധിപ്പിച്ചു. 2019-ഓടെ 1.85 ലക്ഷത്തിലധികം തടയണകൾ ഇവിടെ നിർമ്മിക്കപ്പെടുകയുണ്ടായി.

2. നിർമ്മൽ ഗുജറാത്ത്, 2006

ശുചിത്വ പരിപാലനത്തിന്റെ ഉത്തരവാദിത്തം പഞ്ചായത്തുകൾ, സ്കൂളുകൾ, സ്ത്രീകളുടെ കൂട്ടായ്മകൾ, പ്രാദേശിക സ്ഥാപനങ്ങൾ എന്നിവയ്ക്ക് കൈമാറി. ഈ സമീപനമാണ് പിന്നീട് 'സ്വച്ഛ് ഭാരത് മിഷന്റെ' അടിസ്ഥാനമായി മാറിയത്.

3. നിക്ഷേപകർക്കായുള്ള ഏകജാലക സംവിധാനം - 2013

അനുമതികൾ വേഗത്തിലാക്കുന്നതിനായി ഒരു ഏകജാലക സംവിധാനം അവതരിപ്പിച്ചു, ഈ മാതൃകയാണ് പിന്നീട് ദേശീയ തലത്തിലേക്ക് വ്യാപിപ്പിച്ചത്. ഇന്ന്, ഇത് 32 കേന്ദ്ര മന്ത്രാലയങ്ങളെ 33 സംസ്ഥാനങ്ങളുമായും കേന്ദ്രഭരണ പ്രദേശങ്ങളുമായും ബന്ധിപ്പിക്കുന്നു.

4. ഗുജറാത്തിലെ തുറമുഖ വിപ്ലവം

തീരപ്രദേശങ്ങളെ വ്യവസായ അടിസ്ഥാന സൗകര്യങ്ങളായി വികസിപ്പിച്ചു. തുറമുഖങ്ങളെ റോഡ്, റെയിൽ, വൈദ്യുതി, വ്യവസായ ശൃംഖലകൾ എന്നിവയുമായി സംയോജിപ്പിച്ചു. മുന്ദ്ര, ഹസീറ, പിപാവവ് എന്നിവ ഈ വികസനത്തിന്റെ പ്രധാന ഉദാഹരണങ്ങളായി ഉയർന്നുവന്നു.



പണമിടപാടുകൾ, കൃഷി, മനുഷ്യ മൂലധനം

5. നേരിട്ടുള്ള ആനുകൂല്യ കൈമാറ്റം, 2014

ജൻ ധൻ, ആധാർ, മൊബൈൽ എന്നീ ത്രിശക്തി സംവിധാനത്തിലൂടെ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് ആനുകൂല്യങ്ങൾ എത്തിക്കാൻ തുടങ്ങി. 320 പദ്ധതികളിലായി 53 ലക്ഷം കോടിയിലധികം രൂപ ഇത്തരത്തിൽ കൈമാറ്റം ചെയ്യപ്പെടുകയും, ഇതിലൂടെ 5 ലക്ഷം കോടിയിലധികം രൂപയുടെ സാമ്പത്തിക ലാഭം രാജ്യത്തിന് നേടാൻ സാധിച്ചതായും കണക്കാക്കപ്പെടുന്നു.

6. വേപ്പ് പൂശിയ യൂറിയ, 2015

യൂറിയയിൽ വേപ്പിന്റെ ആവരണം നൽകിയത് കരിഞ്ചന്തയും വ്യാവസായിക ആവശ്യങ്ങൾക്കായുള്ള വഴിമാറ്റലും തടയുന്നതിന് സഹായിച്ചു. കർഷകർക്ക് യൂറിയയുടെ ലഭ്യത മെച്ചപ്പെടുകയും, ഗവൺമെന്റ് ഖജനാവിന് ഏകദേശം 10,000 കോടി രൂപയുടെ ലാഭം ഉണ്ടാവുകയും ചെയ്തു.

7. ദേശീയ വിദ്യാഭ്യാസ നയം, 2020

2020 ജൂലൈ 29-ന് അംഗീകരിക്കപ്പെട്ട ഈ നയം, 1968 മുതൽ നിലവിലുണ്ടായിരുന്ന 10+2 ഘടനയ്ക്ക് പകരം 5+3+3+4 എന്ന ചട്ടക്കൂട് നടപ്പിലാക്കി. പ്രീ-സ്കൂൾ വിദ്യാഭ്യാസം സ്കൂൾ വിദ്യാഭ്യാസ വ്യവസ്ഥയുടെ ഭാഗമാക്കുകയും, ആർട്സ്, സയൻസ്, കൊമേഴ്സ്, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്നിവ തമ്മിലുള്ള കർശനമായ വേർതിരിവുകൾ ഇല്ലാതാക്കുകയും ചെയ്തു

8. ദേശീയ മെഡിക്കൽ കമ്മീഷൻ നിയമം, 2019

മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ നിയന്ത്രണം ഒന്നിലധികം കൗൺസിലുകൾ അടങ്ങിയ സംവിധാനത്തിലേക്ക് മാറ്റി. മെഡിക്കൽ കോളേജുകളുടെ എണ്ണം 2014-ലെ 387-ൽ നിന്ന് 846-ആയി വർദ്ധിച്ചു. എംബിബിഎസ് സീറ്റുകൾ 51,348-ൽ നിന്ന് 1,39,864-ആയും, ബിരുദാനന്തര ബിരുദ സീറ്റുകൾ 30,191-ൽ നിന്ന് ഏകദേശം 86,360-ആയും വർദ്ധിച്ചു.







സമ്പദ്‌വ്യവസ്ഥയുടെ പുനരുജ്ജീവിപ്പിക്കൽ

9. ബാങ്കിംഗ് പരിഷ്കാരങ്ങൾ, 2014

ആസ്തി ഗുണനിലവാര പരിശോധന ബാങ്കുകളുടെ യഥാർത്ഥ അവസ്ഥ പുറത്തുകൊണ്ടുവന്നു. മൂലധന നിക്ഷേപം, ബാങ്കുകളുടെ ലയനം, പാപ്പരത്ത പരിഹാര നടപടികൾ എന്നിവയിലൂടെ ബാങ്കിംഗ് സംവിധാനം കൂടുതൽ ശക്തിപ്പെടുത്തപ്പെട്ടു.

10. ഉദാരമായ വിദേശ നിക്ഷേപ നയം, 2014

വിവിധ മേഖലകളിലെ വിദേശ നിക്ഷേപത്തിനുള്ള പരിധികളും നടപടിക്രമങ്ങളും ലഘൂകരിച്ചു. 2014-നും 2025-നും ഇടയിൽ ഇന്ത്യ 748.78 ബില്യൺ ഡോളറിന്റെ നേരിട്ടുള്ള വിദേശ നിക്ഷേപം ആകർഷിച്ചു.

11. ഫെമയും ആഗോള സാമ്പത്തിക സംയോജനവും

വിദേശനാണ്യം, വിദേശ വായ്പകൾ, വിദേശ നിക്ഷേപം, അതിർത്തി കടന്നുള്ള ഇടപാടുകൾ എന്നിവയുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ ലളിതമാക്കി, ഇത് നിയമാനുസൃതമായ ബിസിനസുകൾ നേരിട്ടിരുന്ന തടസ്സങ്ങൾ കുറച്ചു. ഇതോടെ ഇന്ത്യൻ കമ്പനികൾക്ക് വിദേശത്ത് ബിസിനസ്സ് നടത്തുന്നത് കൂടുതൽ എളുപ്പമായി മാറി.

12. ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്റ്റ്സി കോഡ് (IBC), 2016

പ്രതിസന്ധിയിലായ കമ്പനികളുടെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള ഒരു സംവിധാനം ഇതിലൂടെ അവതരിപ്പിച്ചു, ഇതിൽ പരിഹാര നടപടികളുടെ കേന്ദ്രബിന്ദുവായി കടം നൽകിയവരെ ആണ് പരിഗണിച്ചത്. 2026 മാർച്ചോടെ 1,419 കേസുകളിലെ പരിഹാര പ്ലാനുകൾക്ക് അംഗീകാരം നൽകുകയും, അതിലൂടെ ഏകദേശം 4.32 ലക്ഷം കോടി രൂപ തിരിച്ചുപിടിക്കാൻ സാധിക്കുകയും ചെയ്തു.

13. ജി.എസ്.ടി, 2017

കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ഒന്നിലധികം നികുതികൾക്ക് പകരം ഒരു ഏകീകൃത നികുതി വ്യവസ്ഥ നിലവിൽ വന്നു. ഇത് ഇന്ത്യയെ ഒരൊറ്റ വിപണിയാക്കി മാറ്റുകയും രജിസ്റ്റർ ചെയ്ത നികുതിദായകരുടെ എണ്ണത്തിലും നികുതി പിരിവിലും വലിയ വർദ്ധനവിന് കാരണമാകുകയും ചെയ്തു.

14. 2014ലെ ആദായ നികുതി പരിഷ്കാരങ്ങൾ

നികുതിയടയ്ക്കുന്നവരും ഉദ്യോഗസ്ഥരും തമ്മിലുള്ള നേരിട്ടുള്ള ഇടപെടൽ 'ഫേസ്‌ലെസ് അസസ്മെന്റ്' കുറച്ചു. പുതിയ നികുതി വ്യവസ്ഥയും 2025-ലെ ആദായ നികുതി നിയമങ്ങളും നികുതി നിരക്കുകളും നടപടിക്രമങ്ങളും ലളിതമാക്കി. 2025-ലെ ബജറ്റ് പ്രകാരം, 12.75 ലക്ഷം രൂപ വരെ ശമ്പള വരുമാനത്തിന് ആദായ നികുതി നൽകേണ്ടതില്ല.

15. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ പുതുക്കിയ നിർവചനം, 2020-ഉം 2025-ഉം

നിക്ഷേപം, വിറ്റുവരവ് എന്നിവയെ അടിസ്ഥാനമാക്കിയുള്ള സംയുക്ത മാനദണ്ഡങ്ങൾ ഉപയോഗിച്ചത് ചെറുകിട കമ്പനികളുടെ വളർച്ചാ തടസ്സങ്ങൾ കുറയ്ക്കാൻ സഹായിച്ചു. കമ്പനികൾക്ക് ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നില്ലെന്ന് ഉറപ്പാക്കുന്നതിനായി 2025-ൽ ഈ പരിധികൾ വീണ്ടും ഉയർത്തി.

16. ഉൽപ്പാദന-അധിഷ്ഠിത പ്രോത്സാഹന (PLI) പദ്ധതികൾ, 2020

ഉൽപ്പാദനത്തെയും വിൽപ്പനയെയും അടിസ്ഥാനമാക്കിയുള്ള ഒരു പ്രോത്സാഹന സംവിധാനം നടപ്പിലാക്കി. 2026 മാർച്ചിനുള്ളിൽ 2.40 ലക്ഷം കോടി രൂപയുടെ നിക്ഷേപം സമാഹരിക്കുകയും, ഉൽപ്പാദനം 20 ലക്ഷം കോടി രൂപ കവിയുകയും ചെയ്തു. 15.2 ലക്ഷം കോടി രൂപയുടെ കയറ്റുമതിയും രേഖപ്പെടുത്തി. ഇതോടൊപ്പം, ഏകദേശം 14 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു.

"ഇന്ത്യയുടെ നയപരമായ തീരുമാനങ്ങളിലെ ഊർജ്ജസ്വലതയും വേഗതയും ലോകത്തെ മറ്റ് രാജ്യങ്ങൾ നിരീക്ഷിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നുണ്ട്. അതുകൊണ്ടാണ് അവർ ഇന്ത്യയുമായുള്ള തങ്ങളുടെ പങ്കാളിത്തം ശക്തമാക്കുന്നത്. കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ നാൽപതോളം രാജ്യങ്ങളുമായാണ് വ്യാപാര കരാറുകൾ ഒപ്പുവെച്ചിട്ടുള്ളത്.

- നരേന്ദ്ര മോദി, പ്രധാനമന്ത്രി.



നിയമം, നീതി, ജീവിതസൗകര്യം

17. വാണിജ്യ കോടതികൾ, 2015

വാണിജ്യ തർക്കങ്ങൾ പരിഹരിക്കുന്നതിനായി പ്രത്യേക സംവിധാനവും കൃത്യമായ സമയപരിധികളും ഇലക്ട്രോണിക് നടപടിക്രമങ്ങളും ഏർപ്പെടുത്തി. നഗരങ്ങളിലെ തർക്കപരിഹാരത്തിന് ആവശ്യമായ സമയം വർഷങ്ങളിൽ നിന്ന് മാസങ്ങളായി കുറഞ്ഞു. നീതിന്യായ വകുപ്പിന്റെ കണക്കുകൾ പ്രകാരം, വിധി പ്രസ്താവിക്കാൻ എടുക്കുന്ന സമയം ഡൽഹിയിൽ 424 ദിവസമായും മുംബൈയിൽ 306 ദിവസമായും കുറഞ്ഞു.

18. കാലഹരണപ്പെട്ട നിയമങ്ങളും ജൻ വിശ്വാസ് നിയമവും റദ്ദാക്കൽ, 2023

2014 മുതൽ 1,500-ലധികം കേന്ദ്ര നിയമങ്ങൾ റദ്ദാക്കി. 183 വ്യവസ്ഥകൾ കുറ്റകരമല്ലാതാക്കിയതിലൂടെ, ചെറിയ സാങ്കേതിക വീഴ്ചകൾക്ക് സിവിൽ പിഴ ചുമത്തുന്ന രീതിയിലേക്ക് മാറ്റം വരുത്തി.

19. ഭാരതീയ ന്യായ സംഹിത, 2023

1860-ലെ ഇന്ത്യൻ ശിക്ഷാ നിയമത്തിന് പകരമായി കൊണ്ടുവന്ന ഭാരതീയ ന്യായ സംഹിത 2024 ജൂലൈ 1 മുതൽ പ്രാബല്യത്തിൽ വന്നു. ഇത് കൊളോണിയൽ മനോഭാവത്തിൽ നിന്നുള്ള മോചനത്തെ അടയാളപ്പെടുത്തുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് മുൻഗണന നൽകി. സംഘടിത കുറ്റകൃത്യങ്ങൾ, ഭീകരവാദം, ആൾക്കൂട്ട അക്രമങ്ങൾ എന്നിവ സംബന്ധിച്ച വ്യവസ്ഥകളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

20. തൊഴിൽ കോഡുകൾ, 2025

വേതനം, വ്യാവസായിക ബന്ധങ്ങൾ, സാമൂഹിക സുരക്ഷ, തൊഴിലിടങ്ങളിലെ സുരക്ഷ എന്നിവ ഉൾക്കൊള്ളുന്ന നാല് ചട്ടങ്ങൾ നടപ്പാക്കുകയും, കാലഹരണപ്പെട്ട 29 തൊഴിൽ നിയമങ്ങൾക്ക് പകരം ഇവ നിലവിൽ വരികയും ചെയ്തു. ഇത് നിയമപരമായ നടപടിക്രമങ്ങൾ ലളിതമാക്കുകയും ഗിഗ് തൊഴിലാളികളെയും പ്ലാറ്റ്ഫോം തൊഴിലാളികളെയും സാമൂഹിക സുരക്ഷയുടെ പരിധിയിൽ കൊണ്ടുവരികയും ചെയ്തു.

തന്ത്രപ്രധാന ശേഷികൾ

21. ബഹിരാകാശ മേഖലയിലെ പരിഷ്കാരങ്ങൾ, 2020

ബഹിരാകാശ പ്രവർത്തനങ്ങളിൽ സ്വകാര്യമേഖലയുടെ പങ്കാളിത്തത്തിന് വഴിയൊരുക്കി. ഇൻ-സ്പേസ് വഴി ഒരു സ്ഥാപനപരമായ ചട്ടക്കൂട് സ്ഥാപിക്കപ്പെട്ടു. 2026-ഓടെ ഏകദേശം 440 സ്റ്റാർട്ടപ്പുകൾ രജിസ്റ്റർ ചെയ്യുകയും, സ്വകാര്യ നിക്ഷേപം 618 ദശലക്ഷം ഡോളർ കവിയുകയും ചെയ്തു. 2026 ജൂലൈ 18-ന്, സ്കൈറൂട്ടിന്റെ വിക്രം-1 ശ്രീഹരിക്കോട്ടയിൽ നിന്ന് വിക്ഷേപിക്കുകയും ആദ്യ ശ്രമത്തിൽ തന്നെ ഭ്രമണപഥത്തിൽ എത്തുകയും ചെയ്തു.

22. പ്രതിരോധ പരിഷ്കാരങ്ങൾ, 2020

പ്രതിരോധ ഉൽപ്പാദനത്തിൽ 'ഡിസൈൻ ആൻഡ് മേക്ക് ഇൻ ഇന്ത്യ'യ്ക്ക് മുൻഗണന നൽകി. പ്രതിരോധ കയറ്റുമതി 2013-14 ലെ ഏകദേശം 680 കോടി രൂപയിൽ നിന്ന് 38,400 കോടിയിലധികം രൂപയായി ഉയർന്നു. ഒരുകാലത്ത് ആയുധങ്ങൾ ഇറക്കുമതി ചെയ്തിരുന്ന ഒരു രാജ്യം ഇപ്പോൾ ഒരു നിർമ്മാതാവായി മാറിയിരിക്കുന്നു.

23. സെമികണ്ടക്ടർ മിഷൻ, 2021

ചിപ്പ് നിർമ്മാണം, പാക്കേജിംഗ്, ഡിസൈൻ എന്നിവയുൾപ്പെടെയുള്ള മുഴുവൻ ആവാസവ്യവസ്ഥയും ഇന്ത്യയ്ക്കുള്ളിൽ തന്നെ വികസിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കി. ഏകദേശം 1.6 ലക്ഷം കോടി രൂപയുടെ പത്ത് പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു. വിവിധ മേഖലകളിൽ ഈ ശേഷി വളർത്തിയെടുക്കുന്നതിനായി ഗുജറാത്ത്, അസം, മറ്റ് സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലായി ഈ പദ്ധതികൾ നടപ്പാക്കുന്നു.

സാമൂഹിക പരിഷ്കാരങ്ങൾ

24. മുത്തലാഖ്, 2019

തൽക്ഷണ മുത്തലാഖ് അസാധുവാക്കുകയും ശിക്ഷാർഹമായ കുറ്റമാക്കുകയും ചെയ്തു. ജീവനാംശത്തിനും പ്രായപൂർത്തിയാകാത്ത കുട്ടികളുടെ സംരക്ഷണച്ചുമതലയ്ക്കുമായി വ്യവസ്ഥകളും കൊണ്ടുവന്നു. നിയമം നടപ്പാക്കി ഒരു വർഷത്തിനുള്ളിൽ, റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളിൽ 82 ശതമാനം കുറവുണ്ടായി. നിയമവ്യവസ്ഥയിൽ നിന്ന് ദീർഘകാലമായി അവഗണിക്കപ്പെട്ടിരുന്ന സ്ത്രീകൾക്ക് ഭരണഘടനാപരമായ സംരക്ഷണം ലഭിച്ചു.

25. വഖഫ് പരിഷ്കാരങ്ങൾ, 2025

വഖഫ് സ്വത്തുക്കളുമായി ബന്ധപ്പെട്ട അവകാശവാദങ്ങൾ സംബന്ധിച്ച അന്വേഷണത്തിനും അപ്പീൽ നൽകുന്നതിനുമുള്ള സംവിധാനം ശക്തിപ്പെടുത്തി. ഗവണ്മെന്റ് ഭൂമി ഉൾപ്പെടുന്ന അവകാശവാദങ്ങൾ മുതിർന്ന ഉദ്യോഗസ്ഥർ പരിശോധിക്കണമെന്ന വ്യവസ്ഥയും ഹൈക്കോടതിയിൽ അപ്പീൽ നൽകാനുള്ള മാർഗ്ഗവും അടങ്ങുന്ന ഒരു സംവിധാനം നിലവിൽ വന്നു. വഖഫ് അവകാശവാദങ്ങൾ ഇനിമുതൽ തെളിവുകളുടെ അടിസ്ഥാനത്തിലായിരിക്കും.





'പുതിയ ഇന്ത്യ'യിൽ നിർമ്മാണ മേഖലയ്ക്ക് പുത്തനുണർവ്

ഭരണനേതൃത്വത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പിന്നിട്ട 25 വർഷത്തെ പ്രയാണം 'ഇന്ത്യയുടെ വാസ്തുവിദ്യാ വിസ്മയങ്ങൾ' എന്ന് വിശേഷിപ്പിക്കാവുന്ന നിരവധി നേട്ടങ്ങളാൽ അടയാളപ്പെടുത്തപ്പെട്ടതാണ്. ഈ വർഷങ്ങളിൽ രാജ്യത്തുടനീളം നിർമ്മിക്കപ്പെട്ട നിരവധി ബൃഹദ് നിർമ്മിതികൾ ഇന്ത്യയുടെ വികസനപാതയിലെ പരിണാമത്തിന്റെ മനോഹര ചിത്രം വരച്ചുകാട്ടുന്നു. പാലങ്ങളും തുരങ്കങ്ങളും മുതൽ വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ, നഗര ഗതാഗത സംവിധാനങ്ങൾ, പാർലമെന്റ്, സ്മാരകങ്ങൾ, മ്യൂസിയങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ, സ്മാർട്ട് സിറ്റികൾ എന്നിവ വരെ-ഈ പദ്ധതികൾ കണക്റ്റിവിറ്റിയെയും സൗകര്യങ്ങളെയും പൈതൃകത്തെയും ഭാവിയെയും അടിമുടി മാറ്റിമറിച്ചു. ഇത് 'പുതിയ ഇന്ത്യ'യുടെ മഹത്തായ വാസ്തുവിദ്യാ, വികസന രൂപരേഖയിൽ നിർമ്മാണ മേഖലയ്ക്ക് ഒരു സുപ്രധാന പങ്ക് നൽകുന്നു.

1. **ബോഗിബീൽ, ഡോ. ഭൂപേൻ ഹസാരിക സേതു** - വടക്കു കിഴക്കൻ മേഖലയ്ക്ക് തന്ത്രപ്രധാനമായ കണക്റ്റിവിറ്റി: ബ്രഹ്മപുത്ര നദിക്ക് കുറുകെയുള്ള 4.94 കിലോമീറ്റർ നീളമുള്ള ബോഗിബീൽ പാലം ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ സംയോജിത റെയിൽ-റോഡ് പാലമാണ്. 2018 ഡിസംബർ 25-ന് ഉദ്ഘാടനം ചെയ്ത ഈ പാലം ദിബ്രുഗഢിനും ഇറ്റാനഗറിനും ഇടയിലുള്ള റോഡ് ദൂരം 150 കിലോമീറ്ററും റെയിൽ ദൂരം ഏകദേശം 200 കിലോമീറ്ററും കുറച്ചു. അതേ സമയം, 9.15 കിലോമീറ്റർ നീളമുള്ള ഡോ. ഭൂപേൻ ഹസാരിക സേതു അപ്പർ അസമിനും കിഴക്കൻ അരുണാചൽ പ്രദേശിനും ഇടയിൽ സ്ഥിരമായ റോഡ് ബന്ധം സ്ഥാപിക്കുകയും, അന്തർസംസ്ഥാന യാത്രാദൂരം ഏകദേശം 165 കിലോമീറ്റർ കുറയ്ക്കുകയും ചെയ്തു. രണ്ട് പാലങ്ങളും സൈനിക നീക്കങ്ങൾ സുഗമമാക്കുന്ന രീതിയിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

2. **അടൽ സേതുവും സുദർശൻ സേതുവും** സമുദ്ര കണക്റ്റിവിറ്റിയിലെ പുതിയ മാനങ്ങൾ: മുംബൈയിലെ 21.8 കിലോമീറ്റർ നീളമുള്ള, ആറുവരിപ്പാതയായ അടൽ ബിഹാരി വാജ്പേയി സെവ്രി-നവ ഷേവ അടൽ സേതു ഇന്ത്യയിലെ ഏറ്റവും നീളമേറിയ പാലവും ഏറ്റവും നീളമേറിയ കടൽപ്പാലവുമാണ്. ഇത് സെവ്രിക്കും നവ ഷേവയ്ക്കും ഇടയിലുള്ള യാത്രാസമയം ഏകദേശം രണ്ട് മണിക്കൂറിൽ നിന്ന് വെറും 20 മിനിറ്റായി കുറച്ചു. ഗുജറാത്തിലെ 2.32 കിലോമീറ്റർ നീളമുള്ള സുദർശൻ സേതു ഇന്ത്യയിലെ ഏറ്റവും നീളമേറിയ കേബിൾ സ്റ്റേയ്ഡ് പാലമാണ്, ഇത് ബെയ്റ്റ് ദ്വാരകയിലേക്ക് സ്ഥിരമായ റോഡ് ബന്ധം നൽകുന്നു. ഇതിന്റെ നടപ്പാതകളിൽ ഭഗവദ്ഗീതയിലെ ശ്ലോകങ്ങൾ ആലേഖനം ചെയ്തിട്ടുണ്ട്, കൂടാതെ പാലത്തിന്റെ ഡെക്കിൽ ഏകദേശം 1 മെഗാവാട്ട് ശേഷിയുള്ള സോളാർ പാനലുകൾ സ്ഥാപിച്ചിട്ടുണ്ട്.

3. **ചെനാബും അഞ്ജി ഖാദും:** കശ്മീർ റെയിൽ ശൃംഖലയുടെ ജീവനാഡി: നദീതടത്തിൽ നിന്ന് 359 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്നതും 1,315 മീറ്റർ നീളമുള്ളതുമായ ചെനാബ് റെയിൽ പാലം ലോകത്തിലെ ഏറ്റവും ഉയരം കൂടിയ റെയിൽവേ ആർച്ച് പാലമാണ്. 2025 ജൂൺ 6-ന് ഇത് ഉദ്ഘാടനം ചെയ്തതോടെ, കശ്മീർ റെയിൽ പാതയിലെ അതീവ ദുഷ്കരമായ ഒരു ഭാഗത്തിന്റെ കണക്റ്റിവിറ്റി പൂർത്തിയായി. ഇന്ത്യയിലെ ആദ്യത്തെ കേബിൾ സ്റ്റേയ്ഡ് റെയിൽവേ പാലമായ അഞ്ജി ഖാദ് പാലവും ഇതേ ദിവസം തന്നെയാണ് കമ്മീഷൻ ചെയ്തത്. 725 മീറ്റർ നീളമുള്ള ഈ പാലത്തിൽ 193 മീറ്റർ ഉയരമുള്ള Y- ആകൃതിയിലുള്ള പൈലോണാണുള്ളത്.

4. **പുതിയ പാമ്പൻ പാലം:** കടലിനു മുകളിലൂടെയുള്ള ആധുനിക റെയിൽ കണക്റ്റിവിറ്റി: ഇന്ത്യയിലെ ആദ്യത്തെ വെർട്ടിക്കൽ-ലിഫ്റ്റ് റെയിൽവേ കടൽപ്പാലം രാമേശ്വരത്തേക്കുള്ള റെയിൽ കണക്റ്റിവിറ്റി പുനഃസ്ഥാപിച്ചു. 550 കോടി രൂപ ചെലവിൽ നിർമ്മിച്ച ഈ പാലത്തിൽ 17 മീറ്റർ വരെ ഉയർത്താൻ കഴിയുന്ന 72.5 മീറ്റർ നീളമുള്ള നാവിഗേഷൻ സ്പാൻ ഉൾപ്പെടുന്നു. സമുദ്രാന്തരീക്ഷത്തിൽ നിന്ന് ദീർഘകാല സംരക്ഷണം ഉറപ്പാക്കുന്നതിനായി പ്രത്യേക കോട്ടിംഗുള്ള സ്റ്റെയിൻലെസ്സ് സ്റ്റീൽ റീഇൻഫോഴ്സ്മെന്റും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

5. **അടൽ തുരങ്കവും സേലാ തുരങ്കവും:** അതിർത്തി പ്രദേശങ്ങൾക്ക് വർഷം മുഴുവൻ കണക്റ്റിവിറ്റി: 9.02 കിലോമീറ്റർ നീളമുള്ള അടൽ തുരങ്കം ലാഹോൾ-സ്പിറ്റിയിലേക്ക് വർഷം മുഴുവൻ കണക്റ്റിവിറ്റി നൽകുകയും മണാലിക്കും സർച്ചുവിനും ഇടയിലുള്ള ദൂരം 46 കിലോമീറ്റർ കുറയ്ക്കുകയും ചെയ്തു. കനത്ത മഞ്ഞുവീഴ്ചയ്ക്ക് സാധ്യതയുള്ള പാതയിൽ തവാങ്ങിലേക്ക് എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാവുന്ന കണക്റ്റിവിറ്റി സേലാ തുരങ്കം ഉറപ്പാക്കുന്നു. ഈ തുരങ്കത്തിന് 1,555 മീറ്റർ നീളമുണ്ട്, ഇതിന് പുറമെ 8.6 കിലോമീറ്റർ അപ്രോച്ച് റോഡുകളും ഇതിന് അനുബന്ധമായി ഒരുക്കിയിരിക്കുന്നു.



6. **കെംപെഗൗഡ, ഗുവാഹത്തി വിമാനത്താവളങ്ങൾ** - വ്യോമയാന ശേഷി വിപുലീകരിക്കുന്നു: ബെംഗളൂരുവിലെ ടെർമിനൽ-2 വിമാനത്താവളത്തിൽ പ്രതിവർഷം കൈകാര്യം ചെയ്യാവുന്ന യാത്രക്കാരുടെ എണ്ണം ഏകദേശം 2.5 കോടിയിൽ നിന്ന് 5-6 കോടിയായി ഉയർത്തിയിട്ടുണ്ട്. ഗ്രീൻ വാൾ, തൂക്കു പൂന്തോട്ടങ്ങൾ, ഔട്ട്ഡോർ ഗാർഡനുകൾ എന്നിവയാണ് ഇതിന്റെ പ്രധാന സവിശേഷതകൾ. അതേസമയം, ഗുവാഹത്തിയിലെ പുതിയ ടെർമിനലിന്റെ യാത്രക്കാരെ കൈകാര്യം ചെയ്യാനുള്ള ശേഷി 34 ലക്ഷത്തിൽ നിന്ന് 1.3 കോടിയിലധികമായി വർദ്ധിപ്പിച്ചു. ഏകദേശം 140 മെട്രിക് ടൺ മുളയും ഏതാണ്ട് ഒരു ലക്ഷം തദ്ദേശീയ സസ്യങ്ങളും ഉൾക്കൊള്ളുന്ന ഒരു 'സ്കൈ ഫോറസ്റ്റ്' ആണ് പുതിയ ടെർമിനലിന്റെ പ്രധാന സവിശേഷത.

7. **ജേവാർ അന്താരാഷ്ട്ര വിമാനത്താവളം** എൻ.സി.ആറിന്റെ രണ്ടാമത്തെ പ്രധാന വ്യോമയാന കവാടം: 11,200 കോടി രൂപ ചെലവ് വരുന്ന ആദ്യ ഘട്ടം 2026 മാർച്ച് 28-ന് ഉദ്ഘാടനം ചെയ്തു. ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാനത്താവളത്തിലെ വർദ്ധിച്ചുവരുന്ന തിരക്ക് ലഘൂകരിക്കാനും പടിഞ്ഞാറൻ ഉത്തർപ്രദേശിന്റെ വ്യോമ കണക്റ്റിവിറ്റി ആവശ്യങ്ങൾ നിറവേറ്റാനും ഇത് ലക്ഷ്യമിടുന്നു. പൂർണ്ണമായി വികസിപ്പിച്ചുകഴിഞ്ഞാൽ, ഇന്ത്യയിലെ ഏറ്റവും വലിയ വിമാനത്താവളങ്ങളിൽ ഒന്നായി ഇത് മാറും.

8. **വിഴിഞ്ഞം തുറമുഖം - ഇന്ത്യയുടെ സമുദ്ര ട്രാൻസ്ഷിപ്പ്മെന്റ് ഹബ്:** 2025 മെയ് 2-ന് ഉദ്ഘാടനം ചെയ്യപ്പെട്ട വിഴിഞ്ഞം തുറമുഖം, ഇന്ത്യയിലെ ആദ്യത്തെ സമർപ്പിത കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖവും ആദ്യത്തെ സെമി-ഓട്ടോമേറ്റഡ് ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖവുമാണ്. ഏകദേശം 20 മീറ്ററോളം വരുന്ന ഇതിന്റെ സ്വാഭാവിക ആഴം വലിയ ചരക്കുകപ്പലുകൾക്ക് ഇവിടെ നങ്കൂരമിടാൻ സൗകര്യമൊരുക്കുന്നു. നിലവിൽ വിദേശ തുറമുഖങ്ങളിൽ കൈകാര്യം ചെയ്യുന്ന ട്രാൻസ്ഷിപ്പ്മെന്റ് പ്രവർത്തനങ്ങൾ ഇന്ത്യയിലേക്ക് കൊണ്ടുവരാനും അതുമായി ബന്ധപ്പെട്ട വരുമാനം രാജ്യത്തിനകത്ത് തന്നെ നിലനിർത്താനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

9. **കൊച്ചി വാട്ടർ മെട്രോയും നമോ ഭാരതും** നഗര ഗതാഗതത്തിന്റെ പുതിയ മാതൃകകൾ: കൊച്ചി വാട്ടർ മെട്രോ ഇന്ത്യയിലെ ആദ്യത്തെ വാട്ടർ മെട്രോ സംവിധാനമാണ്. 78 ബാറ്ററി-ഇലക്ട്രിക് ഹൈബ്രിഡ് ബോട്ടുകൾ അടങ്ങുന്ന ഒരു നിര 15 റൂട്ടുകളിലായി 38 ടെർമിനലുകളെ ബന്ധിപ്പിക്കുന്നു. ഇത്രയും വിപുലമായ തോതിൽ ബാറ്ററി ഊർജ്ജത്തിൽ പ്രവർത്തിക്കുന്ന ലോകത്തിലെ ആദ്യത്തെ വാട്ടർ-മെട്രോ ശൃംഖലയാണിത്. അതേസമയം, 82.15 കിലോമീറ്റർ നീളമുള്ള ഡൽഹി-ഗാസിയാബാദ്-മീററ്റ് നമോ ഭാരത് ആർ.ആർ.ടി.എസ് പരമാവധി 180 കിലോമീറ്റർ വേഗതയിൽ സഞ്ചരിക്കാൻ കഴിയുന്ന തരത്തിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.



10. **നമോ ഘട്ടും വാരാണസി മൾട്ടി-മോഡൽ ടെർമിനലും** നദീ അധിഷ്ഠിത കണക്റ്റിവിറ്റി: 95 കോടി രൂപ ചെലവിൽ വികസിപ്പിച്ച നമോ ഘട്ടിൽ വ്യൂവിംഗ് ഡെക്കുകൾ, കഫറ്റീരിയകൾ, പൈതൃക ചുവർച്ചിത്രങ്ങൾ, ക്രൂയിസ് ബെർത്തുകൾ എന്നിവ സജ്ജീകരിച്ചിരിക്കുന്നു. ദേശീയ ജലപാത-1-ലെ ഇത്തരത്തിലുള്ള ആദ്യത്തേതാണ് വാരാണസി മൾട്ടി-മോഡൽ ടെർമിനൽ. 1,500 മുതൽ 2,000 ടൺ വരെ ശേഷിയുള്ള യാനങ്ങൾ കൈകാര്യം ചെയ്യാൻ ഇതിന് കഴിയും. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ ആദ്യത്തെ ഉൾനാടൻ ജലപാത കണ്ടെയ്നർ സർവീസ് ആരംഭിച്ചത് ഇവിടെ നിന്നാണ്.

11. **സ്വർണിം സങ്കുലും പുതിയ പാർലമെന്റ് മന്ദിരവും** സദ്ഭരണത്തിനായുള്ള പുതിയ സമുച്ചയങ്ങൾ: വിവിധ സംസ്ഥാന വകുപ്പുകളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും, പങ്കിട്ട സേവനങ്ങളും ഭരണപരമായ പ്രവർത്തനങ്ങളും സുഗമമാക്കുന്നതിനുമുള്ള ഒരു സംരംഭമായിരുന്നു ഗാന്ധിനഗറിലെ സ്വർണിം സങ്കുൽ. ന്യൂഡൽഹിയിലെ പുതിയ പാർലമെന്റ് മന്ദിരത്തിന്റെ ത്രികോണാകൃതിയിലുള്ള സമുച്ചയത്തിൽ ലോക്സഭയ്ക്കായി 888 സീറ്റുകളും രാജ്യസഭയ്ക്കായി 384 സീറ്റുകളും ഒരുക്കിയിരിക്കുന്നു. 2023 മെയ് 28-ന് ഉദ്ഘാടനം ചെയ്ത ഈ മന്ദിരത്തിൽ രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ഉള്ളടക്കങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ ചെങ്കോലും ഇതിൽ സ്ഥാപിച്ചിരിക്കുന്നു.

12. **സെൻട്രൽ വിസ്ത:** കർത്തവ്യ പഥ്, കർത്തവ്യ ഭവൻ, സേവാ തീർത്ഥ്: 19 മാസം കൊണ്ട് പുനർവികസിപ്പിച്ച കർത്തവ്യ പഥ് 2022 സെപ്റ്റംബർ 8-ന് ഉദ്ഘാടനം ചെയ്തു. കർത്തവ്യ ഭവൻ-3, സേവാ തീർത്ഥ് എന്നിവയുടെ ഉദ്ഘാടനത്തോടെ, മുൻപ് വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിച്ചിരുന്ന വിവിധ മന്ത്രാലയങ്ങളെ ഒരു പൊതു സെക്രട്ടേറിയറ്റ് സമുച്ചയത്തിലേക്ക് ഏകീകരിക്കുന്ന പ്രക്രിയ ആരംഭിച്ചു. പരമ്പരാഗത കെട്ടിടങ്ങളെ അപേക്ഷിച്ച് 30 ശതമാനം കുറവ് ഊർജ്ജം മാത്രം ഉപയോഗിക്കുന്ന രീതിയിലാണ് കർത്തവ്യ ഭവൻ-3 രൂപകൽപ്പന ചെയ്തിരിക്കുന്നത്.

13. **സ്റ്റാച്യു ഓഫ് യൂണിറ്റി:** ദേശീയ ചൈതന്യത്തിന്റെ മഹത്തായ പ്രതീകം: 182 മീറ്റർ ഉയരമുള്ള ഇത് ലോകത്തിലെ ഏറ്റവും ഉയരം കൂടിയ പ്രതിമയാണ്. 2018 ഒക്ടോബർ 31-ന് ഉദ്ഘാടനം ചെയ്യപ്പെട്ട ഇതിന്റെ ഉയരം ഗുജറാത്ത് നിയമസഭയിലെ 182 സീറ്റുകളെ പ്രതിഫലിപ്പിക്കുന്നു. പഴയ കാർഷിക ഉപകരണങ്ങളിൽ നിന്ന് ശേഖരിച്ച ഇരുമ്പ് അയച്ചുകൊണ്ട് രാജ്യത്തുടനീളമുള്ള കർഷകർ പൊതുജന പങ്കാളിത്തത്തിലൂടെ ഈ പദ്ധതിയിലേക്ക് സംഭാവന നൽകി.



14. ദേശീയ യുദ്ധസ്മാരകവും ദേശീയ പോലീസ് സ്മാരകവും ത്യാഗങ്ങളെ അനുസ്മരിക്കുന്നു: സ്വാതന്ത്ര്യാനന്തരം രാജ്യത്തിനായി പരമോന്നത ത്യാഗം ചെയ്ത സൈനികർക്കായി സമർപ്പിക്കപ്പെട്ട ഇന്ത്യയിലെ ആദ്യത്തെ ദേശീയ സ്മാരകമാണ് ദേശീയ യുദ്ധസ്മാരകം. ഇതിൽ 25,942 സൈനികരുടെ പേരുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഡ്യൂട്ടിക്കിടെ വീരമൃത്യു വരിച്ച പോലീസ് ഉദ്യോഗസ്ഥർക്കായി സമർപ്പിക്കപ്പെട്ട ആദ്യത്തെ ദേശീയ സ്മാരകമാണ് ദേശീയ പോലീസ് സ്മാരകം. വീരമൃത്യു വരിച്ച ഉദ്യോഗസ്ഥരുടെ പേരുകൾ ഇതിന്റെ 'ധീരതാ മതിലിൽ' ആലേഖനം ചെയ്തിട്ടുണ്ട്.

15. സ്മൃതിവനവും ജാലിയൻവാലാബാഗും ദാരുണമായ ചരിത്രത്തിന്റെ ഓർമ്മപ്പെടുത്തലുകൾ: ഭുജിലെ 470 ഏക്കറിലധികം വിസ്തൃതിയിൽ വികസിപ്പിച്ച സ്മൃതിവനിൽ ഭൂകമ്പത്തിൽ മരണമടഞ്ഞ 13,000-ത്തിലധികം ആളുകളുടെ പേരുകൾ, മൂന്ന് ലക്ഷത്തിലധികം മരങ്ങൾ ഉൾക്കൊള്ളുന്ന മിയാവാക്കി വനം, 5D സീസ്മിക് സിമുലേറ്റർ എന്നിവ ഉൾപ്പെടുന്നു. പുനർവികസിപ്പിച്ച ജാലിയൻവാലാബാഗ് സമുച്ചയത്തിൽ, ജനറൽ ഡയറുടെ സൈന്യം പ്രവേശിച്ച വഴി ശില്പങ്ങളിലൂടെ ചിത്രീകരിച്ചിരിക്കുന്നു, കൂടാതെ പുതിയ ഗാലറികളും ശബ്ദ-വെളിച്ച പ്രദർശനവും ഇതിലേക്ക് പുതുതായി കൂട്ടിച്ചേർത്തിട്ടുണ്ട്.

16. നളന്ദ സർവ്വകലാശാല വിജ്ഞാന പാരമ്പര്യത്തിന്റെ ആധുനിക തുടർച്ച: 455 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന പുതിയ കാമ്പസ് 2024 ജൂൺ 19-ന് ഉദ്ഘാടനം ചെയ്യപ്പെട്ടു. സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്നതും നെറ്റ്-സീറോ കാർബൺ പുറന്തള്ളൽ ലക്ഷ്യമിടുന്നതുമായ ഈ കാമ്പസിൽ 2,000 സീറ്റുകളുള്ള ആംഫി തിയേറ്ററും 100 ഏക്കറിലധികം വിസ്തൃതിയുള്ള 'കമൽ സാഗറും' സജ്ജീകരിച്ചിരിക്കുന്നു. മഴവെള്ള സംഭരണത്തിനായി ബിഹാറിലെ പരമ്പരാഗത 'ആഹാർ-പൈൻ' സംവിധാനമാണ് ഇവിടെ പ്രയോജനപ്പെടുത്തിയിരിക്കുന്നത്.

17. പ്രധാനമന്ത്രി സംഗ്രഹാലയം, ദണ്ഡി കുടീർ ആധുനിക അവതരണത്തിലൂടെ ചരിത്രം: പ്രധാനമന്ത്രി സംഗ്രഹാലയം 2022 ഏപ്രിൽ 14-ന് തുറന്നു. ഇന്ത്യയിലെ എല്ലാ പ്രധാനമന്ത്രിമാർക്കുമായി സമർപ്പിക്കപ്പെട്ട ആദ്യത്തെ മ്യൂസിയമാണിത്. സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ പ്രയാണം ഹോളോഗ്രാമുകളിലൂടെയും സംവേദനാത്മക മുറികളിലൂടെയും ഇവിടെ അവതരിപ്പിച്ചിരിക്കുന്നു. ദണ്ഡി കുടീറിൽ, 41 മീറ്റർ ഉയരമുള്ള കോണാകൃതിയിലുള്ള താഴികക്കുടത്തിനുള്ളിൽ 3D മാപ്പിംഗ്, ഹോളോഗ്രാഫി, 360-ഡിഗ്രി പ്രൊജക്ഷൻ എന്നിവ ഉപയോഗിച്ച് മഹാത്മാഗാന്ധിയുടെ ജീവിതം അവതരിപ്പിച്ചിട്ടുണ്ട്.



18. ഗോത്രവർഗ സ്വാതന്ത്ര്യസമര സേനാനികളുടെ മ്യൂസിയങ്ങളും ദേശീയ സമുദ്ര പൈതൃക സമുച്ചയവും: സ്വാതന്ത്ര്യ സമരത്തിൽ ഗോത്ര സമൂഹങ്ങൾ നൽകിയ സംഭാവനകൾക്കായി സമർപ്പിക്കപ്പെട്ട, ദേശീയ മ്യൂസിയം പദ്ധതിക്ക് കീഴിൽ വിഭാവനം ചെയ്ത 11 മ്യൂസിയങ്ങളിൽ നാലെണ്ണം 2026-ഓടെ ഉദ്ഘാടനം ചെയ്യപ്പെടാൻ ഒരുങ്ങുന്നു. ഇതിൽ ആദ്യത്തേത് റാഞ്ചിയിലെ പഴയ സെൻട്രൽ ജയിലിലാണ് സ്ഥിതി ചെയ്യുന്നത്. നിലവിൽ ലോഥലിൽ വികസിപ്പിച്ചുകൊണ്ടിരിക്കുന്ന ദേശീയ സമുദ്ര പൈതൃക സമുച്ചയം, ഇന്ത്യയുടെ 4,500 വർഷം പഴക്കമുള്ള സമുദ്ര ചരിത്രത്തിനായി സമർപ്പിച്ചിട്ടുള്ളതാണ്.

19. മഹാത്മാ മന്ദിർ, ഭാരത് മണ്ഡപം, യശോഭൂമി സമ്മേളന ശേഷി വിപുലീകരിക്കുന്നു:ഗാന്ധിനഗറിലെ മഹാത്മാ മന്ദിർ ഏകദേശം 40 ഏക്കർ വിസ്തൃതിയിൽ പരന്നുകിടക്കുന്നു. ഇതിന്റെ പ്രധാന ഓഡിറ്റോറിയത്തിന് 6,000 ആളുകളെ ഉൾക്കൊള്ളാനുള്ള ശേഷിയുണ്ട്. ഭാരത് മണ്ഡപത്തിൽ 7,000 പേർക്കുള്ള ഓഡിറ്റോറിയവും 3,000 പേർക്ക് ഇരിക്കാവുന്ന ആംഫി തിയേറ്ററും സജ്ജീകരിച്ചിരിക്കുന്നു. യശോഭൂമിയിൽ 1.07 ലക്ഷം ചതുരശ്ര മീറ്ററിലധികം വിസ്തൃതിയുള്ള എക്സിബിഷൻ ഏരിയയും 11,000-ത്തിലധികം പ്രതിനിധികളെ ഉൾക്കൊള്ളാൻ ശേഷിയുള്ള കോൺഫറൻസ് റൂമുകളുമുണ്ട്.

20. രുദ്രാക്ഷും നരേന്ദ്ര മോദി സ്റ്റേഡിയവും സംസ്കാരം മുതൽ കായികം വരെ: വാരാണസിയിലെ രുദ്രാക്ഷ് ഇന്റർനാഷണൽ കോഓപ്പറേഷൻ ആൻഡ് കൺവെൻഷൻ സെന്റർ ശിവലിംഗത്തിന്റെ ആകൃതിയിലുള്ളതും 108 അലുമിനിയം രുദ്രാക്ഷ രൂപങ്ങളാൽ അലങ്കരിക്കപ്പെട്ടതുമാണ്. ഏകദേശം 1,200 പേർക്ക് ഇരിക്കാൻ ശേഷിയുള്ള ഇത്, ഇന്ത്യയും ജപ്പാനും തമ്മിലുള്ള വാസ്തുവിദ്യാ-സാങ്കേതിക പങ്കാളിത്തത്തിന്റെ തെളിവായി നിലകൊള്ളുന്നു. അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയം ലോകത്തിലെ ഏറ്റവും വലിയ ക്രിക്കറ്റ് സ്റ്റേഡിയമാണ്, ഏകദേശം 1,32,000 കാണികളെ ഉൾക്കൊള്ളാനുള്ള ശേഷി ഇതിനുണ്ട്.

21. സബർമതി റിവർഫ്രണ്ടും കാങ്കരിയ തടാകവും നഗരങ്ങളിലെ പൊതു ഇടങ്ങൾക്ക് പുനരുജ്ജീവനം: സബർമതി റിവർഫ്രണ്ട് പദ്ധതി 11.25 കിലോമീറ്റർ നീളമുള്ള പൊതു ജനങ്ങൾക്കായുള്ള റിവർഫ്രണ്ട് സൃഷ്ടിക്കുന്നതിനായി ഏകദേശം 205 ഹെക്ടർ പ്രദേശം പുനർവികസിപ്പിക്കുന്നതിൽ ഉൾപ്പെടുന്നു. പട്ടത്തിന്റെ മാതൃകയിൽ രൂപകൽപ്പന ചെയ്ത 300 മീറ്റർ നീളമുള്ള അടൽ കാൽനടപ്പാലമാണ് ഇവിടുത്തെ ഒരു പ്രധാന ആകർഷണം. വിവിധ വിനോദ സൗകര്യങ്ങളോടെ 2.3 കിലോമീറ്റർ ലേക്ക്ഫ്രണ്ട് സൃഷ്ടിക്കുന്നതിനായി 15-ാം നൂറ്റാണ്ടിലെ കാങ്കരിയ തടാകവും പുനർവികസിപ്പിച്ചു.



22. കാശി വിശ്വനാഥ് ധാമും മഹാകാൽ ലോകും തീർത്ഥാടന അനുഭവത്തെ പരിവർത്തനം ചെയ്യുന്നു: കാശി വിശ്വനാഥ് ധാമിൽ, 23 കെട്ടിടങ്ങൾ ഇപ്പോൾ ലളിതാ ഘട്ടിനെ ക്ഷേത്രവുമായി ബന്ധിപ്പിക്കുന്നു, ഇത് ഗംഗാനദിയിൽ നിന്ന് ശ്രീകോവിലിലേക്കുള്ള യാത്ര സുഗമമാക്കുന്നു. ഏകദേശം 900 മീറ്റർ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന ഉജ്ജൈനിലെ മഹാകാൽ ലോക്, പരമശിവന്റെ ആനന്ദ താണ്ഡവം ചിത്രീകരിക്കുന്ന ഭാവങ്ങൾ കൊത്തിവെച്ച 108 കൽത്തൂണുകളാൽ അലങ്കരിച്ചിരിക്കുന്നു.

23. കേദാർനാഥ്, സോമനാഥ്, അംബാജി പൈതൃകവും വികസനവും എന്ന മന്ത്രം ഉൾക്കൊണ്ട് : 2013-ലെ പ്രളയത്തെത്തുടർന്ന്, കേദാർനാഥിൽ ദുരന്തങ്ങളെ അതിജീവിക്കാൻ ശേഷിയുള്ള പുനർവികസന പ്രവർത്തനങ്ങൾ നടന്നു. ഇതിൽ ആദിശങ്കരാചാര്യരുടെ 35 ടൺ ഭാരമുള്ള പ്രതിമ സ്ഥാപിച്ചതും ഉൾപ്പെടുന്നു. സോമനാഥിൽ 1.48 കിലോമീറ്റർ നീളമുള്ള 'സമുദ്ര ദർശൻ പഥ്', ഒരു പ്രത്യേക ഗാലറി, പഴയ ക്ഷേത്ര പരിസരത്തിന്റെ പുനർവികസനം എന്നിവ നടപ്പാക്കി. അംബാജിയിൽ, 1,632 കോടി രൂപ ചെലവ് വരുന്ന ശക്തി കോറിഡോർ പദ്ധതി ക്ഷേത്രം, ഗബ്ബാർ കുന്ന്, മാനസരോവർ എന്നിവയെ പരസ്പരം ബന്ധിപ്പിക്കുന്നതിനൊപ്പം പാർക്കിംഗ് സൗകര്യങ്ങൾ, അണ്ടർപാസുകൾ, തീർത്ഥാടക കേന്ദ്രങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ വികസിപ്പിക്കാനും ലക്ഷ്യമിടുന്നു.

24. ത്രിപുര സുന്ദരിയും ശ്രീരാമ ജന്മഭൂമി ക്ഷേത്രവും പാരമ്പര്യവും നവോത്ഥാനവും: മാ ത്രിപുര സുന്ദരി ക്ഷേത്രത്തിന് സമീപമുള്ള '51 ശക്തിപീഠ പാർക്കിൽ' ശക്തിപീഠങ്ങളുടെ പകർപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. അയോധ്യയിലെ ശ്രീരാമ ജന്മഭൂമി ക്ഷേത്രത്തിന്റെ പ്രാണപ്രതിഷ്ഠ 2024 ജനുവരി 22-ന് നടന്നു. ക്ഷേത്രത്തിന്റെ പ്രധാന ഭാരവാഹക ഘടന പൂർണ്ണമായും ഇരുമ്പ് രഹിതമാണ്. പരമ്പരാഗത കരകൗശലവിദ്യയും അതോടൊപ്പം അതിമനോഹരമായ ശിലാനിർമ്മാണ വൈദഗ്ധ്യവും ഇതിൽ സംയോജിപ്പിച്ചിരിക്കുന്നു.

25. ഗിഫ്റ്റ് സിറ്റി, ധോലേര, ചരങ്ക ഭാവിയുടെ സമ്പദ്‌വ്യവസ്ഥയും ഊർജ്ജവും: ഗിഫ്റ്റ് സിറ്റി ഇന്ത്യയിലെ ആദ്യത്തെ പ്രവർത്തനക്ഷമമായ അന്താരാഷ്ട്ര ധനകാര്യ സേവന കേന്ദ്രവും ആദ്യത്തെ ഗ്രീൻഫീൽഡ് സ്മാർട്ട് സിറ്റിയുമാണ്. ഡിസ്ട്രിക്റ്റ് കൂളിംഗ്, ഓട്ടോമേറ്റഡ് മാലിന്യ ശേഖരണം, യൂട്ടിലിറ്റി ടണലുകൾ എന്നിവ ഇതിന്റെ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ധോലേരയിൽ പ്ലോട്ട് അനുവദിക്കുന്നതിന് മുൻപ് തന്നെ റോഡുകൾ, വെള്ളം, വൈദ്യുതി, ഫൈബർ കണക്റ്റിവിറ്റി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചുകൊണ്ടിരിക്കുന്നു; 2024-ൽ അനുമതി ലഭിച്ച സെമികണ്ടക്ടർ പ്ലാന്റ് ഇവിടുത്തെ ആദ്യത്തെ പ്രധാന വ്യാവസായിക സൗകര്യമായി അടയാളപ്പെടുത്തപ്പെടുന്നു. പങ്കിട്ട ഭൂമി, റോഡുകൾ, വൈദ്യുതി വിതരണ സംവിധാനങ്ങൾ എന്നിവ പ്രയോജനപ്പെടുത്തിക്കൊണ്ട് വൻതോതിലുള്ള സൗരോർജ്ജ ഉൽപ്പാദനത്തിനായി ഒരു പങ്കിട്ട പാർക്ക് മാതൃകയ്ക്ക് തുടക്കമിട്ടത് ചരങ്ക സോളാർ പാർക്കാണ്.





25 വർഷം, 25 സംരംഭങ്ങൾ: ജനസേവനത്തിൽ നിന്ന് ജനപങ്കാളിത്തത്തിലേക്ക്

ഗുജറാത്തിൽ ആരംഭിച്ച വികസനത്തിന്റെയും സദ്ഭരണത്തിന്റെയും യാത്ര, സമൂഹത്തിലെ അവസാന വ്യക്തിയിലേക്കും സേവനങ്ങൾ എത്തിക്കുക, അവസരങ്ങൾ വിപുലീകരിക്കുക, പൗരന്മാരുടെ ജീവിതം സുഗമമാക്കുക എന്നിവ ലക്ഷ്യമിട്ടുള്ള നിരവധി സംരംഭങ്ങൾക്ക് സാക്ഷ്യം വഹിച്ചു. സദ്ഭരണത്തിൽ നിന്ന് സേവനത്തിലേക്കും, സേവനത്തിൽ നിന്ന് ശാക്തീകരണത്തിലേക്കും, ശാക്തീകരണത്തിൽ നിന്ന് വികസിത ഭാരതത്തിലേക്കുമുള്ള മുന്നേറ്റത്തിലാണ് ഈ 25 വർഷത്തെ പ്രയാണത്തിന്റെ സത്ത കുടികൊള്ളുന്നത്. ഈ 25 വർഷത്തെ യാത്രയിലെ 25 പ്രധാന സംരംഭങ്ങൾ ചുവടെ ചേർക്കുന്നു:

1. കന്യാ കേളവണി, ശാലാ പ്രവേശോത്സവം

മൊത്തം പ്രവേശന അനുപാതത്തിലെ വർദ്ധന | കൊഴിഞ്ഞുപോക്ക് നിരക്കിലെ കുറവ്

- 2003-ൽ ആരംഭിച്ച ഈ സംരംഭങ്ങൾ, സ്കൂൾ പ്രവേശനത്തെ കേവലമൊരു ഭരണപരമായ ലക്ഷ്യം എന്നതിലുപരി ഒരു സാമൂഹിക ആഘോഷമാക്കി മാറ്റി. കുട്ടികളുടെ, പ്രത്യേകിച്ച് പെൺകുട്ടികളുടെ സ്കൂൾ പ്രവേശനം പ്രോത്സാഹിപ്പിക്കുന്നതിനായി മന്ത്രിമാരും ഉദ്യോഗസ്ഥരും അധ്യാപകരും പൊതുസമൂഹവും ഗ്രാമങ്ങൾ സന്ദർശിച്ചു.

2. സ്വാഗത്

ലക്ഷക്കണക്കിന് പരാതികൾ | 99 ശതമാനം പരിഹാര നിരക്ക്

- 2003-ൽ ആരംഭിച്ച 'സ്വാഗത്' പ്ലാറ്റ്ഫോം, പൗരന്മാരുടെ പരാതികൾ നേരിട്ട് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും അവയുടെ പരിഹാരം സുതാര്യമായി നിരീക്ഷിക്കുന്നതിനുമുള്ള ഒരു സംവിധാനം സ്ഥാപിച്ചു. ലക്ഷക്കണക്കിന് പരാതികൾക്ക് 99 ശതമാനം പരിഹാര നിരക്ക് കൈവരിച്ചതിലൂടെ, സാങ്കേതികവിദ്യ പൗരന്മാരും ഭരണസംവിധാനവും തമ്മിലുള്ള ഫലപ്രദമായ പാലമായി മാറി.

3. ജ്യോതിഗ്രാം യോജന

18,000-ലധികം ഗ്രാമങ്ങൾ | ഫീഡർ വേർതിരിക്കലിലൂടെ 24 മണിക്കൂറും തടസ്സമില്ലാത്ത വൈദ്യുതി

- 2006-ൽ, ഫീഡർ വേർതിരിക്കലിലൂടെ കാർഷിക, ഗാർഹിക വൈദ്യുതി വിതരണം വേർതിരിച്ചു. 18,000-ലധികം ഗ്രാമങ്ങളിൽ 24 മണിക്കൂറും വിശ്വസനീയമായ ത്രീ-ഫേസ് വൈദ്യുതി എത്തിച്ചേർന്നു, അതോടൊപ്പം കാർഷിക വൈദ്യുതി സബ്സിഡി പകുതിയോളം കുറയ്ക്കാനും സാധിച്ചു.

4. ഗരീബ് കല്യാൺ മേള

ഇതുവരെ 36,800 കോടിയിലധികം രൂപ | 1.66 കോടി ഗുണഭോക്താക്കൾ | 1,600 മേളകൾ

- 2009-ൽ ആരംഭിച്ച ഈ സംരംഭം, ക്ഷേമപദ്ധതികളെ ഉദ്യോഗസ്ഥ ഫയലുകൾക്കും ഇടനിലക്കാർക്കും അപ്പുറത്തേക്ക് കൊണ്ടുപോയി ആനുകൂല്യങ്ങൾ നേരിട്ട് അർഹരായ ഗുണഭോക്താക്കളിലേക്ക് എത്തിച്ചു. ഇതുവരെ 1,600-ലധികം മേളകളിലൂടെ 36,800 കോടിയിലധികം രൂപയുടെ ആനുകൂല്യങ്ങൾ 1.66 കോടി ഗുണഭോക്താക്കളിലേക്ക് എത്തിച്ചു.

5. വൻബന്ധു കല്യാൺ യോജന

10-ഇന വികസന ദൗത്യം

- 2007-ൽ ആരംഭിച്ച ഈ 10-ഇന സംരംഭം ഗോത്ര സമൂഹത്തിന്റെ വികസനത്തെ 'മിഷൻ മോഡിൽ' മുന്നോട്ടുനയിച്ചു. വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം, ഉപജീവനമാർഗങ്ങൾ, നൈപുണ്യ വികസനം, ജലസേചനം, അടിസ്ഥാനസൗകര്യങ്ങൾ, വൈദ്യുതീകരണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഗോത്ര സമൂഹങ്ങളെ വികസനത്തിന്റെ മുഖ്യധാരയിലേക്ക് സംയോജിപ്പിക്കുന്നതിന് ഇത് ഊന്നൽ നൽകി.



“ചെറിയ ലക്ഷ്യങ്ങളിലോ എളുപ്പമുള്ള നേട്ടങ്ങളിലോ തൃപ്തിപ്പെടുന്ന വ്യക്തിയല്ല ഞാൻ. രാജ്യത്തിനായി ഞാൻ വലിയ ലക്ഷ്യങ്ങൾ നിശ്ചയിക്കുകയും അവ സാക്ഷാത്കരിക്കുന്നതിനായി എന്റെ ഹൃദയവും ആത്മാവും സമർപ്പിക്കുകയും ചെയ്യുന്നു.

-നരേന്ദ്ര മോദി, പ്രധാനമന്ത്രി

6. സാഗർഖേഡു സർവാംഗി വികാസ് യോജന

60 ലക്ഷം ജനങ്ങൾ | 3,000 തീരദേശ ഗ്രാമങ്ങൾ

- 2007-ൽ ആരംഭിച്ച ഈ പദ്ധതി, 3,000 തീരദേശ ഗ്രാമങ്ങൾക്കും 60 ലക്ഷത്തിലധികം ജനങ്ങൾക്കുമായി അടിസ്ഥാനസൗകര്യങ്ങൾ, ഉപജീവനമാർഗങ്ങൾ, ജലസേചനം, ലവണത നിയന്ത്രണം, മത്സ്യബന്ധനം, തീരദേശ സംരക്ഷണം എന്നിവയെ പരസ്പരം സംയോജിപ്പിച്ചു. കൂടാതെ ജി.പി.എസ്., സുരക്ഷാ ഉപകരണങ്ങൾ, സോളാർ ലൈറ്റുകൾ, അടിയന്തര മുന്നറിയിപ്പ് സംവിധാനങ്ങൾ തുടങ്ങിയ സൗകര്യങ്ങളും മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കി.

7. ജൻ ധൻ, ഡി.ബി.ടി

59 കോടിയിലധികം അക്കൗണ്ടുകൾ | 3.17 ലക്ഷം കോടിയിലധികം രൂപയുടെ നിക്ഷേപം

- 2014-ൽ പ്രധാനമന്ത്രി ജൻ ധൻ യോജന ബാങ്കിംഗ് സേവനങ്ങൾ ഓരോ വ്യക്തിയിലേക്കും എത്തിക്കുന്നതിനുള്ള ഒരു പ്രചാരണത്തിന് തുടക്കമിട്ടു. 2026 സെപ്റ്റംബറോടെ 3.17 ലക്ഷം കോടിയിലധികം രൂപയുടെ നിക്ഷേപങ്ങളോടെ 59 കോടിയിലധികം അക്കൗണ്ടുകൾ തുറക്കപ്പെട്ടു. ഗുണഭോക്താക്കളിലേക്ക് പണം നേരിട്ടെത്തുന്നുവെന്ന് ഡി.ബി.ടി ഉറപ്പാക്കി. 53.24 ലക്ഷം കോടിയിലധികം രൂപ നേരിട്ട് കൈമാറുകയും, അതിലൂടെ 5 ലക്ഷം കോടിയിലധികം രൂപ ലാഭിക്കാൻ കഴിഞ്ഞതായി കണക്കാക്കുകയും ചെയ്യുന്നു.

8. മേക്ക് ഇൻ ഇന്ത്യ

20 ലക്ഷം കോടിയിലധികം രൂപയുടെ ഉൽപ്പാദനം | പി. എൽ. ഐ വഴി 14 ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിച്ചു

- പി.എൽ.ഐ, സെമികണ്ടക്ടർ, ഘടക നിർമ്മാണ പദ്ധതികൾ ഉൾപ്പെടെയുള്ള വിവിധ സംരംഭങ്ങളുടെ പിന്തുണയോടെ ഇലക്ട്രോണിക്സ് ഉൽപ്പാദനം 2014-15 ലെ 1.9 ലക്ഷം കോടി രൂപയിൽ നിന്ന് 2025-26 ൽ 13.11 ലക്ഷം കോടി രൂപയായി ഉയർന്നു. 14 പി.എൽ.ഐ മേഖലകൾ 14 ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിച്ചു.



9. സ്വച്ഛ് ഭാരത് മിഷൻ

12 കോടിയിലധികം ശൗചാലയങ്ങൾ

- 2014-ൽ ആരംഭിച്ച ഈ ദൗത്യം ശുചിത്വത്തെ ഒരു ബഹുജന പ്രസ്ഥാനമാക്കി മാറ്റി. 12 കോടിയിലധികം ഗാർഹിക ശൗചാലയങ്ങൾ നിർമ്മിക്കുകയും, 2019-ഓടെ ഗ്രാമങ്ങളെ വെളിയിട വിസർജ്ജന വിമുക്തമായി പ്രഖ്യാപിക്കുകയും ചെയ്തു. 'സ്വച്ഛതാ സർവേക്ഷൺ' (ശുചിത്വ സർവേ) നഗരങ്ങളിലും പട്ടണങ്ങളിലും ആരോഗ്യകരമായ മത്സരവും പൗരപങ്കാളിത്തവും വളർത്തിയെടുത്തു. 2014 ഒക്ടോബർ 2-ന് സ്വയം ചൂലെടുത്ത് ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കെടുത്തുകൊണ്ട് പ്രധാനമന്ത്രി മോദി ഈ ഉദ്യമത്തിന് വ്യക്തിപരമായി നേതൃത്വം നൽകി.

10. സാമൂഹിക സുരക്ഷ

94 കോടി ജനങ്ങൾ | സാമൂഹിക സുരക്ഷാ പരിരക്ഷ : 64.3 ശതമാനം

- പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജന, പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജന, അടൽ പെൻഷൻ യോജന, ഇ-ശ്രാം തുടങ്ങിയ സംരംഭങ്ങൾ ഔപചാരിക തൊഴിൽ മേഖലയ്ക്ക് പുറത്തുള്ളവർക്കും സാമൂഹിക സുരക്ഷാ പരിരക്ഷ വ്യാപിപ്പിച്ചു. 2025-ഓടെ, 94.3 കോടി ഇന്ത്യക്കാരെ സാമൂഹിക സുരക്ഷാ പരിരക്ഷയുടെ പരിധിയിൽ കൊണ്ടുവന്നു. ഇതോടെ പരിരക്ഷാ നിരക്ക് 2015-ലെ 19 ശതമാനത്തിൽ നിന്ന് 64.3 ശതമാനമായി ഉയർന്നു.
- ഇന്ത്യയിലെ പ്രത്യേകം ദുർബലരായ 75 ഗോത്ര വിഭാഗങ്ങൾ (PVTGs) വികസനത്തിന്റെ മുഖ്യധാരയിൽ നിന്ന് മാറ്റിനിർത്തപ്പെടുന്നില്ലെന്ന് ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ 2023 നവംബറിൽ ആരംഭിച്ച സമർപ്പിത ദൗത്യമാണ് പ്രധാനമന്ത്രി ജനജാതി ആദിവാസി ന്യായ മഹാ അഭിയാൻ (PM-JANMAN). ഇതിനായി 24,000 കോടിയിലധികം രൂപ വകയിരുത്തിയിട്ടുണ്ട്.

11. സാഗർമാല പദ്ധതി

845-ലധികം പദ്ധതികൾ | 6 ലക്ഷം കോടിയിലധികം രൂപയുടെ നിക്ഷേപം

- തുറമുഖങ്ങളെ റോഡുകൾ, റെയിൽവേ, വ്യവസായങ്ങൾ, തീരദേശ സമൂഹങ്ങൾ എന്നിവയുമായി ബന്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2015-ൽ സാഗർമാല ആരംഭിച്ചു. 6.06 ലക്ഷം കോടി രൂപ മൂല്യമുള്ള 845-ലധികം പദ്ധതികൾ തിരിച്ചറിയുകയും, അതിൽ 315 എണ്ണം ഇതിനകം പൂർത്തിയാക്കുകയും ചെയ്തു. പ്രധാന തുറമുഖങ്ങളിലെ കപ്പലുകളുടെ ശരാശരി ടേൺഎറൗണ്ട് സമയം 2014-ലെ 96 മണിക്കൂറിൽ നിന്ന് 2025-ൽ ഏകദേശം 49 മണിക്കൂറായി കുറഞ്ഞു. ഇന്ത്യയിലെ പ്രധാന തുറമുഖങ്ങളുടെ ശേഷി 2014-ലെ 873 MTPA-യിൽ നിന്ന് 2026-ൽ 1,728 MTPA ആയി ഏതാണ്ട് ഇരട്ടിയായി.

12. പ്രധാനമന്ത്രി മുദ്ര യോജന

57 കോടിയിലധികം വായ്പകൾ | 40 ലക്ഷം കോടിയിലധികം രൂപ വിതരണം ചെയ്തു

- ചെറുകിട സംരംഭകർക്ക് ഈടില്ലാത്ത വായ്പകൾ നൽകുന്നതിനായി 2015-ൽ പ്രധാനമന്ത്രി മുദ്ര യോജന ആരംഭിച്ചു. 57 കോടിയിലധികം വായ്പകളിലായി 40 ലക്ഷം കോടിയിലധികം രൂപ വിതരണം ചെയ്തു. വായ്പകളുടെ 68 ശതമാനവും സ്ത്രീകൾക്ക് ലഭിച്ചപ്പോൾ, 51 ശതമാനം വായ്പകൾ എസ്.സി/എസ്.ടി/ഒ.ബി.സി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭിച്ചു. 2024-ൽ വായ്പാ പരിധി 20 ലക്ഷം രൂപയായി ഉയർത്തി.



13. സ്റ്റാർട്ടപ്പ് ഇന്ത്യ

2.5 ലക്ഷത്തിലധികം സ്റ്റാർട്ടപ്പുകൾ | 23.36 ലക്ഷത്തിലധികം തൊഴിലവസരങ്ങൾ

- 2016-ൽ ആരംഭിച്ച ഈ സംരംഭം സംരംഭകത്വത്തെ ഒരു ദേശീയ അഭിലാഷമാക്കി മാറ്റി. 2026 സെപ്റ്റംബർ വരെയുള്ള കണക്കനുസരിച്ച്, 2.5 ലക്ഷത്തിലധികം അംഗീകൃത സ്റ്റാർട്ടപ്പുകൾ 23 ലക്ഷത്തിലധികം നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. ഈ സ്റ്റാർട്ടപ്പുകളിൽ പകുതിയോളവും ടയർ-II, ടയർ-III നഗരങ്ങളിൽ നിന്നുള്ളവയാണ്. കൂടാതെ ഏതാണ്ട് 50 ശതമാനം സ്റ്റാർട്ടപ്പുകളിലും കുറഞ്ഞത് ഒരു വനിതാ ഡയറക്ടറോ പങ്കാളിയോ ഉണ്ട്.

14. പ്രധാനമന്ത്രി ഉജ്ജ്വല യോജന: പുകയിൽ നിന്നുള്ള മോചനം

ഏകദേശം 11 കോടിയിലധികം കണക്ഷനുകൾ

- 2016-ൽ ആരംഭിച്ച ഉജ്ജ്വല പദ്ധതി വഴി 2026 മെയ് മാസത്തോടെ 10.6 കോടിയിലധികം സൗജന്യ എൽ.പി.ജി കണക്ഷനുകൾ നൽകി. ഇത് പുകയുണ്ടാക്കുന്ന ഇന്ധനങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുകയും സ്ത്രീകളുടെ ആരോഗ്യം, സമയം, അവസരങ്ങൾ എന്നിവയിൽ ഗുണപരമായ സ്വാധീനം ചെലുത്തുകയും ചെയ്തു.

15. ഡിജിറ്റൽ പേയ്മെന്റ് വിപ്ലവം - യു.പി.ഐ

24,162 കോടി ഇടപാടുകൾ | 55 കോടിയിലധികം ഉപഭോക്താക്കൾ

- 2016-ൽ ആരംഭിച്ച യു.പി.ഐ ഡിജിറ്റൽ പേയ്മെന്റുകളെ ദൈനംദിന സൗകര്യമാക്കി മാറ്റി. വാർഷിക ഇടപാടുകൾ 2016-ലെ 1.78 കോടിയിൽ നിന്ന് 2025-26 സാമ്പത്തിക വർഷത്തിൽ 24,162 കോടിയായി കുതിച്ചുയർന്നു. 2026 ജൂൺ വരെയുള്ള കണക്കനുസരിച്ച്, ഈ പ്ലാറ്റ്ഫോമിന് 55.5 കോടി ഉപഭോക്താക്കളുണ്ടായിരുന്നു. 2026 ജൂലൈയോടെ 741 ബാങ്കുകൾ ഇതുമായി സംയോജിപ്പിക്കപ്പെട്ടു. ഇടപാട് മൂല്യം 0.07 ലക്ഷം കോടി രൂപയിൽ നിന്ന് 314 ലക്ഷം കോടി രൂപയായി ഉയർന്നു. യു.പി.ഐ ഇപ്പോൾ 11 രാജ്യങ്ങളിൽ പ്രവർത്തനക്ഷമമാണ്.

16. ചരക്ക് സേവന നികുതി ജി.എസ്.ടി

ഒരു രാജ്യം ഒരു നികുതി | 2025-26 സാമ്പത്തിക വർഷത്തിൽ 22 ലക്ഷം കോടിയിലധികം രൂപയുടെ മൊത്ത ജി.എസ്.ടി

- 2017-ൽ നടപ്പിലാക്കിയ ജി.എസ്.ടി, ഒന്നിലധികം കേന്ദ്ര-സംസ്ഥാന നികുതികളെ ഒരു ഏകീകൃത ചട്ടക്കൂടിന് കീഴിൽ കൊണ്ടുവന്നു. ഇത് 'ഒരു രാജ്യം, ഒരു നികുതി, ഒരു വിപണി' എന്ന കാഴ്ചപ്പാടിനെ ശക്തിപ്പെടുത്തി. നികുതിദായകരുടെ എണ്ണം 2017-ലെ 66.5 ലക്ഷത്തിൽ നിന്ന് 2026 മെയ് മാസത്തിൽ 1.65 കോടിയായി വർദ്ധിച്ചു, കൂടാതെ 2025-26 സാമ്പത്തിക വർഷത്തിൽ മൊത്ത ജി.എസ്.ടി വരുമാനം 22.27 ലക്ഷം കോടി രൂപയായി രേഖപ്പെടുത്തി.

17. ആയുഷ്മാൻ ഭാരതും ആരോഗ്യ സുരക്ഷയും

5 ലക്ഷം രൂപയുടെ പരിരക്ഷ | 12 കോടിയിലധികം കുടുംബങ്ങൾക്ക് പരിരക്ഷ

- 2026 ജൂൺ വരെയുള്ള കണക്കനുസരിച്ച്, 37,413 ഗവണ്മെന്റ്, സ്വകാര്യ ആശുപത്രികളിലായി 12.69 കോടി രോഗികൾക്ക് ചികിത്സ ലഭിച്ചു. ഇതിലൂടെ പൊതുജനങ്ങൾക്ക് 1.92 ലക്ഷം കോടി രൂപയുടെ ചെലവ് ലാഭിക്കാനായി. 70 വയസ്സും അതിൽ കൂടുതലും പ്രായമുള്ള മുതിർന്ന പൗരന്മാരെ ഉൾപ്പെടുത്തുന്നതിനായി പദ്ധതി വിപുലീകരിക്കുകയും ചെയ്തു.

18. ജൽ ജീവൻ മിഷൻ

12 കോടിയിലധികം പുതിയ ടാപ്പ് കണക്ഷനുകൾ | 82 ശതമാനത്തിലധികം വീടുകളിലേക്ക് കണക്ഷൻ

- ഗ്രാമീണ കുടുംബങ്ങൾക്ക് ടാപ്പിലൂടെ കുടിവെള്ളം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ 2019-ൽ ഈ ദൗത്യം ആരംഭിച്ചു. ടാപ്പ് കണക്ഷനുകളുള്ള ഗ്രാമീണ കുടുംബങ്ങളുടെ എണ്ണം 3.23 കോടിയിൽ നിന്ന് 2026 ജൂണോടെ ഏകദേശം 16 കോടിയായി ഉയർന്നു. 5 ലക്ഷത്തിലധികം പാനി സമിതികൾക്കും 24.8 ലക്ഷം സ്ത്രീകൾക്കും ജല ഗുണനിലവാര പരിശോധനയിൽ പരിശീലനം നൽകി.

19. പിഎം-കിസാൻ

4 ലക്ഷം കോടിയിലധികം രൂപ | 9.44 കോടി കർഷകർ

- 2019 മുതൽ, കർഷകർക്ക് പ്രതിവർഷം 6,000 രൂപ വീതം മൂന്ന് ഗഡുക്കളായി നേരിട്ട് അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ ലഭിച്ചുവരുന്നുണ്ട്. 2026 ജൂലൈ വരെയുള്ള കണക്കനുസരിച്ച്, 4 ലക്ഷം കോടിയിലധികം രൂപ വിതരണം ചെയ്തു.

20. ലഖ്പതി ദീദിയും നമോ ഡ്രോൺ ദീദിയും

3 കോടിയിലധികം ലഖ്പതി ദീദിമാർ | സ്വയം സഹായ സംഘങ്ങളിൽ 10.57 കോടി സ്ത്രീകൾ

- 'ലഖ്പതി ദീദി' സംരംഭം ഗ്രാമീണ സ്ത്രീകളെ കേവല സഹായത്തിൽ ഒതുങ്ങാതെ ശാക്തീകരിക്കുകയും, അവരെ സുസ്ഥിര വരുമാന അവസരങ്ങളുമായും സംരംഭകത്വവുമായും ബന്ധിപ്പിക്കുകയും ചെയ്തു. 2026 മെയ് വരെയുള്ള കണക്കനുസരിച്ച് , 3.07 കോടി സ്ത്രീകൾ 'ലഖ്പതി ദീദി'മാരായി മാറി, കൂടാതെ 10.57 കോടി സ്ത്രീകൾ സ്വയംസഹായ സംഘങ്ങളിൽ സംഘടിപ്പിക്കപ്പെട്ടു. 15,000 ഡ്രോണുകൾ വിന്യസിക്കുകയാണ് 'നമോ ഡ്രോൺ ദീദി' പദ്ധതി ലക്ഷ്യമിടുന്നത്.



21. ഇന്ത്യയുടെ സൗരോർജ്ജ വിപ്ലവം

164 GW+ സൗരോർജ്ജം|14.8 GW പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ

- ഗുജറാത്തിന്റെ സൗരോർജ്ജ സംരംഭങ്ങളിൽ നിന്ന് ലഭിച്ച പരിചയസമ്പത്ത് രാജ്യവ്യാപകമായ വികാസത്തിന് അടിത്തറയിട്ടു. ഇന്ത്യയുടെ സ്ഥാപിത സൗരോർജ്ജ ശേഷി 2014-ലെ 2.8 GW-ൽ നിന്ന് 2026 ജൂലൈയോടെ ഏകദേശം 165 GW ആയി ഉയർന്നു. പിഎം സൂര്യഘർ യോജനയ്ക്ക് കീഴിൽ, 51 ലക്ഷം വീടുകൾ ഉൾപ്പെടുത്തുകയും, 2026 ഓഗസ്റ്റോടെ 14.8 GW പുരപ്പുറ സൗരോർജ്ജ ശേഷി സ്ഥാപിക്കുകയും ചെയ്തു.

22. പിഎം സ്വനിധി

78 ലക്ഷത്തിലധികം തെരുവ് കച്ചവടക്കാർ | 18,000 കോടിരൂപയിലധികം വായ്പകൾ

- 2020-ൽ ആരംഭിച്ച ഈ പദ്ധതി, ഈടില്ലാത്ത പ്രവർത്തന മൂലധന വായ്പകൾ നൽകി തെരുവ് കച്ചവടക്കാരെ ഔപചാരിക സമ്പദ് വ്യവസ്ഥയുമായി ബന്ധിപ്പിച്ചു. 2026 ഓഗസ്റ്റോടെ, 78 ലക്ഷത്തിലധികം കച്ചവടക്കാർക്ക് 1.18 കോടിയിലധികം വായ്പകൾ ലഭിച്ചു.

23. പിഎം ഗതി ശക്തി

16 മന്ത്രാലയങ്ങൾ | അടിസ്ഥാന സൗകര്യങ്ങൾക്കായുള്ള ഒരു സംയോജിത ഭൂപടം

- 2021-ൽ ആരംഭിച്ച ഈ ദേശീയ മാസ്റ്റർ പ്ലാൻ, 16 മന്ത്രാലയങ്ങളിൽ നിന്നും വകുപ്പുകളിൽ നിന്നുമുള്ള അടിസ്ഥാന സൗകര്യ വിവരങ്ങൾ സംയോജിപ്പിച്ചു. റോഡ്, റെയിൽ, തുറമുഖം വിമാനത്താവളം, ലോജിസ്റ്റിക്സ് ശൃംഖലകൾ ഒന്നിച്ചു വിലയിരുത്തുന്നത് പദ്ധതിയുടെ ഏകോപനം ശക്തിപ്പെടുത്തുകയും ചരക്കു നീക്കചെലവുകൾ കുറയ്ക്കുന്നതിന് വഴിയൊരുക്കുകയും ചെയ്തു. ഈ പ്ലാറ്റ്ഫോം ഇപ്പോൾ 100 ലക്ഷം കോടി രൂപയിലധികം മൂല്യമുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ മാപ്പ് ചെയ്യുന്നു.

24. സ്വാമിത്വയും (SVAMITVA) പ്രകൃതി കൃഷിയും

3.30 ലക്ഷം ഗ്രാമങ്ങളിൽ സർവേ പൂർത്തിയാക്കി | 3.24 കോടി പ്രോപ്പർട്ടി കാർഡുകൾ

- ഡ്രോണുകളും ജിഐഎസും (GIS) ഉപയോഗിച്ച് ഗ്രാമീണ സ്വത്തുക്കൾ കൃത്യമായി മാപ്പ് ചെയ്തുകൊണ്ട് സ്വാമിത്വ പദ്ധതി സ്വത്തവകാശം ശക്തിപ്പെടുത്തി. 2026 ഓഗസ്റ്റോടെ, 3.30 ലക്ഷം ഗ്രാമങ്ങളിൽ സർവേകൾ നടത്തുകയും 3.24 കോടി പ്രോപ്പർട്ടി കാർഡുകൾ തയ്യാറാക്കുകയും ചെയ്തു. 20 ലക്ഷത്തിലധികം കർഷകരെയും 10 ലക്ഷത്തിലധികം ഹെക്ടർ ഭൂമിയെയും പ്രകൃതി കൃഷിയുടെ ഭാഗമാക്കി.

25. കായിക രാഷ്ട്രം, വിജയ രാഷ്ട്രം

1,000-ത്തിലധികം ഖേലോ ഇന്ത്യ കേന്ദ്രങ്ങൾ | 2,700ലധികം കായികതാരങ്ങൾ

- 1,000-ത്തിലധികം ഖേലോ ഇന്ത്യ കേന്ദ്രങ്ങൾക്കും 2,700-ലധികം കായികതാരങ്ങൾക്കും പിന്തുണ നൽകിവരുന്നു. 2020 ടോക്കിയോ ഒളിമ്പിക്സിലെ ഏഴ് മെഡലുകൾ, ഏഷ്യൻ ഗെയിംസിലെ 107 മെഡലുകൾ, 2022-ലെ ചരിത്രപരമായ തോമസ് കപ്പ് വിജയം എന്നിവ വളർന്നുവരുന്ന ഈ കായിക ആത്മവിശ്വാസത്തെ പ്രതിഫലിപ്പിക്കുന്നു. കഴിഞ്ഞ 13 വർഷത്തിനിടെ, പ്രധാനപ്പെട്ട മൂന്ന് കായിക വേദികളിലായി ഇന്ത്യ എക്കാലത്തെയും മികച്ച പ്രകടനം കാഴ്ചവച്ചു: 2020 ടോക്കിയോ ഒളിമ്പിക്സിൽ 7 മെഡലുകൾ, 2023 ഹാങ്ഷൂ ഏഷ്യൻ ഗെയിംസിൽ 107 മെഡലുകൾ, 2018 ഗോൾഡ് കോസ്റ്റ് കോമൺവെൽത്ത് ഗെയിംസിൽ 66 മെഡലുകൾ എന്നിവയാണവ.



ബഹുജന പ്രസ്ഥാനമായി മാറിയ നിർണായക സംരംഭങ്ങൾ

ഭരണരംഗത്തെ 25 വർഷത്തെ പ്രയാണം ഇന്ത്യയിൽ പുതിയൊരു മാതൃക സ്ഥാപിച്ചു, ഇത് ഓരോ പൗരനും ഗവണ്മെന്റും തമ്മിൽ നേരിട്ടുള്ള ബന്ധം വളർത്തിയെടുത്തു. ഭരണനിർവ്വഹണം, വികസനം, ജനപങ്കാളിത്തം, ആഗോളതലത്തിലുള്ള ഇന്ത്യയുടെ പങ്ക് എന്നിവയിൽ പുതിയ മാനദണ്ഡങ്ങൾ സൃഷ്ടിച്ച നിരവധി സംരംഭങ്ങളുടെ ഉദയത്തിന് ഈ യാത്ര സാക്ഷ്യം വഹിച്ചു. ആശയങ്ങളെ പദ്ധതികളാക്കി മാറ്റാനും ആ പദ്ധതികളെ ജനങ്ങളുമായി ബന്ധിപ്പിക്കാനുമുള്ള ഏകോപിതമായ ശ്രമത്തെയാണ് ഇത് പ്രതിഫലിപ്പിക്കുന്നത്. ആഭ്യന്തര തലത്തിലും ആഗോളതലത്തിലും പുതിയ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് ഇന്ത്യയുടെ വികസന യാത്രയ്ക്ക് സവിശേഷമായ ഒരു സ്വത്വം നൽകിയ സംരംഭങ്ങളാണിവ.

1. വൈബ്രന്റ് ഗുജറാത്ത്

2003-ൽ ആരംഭിച്ച ഈ സംരംഭം, നിക്ഷേപത്തിനായി ലോകത്തെ ഗാന്ധിനഗറിലേക്ക് ക്ഷണിച്ചു. സംസ്ഥാനങ്ങൾക്കിടയിൽ മത്സരത്തിന്റെ പുതിയൊരു ചിന്താരീതി അവതരിപ്പിച്ചു. ഏക ജാലക അനുമതികളും വ്യക്തമായ നയപര വാഗ്ദാനങ്ങളും ഉൾക്കൊള്ളുന്ന, നിക്ഷേപം ആകർഷിക്കുന്നതിനുള്ള ഈ മാതൃക പിന്നീട് മറ്റ് സംസ്ഥാനങ്ങളും ഏറ്റെടുത്തു.

2. റാൻ ഉത്സവ്

2005-ൽ ആരംഭിച്ച കച്ചിലെ 'റാൻ ഉത്സവ്' പ്രാദേശിക സംഗീതം, കല, കരകൗശല വസ്തുക്കൾ, ഭക്ഷണരീതികൾ എന്നിവയെ വിനോദസഞ്ചാരവുമായി സംയോജിപ്പിക്കുന്നതിനുള്ള ഒരു മാധ്യമമായി വർത്തിച്ചു. വിദൂരമായ ഈ ലവണ മരുഭൂമി ഗ്രാമീണ സാംസ്കാരിക വിനോദസഞ്ചാരത്തിന്റെ ഒരു മാതൃകയായി ഉയർന്നുവരികയും, കരകൗശല വിദഗ്ദ്ധർക്ക് പുതിയ വിപണികൾ നൽകുകയും ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട ഒരു മാതൃകയായി വികസിക്കുകയും ചെയ്തു.

3. കൃഷി മഹോത്സവ്

ശാസ്ത്രജ്ഞരെയും ഉദ്യോഗസ്ഥരെയും കർഷകരെയും നേരിട്ട് ബന്ധിപ്പിച്ചുകൊണ്ട്, കാർഷിക നിർദ്ദേശങ്ങളും സേവനങ്ങളും കൃഷിയിടങ്ങളുടെ പ്രത്യേക ആവശ്യങ്ങൾക്കനുസരിച്ച് തയ്യാറാക്കി. സോയിൽ ഹെൽത്ത് കാർഡുകളുടെ ഉപയോഗവും നിരന്തരമായ സംവാദങ്ങളും കൃഷിയെ കേവലം ഒരു പ്രത്യേക കാലത്തേക്കുള്ള പ്രവർത്തനത്തിൽ നിന്ന് സുസ്ഥിര അറിവുകളാൽ നയിക്കപ്പെടുന്ന ഒരു പ്രസ്ഥാനമാക്കി മാറ്റി.

4. വാഞ്ചെ ഗുജറാത്ത്

"സംസ്ഥാനം മുഴുവൻ ഒരു മണിക്കൂർ വായിക്കുക' എന്ന ആഹ്വാനം വായനയെ ഒരു വ്യക്തിഗത ശീലത്തിൽ നിന്ന് പൊതുവായ ഒരു സാമൂഹിക സംസ്കാരമാക്കി മാറ്റി. വിദ്യാർത്ഥികളുടെയും പൗരന്മാരുടെയും സജീവ പങ്കാളിത്തത്തിലൂടെ ഗ്രന്ഥശാലകളും മെച്ചപ്പെടുത്തി.

5. ജനപങ്കാളിത്തം

പൗരന്മാരെ പദ്ധതികളുടെ കേവല നിഷ്ക്രിയ ഗുണഭോക്താക്കളിൽ നിന്ന് ഭരണത്തിലെ പങ്കാളികളാക്കി മാറ്റുക എന്ന കാഴ്ചപ്പാട്, നയരൂപീകരണം, നിർവഹണം , നിരീക്ഷണം എന്നിവയിൽ അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കി. ഇത് വികസനത്തിലെ സജീവ പങ്കാളിത്തത്തിന്റെ ആവേശം ശക്തിപ്പെടുത്തി.

6. മൻ കി ബാത്ത്


ഈ പ്രതിമാസ റേഡിയോ പ്രഭാഷണം പ്രധാനമന്ത്രിയും പൗരന്മാരും തമ്മിൽ സവിശേഷമായ ഒരു ആശയവിനിമയ മാർഗ്ഗം സ്ഥാപിച്ചു. നയങ്ങൾ, പ്രശംസനീയമായ സംരംഭങ്ങൾ, സാമൂഹിക പ്രചാരണങ്ങൾ എന്നിവയെക്കുറിച്ചുള്ള ലളിതമായ ചർച്ചകൾ ഔദ്യോഗിക ആശയവിനിമയത്തെ കേവല ഔപചാരിക പ്രസംഗങ്ങൾക്കുപരിയായി മാറ്റി

7.കൊളോണിയൽ മനോഭാവത്തിൽ നിന്നുള്ള മോചനം

റോഡുകൾ, നഗരങ്ങൾ, കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കൊളോണിയൽ പേരുകളും ചിഹ്നങ്ങളും തദ്ദേശീയമായ പേരുകൾ നൽകി മാറ്റാനുള്ള ശ്രമങ്ങൾ പൊതു സ്മാരകങ്ങളെയും സാംസ്കാരിക ആത്മവിശ്വാസത്തെയും തിരികെ പിടിക്കാനുള്ള മാർഗ്ഗമായി വർത്തിച്ചു. 2035 ഓടെ കൊളോണിയൽ മനോഭാവത്തിൽ നിന്ന് പൂർണ്ണ മോചനം നേടുക എന്ന ലക്ഷ്യം ഇപ്പോൾ നിശ്ചയിച്ചിട്ടുണ്ട്.

8.'ഗിവ് ഇറ്റ് അപ്പ് പ്രചാരണം :

എൽപിജി സബ്സിഡി സ്വമേധയാ ഉപേക്ഷിക്കാനുള്ള ആഹ്വാനം പൊതു ഉത്തരവാദിത്വത്തിന്റെ വികാരം വളർത്തി. 1.13 കോടിയിലധികം കുടുംബങ്ങൾ സബ്സിഡി ഉപേക്ഷിച്ചതിലൂടെ നേടിയ ലാഭം ഉജ്ജ്വല യോജനയ്ക്ക് കീഴിൽ പുതിയ കണക്ഷനുകൾ നൽകാൻ ഉപയോഗിച്ചു.



അന്താരാഷ്ട്ര യോഗ ദിനം

യോഗയെ ആഗോള വേദിയിലെത്തിക്കാനുള്ള ശ്രമങ്ങൾ ജൂൺ 21 'അന്താരാഷ്ട്ര യോഗ ദിനമായി' അംഗീകരിക്കുന്നതിലേക്ക് നയിച്ചു. തൽഫലമായി, ഈ ഇന്ത്യൻ പാരമ്പര്യം പൊതുജനാരോഗ്യത്തിനായുള്ള ഒരു പൊതു ആഗോള സംരംഭമായി മാറുകയും 190-ലധികം രാജ്യങ്ങളിൽ ആഘോഷിക്കപ്പെടുകയും ചെയ്തു. ഈ വർഷം, ഇന്ത്യയ്ക്ക് പുറത്തുള്ള 1,300-ലധികം സ്ഥലങ്ങളിൽ ഈ പരിപാടി സംഘടിപ്പിക്കപ്പെടുകയും നിരവധി വേദികൾ ഗിന്നസ് ലോക റെക്കോർഡുകൾ സ്ഥാപിക്കുകയും ചെയ്തു.

10.ബേട്ടി ബച്ചാവോ, ബേട്ടി പഠാവോ :

മുമ്പ്, സ്ത്രീ-പുരുഷ അനുപാതം 1,000 ആൺകുട്ടികൾക്ക് 918 പെൺകുട്ടികൾ എന്ന നിലയിലായിരുന്നു. 2015-ൽ ആരംഭിച്ച 'ബേട്ടി ബച്ചാവോ, ബേട്ടി പഠാവോ' (പെൺകുട്ടിയെ സംരക്ഷിക്കൂ, പെൺകുട്ടിയെ പഠിപ്പിക്കൂ) പദ്ധതി, പെൺകുട്ടിയുടെ ജീവൻ, വിദ്യാഭ്യാസം, അവകാശങ്ങൾ എന്നിവയെ ആരോഗ്യം, വിദ്യാഭ്യാസം, നിയമപാലനം എന്നിവ ഉൾപ്പെടുന്ന ഒരു സംയോജിത പ്രചാരണവുമായി കോർത്തിണക്കി. പെൺകുട്ടികളുടെ ജീവിതവും വിദ്യാഭ്യാസവും സംരക്ഷിക്കുന്നത് ഒരു ദേശീയ ദൗത്യമായി മാറി.

11. ജനങ്ങളുടെ പദ്മ പുരസ്കാരം :

പദ്മ പുരസ്കാരങ്ങൾക്കായുള്ള തിരഞ്ഞെടുപ്പ് പ്രക്രിയ വിപുലീകരിക്കുന്നതിലൂടെ, ഗ്രാമീണ, വിദൂര, താഴെത്തട്ടിലുള്ള മേഖലകളിൽ നിന്നും സംഭാവന നൽകിയവരെ ദേശീയ അംഗീകാരത്തിന്റെ മുൻനിരയിലേക്ക് കൊണ്ടുവന്നു. ദേശീയ അംഗീകാരത്തിന്റെ ശ്രദ്ധ ഉന്നതവർഗ്ഗത്തിൽ നിന്ന് സാധാരണക്കാരുടെ മികവിലേക്ക് മാറി. അറിയപ്പെടാത്ത നായകന്മാരെ കണ്ടെത്തുകയും ആദരിക്കുകയും ചെയ്യുന്ന ഒരു പുതിയ പാരമ്പര്യം ഉയർന്നുവന്നു.

12.ഏക് ഭാരത്, ശ്രേഷ്ഠ ഭാരത് -

സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കുമിടയിൽ ഭാഷ, വിദ്യാഭ്യാസം, സംസ്കാരം, ഭക്ഷണരീതി, ഉൽസവങ്ങൾ എന്നിവയുടെ കൈമാറ്റം, ഭരണഘടനാപരമായ കേവല തത്വത്തിൽ നിന്ന് ഐക്യത്തെ ഊർജ്ജസ്വലമായ ഒരു അനുഭവമാക്കി മാറ്റാൻ ശ്രമിച്ചു.

13. യുപിഐ: വിപ്ലവകരവും ജനാധിപത്യപരവുമായ ഒരു സംരംഭം -

ഡിജിറ്റൽ പേയ്മെന്റുകളെ കേവലം ഒരു ഉൽപ്പന്ന ബ്രാൻഡായി കാണുന്നതിന് പകരം പൊതു അടിസ്ഥാന സൗകര്യമായി വികസിപ്പിക്കുക എന്ന കാഴ്ചപ്പാട് പേയ്മെന്റുകളെ തൽസമയ രീതിയിൽ സൗജന്യവും സാർവത്രികവുമാക്കി മാറ്റി. യുപിഐ ഇന്ത്യയുടെ ഡിജിറ്റൽ പേയ്മെന്റ് രംഗത്തെ പൂർണ്ണമായി പരിവർത്തനം ചെയ്തു.

14.'ഖേൽ മഹാകുംഭ്' മുതൽ 'ഖേൽ ഇന്ത്യ' വരെ -

മത്സരങ്ങൾ ഗ്രാമ-സ്കൂൾ തലങ്ങളിലേക്ക് വ്യാപിപ്പിച്ചുകൊണ്ട്, പ്രമുഖ നഗരങ്ങൾക്കും തിരഞ്ഞെടുക്കപ്പെട്ട അക്കാദമികൾക്കും പുറമെ നിന്നും പ്രതിഭകളെ കണ്ടെത്തുന്നതിനുള്ള അവസരം വിപുലീകരിച്ചു. യുവജന വികസനത്തിനുള്ള ഒരു സമഗ്ര മാധ്യമമായി കായികരംഗം സ്ഥാപിക്കപ്പെട്ടു.

15. ഒരു ജില്ല, ഒരു ഉൽപ്പന്നം-ODOP

ഓരോ ജില്ലയുടെയും തനിമയാർന്ന ഉൽപ്പന്നത്തെ ബ്രാൻഡിംഗ്, ജിഐ ടാഗിംഗ്, ഇ-കൊമേഴ്സ്, കയറ്റുമതി പിന്തുണ എന്നിവയുമായി ബന്ധിപ്പിച്ചുകൊണ്ട് പ്രാദേശിക സമ്പദ്വ്യവസ്ഥയ്ക്ക് ഒരു പുതിയ സ്വത്വം ലഭിച്ചു. കരകൗശല വിദഗ്ധർക്കും കർഷകർക്കും വിപണി പ്രാപ്യത വിപുലമായി.

16. വികസനം കാംക്ഷിക്കുന്ന ജില്ലകളും വൈബ്രന്റ് വില്ലേജുകളും :

തത്സമയ ഡാറ്റ, റാങ്കിംഗുകൾ, ലക്ഷ്യമിട്ടുള്ള പദ്ധതികൾ എന്നിവയിലൂടെ പിന്നാക്ക മേഖലകളിൽ മത്സരപരമായ വികസന സംസ്കാരം വളർത്തിയെടുത്തു. ഏറ്റവും വെല്ലുവിളി നിറഞ്ഞ പ്രദേശങ്ങൾ പോലും വികസനത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരപ്പെട്ടു.

17.പരീക്ഷാ പേ ചർച്ച -

സംവാദത്തിന്റെ ഒരു പുതിയ പാരമ്പര്യം സ്ഥാപിക്കപ്പെട്ടു. പരീക്ഷാ സമ്മർദ്ദം ഒരു പൊതു ചർച്ചാവിഷയമായി സംസാരിക്കുന്നതിലൂടെ, വിദ്യാർത്ഥികളും രക്ഷിതാക്കളും അധ്യാപകരും തമ്മിൽ നേരിട്ടുള്ള ആശയവിനിമയം വളർത്തിയെടുത്തു. ഈ സംരംഭം പരീക്ഷകളെക്കുറിച്ചുള്ള കാഴ്ചപ്പാട് മാറ്റി-അവയെ സമ്മർദ്ദത്തിന്റെ ഉറവിടങ്ങളായി കാണുന്നതിന് പകരം അവസരങ്ങളായി വീക്ഷിക്കുകയും-സമഗ്രമായ വികസനത്തിന് ഊന്നൽ നൽകുകയും ചെയ്തു.

> "രാജ്യം നിരവധി ദുരന്തങ്ങളെ നേരിടുകയും വൻ ചുഴലിക്കാറ്റുകളെ അതിജീവിക്കുകയും ചെയ്തിട്ടുണ്ട്. വലിയ കരുത്തോടെയാണ് രാജ്യം അവയെ നേരിട്ടത്."
>
> *- നരേന്ദ്ര മോദി, പ്രധാനമന്ത്രി*





18. ഏകതാ പ്രതിമ

ലോകത്തിലെ ഏറ്റവും ഉയരം കൂടിയ ഈ പ്രതിമ (182 മീറ്റർ) വിനോദസഞ്ചാരം, വിനോദം, സമ്മേളന സൗകര്യങ്ങൾ എന്നിവ സംയോജിപ്പിച്ചുകൊണ്ട് സാമ്പത്തിക പ്രവർത്തനങ്ങളുടെ ഒരു കേന്ദ്രമാക്കി മാറ്റി. ഈ സ്മാരകം തദ്ദേശീയമായി സുസ്ഥിര തൊഴിലവസരങ്ങൾക്കും വിനോദസഞ്ചാരത്തിനും അടിത്തറയിട്ടു, ഇതിന്റെ ഫലമായി ആദ്യ ഏഴ് വർഷത്തിനുള്ളിൽ തന്നെ സന്ദർശകരുടെ എണ്ണം 2.75 കോടിയിലധികമായി ഉയർന്നു.

19. വന്ദേ ഭാരത് ട്രെയിനുകൾ

തദ്ദേശീയമായ രൂപകൽപ്പനയിലൂടെയും നിർമ്മാണ ശേഷിയിലൂടെയും ആധുനിക റെയിൽ യാത്രയ്ക്ക് പുതിയ നിർവ്വചനം നൽകി. ഇന്ത്യയുടെ സങ്കീർണ്ണമായ റെയിൽവേ സംവിധാനത്തിനുള്ളിൽ ആത്മനിർഭരതയുടെ ഉദാഹരണമായി മാറിയ ഈ ട്രെയിനുകൾ, തദ്ദേശീയ നൂതനാശയങ്ങൾ, സുഖസൗകര്യം, യാത്രാസൗകര്യം എന്നിവയുടെ പ്രതീകമായി മാറി.

20.ആത്മനിർഭർ ഭാരത്

പ്രതിരോധം, ഫാർമസ്യൂട്ടിക്കൽസ്, സെമികണ്ടക്ടറുകൾ, സൗരോർജ്ജം, ഇലക്ട്രോണിക്സ് തുടങ്ങിയ മേഖലകളിൽ സമയബന്ധിതമായി ശേഷി വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകി. ഉൽപാദന ബന്ധിത ആനുകൂല്യ (PLI) പദ്ധതി ആത്മനിർഭരതയെ മത്സരശേഷിയുമായി വിജയകരമായി സംയോജിപ്പിക്കുകയും, സ്വയംപര്യാപ്തതയ്ക്കായുള്ള ആഹ്വാനം ഒരു ജനകീയ പ്രസ്ഥാനമായി വളരുകയും ചെയ്തു.

21. പ്രാദേശിക ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം

'വോക്കൽ ഫോർ ലോക്കൽ' സംരംഭം പ്രാദേശിക ഉൽപ്പന്നങ്ങൾക്ക് മുൻഗണന നൽകാൻ ഉപഭോക്താക്കളോട് അഭ്യർത്ഥിച്ചു. ഇത് കരകൗശല വിദഗ്ധരെയും കൈത്തറി മേഖലയെയും സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെയും (MSME) വിപണിയിലെ ആവശ്യകതയുമായി ബന്ധിപ്പിക്കുന്നതിനുള്ള ഒരു സമീപനത്തിന് രൂപം നൽകി.

22. മിഷൻ ലൈഫ്: പരിസ്ഥിതി സൗഹൃദ ജീവിതശൈലി

കാലാവസ്ഥാ വ്യതിയാനത്തിനുള്ള പരിഹാരം ഗവൺമെന്റുകൾക്കും വ്യവസായങ്ങൾക്കും ഉപരിയായി വ്യാപിപ്പിച്ച് വ്യക്തിഗത ജീവിതശൈലികളെക്കൂടി ഇതിൽ ഉൾപ്പെടുത്തി. ബോധപൂർവ്വവും മിതമായതുമായ ഉപഭോഗം ഒരു പൊതു ഉത്തരവാദിത്വമായി എടുത്തുകാണിച്ചു.

23. ശ്രീ അന്ന (മില്ലറ്റുകൾ):

ബജ്റ (പേൾ മില്ലറ്റ്), ജോവർ (സോർഗം), റാഗി (ഫിംഗർ മില്ലറ്റ്) തുടങ്ങിയ പരമ്പരാഗത വിളകളെ ഉൽപ്പാദന പിന്തുണ, പൊതുവിതരണ സമ്പ്രദായം, സ്കൂൾ ഉച്ചഭക്ഷണ പരിപാടികൾ, കയറ്റുമതി പ്രോത്സാഹനം എന്നിവയുമായി ബന്ധിപ്പിച്ചുകൊണ്ട് പോഷകാഹാരവും കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ള കൃഷിയും പ്രോത്സാഹിപ്പിച്ചു. ഇന്ത്യയുടെ അഭ്യർത്ഥന മാനിച്ച്, ഐക്യരാഷ്ട്രസഭ 2023-നെ 'അന്താരാഷ്ട്ര ചെറു ധാന്യ വർഷമായി പ്രഖ്യാപിച്ചു. ഇത് മഴയെ ആശ്രയിച്ച് കൃഷി ചെയ്യുന്ന കർഷകർക്ക് ലാഭകരമായ ഒരു വിള നൽകി.

24. നാരി ശക്തി വന്ദൻ അധിനിയം

ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും സ്ത്രീകൾക്ക് മൂന്നിലൊന്ന് സീറ്റുകൾ സംവരണം ചെയ്യുന്ന വ്യവസ്ഥ സ്ത്രീകളുടെ രാഷ്ട്രീയ പ്രാതിനിധ്യത്തിന് നിയമപരമായ അടിത്തറ നൽകി. ഇത് പഞ്ചായത്ത് തലം മുതൽ പാർലമെന്റ് വരെ സ്ത്രീകളുടെ നേതൃത്വത്തിലുള്ള വികസനത്തിലേക്കുള്ള വേഗത വർദ്ധിപ്പിച്ചു.

25. ശാന്തി വഴി ഇന്ത്യയുടെ ആണവോർജ്ജ പുനരുജ്ജീവനം

ആധുനിക ഉത്തരവാദിത്വത്തിന്റെയും നിയന്ത്രണങ്ങളുടെയും ചട്ടക്കൂടിന് കീഴിൽ സിവിൽ ആണവോർജ്ജ മേഖല സ്വകാര്യ, വിദേശ പങ്കാളിത്തത്തിനായി തുറന്നുകൊടുക്കുന്നതിന് ഒരു സംരംഭം ആരംഭിച്ചു. ഊർജ്ജ സുരക്ഷ, ശുദ്ധമായ ബേസ്-ലോഡ് പവർ, ദീർഘകാല ശേഷി വർദ്ധന എന്നിവയിൽ പുതിയ മാനദണ്ഡങ്ങൾ നിശ്ചയിക്കുക എന്നതായിരുന്നു ഈ ശ്രമത്തിന്റെ ലക്ഷ്യം.





ദിശകളെയും പ്രക്രിയകളെയും പരിവർത്തനം ചെയ്ത 25 ആശയങ്ങൾ

സദ്ഭരണത്തിന്റെ 25 വർഷത്തെ യാത്രയിൽ, സംസ്ഥാന തലം മുതൽ ദേശീയ തലം വരെയായി വിവിധ ആശയങ്ങളും സ്ഥാപനപരമായ സംരംഭങ്ങളും പ്രധാനമന്ത്രി മോദി അവതരിപ്പിച്ചു. കേവലം പദ്ധതികൾ എന്നതിലുപരി ഭരണത്തിന്റെ അടിസ്ഥാന ശൈലിയെത്തന്നെ ഇവ പുനർനിർവ്വചിച്ചു. ഈ സംരംഭങ്ങൾക്ക് പിന്നിലെ ലക്ഷ്യം സംവിധാനത്തെ പ്രവർത്തിപ്പിച്ചു കൊണ്ടുപോകുക എന്നത് മാത്രമായിരുന്നില്ല, മറിച്ച് അതിനെ സ്ഥാപനപരമായി പരിവർത്തനം ചെയ്യുക എന്നതായിരുന്നു. ഈ മാറ്റത്തിലൂടെ ഉത്തരവാദിത്വങ്ങൾ ഗവൺമെന്റിൽ നിന്ന് സമൂഹത്തിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും, പൗരന്മാർ നയരൂപീകരണ പ്രക്രിയകളിൽ സജീവ പങ്കാളികളാകുകയും, സാങ്കേതികവിദ്യ ഒരു പൊതു അടിത്തറയായി മാറുകയും, ദേശീയ ശ്രമങ്ങൾക്ക് ആഗോളതലത്തിൽ വേദി ലഭിക്കുകയും ചെയ്തു.

1. **ജല& ശുചിത്വ പരിപാലന സംഘടന (WASMO), ഗുജറാത്ത് (2003):** ഗ്രാമീണ കുടിവെള്ള പദ്ധതികളുടെ ഉത്തരവാദിത്വം ഗവൺമെന്റിൽ നിന്ന് ഗ്രാമങ്ങളിലേക്ക് മാറ്റി. ആസൂത്രണം, നിർമ്മാണം, പ്രവർത്തനം, പരിപാലനം എന്നിവ 'പാനി സമിതികളെ' (കുടിവെള്ള സമിതികൾ) ഏൽപ്പിച്ചു. സ്ത്രീകളുടെ പങ്കാളിത്തം ഈ സംരംഭത്തെ സാമൂഹ്യ അധിഷ്ഠിത മാതൃകയാക്കി മാറ്റി. ഇത് പിന്നീട് 'ജൽ ജീവൻ മിഷനിൽ' മാതൃകയാക്കപ്പെട്ടു.

2. **എസ്.ഡി.എം.എ - SDMA (2003):** ഭുജ് ഭൂകമ്പത്തെത്തുടർന്ന്, ദുരന്തനിവാരണത്തെ കേവലം ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ മാത്രം ഒതുക്കാതെ, സജ്ജീകരണം, ശേഷി വർദ്ധിപ്പിക്കൽ, അപകടസാധ്യത കുറയ്ക്കൽ എന്നിവയിൽ കേന്ദ്രീകരിച്ചുള്ള നിയമപരവും സ്ഥാപനപരവുമായ ചട്ടക്കൂട് ആക്കി ഗുജറാത്ത് സ്ഥാപിച്ചു. സമാനമായ ഒരു സംവിധാനം 2005-ൽ ദേശീയ തലത്തിലും നിലവിൽ വന്നു.

3. **വിശിഷ്ട മേഖലകൾക്കായുള്ള സർവ്വകലാശാലകൾ:** ഫോറൻസിക് സയൻസ്, ആഭ്യന്തര സുരക്ഷ, ഊർജ്ജം, കായികം, വിദ്യാഭ്യാസം, സംസ്കൃതം, യോഗ തുടങ്ങിയ മേഖലകൾക്കായി പ്രത്യേക സ്ഥാപനങ്ങളും സർവ്വകലാശാലകളും സ്ഥാപിച്ചു. ഇത് നിർദ്ദിഷ്ട മേഖലാ ആവശ്യങ്ങൾക്ക് അനുയോജ്യമായ പ്രതിഭകളെ വളർത്തിയെടുക്കുന്നതിന് സ്ഥാപനപരമായ അടിത്തറ സൃഷ്ടിച്ചു.

4. **ഗിഫ്റ്റ് സിറ്റി - GIFT City (2007):** അന്താരാഷ്ട്ര സാമ്പത്തിക സേവനങ്ങൾക്കായി ഒരു ഗ്രീൻഫീൽഡ് കേന്ദ്രം ഇന്ത്യയിൽ വികസിപ്പിച്ചെടുത്തു. ഏകീകൃത റെഗുലേറ്ററും അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്ക് അനുസൃതമായ സംവിധാനങ്ങളും ഉൾപ്പെടുത്തി ആഗോള സാമ്പത്തിക പ്രവർത്തനങ്ങൾക്കായി ഒരു പുതിയ വേദി രൂപീകരിച്ചു.

5. **പ്രത്യേക കാലാവസ്ഥാ വ്യതിയാന വകുപ്പ് (2009):** കാലാവസ്ഥാ വ്യതിയാന പ്രശ്നങ്ങൾ പരിഹരിക്കുന്നത് ഗവൺമെന്റിന്റെ സ്ഥിരമായ ഉത്തരവാദിത്വമായി മാറി. പുനരുപയോഗ ഊർജ്ജം, ജലസംരക്ഷണം, കാർബൺ ഉദ്വമനം കുറയ്ക്കൽ, പരിസ്ഥിതി സൗഹൃദ ആസൂത്രണം എന്നിവയ്ക്കായി ഗവൺമെന്റ് പ്രത്യേക ബജറ്റും ഭരണപരമായ ചട്ടക്കൂടുകളും സ്ഥാപിച്ചു.

6. **മൈഗവ് -(MyGov 2014):** ഗവൺമെന്റ് സംരംഭങ്ങളിൽ പൗരന്മാർക്ക് അർത്ഥവത്തായ രീതിയിൽ പങ്കാളികളാകാനുള്ള ഒരു മാധ്യമമായി ഈ പ്ലാറ്റ്ഫോം പ്രവർത്തിക്കുന്നു. പൊതുജനങ്ങളുടെ പങ്ക് കേവലം പ്രേക്ഷകർ എന്നതിൽ നിന്ന് സജീവ പങ്കാളി എന്നതിലേക്ക് മാറി.

7. **നിതി ആയോഗ് - (2015):** ആസൂത്രണ കമ്മീഷന് പകരമായി നിതി ആയോഗ് നിലവിൽ വന്നു. സംസ്ഥാനങ്ങളുമായുള്ള സംഭാഷണം, സംസ്ഥാനങ്ങൾക്കുള്ള പിന്തുണ പരിപാടികൾ, വികസനം കാംക്ഷിക്കുന്ന ജില്ലകൾക്കായുള്ള ദൗത്യം എന്നിവയിലൂടെ നയരൂപീകരണത്തെ ഫലപ്രാപ്തിയുമായും സഹകരണ ഫെഡറലിസവുമായും ബന്ധിപ്പിച്ചു.

8. **പ്രഗതി - (2015):** മുടങ്ങിക്കിടക്കുന്ന പദ്ധതികൾ അവലോകനം ചെയ്യുന്നതിനായി പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ ഒരു സംവിധാനം സ്ഥാപിക്കുകയും കേന്ദ്ര-സംസ്ഥാന ഉദ്യോഗസ്ഥരെ ഒരുപോലെ ഉത്തരവാദികളാക്കുകയും ചെയ്തു. പദ്ധതികളുടെ പുരോഗതിയും പ്രശ്നങ്ങളും ഒരു ഏകീകൃത പ്ലാറ്റ്ഫോമിൽ ലഭ്യമായി.





9. **അന്താരാഷ്ട്ര സൗരോർജ്ജസഖ്യം** (2015): ഇന്ത്യയുടെയും ഫ്രാൻസിന്റെയും സംരംഭത്തിലൂടെ സൗരോർജ്ജത്തിനായുള്ള കരാർ അധിഷ്ഠിത അന്താരാഷ്ട്ര സംഘടന രൂപീകരിച്ചു. സഞ്ചിത സംഭരണം, ഏകീകരണം, പ്രോജക്ട് തയ്യാറാക്കൽ, ധനസഹായം തുടങ്ങിയ സംവിധാനങ്ങളിലൂടെ സൗരോർജ്ജം ആഗോള സഹകരണത്തിനുള്ള അടിത്തറയായി മാറി.

10. **ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യം (2016):** ആധാർ , യു.പി.ഐ , അക്കൗണ്ട് അഗ്രിഗേറ്റർ തുടങ്ങിയ വിശാലമായ ഡിജിറ്റൽ ചട്ടക്കൂടുകൾ സൃഷ്ടിക്കപ്പെട്ടു; ഇവ അടിസ്ഥാനമാക്കി പുതിയ സേവനങ്ങൾ നിർമ്മിക്കാൻ ഇത് ബാങ്കുകൾ, സ്റ്റാർട്ടപ്പുകൾ, ഗവൺമെന്റുകൾ എന്നിവയെ പ്രാപ്തമാക്കി. പൊതു ഡിജിറ്റൽ സൗകര്യങ്ങൾ ഒരു അടിത്തറയായി മാറി.

11. **ജി.ഇ.എം – GeM (2016):** ഗവൺമെന്റ് സംഭരണം ഒറ്റ ഓൺലൈൻ പ്ലാറ്റ്ഫോമിലേക്ക് ഏകോപിപ്പിച്ചു. ഇത് വിലകൾ, ഉൽപ്പന്നങ്ങൾ, വിതരണക്കാർ എന്നിവ സംബന്ധിച്ച സുതാര്യത വർദ്ധിപ്പിച്ചു. സംഭരണ രീതി ഇടനിലക്കാരിൽ നിന്നും പരിമിതമായ മത്സരത്തിൽ നിന്നും മാറി ഒരു തുറന്ന ഡിജിറ്റൽ വിപണിയായി പരിണമിച്ചു.

12. **പാപ്പരത്തകോഡ് (2016):** സാമ്പത്തിക പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി ഏകീകൃതവും, കടം കൊടുത്തവർക്ക് മുൻഗണന നൽകുന്നതുമായ, സമയബന്ധിതമായ ഒരു സംവിധാനം ഇത് അവതരിപ്പിച്ചു. ഇത് വായ്പ അച്ചടക്കത്തിന് സ്ഥാപനപരമായ അടിത്തറ നൽകി.

13. **അടൽ ഇന്നൊവേഷൻ മിഷൻ (2016):** സ്കൂൾ തലത്തിൽ നൂതനാശയങ്ങൾ ആവിഷ്കരിക്കുന്നതിനായി അടൽ ടിങ്കറിംഗ് ലാബുകളും സ്റ്റാർട്ടപ്പുകൾക്കായി അടൽ ഇൻകുബേഷൻ സെന്ററുകളും സ്ഥാപിച്ചു. നൂതനാശയങ്ങൾക്കായുള്ള മനോഭാവത്തിന് വലിയ തോതിൽ പ്രോത്സാഹനം ലഭിച്ചു. ഇതുവരെ 10,000 ലാബുകൾ സ്ഥാപിച്ചുകഴിഞ്ഞു; ഇതിൽ ഏകദേശം 60 ശതമാനവും ഗവൺമെന്റ് സ്കൂളുകളിലാണ്, പകുതിയിലധികവും ഗ്രാമീണ മേഖലകളിലാണ് സ്ഥിതി ചെയ്യുന്നത്.

14. **റെറ – RERA (2016):** റിയൽ എസ്റ്റേറ്റ് മേഖലയിലെ ഉപഭോക്താക്കളുടെ അവകാശങ്ങൾക്ക് നിയമപരമായ സംരക്ഷണം ലഭിച്ചു. പ്രോജക്റ്റ് രജിസ്ട്രേഷൻ, ഉപഭോക്താക്കളുടെ ഫണ്ട് പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കൽ, തർക്ക പരിഹാര സംവിധാനങ്ങൾ എന്നിവ ഉത്തരവാദിത്വം വർദ്ധിപ്പിച്ചു.

15. **ജി.എസ്.ടി കൗൺസിൽ (2016):** നികുതി കാര്യങ്ങളിൽ സംയുക്തമായി തീരുമാനമെടുക്കാൻ ഭരണഘടനാ സ്ഥാപനം വഴി കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ഒരു വേദി നൽകി. ജി.എസ്.ടി വിവിധ പരോക്ഷ നികുതികൾക്ക് ബദലായി മാറുകയും ഒരു പൊതു ദേശീയ വിപണി സൃഷ്ടിക്കുന്നതിലേക്ക് വഴിയൊരുക്കുകയും ചെയ്തു.

16. **പിന്നാക്ക വിഭാഗങ്ങൾക്കായുള്ള ദേശീയ കമ്മീഷൻ:** പിന്നാക്ക വിഭാഗങ്ങൾക്കായുള്ള ദേശീയ കമ്മീഷന് ഭരണഘടനാ പദവി നൽകിക്കൊണ്ട് അതിന്റെ സ്ഥാപന പരമായ നിലവാരം ശക്തിപ്പെടുത്തി. ഇത് ജനസംഖ്യയിലെ വലിയൊരു വിഭാഗത്തിന് സ്ഥാപനപരമായി സ്ഥിരമായ ഭരണഘടനാ ശബ്ദം നൽകി.

17. **സംയുക്ത സൈനിക മേധാവി (2019):** മൂന്ന് സായുധ സേനകൾക്കുമിടയിൽ മികച്ച ഏകോപനം വളർത്തുന്നതിനായി സി.ഡി.എസ് (CDS) തസ്തികയും സൈനിക കാര്യവകുപ്പും രൂപീകരിച്ചു. വളരെക്കാലമായി നിർദ്ദേശിക്കപ്പെട്ടിരുന്ന സംയുക്ത സൈനിക ഘടനയ്ക്ക് ഒരു സ്ഥാപനപരമായ ചട്ടക്കൂട് നൽകി.

18. **സി.ഡി.ആർ.ഐ – CDRI (2019):** ദുരന്തങ്ങളെ പ്രതിരോധിക്കാൻ ശേഷിയുള്ള അടിസ്ഥാന സൗകര്യത്തിനായുള്ള ഒരു അന്താരാഷ്ട്ര കൂട്ടായ്മ ഇന്ത്യ മുൻകൈയെടുത്ത് രൂപീകരിച്ചു. ഗവേഷണം, സാങ്കേതിക സഹകരണം, ശക്തമായ നിർമ്മാണ മാനദണ്ഡങ്ങൾ എന്നിവയിലൂടെ പ്രതിരോധശേഷി ഒരു പൊതു ആഗോള മുൻഗണനയായി മാറി.

19. **മിഷൻ കർമ്മയോഗി iGOT (2020):** സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ പരിശീലനം റാങ്കിനെയും സീനിയോറിറ്റിയെയും അടിസ്ഥാനമാക്കിയുള്ള സംവിധാനത്തിൽ നിന്ന് തുടർച്ചയായതും, പ്രാവീണ്യാധിഷ്ഠിതവുമായ പഠനത്തിലേക്ക് മാറി. ഉദ്യോഗസ്ഥർക്ക് അവരുടെ നിർദ്ദിഷ്ട ചുമതലകൾക്ക് അനുയോജ്യമായ ഡിജിറ്റൽ പരിശീലനം നൽകി.

20. **ഇൻ-സ്പേസ് (IN-SPACe)** ബഹിരാകാശ മേഖലയിലെ സ്വകാര്യ കമ്പനികൾക്ക് പ്രോത്സാഹനം (2020): ബഹിരാകാശ മേഖലയിലെ സ്വകാര്യ കമ്പനികൾക്കായി ഏകജാലക സംവിധാനം സ്ഥാപിച്ചു. റോക്കറ്റ് വിക്ഷേപണം, ഉപഗ്രഹങ്ങൾ, പരീക്ഷണ സൗകര്യങ്ങൾ, ബഹിരാകാശ സേവനങ്ങൾ തുടങ്ങിയ മേഖലകളിൽ മുന്നേറാൻ സ്വകാര്യ മേഖലയ്ക്ക് ഇത് സ്ഥാപനപരമായ മാർഗ്ഗം തുറന്നു നൽകി.





21. സഹകരണ മന്ത്രാലയം (2021): സഹകരണ മേഖലയ്ക്കായി ഒരു പ്രത്യേക മന്ത്രാലയം രൂപീകരിച്ചു. ദേശീയ സഹകരണ ഡാറ്റാബേസ്, ബഹുസംസ്ഥാന സഹകരണ ചട്ടക്കൂട്, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ (PACS) കമ്പ്യൂട്ടറൈസേഷൻ തുടങ്ങിയ സംരംഭങ്ങൾക്ക് ഇത് സ്ഥാപനപരമായ അടിത്തറ നൽകി.


22. ആഗോള ജൈവ ഇന്ധനസഖ്യം (2023): ഇന്ത്യ, ബ്രസീൽ, യു.എസ്.എ എന്നീ രാഷ്ട്രങ്ങൾ മുൻകൈയെടുത്ത് ജൈവഇന്ധനങ്ങൾക്കായി ഒരു പൊതു അന്താരാഷ്ട്ര വേദി രൂപീകരിച്ചു. പൊതു മാനദണ്ഡങ്ങൾ, സാങ്കേതികവിദ്യ, വ്യാപാരം എന്നിവയിലൂടെ ആഗോള ഊർജ്ജ പരിവർത്തനം വേഗത്തിലാക്കാൻ ശ്രമങ്ങൾ നടത്തി.

24. മേരാ യുവ ഭാരത് (2023):

യുവാക്കൾക്കായി നൈപുണ്യ വികസനം, സന്നദ്ധസേവനം, നേതൃത്വം, പ്രാദേശിക വികസനം എന്നിവയുടെ വശങ്ങൾ സമന്വയിപ്പിച്ച് ഒരു ഏകീകൃത പ്ലാറ്റ്ഫോം രൂപീകരിച്ചു. രജിസ്ട്രേഷനിലൂടെയും ഒരു പൊതു ഡാറ്റാബേസിലൂടെയും യുവജന പങ്കാളിത്തത്തിന് സുസ്ഥിരമായ ഒരു ഘടന നൽകി.

26. അന്താരാഷ്ട്ര ബൃഹത് മാർജാരസഖ്യം (2023):

വലിപ്പമേറിയ മാർജാരവർഗ്ഗത്തിൽപ്പെട്ട ഏഴ് തരം ജീവികളുടെ സംരക്ഷണത്തിനായി ഒരു അന്താരാഷ്ട്ര സഹകരണ സംവിധാനം സ്ഥാപിച്ചു. ഗവേഷണം, നിരീക്ഷണം, വേട്ടയാടൽ വിരുദ്ധ നടപടികൾ, മികച്ച മാതൃകകൾ പങ്കുവെക്കൽ എന്നിവയിലൂടെ വന്യജീവി സംരക്ഷണത്തിന് സ്ഥാപനപരമായ പിന്തുണ ലഭിച്ചു.



23. അഗ്നിപഥ് പദ്ധതി (2022):

'അഗ്നിവീർ' സംവിധാനത്തിലൂടെ സൈനികരുടെ റിക്രൂട്ട്മെന്റിലും സേവന ഘടനയിലും മാറ്റങ്ങൾ വരുത്തി. നാല് വർഷത്തെ സേവന കാലാവധി, തെരഞ്ഞെടുക്കപ്പെടുന്നവരെ നിലനിർത്തുന്നതിനുള്ള വ്യവസ്ഥകൾ, ഉപരിസാധ്യതകൾ എന്നിവയിലൂടെ ദീർഘകാലാടിസ്ഥാനത്തിൽ സായുധ സേനയെ കൂടുതൽ യുവത്വമുള്ളതാക്കാൻ വഴിതുറന്നു.

"നയരൂപീകരണത്തിന്റെയും ഭരണത്തിന്റെയും ഈ മേഖലയിൽ ഞാൻ ഇപ്പോൾ 25 വർഷം തികയ്ക്കുകയാണ്. ഈ വർഷങ്ങളിലത്രയും എന്നെ നിരീക്ഷിച്ചിട്ടുള്ളവർക്ക് അറിയാം, ഒരു നാഴികക്കല്ലിൽ എത്തിയതിന് ശേഷം കേവലം ആഘോഷങ്ങളിൽ തൃപ്തനാകുന്ന ആളല്ല മോദി എന്ന്. ഒരു ലക്ഷ്യം കൈവരിച്ചു കഴിഞ്ഞാൽ, അതിലും വലിയ ഒന്നിലേക്ക് എത്താൻ ഞാൻ ഉടനടി തയ്യാറാവുന്നു.

-നരേന്ദ്ര മോദി, പ്രധാനമന്ത്രി



മുംബൈയിൽ 'ഗ്ലോബൽ ഫിൻടെക് ഫെസ്റ്റ് 2026' ഉദ്ഘാടനം ചെയ്തു

യു.പി.ഐ...
ഒരു നാഗരിക കഥ

ഇന്ത്യയുടെ സാങ്കേതിക മുന്നേറ്റത്തിന്റെ ശ്രദ്ധേയമായ പ്രയാണത്തിൽ, തർക്കമില്ലാത്ത വിജയമാണ് ഏകീകൃത പേയ്മെന്റ് ഇന്റർഫേസ് (UPI). യു.പി.ഐ എന്നത് വെറുമൊരു സാങ്കേതിക കഥ മാത്രമല്ല; അതൊരു നാഗരിക കഥയാണ്. സെപ്റ്റംബർ 8-ന് മുംബൈയിൽ നടന്ന ഗ്ലോബൽ ഫിൻടെക് ഫെസ്റ്റിന്റെ (GFF) 2026 ഉദ്ഘാടനത്തിൽ സംസാരിച്ച പ്രധാനമന്ത്രി, നിലവിൽ ഫിൻടെക് വിപണിയുടെ വലിയൊരു പങ്ക് ഡിജിറ്റൽ ഇടപാടുകൾ കൈയടക്കിയിട്ടുണ്ടെങ്കിലും അടുത്ത തലത്തിലേക്ക് മാറാനുള്ള സമയം അതിക്രമിച്ചിരിക്കുന്നുവെന്ന് ചൂണ്ടിക്കാട്ടി.



ഏവരെയും ഉൾക്കൊള്ളുന്നതിനുള്ള ഏറ്റവും കാര്യക്ഷമമായ ഉപകരണമാണ് സാങ്കേതികവിദ്യ, യു.പി.ഐ ഇത് തെളിയിച്ചിട്ടുണ്ട്. ഫിൻടെക്കിന്റെ കാര്യത്തിൽ, പരമ്പരാഗത മാതൃകകൾക്ക് എത്താൻ കഴിയാത്ത സ്ഥലങ്ങളിൽ - പരമ്പരാഗത ബാങ്കുകൾക്കും ബാങ്ക് ശാഖകൾക്കും കഴിയാതെ പോയ ഇടങ്ങളിൽ - എത്തിച്ചേരാനുള്ള കഴിവാണ് അതിന്റെ പ്രധാന സവിശേഷത. യു.പി.ഐ ആ സ്ഥലങ്ങളിലേക്കും വ്യക്തികളിലേക്കും ബാങ്കിംഗ് സംവിധാനത്തെ വിജയകരമായി വ്യാപിപ്പിച്ചു. ഫിൻടെക് വിപണി ഇനി കേവലം പേയ്മെന്റുകൾക്ക് അപ്പുറത്തേക്ക് വികസിക്കുകയും വായ്പാ ഇടപാടുകൾ, ഇൻഷുറൻസ്, സമ്പാദ്യം, നിക്ഷേപങ്ങൾ, പെൻഷനുകൾ എന്നിവയിൽ വലിയൊരു പങ്ക് നേടുകയും വേണമെന്ന് 'ഗ്ലോബൽ ഫിൻടെക് ഫെസ്റ്റ് 2026' ഉദ്ഘാടനത്തിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രസ്താവിച്ചു.

ഓഗസ്റ്റ് 25-ന് യു.പി.ഐ അതിന്റെ പത്താം വാർഷികം ആഘോഷിച്ചു. പത്ത് വർഷം മുമ്പ്, സ്വന്തം വിരൽത്തുമ്പിൽ ബാങ്ക് ഉണ്ടാകുന്നതിനെക്കുറിച്ച് താൻ സംസാരിച്ചപ്പോൾ, ചിലർക്ക് ആ ആശയം അവിശ്വസനീയമായി തോന്നിയിരുന്നുവെന്ന് പ്രധാനമന്ത്രി മോദി അനുസ്മരിച്ചു. എന്നാൽ, ഒരു പതിറ്റാണ്ടിനുശേഷം, തലമുറകളായി ബാങ്കിംഗ് സംവിധാനത്തിന് പുറത്തുനിന്ന ദശലക്ഷക്കണക്കിന് ജനങ്ങൾ ഇന്ത്യയുടെ ഫിൻടെക് വളർച്ചയുടെ പ്രധാന വാഹകരായി മാറിയിരിക്കുന്നു.

ഇന്ത്യയുടെ പുരോഗതി ലോകത്ത് പുതിയ ആത്മവിശ്വാസം വളർത്തുന്നു

ലോകം സംഘർഷങ്ങളുടെയും അനിശ്ചിതത്വത്തിന്റെയും ഒരു ഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. ഊർജ്ജ, ചരക്ക് വിതരണ ശൃംഖലകളിൽ സമ്മർദ്ദവും വ്യാപാര സംബന്ധിയായ സംഘർഷങ്ങളും നിലനിൽക്കുന്നുണ്ട്. ഈ സാഹചര്യങ്ങൾ മാസങ്ങളായി തുടരുകയാണ്. ഏപ്രിൽ-ജൂൺ പാദമാണ് ഏറ്റവും വെല്ലുവിളി നിറഞ്ഞതായി മാറിയത്. ഇതിനിടയിലും, ഇന്ത്യ കൈവരിച്ച 7.8% വളർച്ചാ നിരക്ക് ആഗോള സമൂഹത്തിൽ ഒരു പുതിയ ആത്മവിശ്വാസം വളർത്തുന്നു.

ഇന്ത്യയുടെ ശക്തമായ വായ്പ റേറ്റിംഗുകൾ ഈ വർദ്ധിച്ചുവരുന്ന ആത്മവിശ്വാസത്തിന്റെ മറ്റൊരു തെളിവാണ്. അടുത്തിടെ, ഒരു ജാപ്പനീസ് ക്രെഡിറ്റ് റേറ്റിംഗ് ഏജൻസി ഇന്ത്യയുടെ സോവറിൻ റേറ്റിംഗ് 'A' വിഭാഗത്തിലേക്ക് ഉയർത്തി - മൂന്ന് പതിറ്റാണ്ടുകൾക്ക് ശേഷം കൈവരിച്ച ഒരു നാഴികക്കല്ലാണിത്. ഇന്ത്യയുടെ വളർച്ചാ വേഗത, സ്ഥൂല സാമ്പത്തിക സ്ഥിരത, കഴിഞ്ഞ വർഷങ്ങളിൽ നടപ്പിലാക്കിയ ഘടനാപരമായ പരിഷ്കാരങ്ങൾ എന്നിവയിലുള്ള ലോകത്തിന്റെ ആത്മവിശ്വാസമാണ് ഇത് പ്രതിഫലിപ്പിക്കുന്നത്.

ഓഗസ്റ്റ് മാസത്തിൽ മാത്രം, യു.പി.ഐ വഴി 24 ശത കോടിയിലധികം (2,400 കോടിയിലധികം) ഇടപാടുകൾ നടന്നു. ഇന്ത്യയുടെ യു.പി.ഐ ഇപ്പോൾ ലോകമെമ്പാടുമുള്ള 11 രാജ്യങ്ങളിൽ പ്രവർത്തനക്ഷമമാണ്.



'ഡിജിറ്റൽ ഇന്ത്യ'യുടെ വിജയഗാഥ ഇപ്പോൾ പുതിയൊരു അധ്യായത്തിന് തുടക്കം കുറിക്കാനൊരുങ്ങുകയാണ്. രാജ്യത്തെ ഫിൻടെക് മുന്നേറ്റത്തിന്റെ ഇതുവരെയുണ്ടായ വിജയത്തെ നിർവചിക്കുന്നത് അതിന്റെ വ്യാപ്തി, സാധ്യതകൾ, സുരക്ഷിത സംവിധാനങ്ങൾ, സാങ്കേതികവിദ്യയുടെ ജനകീയവൽക്കരണം, ജനങ്ങളുടെ വിശ്വാസം എന്നിവയാണ്.

-നരേന്ദ്ര മോദി, പ്രധാനമന്ത്രി

ഫിൻടെക് കമ്പനികൾക്ക് പ്രധാനമന്ത്രി മോദി നൽകിയ ദൗത്യം

ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ രണ്ടാം പാദം നമുക്ക് മുന്നിൽ പുതിയ സാധ്യതകളാണ് തുറന്നിടുന്നത്. ഏജന്റിക് എ.ഐ, ടോക്കണൈസേഷൻ, ക്വാണ്ടം കംപ്യൂട്ടിങ് തുടങ്ങിയ സാങ്കേതികവിദ്യകൾ ധനകാര്യ മേഖലയിൽ പുത്തൻ അവസരങ്ങളുടെ വാതിലുകൾ തുറക്കുന്നു. ഈ സാധ്യതകളെ പ്രകടമായ നേട്ടങ്ങളാക്കി മാറ്റുകയെന്നതാണ് നമ്മുടെ മുന്നിലെ വെല്ലുവിളി. ഫിൻടെക് കമ്പനികൾ ഒത്തുചേർന്ന് ചില ലക്ഷ്യങ്ങൾ നിശ്ചയിക്കണമെന്ന് പ്രധാനമന്ത്രി മോദി നിർദേശിച്ചു; അദ്ദേഹത്തിന്റെ ചില ശിപാർശകൾ താഴെ പറയുന്നവയാണ്-ഈ മാനദണ്ഡങ്ങൾ മുൻനിർത്തി സ്വയം വിലയിരുത്തിയാൽ അനന്ത സാധ്യതകളിലേക്കുള്ള കവാടമായി ഇന്ത്യയുടെ ഫിൻടെക് വ്യവസായത്തിന് മാറാനാവും.

1. രാജ്യത്തെ സൈബർ സുരക്ഷ ഏറ്റവും മികച്ചതാക്കുക.
2. ഡാറ്റാ സുരക്ഷയ്ക്ക് വ്യവസായ മേഖല സ്വന്തമായി ധാർമിക മാനദണ്ഡങ്ങൾ രൂപീകരിക്കുക.
3. ശക്തമായ ഫിൻടെക് നിയന്ത്രണ-നൂതനാശയ ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുക.
4. ഓരോ കമ്പനിക്കും സുതാര്യമായ റേറ്റിങ് ഉറപ്പാക്കുന്നതിന് ഫിൻടെക് ഉപഭോക്തൃ സംരക്ഷണ സൂചിക തയ്യാറാക്കുക.

പ്രധാനമന്ത്രി മോദിയുടെ പരിപാടി പൂർണമായി കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.

ഇന്ത്യയുടെ വളർച്ചാ വേഗത്തിലും സമഗ്ര സാമ്പത്തിക സുസ്ഥിരതയിലും കഴിഞ്ഞ ഏതാനും വർഷങ്ങളായി നടപ്പാക്കിയ ഘടനാപരമായ പരിഷ്കാരങ്ങളിലും ലോകരാജ്യങ്ങൾ പുലർത്തുന്ന വിശ്വാസമാണ് ഈ മുന്നേറ്റം പ്രതിഫലിപ്പിക്കുന്നത്. ഇന്ത്യയുടെ "റിഫോം എക്സ്പ്രസ്" കൂടുതൽ വേഗത്തിൽ മുന്നോട്ട് കുതിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആവർത്തിച്ച് വ്യക്തമാക്കി.

കൈവരിച്ച നേട്ടങ്ങളിൽ സംതൃപ്തിയടഞ്ഞ് വെറുതെയിരിക്കുന്ന പ്രകൃതക്കാരനല്ല പ്രധാനമന്ത്രി മോദി. നയരൂപീകരണത്തിന്റെയും ഭരണനിർവഹണത്തിന്റെയും മേഖലയിൽ 25 വർഷം പൂർത്തിയാക്കുകയാണെന്ന് ചടങ്ങിൽ പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. ഒരു ലക്ഷ്യം കൈവരിച്ചുകഴിഞ്ഞാൽ ഉടൻ അതിലും വലിയ മറ്റൊരു ലക്ഷ്യത്തിനായി അദ്ദേഹം തയ്യാറെടുപ്പുകൾ തുടങ്ങുമെന്ന് വർഷങ്ങളായി പ്രധാനമന്ത്രി മോദിയെ നിരീക്ഷിക്കുന്നവർക്കറിയാം. ഇന്ത്യയുടെ യു.പി.ഐ ഇതിനകം നിരവധി രാജ്യങ്ങളിലേക്ക് വ്യാപിച്ചിട്ടുണ്ടെങ്കിലും ഇത് ആദ്യപടി മാത്രമാണെന്ന് അദ്ദേഹം വ്യക്തമാക്കി; ആ രാജ്യങ്ങളിലെ പണമിടപാട് സംവിധാനങ്ങളുമായി യു.പി.ഐ സംയോജിപ്പിക്കുക എന്നതായിരിക്കണം അടുത്ത ലക്ഷ്യം-സിംഗപ്പൂരുമായി ഇന്ത്യ ഇതിനകം ഈ നേട്ടം കൈവരിച്ചുകഴിഞ്ഞിട്ടുണ്ട്.

ജി.എഫ്.എഫ് 2026 സെപ്റ്റംബർ 8 മുതൽ 11 വരെ മുംബൈയിൽ നടന്നു

ആഗോള ഫിൻടെക് ഫെസ്റ്റിന്റെ (ജി.എഫ്.എഫ്) ഏഴാം പതിപ്പ് 2026 സെപ്റ്റംബർ 8 മുതൽ 11 വരെ മുംബൈയിൽ നടന്നു. നയരൂപകർത്താക്കൾ, നിയന്ത്രണ ഏജൻസികൾ, സെൻട്രൽ ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, ഫിൻടെക് കമ്പനികൾ, സാങ്കേതികവിദ്യാ സ്ഥാപനങ്ങൾ, നിക്ഷേപകർ, അക്കാദമിക വിദഗ്ധർ, മറ്റ് ആഗോള പങ്കാളികൾ എന്നിവരെ ഒന്നിപ്പിച്ച് ധനകാര്യ മേഖലയുടെ ഭാവിയെക്കുറിച്ച് ചർച്ച ചെയ്യുന്ന അന്താരാഷ്ട്ര വിജ്ഞാന-നേതൃത്വ വേദിയായി 2020 മുതൽ ജി.എഫ്.എഫ് വളർന്നുവന്നിട്ടുണ്ട്. ●



ചരക്കുനീക്ക ഇടനാഴികൾ

ഉയിർത്തെഴുന്നേൽക്കുന്ന ഇന്ത്യയുടെ ജീവനാഡി

2047-ഓടെ രാജ്യത്തെ വികസിത ഇന്ത്യയാക്കി മാറ്റാനുള്ള മുന്നേറ്റത്തിലാണ് കേന്ദ്ര ഗവണ്മെന്റ്. ഈ ലക്ഷ്യം കൈവരിക്കുന്നതിൽ സമസ്ത മേഖലകളിലെയും അടിസ്ഥാന സൗകര്യങ്ങൾ സുപ്രധാന പങ്കുവഹിക്കുന്നു. അതുകൊണ്ടാണ് രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളും കേന്ദ്ര ഗവണ്മെന്റ് അതിവേഗം വികസിപ്പിക്കുന്നത്. ഈ ദൗത്യത്തിന്റെ ഭാഗമായി ഗുജറാത്തിലെ വഡോദരയിൽ സെപ്റ്റംബർ 8-ന് പ്രധാനമന്ത്രി നരേന്ദ്ര മോദി 35,000 കോടി രൂപ ചെലവിൽ വിവിധ പദ്ധതികൾ തറക്കല്ലിടുകയും ഉദ്ഘാടനം ചെയ്യുകയും ചെയ്തു; ചരക്കുനീക്ക ഇടനാഴികൾ, തുറമുഖങ്ങൾ, റെയിൽ പാതകൾ, റോഡുകൾ, ഊർജം, പാർപ്പിടം, ജലവിതരണം എന്നിവയിലുടനീളം വൈവിധ്യമാർന്ന പദ്ധതികൾ ഇതിലുൾപ്പെടുന്നു...

ആധുനിക ആവശ്യങ്ങൾക്ക് അനുയോജ്യമായ തടസ്സമില്ലാത്ത യാത്രാ-ഗതാഗത സൗകര്യങ്ങളാണ് വികസിത ഇന്ത്യക്ക് ആവശ്യം. ഈ പശ്ചാത്തലത്തിലാണ് 2,800 കിലോമീറ്ററിലധികം ദൈർഘ്യമുള്ള പ്രത്യേക ചരക്കുനീക്ക ഇടനാഴി പദ്ധതി പൂർത്തീകരിച്ചത്. 2004-ൽ തന്നെ ഈ ഇടനാഴി സംബന്ധിച്ച ആശയം ഉടലെടുക്കുകയും 2006-ൽ ഇതിന് പ്രത്യേക കമ്പനി രൂപീകരിക്കുകയും ചെയ്തിരുന്നെങ്കിലും 2014 വരെ ഇതുമായി ബന്ധപ്പെട്ട ഫയലുകളുടെ നീക്കം മാത്രമാണുണ്ടായത്. 2014-ൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ഗവണ്മെന്റ് അധികാരമേറ്റതിനു ശേഷമാണ് ഈ ഇടനാഴിയുടെ നിർമാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാനും പൂർത്തീകരണത്തിലേക്ക് എത്തിക്കാനും സാധിച്ചത്. ഇന്ന് പശ്ചിമ-പൂർവ പ്രത്യേക ചരക്കുനീക്ക ഇടനാഴികൾ രാജ്യത്തിന്റെ വാണിജ്യ-വ്യാപാര മേഖലകളുടെ നട്ടെല്ലായി മാറുകയാണ്. അതിവേഗം വികസിക്കുന്ന നവഇന്ത്യയുടെ ജീവനാഡിയായാണ് പ്രത്യേക ചരക്കുനീക്ക ഇടനാഴി നിലകൊള്ളുന്നത്. നിലവിൽ പ്രതിദിനം 430-ലധികം ചരക്ക് ട്രെയിനുകളാണ് ഈ ചരക്കുനീക്ക ഇടനാഴികളിലൂടെ സർവീസ് നടത്തുന്നത്. 100 കിലോമീറ്റർ ദൂരം സഞ്ചരിക്കാൻ നേരത്തെ ആറര മണിക്കൂർ വേണ്ടിവന്നിരുന്ന ഒരു ചരക്ക് ട്രെയിനിന് ഇപ്പോൾ അതിന്റെ പകുതിയിൽ താഴെ സമയം കൊണ്ട് ഇതേ ദൂരം പിന്നിടാനാവും. ട്രക്ക് വഴി ചരക്കുകളെത്തിക്കാൻ സാധാരണ 30 മണിക്കൂർ വേണ്ടിവരുന്ന യാത്ര പ്രത്യേക ചരക്കുനീക്ക ഇടനാഴിയിലൂടെ കേവലം 10 മുതൽ 12 മണിക്കൂറിനകം പൂർത്തിയാക്കാൻ സാധിക്കുന്നു.

2014 മുതൽ ഇന്ത്യയിൽ 50,000 അത്യാധുനിക റെയിൽ കോച്ചുകൾ നിർമിക്കുകയും ഏകദേശം 2.5 ലക്ഷം പുതിയ വാഗണുകൾ റെയിൽവേ ശൃംഖലയുടെ ഭാഗമാക്കുകയും ചെയ്തു.





'നുണകളുടെ പ്രതിധ്വനി'യുമായി നിങ്ങളെ വഴിതെറ്റിക്കാൻ ശ്രമിക്കുന്ന ആളുകളെ ഓരോ തെരുവോരങ്ങളിലും നിങ്ങൾക്ക് കാണാം. എന്നാൽ സത്യത്തിന്റെ ഉച്ചത്തിലുള്ള ഗർജ്ജനത്താൽ നയിക്കപ്പെടുന്ന ഇന്ത്യയിലെ യുവത മുന്നോട്ട് കുതിക്കുകയാണ്. സൗരോർജം, കാറ്റാടി ഊർജം, ജലവൈദ്യുതി, ആണവോർജം തുടങ്ങി എല്ലാ ഊർജ മേഖലകളിലും ഗവണ്മെന്റ് ഇന്ന് എത്രത്തോളം ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ടെന്ന് രാജ്യത്തെ യുവ സുഹൃത്തുക്കൾക്ക് കാണാനാവും.

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ 'സപ്തധാര' കാഴ്ചപ്പാടിലെ പ്രധാന സ്തംഭങ്ങളിലൊന്നാണ് നിർമാണ മേഖല. ചിപ്പുകൾ മുതൽ കപ്പലുകൾ വരെ-അതായത് ചെറു ഘടകങ്ങൾ മുതൽ അന്തിമ ഉല്പന്നങ്ങൾ വരെ ഇന്ത്യയിൽ തന്നെ നിർമിച്ച് ഉല്പാദന രംഗത്ത് രാജ്യം ഇന്ന് പുതിയ ഇതിഹാസം രചിക്കുകയാണ്.

സൗരോർജ പാനലുകളുടെ ആഭ്യന്തര ഉല്പാദനം ആരംഭിച്ചതോടെ ഈ മേഖലയിൽ 200 ജിഗാവാട്ടിലധികം ശേഷി വികസിപ്പിച്ചെടുക്കാൻ ഇന്ത്യയ്ക്ക് സാധിച്ചു. രാജ്യത്തുടനീളം 55 ലക്ഷം കുടുംബങ്ങൾ വീടുകളുടെ മേൽക്കൂരകളിലും ടെറസുകളിലും സൗരോർജ പാനലുകൾ സ്ഥാപിച്ചുകഴിഞ്ഞു.

നിർമിത ബുദ്ധിയിൽ ലോകത്തെ വൻശക്തിയായി ഉയർന്നുവരണമെങ്കിൽ രാജ്യം സ്വയം സജ്ജമാകുകയും ആവശ്യമായ ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുകയും വേണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഇന്ത്യ ഇത് കൃത്യമായി തന്നെ പ്രായോഗിക തലത്തിൽ നടപ്പാക്കുന്നു. അതുകൊണ്ടാണ് യൂറോപ്യൻ യൂണിയനുമായി നിർണായക-അപൂർവ ധാതുക്കൾക്കുമായി വിവിധ രാജ്യങ്ങളുമായി കരാറുകൾ ഒപ്പുവെക്കുന്നത്. രാജ്യത്തെ യുവതയുടെ ഭാവി സുരക്ഷിതമാക്കാൻ ലക്ഷ്യമിട്ടാണ് ഈ ശ്രമങ്ങൾ. ആഗോള ആവശ്യങ്ങൾ മാറുന്നതിനനുസരിച്ച് രാജ്യത്തെ വിദ്യാഭ്യാസ-പഠന രീതികളും മാറേണ്ടതുണ്ട്. തൽഫലമായി ഇന്ത്യ അതിന്റെ വിദ്യാഭ്യാസ നയവും അധ്യാപന-പരിശീലന സ്ഥാപനങ്ങളും പുനരാവിഷ്കരിക്കുകയാണ്.

ചരക്കുനീക്ക ഇടനാഴിയുടെ സവിശേഷതകൾ

മുംബൈയിലെ ജവഹർലാൽ നെഹ്റു തുറമുഖ അതോറിറ്റിയിൽ നിന്ന് വഡോദരയിലേക്ക് ഡബിൾ ഡെക്കർ ചരക്ക് ട്രെയിൻ സർവീസ് നടത്തി; കണ്ടെയ്നറുകൾ ഒന്നിനുമീതെ ഒന്നായി അടുക്കിവെച്ച ഡബിൾ സ്റ്റാക്ക് ട്രെയിനാണിത്. ഈ ഒരു സർവീസിലൂടെ മാത്രം 250-ലേറെ ട്രക്കുകൾ മുംബൈയിൽ നിന്ന് വഡോദരയിലേക്ക് കൊണ്ടുപോകുന്നതിന് തുല്യമായ അളവിലുള്ള ചരക്കുനീക്കമാണ് നടന്നത്. 326 കിലോമീറ്റർ ദൈർഘ്യമുള്ള ഈ ഇടനാഴിയുടെ മൂന്ന് ഭാഗങ്ങളും 20,700 കോടി രൂപ ചെലവിലാണ് വികസിപ്പിച്ചിരിക്കുന്നത്. ●

ഉദ്ഘാടനങ്ങളും ശിലാന്യാസങ്ങളും...

- വഡോദരയ്ക്കും ടാണ്ട റോഡിനുമിടയിലെ പുതിയ ട്രെയിൻ സർവീസ് ഫ്ലാഗ് ഓഫ് ചെയ്തു.
- ഛോട്ടാ ഉദേപുർ-ധാർ പദ്ധതിക്ക് കീഴിൽ വികസിപ്പിച്ച ജോബത്-ടാണ്ട റോഡ് പുതിയ റെയിൽ പാത രാജ്യത്തിന് സമർപ്പിച്ചു.
- റോഡ് സുരക്ഷ മെച്ചപ്പെടുത്താനും ഗതാഗതക്കുരുക്കിന് പരിഹാരം കാണാനും ലക്ഷ്യമിട്ട് ദേശീയപാത-48-ലെ വഡോദര-സൂറത് ഭാഗത്തെ കന്ദാരി ചോക്ഡി, ലുവാര പാട്ടിയ എന്നിവിടങ്ങളിലെ ആറുവരി മേൽപ്പാലങ്ങൾ ഉദ്ഘാടനം ചെയ്തു.
- 1,780 കോടി രൂപയുടെ മൂന്ന് ദേശീയപാതാ പദ്ധതികൾക്ക് തറക്കല്ലിട്ടു.
- 329 കിലോമീറ്റർ ദൈർഘ്യമുള്ളതും 9,700 കോടിയിലധികം രൂപ ചെലവ് പ്രതീക്ഷിക്കുന്നതുമായ മൂന്ന് റെയിൽവേ പദ്ധതികൾക്ക് തറക്കല്ലിട്ടു.
- ഗുജറാത്ത് ഗവണ്മെന്റിന്റെ ഏകദേശം 2,600 കോടി രൂപയുടെ വിവിധ പദ്ധതികളുടെ ശിലാന്യാസവും ഉദ്ഘാടനവും നിർവഹിച്ചു.

പ്രധാനമന്ത്രി മോദിയുടെ പരിപാടി പൂർണമായി കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.

ദേശീയ അധ്യാപക പുരസ്കാര ജേതാക്കൾക്ക് പ്രധാനമന്ത്രി മോദിയുടെ സന്ദേശം

യഥാർത്ഥ കരുത്ത്...

അറിവിലൂടെ അവബോധം, അവബോധത്തിലൂടെ പരിവർത്തനം

അധ്യാപകർ കേവലം പുസ്തകത്താളുകളിലെ പാഠങ്ങൾ മാത്രം പഠിപ്പിക്കുന്നവരല്ല; ജീവിതത്തെ മനസ്സിലാക്കാനും മുന്നേറാനും അവർ പഠിപ്പിക്കുന്നു. അധ്യാപക ദിനത്തോടനുബന്ധിച്ച് (സെപ്റ്റംബർ 5) ലോക് കല്യാൺ മാർഗിലെ വസതിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയ അധ്യാപക പുരസ്കാര ജേതാക്കളുമായി സംവദിക്കുകയും അവരുടെ അനുഭവങ്ങളും നൂതനാശയങ്ങളും കുട്ടികളുടെ ഭാവിയും സംബന്ധിച്ച കാഴ്ചപ്പാടുകൾ പങ്കുവെക്കുകയും ചെയ്തു. സംവാദത്തിനിടെ കുട്ടികളുടെ ജീവിതത്തിൽ അധ്യാപകരുടെ പങ്കിന് പ്രാധാന്യം കൂടുന്നതായി പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി...

കുട്ടികളുടെ അക്കാദമിക മികവിനപ്പുറം അവരുടെ പെരുമാറ്റത്തിലും ദൈനംദിന ജീവിതത്തിലും ശ്രദ്ധ പുലർത്താൻ അധ്യാപകർ തയ്യാറാകണമെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. അതുകൊണ്ടാണ് ദേശീയ അധ്യാപക പുരസ്കാര ജേതാക്കളുമായി നടത്തിയ കൂടിക്കാഴ്ചയിൽ കുട്ടിക്കാലത്തിന്റെ നിഷ്കളങ്കത സംരക്ഷിക്കേണ്ടത് നിർണായക ഉത്തരവാദിത്തമാണെന്നും അത് നിറവേറ്റാൻ ഏറ്റവും അനുയോജ്യർ അധ്യാപകരാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കിയത്. എല്ലാ കുട്ടികളും പൊതുവിൽ സഹജമായ സ്വഭാവവും കൗതുകവും പങ്കിടുന്നവരാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. അധ്യാപകർ ഈ കൗതുകത്തെ പ്രോത്സാഹിപ്പിക്കുകയും അതിനെ ശരിയായ ദിശയിലേക്ക് നയിക്കുകയും ചെയ്താൽ കുട്ടിയുടെ വളർച്ചയിൽ അവർക്ക് സുപ്രധാന പങ്കുവഹിക്കാനാവും.

സമയബന്ധിത മാർഗനിർദേശം നൽകാൻ അധ്യാപകർക്കാവും

പാഠ്യപദ്ധതി പൂർത്തിയാക്കുന്നതിലും അപ്പുറമാണ് ഒരു അധ്യാപകന്റെ ചുമതല. കുട്ടിക്കാലത്തെ ശരിയായ ദിശയിലേക്ക് നയിക്കുകയെന്നത് അതിൽ പ്രധാനമാണ്. അമിതമായ സ്ക്രീൻ സമയവും ലഹരി ഉപയോഗവും ഉൾപ്പെടെ വെല്ലുവിളികൾ നിലനിൽക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ക്ലാസ് മുറികൾക്ക് പുറത്തെ കുട്ടികളുടെ ജീവിതം മനസ്സിലാക്കേണ്ടതിന്റെ പ്രാധാന്യം അധ്യാപക ദിനത്തിൽ പ്രധാനമന്ത്രി മോദി എടുത്തുപറഞ്ഞു. കായിക വിനോദങ്ങൾ, സർഗാത്മകത, ക്രിയാത്മക ഇടപെടലുകൾ എന്നിവയിലൂടെ കുട്ടികളിൽ മികച്ച ശീലങ്ങളും ആരോഗ്യകരമായ താല്പര്യങ്ങളും വളർത്തിയെടുക്കാനാവും. ഒപ്പം, കുട്ടികളെ സൂക്ഷ്മമായി നിരീക്ഷിക്കുന്ന ഒരു അധ്യാപകന് അവരുടെ പെരുമാറ്റത്തിലെ ചെറിയ മാറ്റങ്ങൾ പോലും തിരിച്ചറിയാനും സമയബന്ധിതമായി ശരിയായ മാർഗനിർദേശം നൽകാനും സാധിക്കും.





അധ്യാപകർക്ക് ദേശീയ പുരസ്കാരങ്ങൾ സമ്മാനിച്ച് രാഷ്ട്രപതി

അധ്യാപക ദിനത്തോടനുബന്ധിച്ച് 2026 സെപ്റ്റംബർ 5-ന് ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലെ അധ്യാപകർക്ക് ദേശീയ പുരസ്കാരങ്ങൾ സമ്മാനിച്ചു. രാജ്യത്തിന്റെ ഭരണഘടന വിഭാവനം ചെയ്യുന്ന 'അവസര സമത്വം' എന്ന ആദർശം സാക്ഷാത്കരിക്കുന്നതിന് ഏറ്റവും ഫലപ്രദമായ മാധ്യമമാണ് വിദ്യാഭ്യാസമെന്ന് ചടങ്ങിൽ രാഷ്ട്രപതി പറഞ്ഞു. പ്രൈമറി സ്കൂളുകളിലെ കൊഴിഞ്ഞുപോക്ക് നിരക്ക് നാമമാത്രമായ തോതിലേക്ക് എത്തിക്കാൻ സാധിച്ചത് അധ്യാപകരുടെ പ്രയത്നത്തിലൂടെയാണ്. ഈ ദേശീയ വിജയത്തിന് എല്ലാ അധ്യാപകരെയും രാഷ്ട്രപതി അഭിനന്ദിച്ചു. അക്കാദമിക മികവ്, നൈപുണ്യ വികസനം, സംരംഭകത്വം എന്നിവയ്ക്ക് രാജ്യ വികസനത്തിൽ വലിയ പ്രാധാന്യമുണ്ടെന്ന് രാഷ്ട്രപതി അഭിപ്രായപ്പെട്ടു. ഇന്ത്യയെ ലോകത്തിന്റെ നൈപുണ്യ തലസ്ഥാനമായി സ്ഥാപിക്കുന്നതും വൻ വിജ്ഞാന ശക്തിയാക്കി മാറ്റുന്നതും ദേശീയ മുൻഗണനകളിൽ ഉൾപ്പെടുന്നു.

തൊഴിൽ മഹത്വം പോലുള്ള മൂല്യങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കണം

ദേശീയ വിദ്യാഭ്യാസ നയത്തെക്കുറിച്ച് പരാമർശിക്കവെ കുട്ടികളെ ക്ലാസ് മുറികൾക്ക് പുറത്തേക്ക് കൊണ്ടുപോയി പ്രായോഗിക തൊഴിൽ നൈപുണ്യങ്ങളുമായും വിവിധ തൊഴിലുകളുമായും ബന്ധിപ്പിക്കേണ്ടതിന്റെ പ്രാധാന്യം പ്രധാനമന്ത്രി വിശദീകരിച്ചു. കേവലം പാഠ്യപദ്ധതി അധിഷ്ഠിതമായ അറിവ് പകരുന്നതിൽ മാത്രം ഒതുങ്ങാതെ തൊഴിലിന്റെ മഹത്വം പോലുള്ള മൂല്യങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കാൻ സഹായിക്കണമെന്നും അദ്ദേഹം അധ്യാപകരോട് അഭ്യർത്ഥിച്ചു.

മാറ്റത്തിന്റെ തുടക്കം

ചില സംഭാഷണങ്ങൾ കേവല സംസാരങ്ങൾക്കുമപ്പുറമാണ്; അവ മാറ്റത്തിന്റെ തുടക്കമായി മാറുന്നു. അക്കാദമിക കാര്യങ്ങൾക്കപ്പുറം ശുചിത്വത്തെക്കുറിച്ചും സ്തനാർബുദ അവബോധത്തെക്കുറിച്ചും സമൂഹത്തിലേക്ക് സന്ദേശങ്ങളെത്തിച്ച ഉദ്യമത്തെക്കുറിച്ച് അധ്യാപകരിലൊരാൾ കൂടിക്കാഴ്ചയിൽ പങ്കുവെച്ചു. കാശിയിൽ നടന്ന സ്തനാർബുദ ബോധവൽക്കരണ കാമ്പയിൻ ഓർത്തെടുത്ത പ്രധാനമന്ത്രി മോദി, വർധിച്ച അവബോധം കൂടുതൽ സ്ത്രീകളെ മുന്നോട്ടുവരാനും പരിശോധനകൾക്ക് വിധേയരാകാൻ ധൈര്യം കാട്ടാനും പ്രേരിപ്പിച്ചതായി ചൂണ്ടിക്കാട്ടി. ഇതാണ് ഒരു അധ്യാപകന്റെ യഥാർത്ഥ കരുത്ത് - അറിവിൽ നിന്ന് അവബോധത്തിലേക്കും അവബോധത്തിൽ നിന്ന് പരിവർത്തനത്തിലേക്കും വഴിനടത്തുക.

പ്രസംഗകലയുടെ മന്ത്രം: ആത്മവിശ്വാസവും പരിശീലനവും

ഒരു മികച്ച പ്രസംഗകനാകാൻ ആത്മവിശ്വാസവും നിരന്തര പരിശീലനവും അത്യന്താപേക്ഷിതമാണെന്ന് ഒരു അധ്യാപകൻ വിശദീകരിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദി ഉടൻ കൗതുകത്തോടെ ഒരു ചോദ്യം ചോദിച്ചു: "എവിടെ നിന്നാണ് ഈ ആത്മവിശ്വാസം വരുന്നത്?" സജീവമായ ഒരു ആശയവിനിമയത്തിനാണ് ആ ചോദ്യത്തിലൂടെ തുടക്കം കുറിച്ചത്. വ്യക്തിപ്രഭാവത്തെക്കുറിച്ചുള്ള സങ്കല്പത്തിലേക്ക് വഴിമാറിയ സംഭാഷണം സദസ്സിൽ ചിരി പടർത്തി. ചിലപ്പോഴൊക്കെ പാഠത്തിനൊപ്പം ചെറുപുഞ്ചിരി കൂടി ചേർത്തുവെക്കുന്നതാണ് അവിസ്മരണീയ പഠനരീതി.

82 അധ്യാപകർക്കും അധ്യാപക പരിശീലകർക്കും ദേശീയ അധ്യാപക പുരസ്കാരങ്ങൾ

മൂന്ന് വകുപ്പുകളിലെ 82 അധ്യാപകരെയും അധ്യാപക പരിശീലകരെയുമാണ് ഈ വർഷം ദേശീയ അധ്യാപക പുരസ്കാരത്തിന് തിരഞ്ഞെടുത്തത്. സ്കൂൾ വിദ്യാഭ്യാസ-സാക്ഷരതാ വകുപ്പിലെ 48 അധ്യാപകർ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും പോളിടെക്നിക്കുകളിലെയും 21 അധ്യാപകർ/ഫാക്കൽറ്റി അംഗങ്ങൾ, നൈപുണ്യ വികസന-സംരംഭകത്വ മന്ത്രാലയത്തിലെ 13 നൈപുണ്യ പരിശീലകർ എന്നിവർ ഇതിലുൾപ്പെടുന്നു. പുരസ്കാര ജേതാക്കൾ അവരുടെ അധ്യാപന അനുഭവങ്ങളെയും നൂതന രീതികളെയും കുറിച്ച് സംസാരിച്ചു. ക്ലാസ് മുറിയിലെ അധ്യാപനം കൂടുതൽ ആകർഷകവും ഫലപ്രദവുമാക്കാൻ സ്വീകരിച്ച വിവിധ സർഗാത്മക രീതികൾ അവർ പങ്കുവെച്ചു. ●



കേന്ദ്ര മന്ത്രിസഭാ തീരുമാനങ്ങളുമായി ബന്ധപ്പെട്ട വാർത്താ സമ്മേളനം കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക

കേന്ദ്ര മന്ത്രിസഭാ തീരുമാനങ്ങൾ

റെയിൽ ഗതാഗത വിപുലീകരണം

എട്ട് പാതയിരട്ടിപ്പിക്കൽ പദ്ധതികൾക്ക് അംഗീകാരം

രാജ്യ വികസനത്തിനും റെയിൽ ഗതാഗത വിപുലീകരണത്തിനും പ്രതിജ്ഞാബദ്ധമായ കേന്ദ്ര ഗവണ്മെന്റ് ഈ ലക്ഷ്യത്തിനായി നിരന്തരം പ്രവർത്തിച്ചുവരികയാണ്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ സെപ്റ്റംബർ 9-ന് ചേർന്ന കേന്ദ്ര മന്ത്രിസഭാ യോഗം ഒൻപത് സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന എട്ട് പാതയിരട്ടിപ്പിക്കൽ പദ്ധതികൾക്ക് അംഗീകാരം നൽകി. ഈ പദ്ധതികൾ ഗതാഗത സൗകര്യങ്ങളും ചരക്കുനീക്ക കാര്യക്ഷമതയും വർധിപ്പിക്കുന്നതിനൊപ്പം എണ്ണ ഇറക്കുമതിയിൽ 20 കോടി ലിറ്ററിന്റെ കുറവ് വരുത്തും. 104 കോടി കിലോഗ്രാം കാർബൺ ഡയോക്സൈഡ് ബഹിർഗമനം കുറയ്ക്കാൻ ഇത് വഴിയൊരുക്കും. കൂടാതെ തൊഴിലിനും വിനോദസഞ്ചാരത്തിനും പുതിയ അവസരങ്ങളും സൃഷ്ടിക്കപ്പെടും...

തീരുമാനം: തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണാടക, തെലങ്കാന എന്നീ സംസ്ഥാനങ്ങളിലെ 17 ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന അഞ്ച് റെയിൽപാത വിപുലീകരണ പദ്ധതികൾക്ക് അംഗീകാരം.

നേട്ടങ്ങൾ: ഇന്ത്യൻ റെയിൽവേയുടെ നിലവിലെ ശൃംഖല ഏകദേശം 540 കിലോമീറ്റർ വിപുലീകരിക്കപ്പെടും. 10,021 കോടി രൂപയാണ് പദ്ധതികളുടെ ആകെ നിർമാണച്ചെലവ്. 2029-30-ഓടെ പദ്ധതികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

- പാതകളുടെ ശേഷി വർധിക്കുന്നത് ട്രെയിൻ ഗതാഗതം ഗണ്യമായി മെച്ചപ്പെടുത്തും; ഇത് ഇന്ത്യൻ റെയിൽവേയുടെ പ്രവർത്തനക്ഷമതയും സേവന വിശ്വാസ്യതയും വർധിപ്പിക്കും.
- ഈ പാതയിരട്ടിപ്പിക്കൽ പദ്ധതികൾ ട്രെയിൻ സർവീസുകൾ കൂടുതൽ സുഗമമാക്കുകയും തിരക്ക് കുറയ്ക്കുകയും ചെയ്യും.

ഈ പദ്ധതികളിൽ ഉൾപ്പെടുന്നവ:

- അരക്കോണം - രേണിഗുണ്ട 3, 4 പാതകൾ - 77 കി.മീ
- വൈറ്റ്ഫീൽഡ് - ബംഗാരപേട്ട് 3, 4 പാതകൾ - 47 കി.മീ
- ഹൊസൂർ - ഓമലൂർ പാതയിരട്ടിപ്പിക്കൽ - 147 കി.മീ
- സേലം - കരൂർ - ദിണ്ടിഗൽ പാതയിരട്ടിപ്പിക്കൽ - 159 കി.മീ
- സെക്കന്തരാബാദ് (ഘട്കേസർ) മുതൽ കാസിപേട്ട് വരെ 110 കി.മീ പാതയിരട്ടിപ്പിക്കൽ

“10,000 കോടിയിലധികം രൂപ ചെലവ് വരുന്ന അഞ്ച് പ്രധാന റെയിൽവേ പദ്ധതികൾ. ദക്ഷിണേന്ത്യയിൽ മെച്ചപ്പെട്ട റെയിൽ ഗതാഗതം. ലക്ഷക്കണക്കിന് പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. വേഗത്തിലുള്ള യാത്രയും ശക്തമായ ഗതാഗത സൗകര്യങ്ങളും കൂടുതൽ ചരക്കുനീക്ക ശേഷിയും ഉറപ്പാക്കാൻ മന്ത്രിസഭാ തീരുമാനം സഹായിക്കും.”

-നരേന്ദ്ര മോദി, പ്രധാനമന്ത്രി



തീരുമാനം: പശ്ചിമ ബംഗാൾ, ജാർഖണ്ഡ്, ഒഡീഷ, മധ്യപ്രദേശ്, ഛത്തീസ്ഗഡ് എന്നീ സംസ്ഥാനങ്ങളിലെ 14 ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന മൂന്ന് പാതയിരട്ടിപ്പിക്കൽ പദ്ധതികൾക്ക് അംഗീകാരം.

നേട്ടങ്ങൾ: ഇന്ത്യൻ റെയിൽവേ ശൃംഖല ഏകദേശം 656 കിലോമീറ്റർ വിപുലീകരിക്കപ്പെടും. 10,783 കോടി രൂപയാണ് പദ്ധതികളുടെ ആകെ നിർമാണച്ചെലവ്. 2029-30-ഓടെ പദ്ധതികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

- പാതകളുടെ ശേഷി വർധിക്കുന്നത് യാത്രാസൗകര്യം ഗണ്യമായി മെച്ചപ്പെടുത്തും; ഇത് ഇന്ത്യൻ റെയിൽവേയുടെ പ്രവർത്തനക്ഷമതയും സേവന വിശ്വാസ്യതയും വർധിപ്പിക്കും.
- ഈ പാതയിരട്ടിപ്പിക്കൽ പദ്ധതികൾ ട്രെയിൻ സർവീസുകൾ കൂടുതൽ സുഗമമാക്കുകയും തിരക്ക് കുറയ്ക്കുകയും ചെയ്യും.
- നിർദിഷ്ട പാതയിരട്ടിപ്പിക്കൽ പദ്ധതികൾ ഏകദേശം 56 ലക്ഷം ജനസംഖ്യയുള്ള 4,790-ഓളം ഗ്രാമങ്ങൾക്ക് മികച്ച യാത്രാസൗകര്യം ഉറപ്പാക്കും.
- പാതകളുടെ ശേഷി വർധിപ്പിക്കുന്ന പദ്ധതികൾ രാജ്യത്തെ നിരവധി പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് റെയിൽ ഗതാഗത സൗകര്യം മെച്ചപ്പെടുത്തും.

ഈ പദ്ധതികളിൽ ഉൾപ്പെടുന്നവ:

1. ഖരഗ്പൂർ - ഝാർസുഗുഡ (ബാഗ്ദേഹി) നാലാം പാത
2. കട്നി - പെൻഡ്രാ റോഡ് നാലാം പാത
3. ബിലാസ്പൂർ (ഉസ്ലാപൂർ) - പെൻഡ്രാ റോഡ് മൂന്നാം പാത

51 ലക്ഷത്തിലധികം ജീവനക്കാർക്ക് പ്രയോജനം

തീരുമാനം: ഇ.പി.എഫ്.ഒ വേതന പരിധി പ്രതിമാസം 15,000 രൂപയിൽ നിന്ന് 25,000 രൂപയായി ഉയർത്താൻ കേന്ദ്ര മന്ത്രിസഭാ അംഗീകാരം.

നേട്ടങ്ങൾ: ഈ തീരുമാനം ഔപചാരിക സമ്പദ് വ്യവസ്ഥയ്ക്ക് കരുത്തുപകരുകയും സാമൂഹ്യ സുരക്ഷയെക്കുറിച്ചുള്ള ഇന്ത്യയുടെ ദീർഘകാല കാഴ്ചപ്പാടിനെ മുന്നോട്ട് നയിക്കുകയും ചെയ്യുന്നു. 2047-ലെ വികസിത ഇന്ത്യ ലക്ഷ്യത്തിലേക്ക് രാജ്യം മുന്നേറുമ്പോൾ സാമ്പത്തിക വളർച്ചയ്ക്കും വർധിച്ചുവരുന്ന വേതനത്തിനും വിപുലീകരിക്കപ്പെടുന്ന ഔപചാരിക തൊഴിലവസരങ്ങൾക്കുമൊപ്പം സാമൂഹ്യ സുരക്ഷയും ഉറപ്പാക്കി എല്ലാവരെയും ഉൾക്കൊള്ളുന്നതും സുദൃഢവും ഭാവിസജ്ജവുമായ ഒരു സാമൂഹ്യ സുരക്ഷാ സംവിധാനം കെട്ടിപ്പടുക്കുന്നതിന് മറ്റൊരു സുപ്രധാന ചുവടുവെയ്പ്പാണ് ഈ അംഗീകാരം.

- വിശ്വകർമ ദിനവും സേവാ ദിനവുമായ 2026 സെപ്റ്റംബർ 17 ന് തീരുമാനം പ്രാബല്യത്തിൽ വന്നു.
- പ്രൊവിഡന്റ് ഫണ്ട് സമ്പാദ്യം, പെൻഷൻ, ഇൻഷുറൻസ് പരിരക്ഷ എന്നിവയിൽ നിന്ന് ജീവനക്കാർക്ക് പ്രയോജനം ലഭിക്കും.
- തൊഴിൽ നിയമങ്ങൾക്ക് കീഴിൽ എല്ലാ ജീവനക്കാർക്കും സാമൂഹ്യ സുരക്ഷ ലഭ്യമാക്കുന്നതിനുള്ള സുപ്രധാന ചുവടുവെയ്പ്പാണിത്.
- സാമൂഹ്യ സുരക്ഷാ പരിരക്ഷക്കൊപ്പം തൊഴിലവസരങ്ങൾ ഔപചാരികമാക്കുന്നതിനും ഇത് പ്രോത്സാഹനമേകും.
- 51 ലക്ഷത്തിലധികം ജീവനക്കാർ നിർബന്ധിത ഇ.പി.എഫ്.ഒ പരിരക്ഷയുടെ പരിധിയിൽ വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.
- നിലവിലെ വാർഷിക ബജറ്റ് വിഹിതമായ ഏകദേശം 10,250 കോടി രൂപയ്ക്ക് പകരം പ്രതിവർഷം ഗവണ്മെന്റ് വഹിക്കേണ്ടിവരുന്ന ചെലവ് ഏകദേശം 11,339 കോടി രൂപയായിരിക്കുമെന്ന് കണക്കാക്കുന്നു.
- അഞ്ച് വർഷത്തേക്ക് ആകെ കണക്കാക്കിയ ചെലവ് ഏകദേശം 56,696 കോടി രൂപയാണ്.
- പ്രൊവിഡന്റ് ഫണ്ട് സമ്പാദ്യം, എംപ്ലോയീസ് പെൻഷൻ സ്കീമിന് കീഴിലെ പെൻഷൻ, ഇൻഷുറൻസ് പരിരക്ഷ തുടങ്ങിയ ആനുകൂല്യങ്ങൾ കൂടുതൽ ജീവനക്കാർക്ക് ലഭ്യമാക്കാൻ ഈ അംഗീകാരം സഹായിക്കും.
- നിയമാനുസൃത വിഹിതവും പെൻഷൻ യോഗ്യമായ വേതന ചട്ടക്കൂടും നിലവിലെ വേതന നിരക്കുകളെ കൂടുതൽ കൃത്യമായി പ്രതിഫലിപ്പിക്കാനും ഇത് സഹായിക്കും.
- 2004 മുതൽ 2014 വരെ ഒരു പതിറ്റാണ്ടുകാലം ഇ.പി.എഫ്.ഒ വേതന പരിധി മാറ്റമില്ലാതെ തുടർന്നു; പിന്നീട് 2014 സെപ്റ്റംബറിലാണ് ഇത് 15,000 രൂപയായി ഉയർത്തിയത്.

കേന്ദ്ര മന്ത്രിസഭാ തീരുമാനങ്ങളുമായി ബന്ധപ്പെട്ട വാർത്താ സമ്മേളനം കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക





അന്താരാഷ്ട്ര ബഹിരാകാശ ഉച്ചകോടിയെ അഭിസംബോധന ചെയ്ത് പ്രധാനമന്ത്രി മോദി

ബഹിരാകാശ പര്യവേക്ഷണത്തിന്റെ മന്ത്രം **സംഘർഷമല്ല, സഹകരണമാണ് പ്രധാനം**

നൂറ്റാണ്ടുകളായി മനുഷ്യന്റെ ഭാവനയെ ത്രസിപ്പിച്ച ബഹിരാകാശം ഇന്ന് ഭൂമിയിലെ ദൈനംദിന ജീവിതത്തെത്തന്നെ സ്വാധീനിക്കുകയാണ് - കാലാവസ്ഥയും വിളകളും മുതൽ സമുദ്രങ്ങളും സമൂഹങ്ങളും വരെ സകലതിനെയും അത് സ്വാധീനിക്കുന്നു. ബഹിരാകാശത്തിന്റെ അനന്ത സാധ്യതകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് പ്രഥമ അന്താരാഷ്ട്ര ബഹിരാകാശ ഉച്ചകോടി പാരീസിൽ സംഘടിപ്പിച്ചു; സെപ്റ്റംബർ 10-ന് നടന്ന സമ്മേളനത്തെ അഭിസംബോധന ചെയ്ത പ്രധാനമന്ത്രി നരേന്ദ്ര മോദി ബഹിരാകാശത്തിന്റെ സാധ്യതകൾ അതിരുകളില്ലാത്തതാണെന്നും അതിന്റെ ഉത്തരവാദിത്തം എല്ലാവരിലുമാണെന്നും പറഞ്ഞു.


'ഒരു ഭൂമി, ഒരു കുടുംബം, ഒരു ഭാവി' എന്നർത്ഥം വരുന്ന वसुधैव कुटुंबकम्... എന്ന തത്വത്തിലാണ് ഇന്ത്യയുടെ കാഴ്ചപ്പാട് വേരൂന്നിയിരിക്കുന്നത്. സുരക്ഷിതമായ ഒരു മേഖല ഉറപ്പാക്കുന്നതിന് ഭൂമിയുടെ അതിരുകൾക്കപ്പുറത്തേക്ക് കടന്നുചെല്ലാനുള്ള ഐക്യത്തിന്റെ മനോഭാവം പ്രധാനമന്ത്രി മോദി എടുത്തുപറഞ്ഞു. അന്താരാഷ്ട്ര നിയമം, ആശയവിനിമയം, ബഹുമുഖ സഹകരണം എന്നിവയിലൂന്നിയ സുരക്ഷിതവും സുദൃഢവും സമാധാനപരവും സുസ്ഥിരവുമായ ബഹിരാകാശ മേഖലയെ ഇന്ത്യ പിന്തുണയ്ക്കുന്നതായി പ്രധാനമന്ത്രി വ്യക്തമാക്കി. ശാസ്ത്രീയ വിവരങ്ങൾ സുതാര്യതയോടും ആധികാരികതയോടും കൂടി പൊതുതാൽപ്പര്യത്തിനായി വിനിയോഗിക്കണം. ഭ്രമണപഥത്തിലെ തിരക്ക് വർധിക്കുകയും സാങ്കേതികവിദ്യകൾ മുന്നേറുകയും പങ്കെടുക്കുന്ന രാജ്യങ്ങളുടെ എണ്ണം ഉയരുകയും ചെയ്യുന്ന സാഹചര്യത്തിൽ തിരഞ്ഞെടുപ്പുകൾ വ്യക്തമായിരിക്കണമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി: സംഘർഷത്തിന് പകരം സഹകരണത്തിനും ഹ്രസ്വകാല നേട്ടങ്ങൾക്ക് പകരം സുസ്ഥിരതയ്ക്കുമാണ് മുൻഗണന നൽകേണ്ടതെന്നും പ്രധാനമന്ത്രി പറഞ്ഞു.

പ്രധാനമന്ത്രി മോദിയുടെ പരിപാടി പൂർണമായി കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.

ബഹിരാകാശ രംഗത്ത് നാഴികക്കല്ലുകൾ പിന്നിടുന്ന ഇന്ത്യ

- ചന്ദ്രയാൻ-3 ഇന്ത്യയെ ചന്ദ്രന്റെ ദക്ഷിണധ്രുവത്തിന് സമീപം ഇറങ്ങുന്ന ആദ്യ രാജ്യമാക്കി മാറ്റി.
- ആദിത്യ-എൽ1 സൂര്യന്റെ നിഗൂഢതകൾ അനാവരണം ചെയ്തുകൊണ്ടിരിക്കുന്നു. കഴിഞ്ഞ വർഷം ഒരു ഇന്ത്യൻ സഞ്ചാരി അന്താരാഷ്ട്ര ബഹിരാകാശ നിലയം സന്ദർശിച്ചു.
- ഭാവിയിൽ 2035-ഓടെ ഒരു ഇന്ത്യൻ ബഹിരാകാശ നിലയം സ്ഥാപിക്കാനും 2040-ഓടെ ഒരു ഇന്ത്യക്കാരനെ ചന്ദ്രനിലേക്ക് അയക്കാനുമാണ് രാജ്യത്തിന്റെ ലക്ഷ്യം.
- ഇന്ത്യൻ റോക്കറ്റുകൾ ഉപയോഗിച്ച് 34 രാജ്യങ്ങളിൽ നിന്ന് 430-ലധികം ഉപഗ്രഹങ്ങൾ ബഹിരാകാശത്തേക്ക് വിക്ഷേപിച്ചുകഴിഞ്ഞു.
- ഐ.എസ്.ആർ.ഒയുടെ സാങ്കേതികവിദ്യകളും പങ്കാളിത്തങ്ങളും ഇന്ത്യയ്ക്ക് മാത്രമല്ല, ലോകത്തിനാകെ പ്രയോജനകരമാണ്.

> മുഴുവൻ മനുഷ്യരാശിയുടെയും ഭാവി തലമുറകളുടെയും നന്മയ്ക്കായി നാമൊന്നിച്ച് ബഹിരാകാശം പര്യവേക്ഷണം ചെയ്യും; നാമൊരുമിച്ച് നൂതനാശയങ്ങൾ കണ്ടെത്തുകയും ഒരുമിച്ച് ബഹിരാകാശത്തെ സംരക്ഷിക്കുകയും ചെയ്യും.
>
> -നരേന്ദ്ര മോദി,
> പ്രധാനമന്ത്രി





'ലഹരിമുക്ത ഇന്ത്യ' എന്ന ദൃഢനിശ്ചയം 2029 ഓടെ യാഥാർത്ഥ്യത്തിലേക്ക്

ലഹരിമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ ഭാവി തലമുറകളുടെ തകർച്ചക്ക് കാരണമാകുന്ന ഗുരുതരമായ ഭീഷണിയാണ്. ലഹരിമരുന്ന് വ്യാപാരത്തിൽ നിന്നുള്ള വരുമാനം ഭീകരവാദ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കപ്പെടുന്നു; ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നാർക്കോ-ടെറർ ശൃംഖലകൾ സജീവമാണ്. ലോകമെമ്പാടുമുള്ള രാജ്യങ്ങൾ ഇന്ന് ഈ വെല്ലുവിളി നേരിടുകയാണ്. ഈ സാഹചര്യത്തിലാണ് 2019 മുതൽ കേന്ദ്ര ഗവണ്മെന്റ് ലഹരിമരുന്ന് വ്യാപനത്തിനെതിരെ ശക്തമായ നടപടികൾക്ക് തുടക്കം കുറിച്ചത്. സെപ്റ്റംബർ 6ന് ഗോവയുടെ തലസ്ഥാനമായ പനാജിയിൽ സംസാരിക്കവെ കേന്ദ്ര ആഭ്യന്തര, സഹകരണ മന്ത്രി അമിത് ഷാ, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ 2029ഓടെ 'ലഹരിമരുന്ന് മുക്ത ഇന്ത്യ' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുമെന്ന് പറഞ്ഞു...

ലഹരിമരുന്ന് ദുരുപയോഗത്തിനെതിരെ 2026 മുതൽ 2029 വരെയുള്ള കാലയളവിൽ ശക്തമായ രാജ്യവ്യാപക പ്രചാരണം സംഘടിപ്പിക്കുന്നതിനുള്ള സമഗ്രമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി, ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയും സംസ്ഥാന ഗവണ്മെന്റുകളെയും ഏകോപിപ്പിച്ച് രാജ്യത്തെ എല്ലാ ഗ്രാമങ്ങളെയും നഗരങ്ങളെയും ലഹരിമരുന്നിന്റെ പിടിയിൽ നിന്ന് മുക്തമാക്കുകയാണ് ലക്ഷ്യം. പനാജിയിൽ ലഹരിമരുന്ന് നിയന്ത്രണവുമായി ബന്ധപ്പെട്ട് നടത്തിയ വാർത്താസമ്മേളനത്തിൽ കേന്ദ്ര ആഭ്യന്തര, സഹകരണ മന്ത്രി അമിത് ഷാ പറഞ്ഞു, 2014ന് മുമ്പ് ലഹരിമരുന്നിനെതിരായ പോരാട്ടം പരിമിതമായ രീതിയിലായിരുന്നു; ചെറിയ തോതിലുള്ള പരിശോധനകളും ചെറുകിട കേസുകളിലെ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിലും മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചു. എന്നാൽ 2019 മുതൽ ഈ പ്രശ്നം ദേശസുരക്ഷയുടെ പ്രധാന മുൻഗണനകളിലൊന്നായി കണക്കാക്കി.

ലഹരിമരുന്നിനെതിരായ പോരാട്ടം കേവലം കടലാസുജോലികളിലോ വിവിധ ഏജൻസികളുടെ ഒറ്റപ്പെട്ട നടപടികളിലോ ഒതുങ്ങാതെ, ഏകോപിതവും സുസ്ഥിരവുമായ ദേശീയ പ്രചാരണമായി മാറിയിരിക്കുകയാണ്. നക്സലിസത്തെ രാജ്യത്ത് നിന്ന് തുടച്ചുനീക്കുന്നതിനായി സ്വീകരിച്ച സമീപനത്തിന് സമാനമായി, ലഹരിമരുന്ന് ഭീഷണിയെ തുടച്ചുനീക്കുന്നതിനുള്ള ശക്തമായ നടപടികളാണ് കേന്ദ്ര ഗവണ്മെന്റ് സ്വീകരിക്കുന്നത്. ചെറിയ അളവിലുള്ള ലഹരിമരുന്ന് പിടികൂടുമ്പോൾ പോലും, അതിന്റെ രാജ്യത്തിനകത്തെ ഉറവിടങ്ങളെ കണ്ടെത്തുന്നതിന് അന്വേഷണ ഏജൻസികൾ ഊന്നൽ നൽകുന്നുവെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു.

നാല് സ്തംഭങ്ങളെ അടിസ്ഥാനമാക്കി രൂപരേഖ: ലഹരിമരുന്ന് മുക്ത ഇന്ത്യയ്ക്കായുള്ള രൂപരേഖ നാല് സ്തംഭങ്ങളിൽ ഊന്നുന്നു. രഹസ്യാന്വേഷണ, നടപടി അടിസ്ഥാനത്തിൽ നിയമപാലനം, ലഹരിമരുന്ന് നിർമാണ രാസവസ്തുക്കളുടെയും സിന്തറ്റിക് മയക്കുമരുന്നുകളുടെയും നിയന്ത്രണം, ആവശ്യകതയും ദോഷഫലങ്ങളും കുറയ്ക്കുന്നതിനുള്ള നടപടികൾ, കാര്യക്ഷമത മെച്ചപ്പെടുത്തലും ഏകോപനവുമാണ് ഈ നാല് പ്രധാന മേഖലകൾ.

മൂന്ന് വർഷത്തെ രൂപരേഖ : 'ലഹരിമരുന്ന് മുക്ത ഇന്ത്യ' എന്ന ലക്ഷ്യത്തിനായി 2026 ജൂലൈ മുതൽ 2029 ജൂലൈ വരെയുള്ള മൂന്ന് വർഷ കാലയളവ് ഉൾക്കൊള്ളുന്ന പ്രവർത്തന രേഖയ്ക്ക് രൂപം നൽകിയിട്ടുണ്ട്.

മയക്കുമരുന്ന് കണ്ടുകെട്ടൽ: 2004 മുതൽ 2014 വരെയുള്ള കാലയളവിൽ 40,000 കോടി രൂപ വിലമതിക്കുന്ന 26 ലക്ഷം കിലോഗ്രാം ലഹരിമരുന്നാണ് പിടിച്ചെടുത്തത്. 2014 മുതൽ 2026 വരെ 1.89 ലക്ഷം കോടി രൂപ വിലമതിക്കുന്ന 1.19 കോടി കിലോഗ്രാം ലഹരിമരുന്ന് പിടിച്ചെടുത്തു.

പ്രതിജ്ഞ എടുത്തു: 'ലഹരിമരുന്ന് മുക്ത ഇന്ത്യ' (നശാമുക്ത് ഭാരത്) പ്രചാരണത്തിന്റെ ഭാഗമായി ഇതുവരെ 25 കോടി പൗരന്മാരുമായി നേരിട്ട് ബന്ധപ്പെട്ട് ലഹരിവിരുദ്ധ പ്രതിജ്ഞയിൽ പങ്കാളികളാക്കി. 5.70 ലക്ഷം പേരെ ലഹരി ഉപയോഗത്തിൽ നിന്ന് മോചിപ്പിച്ചു.

വർദ്ധിക്കുന്ന ലഹരിവിമുക്ത കേന്ദ്രങ്ങൾ: സാമൂഹിക നീതി വകുപ്പ്, ആരോഗ്യ വകുപ്പ്, ജയിൽ ഭരണകൂടം എന്നിവയുടെ ഏകോപിത സഹകരണത്തോടെ രാജ്യത്തെ ലഹരിവിമുക്ത ചികിത്സാ കേന്ദ്രങ്ങളുടെ എണ്ണം മൂന്നിരട്ടിയായി വർധിച്ച് 1,751 ആയി.

പ്രചാരണം: സാമ്പത്തിക കുറ്റകൃത്യങ്ങൾ, ഭീകരവാദം, ലഹരിമരുന്ന് കടത്ത്, ഗുണ്ടാസംഘങ്ങളുടെ പ്രവർത്തനങ്ങൾ തുടങ്ങിയ കേസുകളിൽ ഉൾപ്പെട്ട് ഒളിവിൽ കഴിയുന്നവരെ കണ്ടെത്തി ഇന്ത്യൻ നിയമ വ്യവസ്ഥയ്ക്ക് മുന്നിൽ ഹാജരാക്കുന്നതിനുള്ള നടപടികൾ ശക്തമാക്കി.

ദൃഢനിശ്ചയം: വിദ്യാഭ്യാസ ക്യാമ്പസുകളെ ലഹരിമരുന്ന് മുക്തമാക്കുന്നതിനായി വിദ്യാഭ്യാസ മന്ത്രാലയം, യുവജനകാര്യ-കായിക മന്ത്രാലയം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ പ്രതിജ്ഞാബദ്ധതയോടെയുള്ള പ്രവർത്തനങ്ങൾ.

'നശാ മുക്ത് മിത്ര': എൻസിസി, എൻഎസ്എസ്, 'മൈ ഭാരത്' എന്നീ പ്ലാറ്റ്ഫോമുകളിലൂടെ ലക്ഷക്കണക്കിന് 'നശാമുക്ത മിത്രങ്ങളെ' അണിനിരത്തും.

പുതിയ ആശയം: 'താഴെ നിന്ന് മുകളിലേക്കും' 'മുകളിൽ നിന്ന് താഴേക്കും' എന്ന സമീപനം ഉൾക്കൊള്ളുന്ന പുതിയ അന്വേഷണരീതിക്ക് കേന്ദ്ര ഗവണ്മെന്റ് രൂപം നൽകിയിട്ടുണ്ട്. സാമ്പത്തിക ഇടപാടുകളെ കേന്ദ്രീകരിച്ചുള്ള അന്വേഷണങ്ങൾക്കും PIT-NDPS നിയമപ്രകാരമുള്ള നടപടികൾക്കും പ്രത്യേക ഊന്നൽ നൽകുന്നു.

പാരീസിലെ സ്വാമിനാരായണ ക്ഷേത്രത്തിന്റെ ഉദ്ഘാടനം

ഇന്ത്യയുടെ പൗരാണിക പ്രതിഭയുടെയും ഫ്രാൻസിന്റെ ആധുനിക എഞ്ചിനീയറിംഗിന്റെയും സംഗമം

ഇന്ത്യ-ഫ്രാൻസ് സാംസ്കാരിക ബന്ധത്തിൽ ഒരു പുതിയ അധ്യായത്തിന് തുടക്കം കുറിച്ചുകൊണ്ട്, സെപ്റ്റംബർ 6-ന് ഫ്രാൻസിന്റെ തലസ്ഥാനമായ പാരീസിൽ അതിമനോഹരമായ സ്വാമിനാരായണ ക്ഷേത്രം ഉദ്ഘാടനം ചെയ്തു. സനാതന പാരമ്പര്യത്തിലെ ആദരണീയരായ സന്യാസിമാരുടെയും വിശിഷ്ട വ്യക്തികളുടെയും അനുഗ്രഹത്തോടെ 'വസുധൈവ കുടുംബകം' എന്ന ചേതനയുടെ സാക്ഷാത്കാരമായി ഉദ്ഘാടന ച്ചടങ്ങ് മാറി. ക്ഷേത്രത്തിന്റെ ഉദ്ഘാടന വേളയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി, ഇത് 'ഇന്ത്യയിൽ രൂപം കൊണ്ടതും' 'ഫ്രാൻസിൽ നിർമിച്ചതുമായ' ഒരു ക്ഷേത്രമാണെന്ന് വിശേഷിപ്പിച്ചു...

വിവിധ രാജ്യങ്ങളിൽ ക്ഷേത്രങ്ങൾ സമർപ്പിക്കപ്പെടുമ്പോൾ, അവയ്ക്കൊപ്പം ഇന്ത്യയുടെ പൗരാണിക ദർശനങ്ങളും മാനവിക മൂല്യങ്ങളും പ്രസരിക്കുന്നു. ഇന്ത്യൻ ദർശനം മുന്നോട്ടു വയ്ക്കുന്ന "समानं मनः सह चित्तमेषाम्"—എന്ന ആശയം നമ്മുടെ മനസ്സുകൾ ഐക്യത്തിലാകണമെന്നും ഹൃദയങ്ങൾ ഒന്നിക്കണമെന്നും ആഹ്വാനം ചെയ്യുന്നു. ഇന്ത്യയും ഫ്രാൻസും തമ്മിലുള്ള സൗഹൃദം കഴിഞ്ഞ ഏതാനും വർഷങ്ങളായി പുതിയ ഉയരങ്ങളിലേക്ക് ആനയിക്കപ്പെട്ടിട്ടുണ്ടെന്ന് സമ്മേളനത്തെ അഭിസംബോധന ചെയ്യവേ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

സ്വാമിനാരായണ ക്ഷേത്രങ്ങൾ ഭക്തിയുടെ ഒപ്പം, സേവനത്തിന്റെയും സജീവ വേദികളായി എപ്പോഴും പ്രവർത്തിച്ചുപോരുന്നു. ഈ ക്ഷേത്രവും സമാനമായ സേവന മനോഭാവത്തിന്റെ കേന്ദ്രമായി മാറും. ഇവിടെനിന്ന് ഉയരുന്ന ഇന്ത്യൻ സംസ്കാരത്തിന്റെ സന്ദേശം യൂറോപ്പിലുടനീളമുള്ള ജനങ്ങൾക്ക് പ്രയോജനപ്രദമാകുമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി ആത്മവിശ്വാസം പ്രകടിപ്പിച്ചു. ഭാവിയിൽ അവസരം ലഭിക്കുമ്പോഴെല്ലാം ഈ ക്ഷേത്രം സന്ദർശിക്കാൻ താൻ തീർച്ചയായും ശ്രമിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രധാനമന്ത്രിയുടെ പരിപാടിയുടെ പൂർണ്ണരൂപം കാണുന്നതിനായി ക്യു ആർ കോഡ് സ്കാൻ ചെയ്യുക



സഹകരണത്തിന്റെയും സാധ്യതകളുടെയും പ്രതീകമാകുന്ന ക്ഷേത്രം

ഇന്ത്യ-ഫ്രാൻസ് സംയുക്ത സംരംഭങ്ങളുടെ സാധ്യതകളെക്കുറിച്ചുള്ള ചർച്ചകൾ ഇന്ന് സജീവമാണ്. ഈ സാധ്യതകൾക്ക് ഒരു പുതിയ മാനം നൽകുന്നതാണ് സ്വാമിനാരായണ ക്ഷേത്രം. അത് 'ഇന്ത്യയിൽ രൂപം കൊണ്ടതും' 'ഫ്രാൻസിൽ നിർമിച്ചതുമാണ്'. ക്ഷേത്രത്തിലെ പല ശിലകളും ഇന്ത്യയിൽ കൊത്തിയെടുത്തവയാണ്. ഇന്ത്യയുടെ പൗരാണിക കരകൗശല വൈദഗ്ദ്ധ്യവും ഫ്രാൻസിന്റെ ആധുനിക എഞ്ചിനീയറിംഗ് മികവും സമന്വയിച്ചാണ് പാരീസിലെ ഈ മനോഹരമായ ക്ഷേത്രം രൂപം കൊണ്ടത്. ഇന്ത്യയും ഫ്രാൻസും തമ്മിലുള്ള സഹകരണത്തിന്റെയും സാധ്യതകളുടെയും പ്രതീകമായി ഈ ക്ഷേത്രം ഉയർന്നുവരുമെന്ന പ്രത്യാശ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രകടിപ്പിച്ചു.

ഇന്ത്യയും ഫ്രാൻസും മുന്നേറുന്നത് സവിശേഷവും തന്ത്രപ്രധാനവുമായ ആഗോള പങ്കാളിത്തത്തിലേക്ക്


ഇന്ത്യയും ഫ്രാൻസും തമ്മിൽ സവിശേഷവും തന്ത്രപ്രധാനവുമായ ആഗോള പങ്കാളിത്തം കെട്ടിപ്പടുക്കുകയാണ്. സാങ്കേതികവിദ്യ, നിർമിത ബുദ്ധി, പ്രതിരോധം, ബഹിരാകാശ പര്യവേക്ഷണം, കാലാവസ്ഥാ പ്രവർത്തനം അടക്കമുള്ള വൈവിധ്യമാർന്ന മേഖലകളിൽ ഈ ബന്ധം പുതുവേഗവും ഊർജവും കൈവരിക്കുന്നു. ഇരു രാജ്യങ്ങളും ചേർന്ന് 2026-നെ 'ഇന്ത്യ-ഫ്രാൻസ് നൂതനാശയ വർഷ'മായി ആചരിക്കുന്നു. ദീർഘകാലമായി നിലനിൽക്കുന്ന സാംസ്കാരികവും രാഷ്ട്രീയവുമായ ബന്ധങ്ങളുടെ ശക്തമായ അടിത്തറയിലാണ് തന്ത്രപ്രധാനമായ ഈ പങ്കാളിത്തം നിലകൊള്ളുന്നത്. ഫ്രാൻസിൽ ഇന്ത്യൻ സൈനികരുടെ ത്യാഗങ്ങൾ നമ്മുടെ ഹൃദയങ്ങളിലും മനസ്സുകളിലും എന്നും ആഴത്തിൽ സൂക്ഷിക്കപ്പെടുന്നതിന് ചരിത്രം സാക്ഷിയാണ്. സംസ്കൃത പ്രചാരണത്തിന് ഫ്രഞ്ച് പണ്ഡിതന്മാർ നൽകിയ നിർണായക സംഭാവനകൾ ഭാഷാപഠനത്തിൽ താല്പര്യമുള്ളവർക്ക് മനസ്സിലാകും. രാമകൃഷ്ണ പരമഹംസരെയും സ്വാമി വിവേകാനന്ദനെയും കുറിച്ച് റൊമെയ്ൻ റോളണ്ട് നടത്തിയ രചനകൾ ഇരു സമൂഹങ്ങളെയും കൂടുതൽ അടുപ്പിച്ചു. ദ മദർ എന്ന് വിശേഷിപ്പിക്കപ്പെടുന്ന ആത്മീയ ഗുരുവിന്റെ പുതുച്ചേരിയിലേക്കുള്ള ആത്മീയ യാത്ര ഇന്ത്യയിൽ നിന്നും ഫ്രാൻസിൽ നിന്നുമുള്ള അനേകം അന്വേഷകർക്ക് ഇന്നും പ്രചോദനമായി തുടരുന്നു. ●

ഇരു രാജ്യങ്ങളും തമ്മിലുള്ള സാംസ്കാരിക ബന്ധത്തിൽ ഒരു പുതിയ അധ്യായം

പതിറ്റാണ്ടുകൾക്ക് മുമ്പ്, ശ്രീല പ്രഭുപാദ സ്വാമിയും ഫ്രാൻസ് സന്ദർശിച്ചിരുന്നു. ഇസ്കോൺ മുഖേന ഇന്ത്യയും ഫ്രാൻസും തമ്മിലുള്ള ആത്മീയ ബന്ധങ്ങളുടെ ഒരു പുതിയ അധ്യായത്തിന് അദ്ദേഹം തുടക്കമിട്ടു. ഇന്ന്, ഇരു രാജ്യങ്ങളിലെയും ജനങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന ഒരു പ്രധാന മാധ്യമമായി യോഗ മാറിയിരിക്കുന്നു. അന്താരാഷ്ട്ര യോഗ ദിനത്തിൽ ഈഫൽ ടവറിന്റെ പശ്ചാത്തലത്തിൽ നടക്കുന്ന യോഗാചരണങ്ങളുടെ ദൃശ്യങ്ങൾ ഫ്രാൻസിൽ യോഗ നേടിയെടുത്ത ജനപ്രീതിയുടെ ഉദാഹരണമാണ്. ഇപ്പോഴിതാ, ഈ മനോഹരമായ ബാപ്സ് ക്ഷേത്രത്തോടെ, ഇരു രാജ്യങ്ങളും തമ്മിലുള്ള സാംസ്കാരിക ബന്ധങ്ങളിൽ പുതിയൊരു അധ്യായം കൂടി രചിക്കപ്പെടുകയാണ്.

> "ഈ ക്ഷേത്രം ഫ്രാൻസിന്റെ വൈവിധ്യത്തെ സമ്പന്നമാക്കുക മാത്രമല്ല, ഇന്ത്യയും ഫ്രാൻസും തമ്മിലുള്ള സാംസ്കാരിക ബന്ധത്തെ ശക്തിപ്പെടുത്തുകയും ചെയ്യും.
>
> *- നരേന്ദ്ര മോദി, പ്രധാനമന്ത്രി*





ദേശീയ പതാകയുടെ മഹത്വം ഉയർത്തിപ്പിടിച്ച രക്തസാക്ഷി

ബ്രിട്ടീഷ് ഭരണത്തിനെതിരായ പ്രക്ഷോഭത്തിനിടെ ദേശീയപതാക കൈവിടാതെ, അതിനെ നെഞ്ചോട് ചേർത്ത് ജീവൻ ബലിയർപ്പിച്ച ഒരു സ്വാതന്ത്ര്യസമര സേനാനിയുണ്ട്. 27കാരനായ തിരുപ്പൂർ കുമാരനാണ് ആ ധീര സ്വാതന്ത്ര്യ സമര പോരാളി. അന്നത്തെ ബ്രിട്ടീഷ് ഭരണകൂടം ഇന്ത്യൻ പതാക ഉയർത്തുന്നത് നിരോധിച്ചിരുന്നു. മാതൃരാജ്യത്തിനായി അദ്ദേഹത്തിന്റെ നിസ്വാർത്ഥ ത്യാഗം സഹപൗരന്മാരിൽ ഐക്യത്തിന്റെയും ആത്മാഭിമാനത്തിന്റെയും ധൈര്യത്തിന്റെയും ബോധം ഉണർത്തി. തിരുപ്പൂർ കുമാരന്റെ ധീരത ഇന്നും തലമുറകളെ പ്രചോദിപ്പിക്കുന്നു.

ജനനം: 1904 ഒക്ടോബർ 4 ■ മരണം: 1932 ജനുവരി 11

സ്വാതന്ത്ര്യസമര സേനാനിയും വിപ്ലവകാരിയുമായ തിരുപ്പൂർ കുമാരൻ 1904 ഒക്ടോബർ 4-ന് ഇന്നത്തെ തമിഴ്നാട്ടിലെ ഈറോഡ് ജില്ലയിലെ ചെന്നിമലയിൽ ജനിച്ചു. രാജ്യത്തുടനീളം സ്വാതന്ത്ര്യസമരം ശക്തിപ്രാപിച്ചുകൊണ്ടിരുന്ന കാലത്ത്, കുമാരനിലും അത് ആഴത്തിൽ സ്വാധീനിച്ചു. മഹാത്മാഗാന്ധിയുടെ ആശയങ്ങളിലും ആദർശങ്ങളിലും ആകൃഷ്ടനായ അദ്ദേഹം സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തു തുടങ്ങി. 1932-ൽ ഗാന്ധിജി ബോംബെയിൽ പ്രക്ഷോഭം നയിച്ചപ്പോൾ ബ്രിട്ടീഷ് ഭരണകൂടം അദ്ദേഹത്തെ അറസ്റ്റ് ചെയ്യാൻ തീരുമാനിച്ചു. രാജ്യമുടനീളം അദ്ദേഹത്തിന്റെ അറസ്റ്റിൽ ശക്തമായ പ്രക്ഷോഭം പൊട്ടിപ്പുറപ്പെട്ടു. അന്ന് നിരോധിക്കപ്പെട്ടിരുന്ന ദേശീയപതാക കൈകളിലേന്തിയ പ്രക്ഷോഭകർ അത് ആദരവിന്റെയും എതിർപ്പിന്റെയും പ്രതീകമാക്കി മാറ്റി. പതാകയേന്തിയ പ്രക്ഷോഭകരിൽ തിരുപ്പൂർ കുമാരനും ഉണ്ടായിരുന്നു. പ്രതിഷേധക്കാർക്കെതിരെ ബ്രിട്ടീഷ് പൊലീസ് ലാത്തിച്ചാർജ് നടത്തിയപ്പോഴും കുമാരൻ പിന്മാറാൻ തയ്യാറായില്ല. അദ്ദേഹത്തെ ഉൾപ്പെടെ പ്രക്ഷോഭകരെ പൊലീസ് ക്രൂരമായി മർദ്ദിച്ചു. പരിക്കേറ്റ് നിലത്തുവീണെങ്കിലും, തന്റെ കൈകളിലുണ്ടായിരുന്ന ദേശീയപതാക നിലത്ത് പതിക്കാതിരിക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. 1932 ജനുവരി 11-ന് ഗുരുതരമായ പരിക്കുകളെ തുടർന്ന് അദ്ദേഹം അന്തരിച്ചു.

'കൊടി കാത്ത കുമാരൻ' (ത്രിവർണ്ണ പതാക സംരക്ഷിച്ച കുമാരൻ) എന്നറിയപ്പെടുന്ന തിരുപ്പൂർ കുമാരന്റെ പാരമ്പര്യം, മാ ഭാരതിയോടുള്ള അചഞ്ചലമായ ഭക്തിയുടെയും അനീതിക്കെതിരായ അയവില്ലാത്ത ദൃഢനിശ്ചയത്തിന്റെയും സംഗമത്തെ പ്രതിനിധീകരിക്കുന്നു. അവസാന നിമിഷംവരെയും ത്രിവർണ്ണപതാക മുറുകെപ്പിടിച്ച അദ്ദേഹത്തിന്റെ സമർപ്പണം, അനേകം ധീരരുടെ ത്യാഗത്തിലൂടെയും അചഞ്ചലമായ പോരാട്ടത്തിലൂടെയും നേടിയെടുത്തതാണ് സ്വാതന്ത്ര്യം എന്ന സ്മരണ നമ്മിൽ ഉണർത്തുന്നു. ദേശീയ പതാകയെ സംരക്ഷിക്കാനും കഠിന പ്രയത്നത്തിലൂടെ നേടിയ സ്വാതന്ത്ര്യത്തെ ആദരിക്കാനും, പൂർണ്ണമായ സമർപ്പണത്തോടും ത്യാഗ മനോഭാവത്തോടും കൂടി രാജ്യത്തെ സേവിക്കാനും അദ്ദേഹത്തിന്റെ വീരോചിതമായ സ്മരണ ഓരോ തലമുറയ്ക്കും പ്രചോദനം നൽകുന്നു.

സ്ഥാനമേറ്റെടുത്ത ശേഷം, ആദ്യമായി തമിഴ്നാട് സന്ദർശിച്ച ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ കോയമ്പത്തൂരിലെത്തിയ വേളയിൽ തിരുപ്പൂർ കുമാരന്റെ പ്രതിമയിൽ പുഷ്പാർച്ചന നടത്തി ശ്രദ്ധാഞ്ജലി അർപ്പിച്ചു. 2025 ഒക്ടോബർ 4-ന്, ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിലെ ധീരനായ പോരാളിയായ തിരുപ്പൂർ കുമാരന്റെ അനുസ്മരണദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും അദ്ദേഹത്തെ ഹൃദയപൂർവം സ്മരിച്ചു. ഭാരത മാതാവിന്റെ മഹാനായ പുത്രനായ തിരുപ്പൂർ കുമാരനെ ഈ ദിവസം ഓർക്കുകയും ആദരിക്കുകയും ചെയ്യുന്നുവെന്ന് അദ്ദേഹം പറഞ്ഞു. മഹത്തായ തമിഴ്നാട്ടിൽ നിന്ന് ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനും ദേശീയ ബോധത്തിന്റെ ഉണർവിനുമായി തന്റെ ജീവിതം കുമാരൻ സമർപ്പിച്ചു. അചഞ്ചലമായ ധൈര്യത്തോടും നിസ്വാർത്ഥമായ ത്യാഗ മനോഭാവത്തോടും കൂടി ദേശീയപതാക ഉയർത്തിപ്പിടിച്ചാണ് അദ്ദേഹം വീരമൃത്യു വരിച്ചത്. കൊളോണിയൽ ഭരണത്തിൽ നിന്ന് രാജ്യത്തിന് സ്വാതന്ത്ര്യം നേടിക്കൊടുക്കുന്നതിനായി എണ്ണമറ്റ ദേശ സ്നേഹികൾ സഹിച്ച ത്യാഗങ്ങളുടെയും പോരാട്ടങ്ങളുടെയും ഓർമ്മകളാണ് അദ്ദേഹത്തിന്റെ ജീവിതവും രക്തസാക്ഷിത്വവും നമ്മിൽ ഉണർത്തുന്നത്. ദേശീയതയോടും മാതൃഭൂമിയോടുമുള്ള തിരുപ്പൂർ കുമാരന്റെ അചഞ്ചലമായ പ്രതിബദ്ധത ഇന്നും തലമുറകൾക്ക് പ്രചോദനമാണ്. രാജ്യത്തിന്റെ ഐക്യത്തിനും വികസനത്തിനും വേണ്ടി പ്രവർത്തിക്കാൻ അദ്ദേഹത്തിന്റെ ജീവിതവും സംഭാവനകളും നമുക്ക് എന്നും പ്രചോദനമാകട്ടെ. ●



PMO India
@PMOIndia

आज विश्व एक बड़े उथल-पुथल के दौर से गुजर रहा है।

दुनिया के कई हिस्सों में संघर्ष की स्थिति बनी हुई है।

Food, fuel या supply chains, हर क्षेत्र में अनिश्चितता का प्रभाव पड़ रहा है।

इस चुनौतीपूर्ण माहौल में भी भारत की economy ने अपनी गति बनाए रखी है।


पिछले quarter में हमने 7.8 प्रतिशत की growth दर्ज की है।

आज भारत की growth story दुनिया के लिए विश्वास और नए अवसरों का स्रोत बन रही है: PM @narendramodi



Rajnath Singh
@rajnathsingh

आत्मनिर्भरता केवल हथियार और उपकरण बनाने तक सीमित नहीं है। यह हमारे चरित्र, सोच और आत्मविश्वास का हिस्सा होनी चाहिए। जिस देश के पास अपनी टेक्नोलॉजी होती है, उसके पास अपना भविष्य तय करने की ताकत भी होती है।



Amit Shah
@AmitShah

लोकतंत्र में परफॉर्मेंस और डिलीवरी पर मिला जनादेश ही सबसे बड़ा प्रमाणपत्र होता है, और जनता ने 25 वर्षों तक मोदी जी को यह जनादेश दिया है।
#SevaSankalpAbhiyan



Nitin Gadkari
@nitin_gadkari

A moment to shape the future of the Global South!

🇮🇳India is all set to host the XVIII BRICS Summit —bringing together 11 nations, 49% of the world's population and 40% of global GDP.

#BRICS2026 #BRICSIndia2026



Shivraj Singh Chouhan
@ChouhanShivraj

यशस्वी प्रधानमंत्री श्री @narendramodi जी के नेतृत्व में हमारी सरकार किसान के हित में लगातार काम कर रही है। किसान दिन-रात मेहनत करता है, ऐसे में अगर उसे नकली या घटिया बीज और खाद मिल जाए तो उसकी पूरी मेहनत पर पानी फिर जाता है।

इसीलिए नकली और अमानक बीज के खिलाफ कड़ा कानून लाने की दिशा में हम आगे बढ़ रहे हैं। 10 सितंबर को देशभर के किसान संगठनों के प्रतिनिधियों के साथ बैठकर प्रस्तावित सीड एक्ट पर उनकी बात सुनेंगे और उनके सुझाव लेंगे।

किसान को अच्छी गुणवत्ता का बीज मिले और नकली बीज बेचकर उसे नुकसान पहुँचाने वालों पर सख्त कार्रवाई हो; हमारा यही संकल्प है।



Kiren Rijiju
@KirenRijiju

Hello India! भारत से जुड़ रही दुनिया... !

उज़्बेकिस्तान से दक्षिण अफ्रीका और बेलारूस से वियतनाम व युगांडा तक, हर आवाज़ में भारत के प्रति अपनापन और सम्मान देखने को मिला। नई दिल्ली में BRICS के मंच पर विभिन्न देशों के साथ 'वसुधैव कुटुम्बकम्' की भावना की सुंदर झलक दिखाई दी।

Modi presses Putin for Ukraine peace, safety of Indian seafarers in Black Sea

BRICS Summit Delhi wants more Russian defence equipment to be produced locally

UJWAL JALALI & AJAY BANERJEE

NEW DELHI, SEPTEMBER 11

Prime Minister Narendra Modi on Friday told Russian President Vladimir Putin that India was ready to assist in peace efforts, reiterating that dialogue and diplomacy were the way forward to resolve conflicts, as the two leaders discussed the wars in West Asia and the Black Sea region, including concerns over maritime trade and the safety of Indian seafarers.

The message came during Modi's bilateral meeting with Putin on the sidelines of the 18th BRICS Summit in New Delhi, their second meeting this year. The two leaders had last met in Bishkek on August 31 on the margins of the Shanghai Cooperation Organisation (SCO) Summit.

Putin also invited Modi to Russia for the 24th India-Rus-



Prime Minister Narendra Modi, Russian President Vladimir Putin, Iranian President Masoud Pezeshkian and South African President Cyril Ramaphosa at the BRICS Business Forum in New Delhi. AN

"Global trade can only progress if sea lanes are secure, supply routes remain open and seafarers are safe. Therefore, India is a staunch supporter of freedom of navigation and the safety of seafarers. Narendra Modi, PRIME MINISTER

PM GIFTS RUSSIAN TRANSLATION OF 'THIRUKKURAL'

PM SETS 3 TARGETS

1. Removal of top 10 trade barriers among BRICS countries
2. Helping 100 BRICS startups enter other member markets
3. Creation of 1,000 business partnerships among nations

DOMINANT GROUPING

21 nations part of BRICS, was founded by five members

50% of global population covered by the grouping members

40% of global GDP (25% of the world trade) part of the bloc

TOP GUNS AT MEET

Presidents Vladimir Putin (Russia), Xi Jinping (China), Masoud Pezeshkian (Iran), Cyril Ramaphosa (South Africa), Abdel Fattah El-Sisi (Egypt), Prabowo Subianto (Indonesia); and PMs Abiy Ahmed Ali (Ethiopia) and Anwar Ibrahim (Malaysia)

Cabinet clears ₹20.8k-cr rail expansion in 9 states

Sanjeev K Jha
letters@hindustantimes.com

NEW DELHI: The Union Cabinet on Wednesday approved eight multi-tracking railway projects worth ₹20,884 crore across nine states, adding nearly 1,200 km to the Indian railways network and aiming to ease congestion on some of the country's busiest passenger and freight corridors.

The projects, approved by the Cabinet Committee on Economic Affairs (CCEA) chaired by Prime Minister Narendra Modi, will cover 31 districts in West Bengal, Jharkhand, Odisha, Madhya Pradesh, Chhattisgarh, Tamil Nadu, Andhra Pradesh, Karnataka and Telangana. Together, they will improve rail connectivity to nearly 6,900 villages with a combined population of about 10.8 million.

Union railways and information and broadcasting minister Ashwini Vaishnaw said the expansion comes as the railways seek to increase line capacity on routes carrying large volumes of coal, cement, iron and steel, containers, automobiles, foodgrains, petroleum products and fertilisers. "It is much on line of Golden Quadrilateral Project during the regime of former prime minister Atal Bihari Vajpayee. The government estimates the projects will create additional freight-handling capacity of around 74 million tonnes per annum (MTPA)," he said.



between Bilaspur (Uslapur) and Pendra Road. The second set comprises five projects covering about 540 km at an estimated cost of ₹10,021 crore. These include the third and fourth lines between Arakkonam and Renigunta (77 km), the third and fourth lines between Whitefield and Bangarapet (47 km), doubling of the Hosur-Omalur section (147 km), doubling of the Salem-Karur-Dindigul section (159 km), and multi-tracking of the Secunderabad (Ghatkesar)-Kazipet section (110 km).

"All eight projects are scheduled for completion by 2029-30. The additional tracks would improve operational efficiency, reduce bottlenecks and enhance the reliability of train services by

The economic significance of the projects is particularly pronounced in mineral- and industrial-intensive regions. The Kharagpur-Jharsuguda, Katni-Pendra Road and Bilaspur-Pendra Road corridors are important for the movement of coal, cement, iron and steel, while the southern projects will strengthen routes carrying industrial goods, automobiles, containers and agricultural commodities.

"The additional capacity is aimed at lowering logistics costs by shifting more freight to rail, while reducing dependence on road transportation...." Vaishnaw added.

Prime Minister Narendra Modi hailed the Cabinet's decision, say-



Iran prez breaks ice with UAE in shadow of war

JAYANTH JACOB @ New Delhi

IRANIAN President Masoud Pezeshkian and Abu Dhabi Crown Prince Sheikh Khaled bin Mohamed bin Zayed Al Nahyan met on the sidelines of the BRICS summit in New Delhi on Saturday, opening the highest-level channel of contact between Tehran and the UAE since the war.

The meeting came as the conflict continued to reverberate across the Gulf, with Saudi Arabia halting operations on its key East-West oil pipeline after a drone strike on Friday. The shutdown has fuelled fresh concerns over the security of regional energy infrastructure and the prospect of further shocks to global oil supplies.

The talks, confirmed by the Iranian embassy in New Delhi, come after a sharp deterioration in ties between Tehran and Abu Dhabi. Relations had already been strained since late February, when US-Israeli attacks on Iran triggered retaliatory strikes by Tehran against American allies and interests.

Space station by '35, Indian on moon by '40: PM

RAJESH KUMAR THAKUR @ New Delhi

PM Narendra Modi on Thursday called for cooperation in space, saying, "The promise of space is infinite. Our responsibility is collective."

In his virtual address to the International Space Summit organised in Paris, Modi said India's approach to space was rooted in the ethos of Vasudhaiva Kutumbakam, meaning "One Earth, One Family, One Future". He said India would establish an indigenous space station by 2035 and send an astronaut to the Moon by 2040.

"India's space journey reflects this philosophy," Modi said, highlighting ISRO's reputation for excellence and cost-effective missions. He said its capabilities serve farmers and fishermen, weather forecasting, disaster management and navigation.

More than 430 satellites from 34 countries have travelled into space aboard Indian rockets, Modi said. "ISRO's technologies and partnerships serve not only India, but the world," he added. Modi said India supported "a safe, secure, peaceful and sustainable space domain" based on international law, dialogue and multilateral cooperation. "Scientific data must serve the common good, with openness and integrity," he said. Calling for cooperation over confrontation, sustainability over gain and inclusion over exclusion, Modi said space was becoming more crowded, technologies more powerful and actors more numerous.

He credited generations of Indian scientists and engineers for ISRO's reputation and said their work had given India "a place of pride among space faring nations".



PM Modi addresses the International Space Summit being held in Paris | PTI

Calls on world to join India in space as co-travellers

Referring to Chandrayaan-3, Modi said India became the first nation to land near the lunar South Pole. He also cited Aditya-L1 and an Indian's visit to the International Space Station. Modi said India's private space industry was expanding and invited the world to be "co-travellers".

'PROTECTIONIST STEPS HURT GLOBAL PROGRESS'

PM Flags Tech, Critical Minerals Weaponisation

Calls for inclusivity in tech adoption, resilience to tackle supply chain issues

Dipanjan Roy Chaudhury

New Delhi: Prime Minister Narendra Modi said the use of technology and critical minerals to gain an advantage would act as a drag on global advancement, underlining that a rising cooperative tide would lift all boats.

"The weaponisation of technology and critical minerals can hinder our shared progress. Therefore, we have emphasised inclusivity in the adoption of technology," Modi said at the BRICS session on Resilience, Innovation, Cooperation and Sustainability in New Delhi on Sunday.

President Xi Jinping's presence in the room during Modi's address was significant, given that India and several other countries have been at the receiving end of China putting the

Global South countries' confidence in BRICS has grown, because within BRICS, their voices are heard. Solutions are developed not for them, but together with them

issues faced by India due to China's policies with President Xi.

The Prime Minister brought up the disruption of supply chains due to global tensions in his address on Sunday. "Today, the number of conflicts and tensions in the world is continuously increasing, and this is having an increasingly negative and far-reaching impact on the lives of ordinary people," he said. "Pandemics, climate disasters, and supply-chain disruptions

നന്ദിപൂർവ്വം രാഷ്ട്രത്തിന്റെ ശ്രദ്ധാഞ്ജലി

ഒക്ടോബർ 15 ന് അദ്ദേഹത്തിന്റെ ജന്മവാർഷിക ദിനത്തിൽ ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്

അദ്ദേഹത്തിന്റെ വാക്കുകളിലും ആശയങ്ങളിലും പ്രതിഫലിച്ചത് ഭാവി ഇന്ത്യയെ കുറിച്ചുള്ള ദർശനം

21-ാം നൂറ്റാണ്ടിൽ നമ്മുടെ ജീവിതം നേരിടുന്ന നിർണായക വെല്ലുവിളിയായി വർധിച്ചുവരുന്ന ഊർജ, ജല ആവശ്യകത മാറും.

അതീവ ഗൗരവത്തോടെയും വേഗത്തിലും നദീസംയോജന പദ്ധതി നടപ്പിലാക്കേണ്ട സമയം അതിക്രമിച്ചു.



രാജ്യത്തിന്റെ പ്രഥമവും പരമപ്രധാനവുമായ ദേശീയ മുൻഗണനയായിരിക്കണം ഊർജ സ്വയംപര്യാപ്തത.

സമ്പന്നവും സന്തുഷ്ടവും മാത്രമല്ല, പൂർണ്ണമായി സുരക്ഷിതവുമായ ഒരു രാഷ്ട്രം കെട്ടിപ്പടുക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം.

ബാഹ്യ ആക്രമണങ്ങളിൽ നിന്ന് രാജ്യം എക്കാലവും സുരക്ഷിതമായിരിക്കണം. ഭാവിയിൽ ബഹിരാകാശ മേഖലയിൽ നിന്ന് ഉയരാവുന്ന ഏതൊരു ശത്രുതാപരമായ ഭീഷണിയെയും പ്രതിരോധിക്കാനും രാജ്യത്തിന് ശേഷിയുണ്ടാകണം.

നാളത്തെ ഇന്ത്യയെ എങ്ങനെ രൂപപ്പെടുത്തണം? വെല്ലുവിളികളെ നേരിടാൻ ഇന്ത്യ എപ്പോഴും സജ്ജമാകണം. മുകളിൽ സൂചിപ്പിച്ച വാക്കുകളും ആശയങ്ങളും മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെതാണ്. 'ഇന്ത്യ ആദ്യം' എന്ന ചിന്തയ്ക്ക് പ്രാധാന്യം നൽകിയ അദ്ദേഹം, ശാസ്ത്രം, പ്രതിരോധം, സാങ്കേതികവിദ്യ, നൂതനാശയങ്ങൾ തുടങ്ങിയ മേഖലകളിലെ രാഷ്ട്ര താത്പര്യങ്ങൾക്ക് മുൻഗണന നൽകേണ്ടതിന്റെ ആവശ്യകത നിരന്തരം ഉയർത്തിപ്പിടിച്ചു. ഈ ദർശനങ്ങളിലൂന്നി രാജ്യം ഇപ്പോൾ വിപുലമായി പ്രവർത്തിക്കുന്നു. 'ഇന്ത്യ 2020: എ വിഷൻ ഫോർ ദി ന്യൂ മില്ലേനിയം' എന്ന തന്റെ പുസ്തകത്തിൽ ഇന്ത്യയുടെ ഭാവിക്കായി അദ്ദേഹം മുന്നോട്ടുവെച്ച കാഴ്ചപ്പാടിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ രാജ്യം ഇപ്പോൾ വികസിത രാജ്യമായി മാറാനുള്ള പാതയിൽ മുന്നേറുകയാണ്.



ഡോ. എ.പി.ജെ. അബ്ദുൾ കലാമിന് അദ്ദേഹത്തിന്റെ ജന്മവാർഷികത്തിൽ ഹൃദയംഗമമായ ശ്രദ്ധാഞ്ജലി. രാജ്യത്തെ വലിയ സ്വപ്നങ്ങൾ കാണാൻ പ്രേരിപ്പിച്ച ദാർശനികനായി അദ്ദേഹം സ്മരിക്കപ്പെടുന്നു. വിനയവും കഠിനാധ്വാനവും വിജയത്തിലേക്കുള്ള വഴിയിലെ അനിവാര്യ ഘടകങ്ങളാണെന്ന് അദ്ദേഹത്തിന്റെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. ശക്തവും സ്വാശ്രയവും ആർദ്രവുമായ ഒരു ഇന്ത്യ എന്ന അദ്ദേഹം സ്വപ്നം കണ്ട രാഷ്ട്രത്തെ കെട്ടിപ്പടുക്കാനുള്ള ശ്രമങ്ങൾ നമുക്ക് മുന്നോട്ടുകൊണ്ടുപോകാം.- *നരേന്ദ്ര മോദി, പ്രധാനമന്ത്രി*

ന്യൂ ഇന്ത്യ
സമാചാർ
ദ്വൈവാരിക

RNI NO.: DELENG/2020/78811 OCTOBER 01-15, 2026
RNI Registered No DELENG/2020/78811 (Publishing Date: SEPTEMBER 22, 2026 Pages: 64)

EDITOR IN CHIEF
Dhirendra Ojha
Principal Director General
Press Information Bureau, New Delhi

PUBLISHER:
Kanchan Prasad
Director General, on behalf of
Central Bureau Of Communication

PUBLISHED FROM:
Room No–278, Central Bureau Of Communication, 2nd Floor, Soochna Bhawan, New Delhi -110003